©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## പതിനൊന്നാമത് റിപ്പോർട്ട്

(2021 നവംബർ മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04, 2008-09, 2009-10, 2010-11, 2011-12, 2013-14, 2016-17 എന്നീ വർഷങ്ങളിലെ കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**
**(2021-2023)**

**പതിനൊന്നാമത് റിപ്പോർട്ട്**

(2021 നവംബർ മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04, 2008-09, 2009-10, 2010-11, 2011-12, 2013-14, 2016-17 എന്നീ വർഷങ്ങളിലെ
കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി
ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ
അടിസ്ഥാനമാക്കിയുള്ളത്]

37/2022.

<u>ഉള്ളടക്കം</u>

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | V |
| മുഖവുര | .. | Viii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ | .. | 109 |
| അനുബന്ധം II : | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 125 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി.പി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ് , ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2021-2023)യുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04, 2008-09, 2009-10, 2010-11, 2011-12, 2013-14, 2016-17 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 നവംബർ 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021, നവംബർ 2.

# റിപ്പോർട്ട്

## കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സംബന്ധിച്ച്

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04, 2008-09, 2009-10, 2010-11, 2011-12, 2013-14, 2016-17 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലുൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്]

ഓഡിറ്റ് ഖണ്ഡിക

**വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നതിൽ സർക്കാർ ഉത്തരവുകൾ പാലിക്കാതിരുന്നത് - മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത്**

98-99 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക : 38

1998-99 വർഷത്തിൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനുള്ള പരിധിയും മറ്റ് വ്യവസ്ഥകളും ജി.ഒ. (പി) 175/98/എൽ.എ.ഡി. തീയതി 20-8-98, ജി.ഒ. (പി) 209/98/എൽ.എ.ഡി. തീയതി 14-10-98 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിരുന്നു.

ഇതനുസരിച്ച് വീട് പുനരുദ്ധാരണത്തിനായി ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള വീടുകളും വിവിധ പദ്ധതികൾ പ്രകാരമുള്ള ഗിരിജനങ്ങളുടെ വീടുകളും മാത്രമേ ഏറ്റെടുക്കാവൂ എന്നും ഇതിന് യഥാർത്ഥ എസ്റ്റിമേറ്റ് തയ്യാറാക്കി ഗുണഭോക്തൃ സമിതികളെയോ, നിർമ്മിതി കേന്ദ്രം, കോസ്റ്റ് ഫോർഡ് മുതലായ ഏജൻസികളേയോ മാത്രമേ ഏൽപ്പിക്കാവൂ എന്നും, പണമായി യാതൊരു തുകയും നേരിട്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ പൊതു മാനദണ്ഡത്തിൽ ഇതിന് വിപരീതമായി പ്രവർത്തിച്ചാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട് ദുർവിനിയോഗമായി കണക്കാക്കുമെന്നും ഉത്തരവാദിയായ ഉദ്യോഗസ്ഥൻ തുക തിരിച്ചടയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായി സെക്രട്ടറി 163 പേർക്ക് ആകെ രൂപ 2,02,500 വീട് പുനരുദ്ധാരണത്തിന് നൽകി. സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത് പോലെ രൂപ 2,02,500 ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നും തിരികെ പിടിക്കേണ്ടതാണ്.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ പങ്ക് അന്വേഷണ വിധേയമാക്കി മേൽനടപടി സ്വീകരിക്കുവാൻ ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.2.5.2]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

1. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വീട് പുനരുദ്ധാരണത്തിന് തുക നേരിട്ട് വിതരണം ചെയ്തതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമുണ്ടായതെന്നും 1,000 രൂപ മുതൽ 1,500 രൂപ വരെ 163 പേർക്ക് 2,02,500 രൂപ നല്കിയിട്ടുണ്ടെന്നും, ഗുണഭോക്തൃ സമിതികളെയോ നിർമ്മിതി കേന്ദ്രത്തെയോ, കോസ്റ്റ് ഫോർഡിനെയോ ഏൽപ്പിച്ച് എസ്റ്റിമേറ്റ് എടുത്ത് ചെയ്യേണ്ട പ്രവൃത്തിയായിരുന്നുവെന്നും, എസ്റ്റിമേറ്റ് സമയത്ത് ലഭിക്കാത്തതിനാൽ സെക്രട്ടറി നേരിട്ട് ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുകയും, ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണെന്നും, പരാമർശവിധേയനായ പഞ്ചായത്ത് സെക്രട്ടറി 12-9-2004-ൽ സർവ്വീസിലിരിക്കെ മരണപ്പെട്ടുപോയതിനാൽ പഞ്ചായത്തിന് തുടർനടപടികൾ സ്വീകരിക്കുവാൻ സാധിച്ചിരുന്നില്ലെന്നും, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സർചാർജ് നടപടികൾ സ്വീകരിച്ചുവരുന്നതിനിടെയാണ് ടിയാൻ മരണപ്പെട്ടതെന്നും തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ പട്ടിക ഗ്രാമപഞ്ചായത്ത് അധികൃതരുടെ കൈവശമുണ്ടെന്നും മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

2. **ഓഡിറ്റ് പരാമർശം സംബന്ധിച്ച് മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണം സമിതി അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബജറ്റ് തയ്യാറാക്കുന്നതിലെ കാലവിളംബവും അലംഭാവവും**

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 214 (1) പ്രകാരം ഓരോ വർഷവും ജനുവരി 15-ാം തീയതിക്കുമുമ്പ് ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും അടുത്തവർഷത്തെ എസ്റ്റിമേറ്റ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിനുമുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിച്ച് ചർച്ച ചെയ്യേണ്ടതുമാണ്.

ഭൂരിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളിലും ജനുവരി 15-നകം ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുകയോ മാർച്ച് ആദ്യവാരം ബജറ്റ് പ്രത്യേക ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുകയോ ചെയ്യുന്നില്ല. മാർച്ച് മാസത്തോടുകൂടി മാത്രമേ അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കൽ നടപടികൾ ആരംഭിക്കുന്നുള്ളൂ. വളരെ തിടുക്കത്തിൽ തയ്യാറാക്കുന്ന ഇത്തരം ബജറ്റുകളിൽ സ്ഥാപനത്തിന്റെ പ്രതീക്ഷിത വരവുചെലവ് കണക്കുകൾ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്തതായി പോകുന്നു.

മുൻവർഷത്തെ ബജറ്റിൽ ഉണ്ടായ വ്യതിയാനം, യഥാർത്ഥ വരുമാനങ്ങൾ, പുതുതായി എന്തെങ്കിലും ഉൾപ്പെടുത്താൻ കഴിയുമോ എന്നീ കാര്യങ്ങൾ ഭൂരിപക്ഷം സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിക്കാറില്ല. തനത് വരുമാനം എന്തൊക്കെയാണെന്നും അതിന്റെ വരുമാനം വർദ്ധിപ്പിക്കാൻ എന്തുചെയ്യണമെന്നും ഉള്ള ക്രിയാത്മകമായ യാതൊരു നീക്കങ്ങളും കമ്മിറ്റികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. യാഥാർത്ഥ്യബോധത്തോടെ രേഖകളുടെ പിൻബലത്തോടെ ബജറ്റ് തയ്യാറാക്കാത്തതിനാൽ പ്രതീക്ഷിക്കുന്ന വരവുചെലവും യഥാർത്ഥ വരവുചെലവും തമ്മിൽ വലിയ അന്തരം കാണപ്പെടുന്നു. ഏതാനും ഉദാഹരണങ്ങൾ പട്ടികയിൽ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | വർഷം | ബഡ്ജറ്റ് പ്രകാരമുള്ള | | യഥാർത്ഥ | |
|---|---|---|---|---|---|---|
| | | | വരവ് | ചെലവ് | വരവ് | ചെലവ് |
| I | കൊല്ലം ജില്ല | | | | | |
| 1 | പട്ടാഴി വടക്കേക്കര | 2003-04 | 332.47 | 318.29 | 100.86 | 103.87 |
| 2 | വെളിനല്ലൂർ | 2005-06 | 405.66 | 386.60 | 208.97 | 167.15 |
| 3 | നീണ്ടകര | 2006-07 | 211.03 | 199.60 | 116.92 | 114.57 |
| 4 | തൃക്കരുവ | 2003-04 | 174.04 | 150.48 | 125.25 | 101.89 |
| 5 | വെളിയം | 2006-07 | 492.44 | 497.90 | 228.79 | 208.73 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 2.5]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

3. പട്ടാഴി വടക്കേക്കര, വെളിനല്ലൂർ, നീണ്ടകര, തൃക്കരുവ, വെളിയം എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

4. **സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പട്ടാഴി വടക്കേക്കര, വെളിനല്ലൂർ, നീണ്ടകര, തൃക്കരുവ, വെളിയം എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബാന്റ് ട്രൂപ്പ് രൂപീകരണവും ക്രമവിരുദ്ധമായ ചെലവും - പെരിനാട് ഗ്രാമപഞ്ചായത്ത്**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07, ഖണ്ഡിക : 3.11

ഗ്രാമപഞ്ചായത്തിലെ 20 തൊഴിൽരഹിതരായ പട്ടിക വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് തൊഴിൽ നൽകുന്നതിന് പരിശീലനം നൽകി ബാന്റ് ട്രൂപ്പ് രൂപീകരിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എസ്.ജി.എസ്.വൈ. മാനദണ്ഡപ്രകാരം അംഗീകാരം നൽകിയ ടി പദ്ധതിയുടെ ചെലവിന്റെ അമ്പത് ശതമാനം തുക [പരമാവധി 1,25,000 (ഒരു ലക്ഷത്തി ഇരുപത്തയ്യായിരം) രൂപ വരെ] സബ്സിഡി നൽകുന്നതിന് 30-3-2004-ലെ സ.ഉ. ജി.ഒ. (എം.എസ്)40/04 പ്ലാനിംഗ് ഖണ്ഡിക 7:4:3 (1) പ്രകാരം അനുവദിച്ചിരുന്നു. എസ്.ജി.എസ്.വൈ. മാനദണ്ഡമനുസരിച്ച് സ്വയംസഹായ സംഘങ്ങളിൽനിന്നും ചെറിയ സമ്പാദ്യങ്ങളും വായ്പകളും സ്വരൂപിച്ചാണ് പ്രവർത്തനം ആരംഭിക്കേണ്ടത്. ആറുമാസത്തെ പ്രവർത്തനം വിലയിരുത്തി ഒന്നാമത്തെ ഗ്രേഡിംഗ് നടത്തി അവരുടെ സമ്പാദ്യത്തിന് അനുസൃതമായാണ് റിവോൾവിംഗ് ഫണ്ട് നൽകേണ്ടത്. റിവോൾവിംഗ് ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുന്ന സംഘങ്ങൾക്ക് രണ്ടാംഘട്ട ഗ്രേഡിംഗിനുശേഷം സ്വയംതൊഴിൽ സംരംഭങ്ങൾക്ക് വായ്പയും, സബ്സിഡിയും നൽകും. ബാന്റ് ട്രൂപ്പ് പരിശീലനം നൽകിയതിന്റെ ഭാഗമായി 29-3-2007-ൽ 92,000 രൂപയും പദ്ധതിയുടെ ഭാഗമായി 31-3-2007-ൽ റിവോൾവിംഗ് ഫണ്ട് വിഹിതം 20,000 രൂപയും ബാന്റ് ട്രൂപ്പിന് ആവശ്യമായ സാധനങ്ങൾ വാങ്ങിയിട്ടുള്ളതിന് 27-2-2007-ൽ 57,824 രൂപയും നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 1,69,824 രൂപ (ഒരു ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി എണ്ണൂറ്റി ഇരുപത്തിനാല് രൂപ) ആകെ ചെലവഴിച്ചിട്ടുണ്ട്. എസ്.ജി.എസ്.വൈ. മാനദണ്ഡമനുസരിച്ച് ആകെ ചെലവിന്റെ 50% തുക മാത്രമേ സബ്സിഡി നൽകാൻ പാടുള്ളൂ. എന്നാൽ ഇത് ലംഘിച്ചുകൊണ്ട് പദ്ധതി ചെലവിന്റെ 100% തുക സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ 84,912 രൂപ (എൺപത്തിനാലായിരത്തി തൊള്ളായിരത്തി പന്ത്രണ്ട്) മാത്രമേ നൽകാൻ പാടുള്ളൂ. സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നൽകിയ 84,912 രൂപ (എൺപത്തിനാലായിരത്തി തൊള്ളായിരത്തി പന്ത്രണ്ട്) ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.5.3]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

5. സർക്കാർ നൽകിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

6. **സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അക്ഷയ പരിശീലന പദ്ധതി-പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ- കരീപ്ര ഗ്രാമപഞ്ചായത്ത്**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2005-06, ഖണ്ഡിക : 3.2

കരീപ്ര ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ഇ-സാക്ഷരത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഒരു കുടുംബത്തിലെ ഒരാൾക്ക് വീതം 6943 പേർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാനായിരുന്നു പദ്ധതി ലക്ഷ്യമിട്ടത്. ഗുണഭോക്താക്കളിൽ ഒരാളിന് 60 രൂപ നിരക്കിൽ 4,16,580 രൂപ (നാല് ലക്ഷത്തി പതിനാറായിരത്തി അഞ്ഞൂറ്റി എൺപത് രൂപ) ഗ്രാമപഞ്ചായത്ത് വിഹിതമായി അക്ഷയ പദ്ധതിയുടെ ജില്ലാ കോ-ഓർഡിനേറ്റർക്ക് നൽകിയിരുന്നുവെങ്കിലും 4355 പേർക്ക് മാത്രം പരിശീലനം നൽകുകയും ബാക്കിയുള്ള ഗുണഭോക്താക്കൾ ഇതരമാർഗ്ഗങ്ങളിലൂടെ ഇ-സാക്ഷരത കൈവരിച്ചിട്ടുള്ളതായി കണക്കാക്കി ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ഇ-സാക്ഷരത പ്രഖ്യാപനം 29-12-2007-ൽ നടത്തുകയുണ്ടായി. 2588 പേർക്ക് 60 രൂപ നിരക്കിൽ ഗുണഭോക്തൃ വിഹിതം ഇനത്തിൽ അധികം അടച്ച 1,55,280 രൂപ (ഒരു ലക്ഷത്തി അമ്പത്തയ്യായിരത്തി ഇരുന്നൂറ്റി എൺപത് രൂപ മാത്രം) ജില്ലാ കോർഡിനേറ്ററിൽനിന്നും ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.5.4]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

7. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**8. സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബജറ്റ് തയ്യാറാക്കുന്നതിലെ പിഴവുകൾ**

സാമ്പത്തിക ആസൂത്രണത്തിനും, നിയന്ത്രണത്തിനും, ഏറ്റവും പ്രധാനപ്പെട്ട ഉപകരണമാണ് ബജറ്റ്. ബജറ്റ് തയ്യാറാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധയും ശുഷ്കാന്തിയും പ്രകടിപ്പിക്കുന്നില്ല. കേരള പഞ്ചായത്ത്രാജ് നിയമവും, കേരള മുനിസിപ്പൽ നിയമവും പ്രകാരം സെക്രട്ടറിയും ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഓഫീസർമാരും സമർപ്പിക്കുന്ന നിർദ്ദേശങ്ങളും അടങ്കലുകളും പരിഗണിച്ചശേഷം അതത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഓരോ വർഷവും പ്രതീക്ഷിക്കുന്ന വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കുകയും അവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും വേണം. ഈ നിർദ്ദേശങ്ങൾ പരിഗണിച്ചശേഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വരുംവർഷത്തെ സ്ഥാപനത്തിന്റെ വരവു ചെലവുകൾ കാണിക്കുന്ന ബജറ്റ് തയ്യാറാക്കേണ്ടതും, മാർച്ച് ആദ്യവാരത്തിന് മുമ്പായി പ്രത്യേകം വിളിച്ചുചേർക്കുന്ന യോഗത്തിൽവച്ച് തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ മിക്ക സ്ഥാപനങ്ങളിലും വരുംവർഷത്തെ പ്രതീക്ഷിത വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റുകൾ ജനുവരി 15-ന് മുമ്പായി അതത് സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാക്കുക, ബജറ്റ് മാർച്ച് ആദ്യവാരത്തിന് മുമ്പായി സമർപ്പിക്കുക തുടങ്ങിയ നടപടിക്രമങ്ങൾ ഒന്നുംതന്നെ പാലിച്ചിട്ടില്ല. ആയതിനാൽ ബജറ്റ് നിർദ്ദേശങ്ങൾ പഞ്ചായത്തുകളിൽ യഥാവിധി ചർച്ചചെയ്യപ്പെടുകയോ, നിർദ്ദേശങ്ങളുടെ വിശദമായ സൂക്ഷ്മപരിശോധന നടത്തപ്പെടുകയോ ഉണ്ടാകുന്നില്ല. ഇത് ബജറ്റ് നിയന്ത്രണങ്ങളുടെ പരാജയത്തിനും കൃത്യതയില്ലായ്മയ്ക്കും വഴിതെളിക്കുന്നു. ഉദാഹരണത്തിന്, തിരുവനന്തപുരം വികസന അതോറിറ്റിയുടെ 2007-08 വർഷത്തെ ബജറ്റിൽ റവന്യൂ വരവിനത്തിൽ 856.680 ലക്ഷം രൂപ പ്രതീക്ഷിച്ചിരുന്നെങ്കിലും അതിന്റെ 22% തുകയായ 189.07 ലക്ഷം രൂപ മാത്രമെ വരവായി സ്വരൂപിക്കാൻ കഴിഞ്ഞിട്ടുള്ളൂ. റവന്യൂ ചെലവിനത്തിൽ 885.10 ലക്ഷം രൂപ പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് 199.229 ലക്ഷം രൂപ മാത്രമെ ചെലവിടാൻ കഴിഞ്ഞിട്ടുള്ളൂ. അതുപോലെ കോഴിക്കോട് കോർപ്പറേഷൻ കൗൺസിൽ പാസ്സാക്കിയ 2007-08 വർഷത്തെ പുതുക്കിയ ബജറ്റും പ്രസ്തുത വർഷത്തെ യഥാർത്ഥ വാർഷിക കണക്കും തമ്മിൽ കോടികളുടെ വ്യത്യാസമാണ് കാണുന്നത്. വരവിനങ്ങളിൽ തൻവർഷത്തെ പുതുക്കിയ ബജറ്റിനെക്കാൾ 35.65 കോടി രൂപയുടെയും ചെലവിനങ്ങളിൽ 40.69 കോടി രൂപയുടെയും കുറവാണ്

വന്നിട്ടുള്ളത്. യഥാർത്ഥ കണക്കുകളെ അവലംബിച്ച് തയ്യാറാക്കേണ്ട പുതുക്കിയ ബജറ്റിനെക്കാൾ വരവ്/ചെലവുകൾ കുറയുന്നത് ബജറ്റിംഗ് തത്ത്വങ്ങളിൽ നിന്നുള്ള വ്യതിയാനമാണ്. അതുപോലെ കൊല്ലം ജില്ലയിലെ ഏതാനും പഞ്ചായത്തുകളിലെ അംഗീകരിച്ച ബജറ്റിലെ വരവുചെലവ് തുകകളുടെ വ്യത്യാസം കാണിക്കുന്ന ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | വർഷം | ബജറ്റ് പ്രകാരമുള്ള | | യഥാർത്ഥ | |
|---|---|---|---|---|---|---|
| | | | വരവ് | ചെലവ് | വരവ് | ചെലവ് |
| 1 | ഏരൂർ ഗ്രാമപഞ്ചായത്ത് | 2003-0 4 | 5,58,33,000 | 5,27,23,500 | 74,74,348 | 5,98,697 |
| 2 | ചിതറ ഗ്രാമപഞ്ചായത്ത് | 2004-05 | 4,53,87,499 | 4,84,63,979 | 2,65,07,951 | 2,50,07,187 |
| 3 | വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് | 2006-07 | 3,52,37,950 | 3,96,47,850 | 1,70,08,714 | 1,59,42,196 |
| 4 | മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് | 2006-07 | 4,16,92,000 | 4,27,94,000 | 2,85,82,487 | 2,35,80,820 |

മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളിലും മേൽപ്പറഞ്ഞ രീതിയിലുള്ള ധാരാളം അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. ഒട്ടുമിക്ക ബജറ്റുകളിലും വരവുചെലവുകൾ ഊതിപ്പെരുപ്പിച്ചതും യഥാർത്ഥ തുകകളുമായി വളരെ അന്തരമുള്ളതുമാണ്. ബജറ്റിൽ തുകകൾ വകയിരുത്തുന്നത് യാഥാർത്ഥ്യബോധത്തോടെയും രേഖകളുടെ പിൻബലത്തോടെയും ആയിരിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 2.2]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

9. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

10. **സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വരുമാന വർദ്ധനവിനുള്ള നടപടികളുടെ അഭാവം : - തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്**

* **വസ്തു നികുതി പുതുക്കൽ വൈകുന്നത് വഴി വരുമാന നഷ്ടം**

* **വസ്തു നികുതി അപ്പീൽ പെറ്റീഷനുകളിന്മേൽ നിയമവിരുദ്ധമായി ഇളവനുവദിക്കുന്നു.**

* **ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി എടുക്കുന്നില്ല**

* **തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികളുമില്ല.**

ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കാലാകാലങ്ങളിൽ നടത്തേണ്ടുന്ന കെട്ടിടനികുതി/വസ്തുനികുതി പരിഷ്ക്കരണം നടത്താത്തതുമൂലം പ്രസ്തുത നികുതിയിനത്തിൽ ഗണ്യമായ വരുമാനനഷ്ടം ഉണ്ടാകുന്നുണ്ട്.

വസ്തുനികുതി പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി മുമ്പാകെ സമർപ്പിക്കപ്പെടുന്ന റിവിഷൻ പെറ്റീഷൻ പരിഗണിച്ച് അനുവദിക്കാവുന്ന പരമാവധി ഇളവ് 10% ആയും സെക്രട്ടറി നിർണ്ണയിക്കുന്ന നികുതിയിന്മേൽ നഗരസഭാ അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക്/പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് അനുവദിക്കാവുന്ന പരമാവധി ഇളവ് 20% ആയും 27-11-2006-ലെ ജി.ഒ (എം.എസ്.) 271/06/ത.സ്വ.ഭ.വ. വകുപ്പ് ഉത്തരവുപ്രകാരം നിശ്ചയിച്ചിട്ടുണ്ടെങ്കിലും മിക്കവാറും നഗരസഭകളിൽ അപ്പീൽ പെറ്റീഷനുകളിൽ സ്റ്റാന്റിംഗ് കമ്മിറ്റി നിയമാനുസൃതമായ 20% ഇളവിനുമേൽ വീണ്ടുമൊരു 20% ഇളവുകൂടി അനുവദിക്കുന്ന പ്രവണത വ്യാപകമായിക്കാണുന്നു. നിയമ വിരുദ്ധമായ ഈ ഇളവനുവദിക്കൽ സ്ഥാപനത്തിന്റെ വരുമാന ചോർച്ചയ്ക്ക് ആക്കം കൂട്ടുന്നു.

1994-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഗ്രാമപഞ്ചായത്തുകളിലും കൂടി ബാധകമാക്കിയതിനാൽ കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസിനത്തിൽ ഗണ്യമായ വരുമാനവർദ്ധനവ് ഉണ്ടെങ്കിലും കൃത്യമായി എഫ്.എ.ആർ. കണക്കാക്കിയും നഗരപ്രാന്തത്തിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ പ്രത്യേക സ്ട്രക്ചറൽ സോണുകൾക്ക് നിശ്ചയിച്ച നിരക്കിലും പെർമിറ്റ് ഫീസ് വാങ്ങുന്നതിൽ അലംഭാവവും കണ്ടുവരുന്നു.

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസില്ലാതെ ഒരു വ്യാപാരമോ വ്യവസായമോ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടത്തുവാൻ പാടില്ല എന്നിരിക്കെ ഇതിന് വിരുദ്ധമായി ലൈസൻസ് എടുക്കാതെയോ ലൈസൻസ് യഥാക്രമം പുതുക്കാതെയോ നടത്തുന്ന അനധികൃതമായ പ്രവൃത്തികൾക്ക് 233-ാം വകുപ്പ് പ്രകാരം 3,000 രൂപവരെ പിഴ ചുമത്താമെന്നിരിക്കെ അനധികൃത വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും എതിരെ നടപടിയെടുക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ വിമുഖത പുലർത്തുന്നുണ്ട്.

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 209 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് പഞ്ചായത്തിന് നികുതി ഈടാക്കാവുന്നതാണ്. പരസ്യനികുതി ചുമത്തുമ്പോൾ അതിന്റെ ഏറ്റവും കുറഞ്ഞ നിരക്ക് എസ്.ആർ.ഒ. 654/02 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. പരസ്യനികുതി പിരിക്കാനുള്ള അവകാശം ലേലം ചെയ്തുകൊടുത്ത് ഈ ഇനത്തിലുള്ള വരുമാനം കണ്ടെത്താനും ഈ മേഖലയിൽ സാധ്യതകൾ ഉള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രമം നടത്തുന്നില്ല.

സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ നിയമാനുസൃതം നടത്തേണ്ടത് കർശനമായിരിക്കേ രജിസ്ട്രേഷൻ ഇല്ലാത്ത നിരവധി സ്ഥാപനങ്ങൾ നഗരസഭാ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഇനത്തിലുള്ള വരുമാന നഷ്ടത്തിലുപരി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കേവല നിബന്ധനകൾ എങ്കിലും പാലിച്ചുകൊണ്ടാണോ അവ പ്രവർത്തിക്കുന്നത് എന്ന് പരിശോധിക്കാനും നിയന്ത്രിക്കാനുമുള്ള അധികാരം വിനിയോഗിക്കാത്തത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതയില്ലായ്മയാണ് കാണിക്കുന്നത്.

നഗരസഭകളുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, പൊതുവായ മാർക്കറ്റുകൾ എന്നിവ യഥാകാലം ലേലം ചെയ്തുകൊടുക്കുവാനോ വാടകക്കരാറുകൾ കൃത്യമായി എഴുതി വാടക കൃത്യമായി പിരിച്ചെടുക്കുവാനോ ഉള്ള ശ്രമങ്ങളും നടക്കുന്നില്ല.

കുടിശ്ശിക നികുതികൾ, ഫീസുകൾ എന്നിവ നിയമാനുസൃതം പിരിച്ചെടുക്കുന്നതിലും തദ്ദേശസ്വയംഭരണാധികാരികൾ ഗുരുതരമായ അലംഭാവം കാണിക്കുന്നു.

തനതുവരുമാന നഷ്ടത്തിന് ഏതാനും ഉദാഹരണങ്ങൾ

| ക്രമ നമ്പർ | സ്ഥാപനം | ഇനം | തുക | ഓ. റി. വർഷം/ഖണ്ഡിക |
|---|---|---|---|---|
| 1 | തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല | സ്ഥാപന തൊഴിൽ നികുതി (ഈടാക്കിയില്ല) | 17,500 | 2008-09/2(1) |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 2.5]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

11. നികുതിയിനത്തിലെ കുടിശ്ശികകൾ പിരിച്ചെടുത്ത് അടവാക്കിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

12. **ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വർദ്ധിച്ചുവരുന്ന ഋണബാദ്ധ്യതകൾ**

1963-ലെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി വായ്പകൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ ഒരു സ്ഥാപനത്തിന്റെ വൻ ഋണബാദ്ധ്യത അതിന്റെ ഭരണസാമ്പത്തിക സംവിധാനങ്ങളുടെ പിടിപ്പുകേടിലേയ്ക്ക് വിരൽചൂണ്ടുന്നു. ഓഡിറ്റിന് വിധേയമായ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭീമമായ കടബാദ്ധ്യതയിലാണ്.

വരുമാനമുണ്ടാക്കുകയും ചെലവഴിക്കുകയും ചെയ്യുന്ന ഏതൊരു സ്ഥാപനത്തിനു മെന്നപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മികവുറ്റ ഭരണസംവിധാനത്തോടൊപ്പം ഫലപ്രദവും അച്ചടക്കമുള്ളതുമായ സാമ്പത്തിക നിയന്ത്രണവും അനിവാര്യമാണ്. വരുമാന വർദ്ധനവും വിവേകപൂർണ്ണമായ ചെലവുചെയ്യലും ഉറപ്പാക്കാൻ മികച്ച സാമ്പത്തിക ആസൂത്രണവും മെച്ചപ്പെട്ട നേതൃത്വവും കൂടിയേതീരൂ. വരുമാന സ്രോതസ്സുകളുടെ ഉല്പാദനക്ഷമത ഉറപ്പാക്കുന്നതിലും അവ ചൂഷണം ചെയ്യുന്നതിൽ ഉത്തരവാദിത്തബോധം പുലർത്തുന്നതിലും പരാജയപ്പെടുന്ന സ്ഥാപനത്തിന് സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാകാതെ വരുന്നു. വർദ്ധിച്ചുവരുന്ന ഋണബാദ്ധ്യതയിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നയിക്കുന്നത് പ്രധാനമായും കാര്യക്ഷമമല്ലാത്ത നികുതി നിയന്ത്രണ സംവിധാനങ്ങളാണ്. താഴ്ന്ന വരുമാന സമാഹരണം, കുറവായി നിർണ്ണയിക്കപ്പെടുന്ന നികുതികൾ, ഫീസുകൾ എന്നിവ സ്ഥാപനങ്ങളുടെ സാമ്പത്തികനിലയെ സാരമായി ബാധിക്കുന്നു. വർദ്ധിച്ചുവരുന്ന കുടിശ്ശികകൾ അവയുടെ സാമ്പത്തികനിലവാരം മോശതരമാക്കുന്നു.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ സെക്ഷൻ 303-ൽ നഗരസഭകൾ ഋണമോചന നിധി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. വിവിധ ഏജൻസികളിൽ നിന്നും നഗരസഭകൾ എടുത്തിട്ടുള്ള വായ്പാതുകകളുടെ കൃത്യമായ തിരിച്ചടവുകൾക്ക് സഹായകമാകുന്ന വിധത്തിൽ ഒരു പ്രത്യേക നിധി രൂപീകരിക്കുകയും ആ നിധിയിൽ നിന്ന് കൃത്യമായി വായ്പാ തിരിച്ചടവുകൾക്ക് തുക വിനിയോഗിക്കുകയുമാണ് ചെയ്യേണ്ടത്. എന്നാൽ മിക്ക നഗരസഭകളിലും ഇത്തരത്തിലുള്ള ഋണമോചനനിധി രൂപീകരിച്ചിട്ടില്ല. മുനിസിപ്പൽ ഫണ്ടിന്റെ അപര്യാപ്തത കാരണം വായ്പകളുടെ കൃത്യമായ തിരിച്ചടവുകൾക്ക് സാധിക്കാറുമില്ല. ഇതുമൂലം തിരിച്ചടവ് നീളുകയും പലിശയിനത്തിൽ കൂടുതൽ തുക നഗരസഭകൾ ചെലവഴിക്കേണ്ടി വരികയും ചെയ്യുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ചകൂടാതെ ലഭ്യമാക്കേണ്ട ഉത്തരവാദിത്വം ഉദ്യോഗസ്ഥരിലും ജനപ്രതിനിധികളിലും നിക്ഷിപ്തമാണ്. സ്ഥാപനങ്ങളുടെ വരുമാനസ്രോതസ്സുകളായ തൊഴിൽ നികുതി, കെട്ടിട നികുതി, ലേലം/വാടക, ഡി &ഒ ലൈസൻസ് ഫീസ് എന്നിവ യഥാസമയം പിരിച്ചെടുത്ത് ആ പണം വിനിയോഗിച്ച് ജനോപകാരപ്രദങ്ങളായ പദ്ധതികൾ നടപ്പിലാക്കാനും സാമ്പത്തികഭദ്രത കൈവരിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജവം കാണിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കടബാധ്യതയ്ക്ക് ഏതാനും ഉദാഹരണങ്ങൾ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | വായ്പ എടുത്ത വർഷം | വായ്പകളുടെ ഉറവിടം | വായ്പ തുക (രൂപ) | തിരിച്ചടയ്ക്കാൻ ശേഷിക്കുന്നത് (31-3-2011) |
|---|---|---|---|---|---|
| 1 | കൊല്ലം ജില്ല (വിവിധ ഗ്രാമപഞ്ചായത്തുകൾ) | - | ബാങ്ക് ലോൺ | 45,16,48,920 | 38,27,94,585 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 2.11]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

13.ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദാംശങ്ങൾ ആരാഞ്ഞതിന് പ്രസ്തുത ഓഡിറ്റ് തടസ്സം പരിഹരിച്ചിട്ടുണ്ടെന്നും, നിലവിൽ കൊല്ലം ജില്ലയിലെ ഒരു പഞ്ചായത്തിലും വരവ് ചെലവുകൾ തമ്മിൽ വ്യത്യാസമില്ലെന്നും ബഡ്ജറ്റിനനുസരിച്ചുള്ള വരവ് ചെലവുകൾ മാത്രമേ നടത്തുന്നുള്ളൂവെന്നും വായ്പകൾ തിരിച്ചടയ്ക്കുന്നതിന് ബുദ്ധിമുട്ടുന്നതോ കുടിശ്ശിക തിരിച്ചടയ്ക്കുവാൻ നിലനിൽക്കുന്നതോ ആയ പഞ്ചായത്തുകൾ ഇല്ലെന്നും കൊല്ലം ഡി.ഡി.പി. മറുപടി നൽകി. ടി പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

14. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പരമ്പരാഗത തൊഴിൽ സംരക്ഷണം - പദ്ധതി നടത്തിപ്പിൽ അപാകത - 62,500 രൂപയുടെ ചെലവ് ആഡിറ്റിൽ നിരാകരിക്കുന്നു - ചിതറ ഗ്രാമപഞ്ചായത്ത്**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2007-08, ഖണ്ഡിക നമ്പർ : 3(2)

വി.ഇ.ഒ. നിർവ്വഹണാധികാരിയായ പദ്ധതിയ്ക്കുവേണ്ടി 1,24,092 രൂപ പദ്ധതി വിഹിതവും 1,22,500 രൂപ ഗുണഭോക്തൃ വിഹിതവും ചേർത്ത് 2,46,592 രൂപ

വകയിരുത്തിയിരുന്നു. ടി പദ്ധതിയിൽ 49 ഗുണഭോക്താക്കൾക്ക് 2,500 രൂപ നിരക്കിൽ പദ്ധതി ആനുകൂല്യം (സബ്സിഡി ഇനത്തിൽ 50% പരിമിതപ്പെടുത്തി) നൽകാൻ ലക്ഷ്യമിട്ടിരുന്നു. ഈറ്റ, മുള എന്നിവ ഉപയോഗിച്ച് പരമ്പരാഗത തൊഴിൽ ചെയ്തുവരുന്ന ഓരോ കുടുംബത്തിലേയും ഒരു അംഗത്തിനുവീതം സഹകരണ സംഘങ്ങൾവഴി അസംസ്കൃത സാധനങ്ങൾ വാങ്ങിനൽകാനും തുക സംഘങ്ങൾക്ക് കൈമാറാനുമായിരുന്നു പദ്ധതി നിർദ്ദേശം. അപേക്ഷകർ അതത് പ്രദേശങ്ങളിലെ സൊസൈറ്റികളിൽ അംഗങ്ങളായിരിക്കണമെന്നും പദ്ധതി നിർദ്ദേശിക്കുന്നു.

രേഖകൾ പരിശോധിച്ചതിൽ ബിൽ നമ്പർ 3/07-08 തീയതി 30-3-2008 പ്രകാരം 62,500 രൂപ പിൻവലിച്ച് 2,500 രൂപ നിരക്കിൽ 25 ഗുണഭോക്താക്കൾക്ക് ഡി.ഡി. ആയി നേരിട്ട് നൽകിയതായി കാണുന്നു. ചിതറ ഗ്രാമപഞ്ചായത്തിൽ ഈറ്റ, മുള ഉൽപ്പന്നങ്ങൾ ഉണ്ടാക്കിവിൽക്കുന്ന ഒരു സൊസൈറ്റിപോലും നിലവിൽ പ്രവർത്തിക്കുന്നില്ലെങ്കിലും 2007-08 വർഷം 'പരമ്പരാഗത തൊഴിൽ സംരക്ഷണം' (എസ്.ഒ. 80/08) എന്ന പദ്ധതി പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള സബ്സിഡി തുകയായ 2,500 രൂപ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകാൻ വി.ഇ.ഒ.- യെ ചുമതലപ്പെടുത്തി ചിതറ പഞ്ചായത്ത് കമ്മിറ്റിയുടെ 18-3-2008-ലെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. [തീരുമാനം നമ്പർ II(1)]. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി ആനുകൂല്യം നൽകിയത്. കൂടാതെ സബ്സിഡി മാർഗ്ഗരേഖകൾ സംബന്ധമായ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.)183/07/ത.സ്വ.ഭ.വ. 24-7-2007-ൽ സബ്സിഡി തുക പണമായി നൽകാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നു.

അംഗീകൃത പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന പദ്ധതിലക്ഷ്യം കണക്കിലെടുക്കാതെയും സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായും പദ്ധതിപ്പണം ചെലവഴിച്ചതുവഴി സബ്സിഡി വിതരണം മാത്രമായി പദ്ധതി പ്രവർത്തനം ചുരുങ്ങി. പരമ്പരാഗത തൊഴിലുകൾക്ക് പ്രോത്സാഹനം നൽകുക, കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുക എന്നിങ്ങനെയുള്ള പദ്ധതി ലക്ഷ്യങ്ങൾ കണക്കിലെടുക്കാതെ നടത്തിയ പണംവിതരണം അംഗീകരിക്കുന്നില്ല. 62,500 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തണം.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u> :

ശ്രീ. ഹരിലാൽ, വി.ഇ.ഒ., കുമ്മിൾ ഗ്രാമപഞ്ചായത്ത്,

കാരയ്ക്കാട്, കുറ്റിക്കാട് പി.ഒ., കടയ്ക്കൽ

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.3.(1)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ ഈറ്റ, മുള എന്നിവ ഉപയോഗിച്ച് പരമ്പരാഗത തൊഴിൽ ചെയ്യുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 2,500 രൂപാ നിരക്കിൽ ആനുകൂല്യം ഡി.ഡി. ആയി നേരിട്ട് വിതരണം ചെയ്തതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമുണ്ടായതെന്നും വി.ഇ.ഒ. നിർവ്വഹണാധികാരിയായിരുന്ന പദ്ധതിയിൽ പട്ടികജാതി സൊസൈറ്റികൾ മുഖാന്തരം തുക നൽകുവാനാണ് നിർദ്ദേശിച്ചിരുന്നതെങ്കിലും പദ്ധതി കാലയളവിൽ ചിതറ ഗ്രാമപഞ്ചായത്തിൽ ഈറ്റ, മുള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിൽക്കുന്ന ഒരു സൊസൈറ്റിപോലും പ്രവർത്തിച്ചിരുന്നില്ലെന്നും അക്കാരണത്താലാണ് പഞ്ചായത്ത് സമിതിയുടെ തീരുമാനപ്രകാരം 2,500 രൂപാ വീതം 25 പേർക്ക് ഡി.ഡി. ആയി നേരിട്ട് നൽകിയതെന്നും 2007-08 ൽ ഗുണഭോക്താക്കളെല്ലാം ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടെന്നും ചിതറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

16. **ഓഡിറ്റ് പരാമർശം സംബന്ധിച്ച് ചിതറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആട് വളർത്തൽ പദ്ധതിയിൽ ക്രമക്കേട് - ചടയമംഗലം ഗ്രാമപഞ്ചായത്ത്**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ : 3(10)

കുടുംബശ്രീ യൂണിറ്റുകളിൽ അംഗങ്ങളായ 173 വനിതകൾക്ക് രണ്ട് ആടുകളെ വീതം ലഭ്യമാക്കുവാൻ പദ്ധതി നിർദ്ദേശിച്ചിരുന്നു. ആടുകളുടെ വിലയിനത്തിൽ 1,500 രൂപയും, ഇൻഷ്വറൻസ് ഇനത്തിൽ 116 രൂപയും ചേർത്ത് ഒരു ഗുണഭോക്താവിന് ആകെ 1,616 രൂപ പദ്ധതി ആനുകൂല്യം ലഭിക്കുന്നു. ഗുണഭോക്തൃ വിഹിതമായി ഗുണഭോക്താവ് 3,772 രൂപ പഞ്ചായത്തിൽ ഒടുക്ക് വരുത്തണം.

സ്ത്രീകളുടെ തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് സാമ്പത്തികഭദ്രത കൈവരുത്തുക, പഞ്ചായത്തിൽ ആട്ടിൻ പാലിന്റെ ഉല്പാദനവും, ഉപഭോഗവും വർദ്ധിപ്പിക്കുക എന്നിവയാണ് പ്രധാന പദ്ധതി ലക്ഷ്യങ്ങൾ.

ഗുണഭോക്തൃ സമിതി പ്രതിനിധികൾ ഉൾപ്പെടുന്ന പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ച് ഉന്നത ഗുണമേന്മയുള്ള ആടുകളെ പഞ്ചായത്തിന് പുറത്തുനിന്നും ലഭ്യമാക്കണമെന്നും. ഗുണഭോക്താക്കൾക്ക് ആട് പരിപാലനത്തിൽ ശാസ്ത്രീയ പരിശീലനവും, ബോധവൽക്കരണവും നൽകണമെന്നും പദ്ധതിയിൽ നിർദ്ദേശിക്കുന്നു.

പദ്ധതി നടത്തിപ്പിനായി വികസനഫണ്ട് ഇനത്തിൽ വകയിരുത്തിയ 2,79,568 രൂപ ബിൽ നമ്പർ-2/07 തീയതി 14-3-2007 പ്രകാരം നിർവ്വഹണാധികാരിയായ വെറ്ററിനറി സർജൻ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 90 ഗുണഭോക്താക്കളിൽനിന്നും 3,772 രൂപ വീതം ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കി പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളതായി കാണുന്നു. പദ്ധതിയിൽ നിർദ്ദേശിക്കുന്നപ്രകാരം പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചതായോ, പഞ്ചായത്തിന് പുറത്തുനിന്നും ആടുകളെ വാങ്ങി ഒരു ഗുണഭോക്താവിനെങ്കിലും നൽകിയതായോ രേഖയില്ല. ആടുവളർത്തലിൽ ആർക്കുംതന്നെ പരിശീലനമോ, ബോധവൽക്കരണമോ നടത്തിയിട്ടില്ല. ഒരു ആടിനെപ്പോലും ഇൻഷ്വർ ചെയ്തതായും തെളിവില്ല. ആടുകളെ വാങ്ങി നൽകിയാൽതന്നെ ഗുണഭോക്തൃ വിഹിതം ഒടുക്ക് വരുത്തിയ 90 ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകിയാൽ മതിയാകും. ആയതിന് ആവശ്യമായ തുക ഇൻഷ്വറൻസിന് ഉൾപ്പെടെ 1,45,440 രൂപ (1,616 x 90) മാത്രമാണ്. പദ്ധതി ചെലവിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ ക്യാഷ്ബുക്ക്, ചെക്ക്/ഡി.ഡി. വിതരണ രജിസ്റ്റർ, ബാങ്ക് പാസ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.മൃഗസംരക്ഷണ വർക്കിംഗ് ഗ്രൂപ്പ് പദ്ധതി 'മോണിറ്റർ' ചെയ്യണമെന്ന നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. പദ്ധതി നടത്തിപ്പിലെ അപാകതകൾക്ക് വിശദീകരണവും, പദ്ധതി അനുബന്ധ രേഖകളും ആവശ്യപ്പെട്ടുകൊണ്ട് 21-11-2009-ാം തീയതി നൽകിയ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, നിർവ്വഹണാധികാരിയായ വെറ്ററിനറി സർജന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതിനാൽ 2,79,568 രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>

ഡോ. പ്രഭാകരൻ വെറ്ററിനറി സർജൻ (റിട്ട.)

കൊക്കോട്ടുവിള വീട്, പുന്നക്കോട്, മാടൻനട, ചടയമംഗലം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 5.2.4.(1)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

17. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, 2006-07-ൽ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും കുടുംബശ്രീ യൂണിറ്റുകളിൽ അംഗങ്ങളായ 173 വനിതകൾക്ക് രണ്ട് ആട്ടുകളെ വീതം വാങ്ങി നൽകുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യമെന്നും, പദ്ധതി സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കാത്തതുകൊണ്ട് പദ്ധതി വിഹിതമായി നൽകിയ 2,79,568 രൂപ നിരാകരിച്ചതാണ് പരാമർശത്തിനാധാരമായ വിഷയമെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജനോട് പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെന്നും നിലവിൽ സർവ്വീസിൽ നിന്നും വിരമിച്ച നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കൾ ആട്ടുകളെ കൈപ്പറ്റിയതായി ഒരു നോട്ട്ബുക്കിൽ രേഖപ്പെടുത്തിയതും ബാങ്ക് സ്റ്റേറ്റുമെന്റുകളും തെളിവെടുപ്പ് യോഗത്തിന് രണ്ടുമൂന്ന് ദിവസങ്ങൾക്കുമുമ്പ് ഓഫീസിൽ നേരിട്ട് സമർപ്പിച്ചിരുന്നുവെന്നും പ്രസ്തുത രേഖകൾ ആധികാരികമാണെന്ന് പഞ്ചായത്ത് അധികൃതർക്ക് പറയുവാൻ സാധിക്കുകയില്ലെന്നും ചടയമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

18. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ പഞ്ചായത്ത് അധികൃതർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സമിതി അന്വേഷിച്ചതിന് 2014-ൽ ഓഡിറ്റ് പരാമർശം വന്നപ്പോൾതന്നെ ടിയാനിൽനിന്നും നഷ്ടത്തുക ഈടാക്കുന്നതിനായി ഭരണ വകുപ്പിലേയ്ക്ക് കത്ത് അയച്ചിരുന്നുവെന്നും നഷ്ടത്തുക ട്രഷറിയിൽ തിരികെ അടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഭരണ വകുപ്പിൽനിന്നും ടിയാന് കത്ത് നൽകിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നല്കി.

19. പരാമർശവിധേയമായ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും നഷ്ടത്തുക ഈടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് അധികൃതർ 2014-ൽ ഭരണ വകുപ്പിലേക്ക് അയച്ച കത്തിന് 4 വർഷങ്ങൾക്കുശേഷം 2018 ഫെബ്രുവരിയിലാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നതെന്ന് സമിതി നിരീക്ഷിച്ചു. പ്രസ്തുത കാലതാമസം സംബന്ധിച്ച് പഞ്ചായത്ത് അധികൃതർ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ അറിയിച്ചിരുന്നോ എന്ന് സമിതി ആരാഞ്ഞപ്പോൾ ഇത് സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പിന് കത്ത് നൽകിയിരുന്നുവെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

20. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കൊല്ലം ഡി.ഡി.പി.-യോട് സമിതി വിശദീകരണം ആവശ്യപ്പെട്ടപ്പോൾ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറേറ്റിൽ കത്ത് ലഭിച്ചിട്ടില്ലെന്ന് കൊല്ലം ഡി.ഡി.പി സമിതി മുമ്പാകെ ബോധിപ്പിച്ചു.

21. പഞ്ചായത്തുകളിൽ നടക്കുന്ന ക്രമക്കേടുകൾ സംബന്ധിച്ച് മാസംതോറും പരിശോധന നടത്തുന്നതിനായി പെർഫോമൻസ് ഓഡിറ്റ് സംവിധാനമുണ്ടെങ്കിലും പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്നാണ് ടി ഓഡിറ്റ് പരാമർശത്തിലൂടെ വെളിവാകുന്നതെന്നും, ക്രമക്കേട് നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കുവാൻ അയച്ച കത്തിന് നാല് വർഷങ്ങൾക്കുശേഷം മാത്രമാണ് മറുപടി ലഭിച്ചത് എന്ന കാര്യം നാളിതുവരെയായി പെർഫോമൻസ് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടാതിരുന്നത് പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ കാര്യക്ഷമത യില്ലായ്മയെയാണ് സൂചിപ്പിക്കുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

22. കൊല്ലം ജില്ലയിലെ പഞ്ചായത്തുകളിൽ ജില്ലാ പെർഫോമൻസ് ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനകളുടെ റിപ്പോർട്ടുകളും അതെത്തുടർന്ന് സംസ്ഥാന തലത്തിൽ നടത്തിയ പരിശോധനകളുടെ വിശദവിവരവും സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

23. പരാമർശവിധേയമായ ആട് വളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ നാളിതുവരെ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാനിൽനിന്നും നഷ്ടത്തുക ഈടാക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

24. **ആട്ടുവളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ 2,79,568 രൂപ കൈപ്പറ്റിയിരുന്നുവെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളൊന്നും നാളിതുവരെ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ടിയാനിൽനിന്നും നഷ്ടത്തുക ഈടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് അധികൃതർ ഭരണ വകുപ്പിലേയ്ക്ക് അയച്ച കത്തിന് 4 വർഷങ്ങൾക്ക് ശേഷമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നതെന്നും ടി കാലതാമസം നാളിതുവരെയായി കൊല്ലം ഡി.ഡി.പി-യുടെയും മറ്റ് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു.**

25. **പഞ്ചായത്തുകളിൽ നടക്കുന്ന ക്രമക്കേടുകൾ സംബന്ധിച്ച് മാസംതോറും പരിശോധന നടത്തുവാൻ പെർഫോമൻസ് ഓഡിറ്റ് സംവിധാനമുണ്ടെങ്കിലും പ്രസ്തുത സംവിധാനം ഫലപ്രദമല്ലെന്നാണ് ടി ഓഡിറ്റ് പരാമർശത്തിലൂടെ വെളിവാകുന്നതെന്നും ക്രമക്കേട് നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ട് അയച്ച കത്തിന് 4 വർഷങ്ങൾക്കുശേഷം മാത്രമാണ് മറുപടി ലഭിച്ചത്**

**എന്ന കാര്യം നാളിതുവരെയായി പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെടാതിരുന്നത് പ്രസ്തുത സംവിധാനത്തിന്റെ കാര്യക്ഷമതയില്ലായ്മയെയാണ് സൂചിപ്പിക്കുന്നതെന്നും സമിതി ചൂണ്ടിക്കാണിക്കുന്നു. കൊല്ലം ജില്ലയിലെ പഞ്ചായത്തുകളിൽ ജില്ലാ പെർഫോമൻസ് ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനകളുടെ റിപ്പോർട്ടും അതെത്തുടർന്ന് സംസ്ഥാന തലത്തിൽ നടത്തിയ പരിശോധനകളുടെ വിശദവിവരവും സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

26. **പരാമർശവിധേയമായ ആട് വളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണമെന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും നാളിതുവരെയായി ആയത് ഹാജരാക്കാത്ത നിർവ്വഹണോദ്യോഗസ്ഥനിൽനിന്നും നഷ്ടത്തുക ഈടാക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**തൊഴിൽ പരിശീലനം - പട്ടികജാതി വനിത – നിർവ്വഹണ ഏജൻസിയിൽ നിന്നും തുക തിരികെ ഈടാക്കേണ്ടത് സംബന്ധിച്ച് - കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്**

<u>ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08, ഖണ്ഡിക നമ്പർ 3(7)</u>

* തുക കൈപ്പറ്റിയ നിർവ്വഹണ ഏജൻസി തൊഴിൽ പരിശീലനം നൽകിയില്ല.

* നഷ്ടം 1,00,000 രൂപ

( 18-നും 45-നും മധ്യേ പ്രായമുള്ള 35 പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതാണ് പ്രോജക്ട്. എസ്.എസ്.എൽ.സി. വിദ്യാഭ്യാസം പൂർത്തിയാക്കിയ 35 വനിതകൾക്ക് 75 ദിവസം ആറ് മണിക്കൂർ വീതം പരിശീലനം നൽകുവാനാണ് പ്രോജക്ടിൽ നിർദ്ദേശിച്ചിരിക്കുന്നത്. വികസന ഫണ്ടിൽനിന്നും 1,00,000 രൂപയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ലോൺ 45,000 രൂപയും, ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കുന്ന 5,000 രൂപയും ഉൾപ്പെടെ 1,50,000 രൂപ അടങ്കൽ തുകയുള്ള പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ബിൽ നം. 16/07-08/31-3-08 പ്രകാരം 1,00,000 രൂപ ട്രഷറിയിൽനിന്നും പിൻവലിച്ച് ഡി.ഡി നം. 50259/28-6-08 പ്രകാരം നിർവ്വഹണ ഏജൻസിയായ സെന്റർ ഫോർ മാനേജ്മെന്റ് ആന്റ് ഡെവലപ്മെന്റിന് കൊടുത്തിട്ടുണ്ട്. 21-1-2008-ൽ സി.എം.ഡി ഡയറക്ടറും നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും തമ്മിൽ ഒപ്പ് വച്ച കരാർ പ്രകാരം സി.എഫ് ലാമ്പ് നിർമ്മാണ പരിശീലനം നൽകുവാനാണ് തുക നൽകിയത്. 35 ഗുണഭോക്താക്കളുടെ ലിസ്റ്റും സി.എം.ഡി.-യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കൾക്ക് നിർവ്വഹണ ഏജൻസി പരിശീലനം

നൽകിയതായ രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. 16-1-2010-ലെ ഓഡിറ്റ് എൻക്വയറി നം. 3-ന് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നൽകിയ മറുപടിയിൽ ടി പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസിയായ സി.എം.ഡി.-യ്ക്ക് നൽകിയ 1,00,000 രൂപ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയിൽനിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.-യിൽ നിന്നോ നാളിതുവരെയുള്ള പിഴപ്പലിശ സഹിതം ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

1. ശ്രീ. അപ്പുക്കുട്ടൻ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്),
   പള്ളം ബ്ലോക്ക്, വടവാതൂർ,
   (ശാരണ്യം, വെളിയം പി.ഒ., കൊല്ലം)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 5.2.5.(1)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

27. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

28. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ നൽകിയിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല - തെന്മല ഗ്രാമപഞ്ചായത്ത്**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3(13)

2003-04 വർഷത്തെ എസ്.ജി.ആർ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തിയ സംയോജിത പ്രോജക്ടായ ഈ പ്രവൃത്തിയ്ക്ക് 7,00,000 രൂപയുടെ അടങ്കലിന് സാങ്കേതികാനുമതി ലഭിച്ചിരുന്നു. ഗുണഭോക്തൃസമിതി കൺവീനറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. വർഗ്ഗീസ് തോമസ് 29-3-2004-ൽ 30/03-2004 നമ്പരായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. 1-7-2005-ലെ 459241-ാം നമ്പർ ചെക്ക് പ്രകാരം മുൻകൂറായി 50,000 രൂപയും 24-11-2005-ൽ ഭക്ഷ്യധാന്യ വിഹിതമായി 40 ടൺ അരിയും കൺവീനർ കൈപ്പറ്റിയിട്ടുണ്ട്. പ്രവൃത്തി

നിർവ്വഹിക്കാത്തതിനാൽ 6-5-2006-ൽ കൺവീനർക്ക് നോട്ടീസ് നൽകി. കൺവീനർക്കെതിരെ ഗുണഭോക്തൃ സമിതി ചെയർമാനും മറ്റ് അംഗങ്ങളും സമർപ്പിച്ച പരാതിയിന്മേൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ചതനുസരിച്ച് 27-10-2006-ൽ സെക്രട്ടറി നൽകിയ മറുപടിയിലെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

കൺവീനർക്ക് നിരവധി തവണ അറിയിപ്പ് നൽകുകയും 40 ടൺ അരിയുടെ വിലയായ 2,48,000 രൂപയും മുൻകൂർ നൽകിയ 50,000 രൂപയും ഉൾപ്പെടെ 2,98,000 രൂപ 18% പിഴപ്പലിശസഹിതം ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ ഫയലിൽ 6-5-2006-ൽ നൽകിയ നോട്ടീസ് ഒഴികെ മറ്റുവിവരങ്ങൾ ഒന്നും കണ്ടെത്താൻ കഴിയാത്തതിനാൽ 20-5-2009-ൽ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് മറുപടി ലഭ്യമാക്കിയില്ല. ഇതിൽനിന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ വിശദീകരണം വാസ്തവവിരുദ്ധമാണെന്ന് വ്യക്തമാകുന്നു. ജില്ലാ കളക്ടർക്ക് നൽകിയ പരാതിയാണ് ഡി.ഡി.പി. വഴി തുടർനടപടികൾക്കായി കൈമാറിയിരുന്നത്. ജില്ലാ കളക്ടറുടെയും ഡി.ഡി.പി-യുടെയും ശ്രദ്ധയിൽപ്പെട്ട ഒരു പരാതിയിന്മേലുള്ള തുടർനടപടികളുടെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല എന്നത് ഗുരുതരമായ വീഴ്ചയാണ്.

40000 കിലോഗ്രാം അരി കൈപ്പറ്റിയ കൺവീനറിൽനിന്നും അതിന്റെ സബ്സിഡി നിരക്കിലുള്ള വില കണക്കാക്കിയാണ് ഈടാക്കാൻ നടപടി തുടങ്ങിയതായി സെക്രട്ടറി ഡി.ഡി.പി.-യെ അറിയിച്ചിരുന്നത്. 27-10-2006 വരെയും പ്രവൃത്തി ആരംഭിക്കാത്തതിനാലാണ് റവന്യൂ റിക്കവറി നടപടികൾ തുടങ്ങിയതായി പറയപ്പെടുന്നത്. ആരംഭിക്കാത്ത ഒരു പ്രവൃത്തിയുടെ പേരിൽ നൽകിയ ഭക്ഷ്യധാന്യ വിഹിതത്തിന്റെ മാർക്കറ്റ് നിരക്കിലുള്ള വിലയും പിഴപ്പലിശയുമാണ് ഈടാക്കേണ്ടത്. ഇത്തരത്തിൽ ഈടാക്കേണ്ട തുക താഴെപ്പറയും പ്രകാരം കണക്കാക്കുന്നു.

| | |
|---|---|
| 40 ടൺ അരിയുടെ വില @ 13.60/കിലോ ഗ്രാം | - 5,44,000 |
| മുൻകൂർ നൽകിയ തുക | - 50,000 |
| ആകെ രൂപ | - 5,94,000 |
| | ======== |

5,94,000 രൂപയാണ് നിയമാനുസൃതമായ പിഴപ്പലിശ സഹിതം ഈടാക്കേണ്ടത്. ഇത്രയും വലിയ തുക കേന്ദ്ര സർക്കാരിന് നഷ്ടം വരുത്തിയ നടപടി ഗുരുതരമായ വിഷയമായതിനാൽ തുടരന്വേഷണത്തിനായി ബഹുമാനപ്പെട്ട കൊല്ലം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ശിപാർശ ചെയ്തുകൊണ്ട് ഈ ഓഫീസിൽ നിന്നും പ്രത്യേക കത്ത് പുറപ്പെടുവിച്ചിട്ടുണ്ട്.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ.വൈ. ജയിംസ്(സെക്രട്ടറി, എഴുകോൺ ഗ്രാമപഞ്ചായത്ത്)
(തോട്ടത്തിൽ വീട്, തൃക്കണ്ണമംഗൽ, കൊട്ടാരക്കര പി.ഒ.)

2. ശ്രീ. കെ. നടരാജൻ(സെക്രട്ടറി, തെന്മല ഗ്രാമപഞ്ചായത്ത്)
ദേവൂസ്, തെന്മല പി.ഒ., തെന്മല, പുനലൂർ, കൊല്ലം ജില്ല
[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.2.6.(1)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

29. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

30. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഹരിയാലി പദ്ധതിയിൽ ക്രമക്കേട് - ബാങ്ക് പലിശ കൃഷി ഓഫീസർ പിൻവലിച്ചു - തെന്മല ഗ്രാമപഞ്ചായത്ത്**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ: 3(13)

- ഒരേ സമയം രണ്ട് അക്കൗണ്ടുകൾ വഴി പണമിടപാട്.
- ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് വന്ന പലിശ കൃഷി ഓഫീസർ പിൻവലിച്ചു.

ജലസ്രോതസ്സുകളുടെ സംരക്ഷണം, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, നൂതന കാർഷിക രീതികളുടെ പ്രചരണം, പച്ചക്കറി കൃഷി, തോട്ടവിള കൃഷി എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാണ് "ഹരിയാലി" പദ്ധതിയിൽ ഊന്നൽ നൽകേണ്ടതെന്ന് ഗ്രാമവികസന കമ്മീഷണറുടെ 4-3-2006-ലെ 18791/ആർ & ഐ 5/05 ഡി.ആർ.ഡി. നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിരുന്നു. വ്യക്തികളുടെ ഭൂമിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് അടങ്കൽ തുകകളുടെ 10% തുക ഗുണഭോക്താക്കൾ വാട്ടർഷെഡ് ഡെവലപ്പ്മെന്റ് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

2007-08, 2008-09 വർഷത്തിൽ യഥാക്രമം 1,87,500 രൂപയും, 4,24,089 രൂപയും ഹരിയാലി പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും അക്കൗണ്ടിൽ തുക നിക്ഷേപിച്ചിരുന്നു. ഇതിൽ നിന്ന് 5,00,000 രൂപ 13-2-2008-ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർക്ക് അനുവദിക്കുകയുണ്ടായി. ഇടമൺ വാട്ടർഷെഡ്, ആണ്ടൂർ പച്ച വാട്ടർഷെഡ് എന്നീ പേരുകളിൽ രണ്ട് നീർത്തട പദ്ധതികൾ നടപ്പാക്കുവാനാണ് തുക അനുവദിച്ചത്. കൃഷി ഓഫീസറുടെ ക്യാഷ്ബുക്ക് പ്രകാരം 1,89,413 രൂപ ടി പദ്ധതി നിർവ്വഹണത്തിനായി ചെലവഴിച്ചതായി കാണുന്നു.

| ഇനം | തുക (രൂപ) |
|---|---|
| കയ്യാല നിർമ്മാണം (ബണ്ട് ഫോർമേഷൻ) | 90,323.00 |
| ആട് വളർത്തൽ പദ്ധതി | 67,500.00 |
| കോഴി വളർത്തൽ പദ്ധതി | 15,000.00 |
| തടമെടുപ്പ് | 16,590.00 |
| ആകെ | 1,89,413.00 |

കൃഷി ഓഫീസർക്ക് പദ്ധതി നിർവ്വഹണത്തിനായി ലഭിച്ച 5,00,000 രൂപ ഇടമൺ സർവ്വീസ് സഹകരണ ബാങ്കിലുള്ള അക്കൗണ്ട് നമ്പർ 6391-ൽ നിക്ഷേപിച്ചിരുന്നു. ഇതിൽ നിന്ന് 1,00,000 രൂപ 22-4-2009-ൽ പിൻവലിച്ച് ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിൽ ക്രെഡിറ്റ് ചെയ്തതായി ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ബാങ്കിന്റെ പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സെൽഫ് ഹെൽപ്പിംഗ് ഗ്രൂപ്പുകൾക്ക് മുട്ടക്കോഴി വളർത്തൽ, ആട് വളർത്തൽ എന്നിവയ്ക്ക് ബാങ്ക് വായ്പ അനുസരിച്ചുള്ള ഹരിയാലി പദ്ധതിയിൽ നിന്നുള്ള വിഹിതമായിട്ടാണ് തുക ബാങ്കിൽ ക്രെഡിറ്റ് ചെയ്തത്. എന്നാൽ ബാങ്ക് വായ്പ അനുവദിച്ചതുമായി ബന്ധപ്പെട്ട ഒരു രേഖയും ബാങ്ക് അധികൃതരിൽ നിന്ന് ലഭിച്ചിരുന്നില്ല. എസ്.എച്ച്. ഗ്രൂപ്പുകൾക്ക് മുട്ടക്കോഴി/ആട് വളർത്തൽ പദ്ധതികളിലേയ്ക്ക് ബാങ്ക് വായ്പയായി 42,500 രൂപ അനുവദിച്ചിട്ടുണ്ടെന്നും, ടി തുക നൽകിയിരിക്കുന്നത് കൃഷി ഓഫീസർ ബാങ്കിന് നൽകിയ 1,00,000 രൂപയുടെ ഈടിന്റെ അടിസ്ഥാനത്തിലുമാണെന്ന് 30-10-2009-ലെ ടി ബാങ്കിന്റെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന്

1,00,000 രൂപ തിരികെ ആവശ്യപ്പെട്ടപ്പോൾ, ഈ തുക തിരികെ നൽകണമെങ്കിൽ വായ്പ ഇനത്തിൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള 28,642 രൂപയും, പലിശയായി 7,371 രൂപയും അടച്ചുതീർക്കേണ്ടതാണ് എന്ന് ബാങ്ക് അധികൃതർ രേഖാമൂലം അറിയിച്ചിരുന്നു. ഫലത്തിൽ 1,00,000 രൂപ ഹരിയാലി പദ്ധതി തുകയിൽ നിന്ന് നഷ്ടപ്പെട്ട അവസ്ഥയാണ്. ഹരിയാലി പദ്ധതിയിലേയ്ക്കുള്ള വിഹിതം പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഇല്ലാതെതന്നെ ഒരു ബാങ്കിൽ നിന്ന് പിൻവലിച്ച് മറ്റൊരു ബാങ്കിൽ അക്കൗണ്ടിൽ വരുത്താതെ നിലനിർത്തിയിരിക്കുന്നത് ക്രമവിരുദ്ധമായ നടപടിയാണ്.

ഇടമൺ സർവ്വീസ് സഹകരണ ബാങ്കിലുള്ള അക്കൗണ്ടിൽ 24-3-2009-ൽ 12,415 രൂപ പലിശ ഇനത്തിൽ ക്രെഡിറ്റ് ചെയ്തിരുന്നു. ടി തുക 16-6-2009-ൽ കൃഷി ഓഫീസർ പിൻവലിക്കുകയുണ്ടായി. നാളിതുവരെ തുക ടിയാൻ തിരിച്ച് അടച്ചിട്ടില്ല. ടി തുക 18% പലിശ സഹിതം ടിയാനിൽ നിന്ന് ഈടാക്കേണ്ടതും, അനധികൃതമായി സർക്കാർപണം പിൻവലിച്ച് സ്വകാര്യ ആവശ്യത്തിന് വിനിയോഗിച്ചതിന് വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പണദുർവിനിയോഗം ശ്രദ്ധയിൽപ്പെട്ടപ്പോൾ തുക തിരിച്ചടയ്ക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഇടമൺ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 23-11-2010-ൽ 2,78,148 രൂപ പിൻവലിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും, പ്രസിഡന്റിന്റേയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ തിരിച്ച് നൽകിയിരിക്കുന്നു.

ഹരിയാലി പദ്ധതി നടത്തിപ്പിനായി കൃഷി ഓഫീസർക്ക് നൽകിയിരുന്ന തുകയുടെ വിനിയോഗം താഴെ പറയുന്നു.

| ഹരിയാലി പദ്ധതി പ്രകാരമുള്ള വരവ് | 5,00,000 (ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിൽ ക്രെഡിറ്റ് ചെയ്തത്) |
|---|---|
| (1) | (2) |
| പലിശ ക്രെഡിറ്റ് ചെയ്തത് | |
| (1) 24-03-2009 12,415.00 | |
| (2) 8-10-2009 9,151.00 | |
| (3) 31-3-2010 6,626.00 | |
| (4) 1-10-2010 6,784.00 | 34,976.00 |

| (1) | (2) |
|---|---|
| ആകെ വരവ് | 5,34,976.00 |
| ആകെ ചെലവ് | 1,89,413.00 (ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക ഉൾപ്പെടെ) |
| നീക്കി ബാക്കി | 3,45,563.00 |
| പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരിച്ചടച്ച തുക | 2,78,148.00 |
| വ്യത്യാസം | 67,415.00 |

ഈ തുകയിൽ ഉറുകുന്ന് ബാങ്കിൽ നിന്ന് ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക 42,500 രൂപ ആണെന്ന് കണക്കാക്കിയാൽ 1,00,000 രൂപയിൽ ബാക്കിയുള്ള തുക 57,500 രൂപ ആണെന്ന് കാണുന്നു. 9,915 രൂപയുടെ വ്യത്യാസം വ്യക്തമല്ല.

ഈ പദ്ധതിയുടെ ക്യാഷ് ബുക്ക് ശരിയായ വിധത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ, പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. കൃഷി ഓഫീസർ വഴി നടപ്പിലാക്കിയ പദ്ധതിയിലെ പ്രധാന ക്രമക്കേടുകൾ താഴെപ്പറയുന്നു:

1. ഒരേ സമയം രണ്ട് അക്കൗണ്ടുകൾ വഴി പണമിടപാട് നടത്തി. ഇടമൺ കോ-ഓപ്പറേറ്റീവ് ബാങ്കിൽ ക്രെഡിറ്റ് വന്ന പലിശ ഇനത്തിലുള്ള 12,415 രൂപ കൃഷി ഓഫീസർ പിൻവലിച്ച് പണാപഹരണം നടത്തി.

2. ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ച 1,00,000 രൂപയിൽ 57,500 രൂപ തിരികെ ലഭിച്ചിട്ടില്ല. തുക ഏത് അക്കൗണ്ടിൽ ആണ് ക്രെഡിറ്റ് ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഒന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3. 4-3-2006-ലെ ഗ്രാമവികസന കമ്മീഷണറുടെ ഉത്തരവിൽ മണ്ണ് സംരക്ഷണം, നൂതന കാർഷിക വിളകളുടെ പ്രചരണം എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഹരിയാലി പദ്ധതി വഴി നടപ്പാക്കുവാൻ ആണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ ആട് വളർത്തൽ, മുട്ടക്കോഴി വളർത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി പണം ദുർവിനിയോഗം നടത്തിയിരിക്കുന്നു. വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ട് ഉപയോഗിച്ച് ടി പദ്ധതികൾ ടി കാലയളവിൽ നടപ്പിലാക്കിയിട്ടുള്ളതിനാൽ, കൃഷി ഓഫീസർ വഴി ഹരിയാലിയ്ക്ക് അനുവദിച്ച തുക പാഴാക്കിയതിന് വിശദീകരണം ആവശ്യമാണ്.

ദീർഘവീക്ഷണമില്ലാതെ ഹരിയാലി പദ്ധതിയ്ക്ക് അനുവദിച്ച തുക ചെലവഴിക്കുകയും, പണാപഹരണം നടത്തുകയും ചെയ്ത കൃഷി ഓഫീസർക്ക് എതിരെ അന്വേഷണം നടത്തുന്നതിനും, നഷ്ടം വന്ന തുക ഈടാക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തര നടപടികൾ ആവശ്യമാണ്. ഉറുകുന്ന് സഹകരണ ബാങ്കിൽ നിന്ന് 57,500 രൂപ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>

ശ്രീ. ഡാനിയൽ മാത്യു, (കൃഷി ഓഫീസർ, കൃഷി ഭവൻ, കട്ടപ്പന, ഇടുക്കി ജില്ല)

എബൻ-ഏസർ, നെല്ലിപ്പള്ളി പി.ഒ., പുനലൂർ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.2.6.(2)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

31. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും, പദ്ധതിക്കായി ചെലവഴിച്ചതിൽ ശേഷിക്കുന്ന തുകയായ 4,31,813 രൂപയിൽ 3,90,563 രൂപ കൃഷി ഓഫീസർ തിരിച്ചടച്ചിട്ടുണ്ടെന്നും 41,250 രൂപ അടയ്ക്കുവാൻ അവശേഷിക്കുന്നുണ്ടെന്നും ഓഡിറ്റിൽ അധികമായാണ് അത്രയും തുക പറഞ്ഞിരിക്കുന്ന തെന്നും ആയതിനാൽ അത് പുനഃപരിശോധിച്ച് ശരിയായ തുക നിശ്ചയിച്ച് നൽകിയാൽ അടയ്ക്കാമെന്നുമാണ് കൃഷി ഓഫീസർ പറയുന്നതെന്നും, ടി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടുണ്ടെന്നും തെന്മല ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

32. പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് വിശദീകരണം ആരാഞ്ഞു. കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിച്ച തുകയുടെ പലിശയുടെ പലിശ തിരിച്ചടയ്ക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണിതെന്നും ടി തുക എത്രയാണെന്നും, എവിടെയാണ് അടയ്ക്കേണ്ടതെന്നുമുള്ള നിർദ്ദേശം നൽകാത്തതുകൊണ്ടാണ് തുക തിരിച്ചടയ്ക്കാത്തതെന്നാണ് കൃഷി ഓഫീസർ പറയുന്നതെന്നും കൃഷി ഓഫീസർ തിരിച്ചടയ്ക്കേണ്ട തുക സംബന്ധിച്ച വിവരങ്ങൾ ഉടനെ അറിയിക്കുന്നതാണെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. തുടർന്ന് പലിശത്തുക തിരിച്ചടയ്ക്കുവാൻ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

33. **കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹരിയാലി പദ്ധതിയ്ക്കായി ചെലവഴിച്ചതിൽ ശേഷിക്കുന്ന തുക തിരിച്ചടയ്ക്കാത്തതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്ന് സമിതി നിരീക്ഷിക്കുന്നു. ടി തുക എത്രയാണെന്നും ആയത് ഏത് അക്കൗണ്ടിലാണ് അടവാക്കേണ്ടതെന്നതും സംബന്ധിച്ച് നിർദ്ദേശം ലഭിക്കുന്ന പക്ഷം തുക തിരിച്ചടയ്ക്കുവാൻ കൃഷി ഓഫീസർ സന്നദ്ധനാണെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തുക അടിയന്തരമായി തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ വാങ്ങി -89,727 രൂപ പാഴ്ച്ചെലവ് - കടയ്ക്കൽ ഗ്രാമപഞ്ചായത്ത്**

- പരിശീലകൻ ഇല്ലാത്തതിനാൽ ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ നശിക്കുന്നു.
- മുൻകൂർ നൽകിയ 1,25,000 രൂപ ക്രമീകരിച്ചില്ല.

2007-08 ലെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി വനിതകൾക്ക് ബാന്റ് ഗ്രൂപ്പ് പരിശീലനവും സാധനം വാങ്ങലും എന്ന പദ്ധതിയ്ക്കായി 89,727 രൂപ ചെലവഴിച്ച് വാങ്ങിയ ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ നാളിതുവരെ ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല.

പഞ്ചായത്തിലെ 35 വയസ്സിന് താഴെ പ്രായമുള്ള 30 വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 1,50,000 രൂപ അടങ്കൽ തുകയുള്ള എസ്.ഒ.14/08 എന്ന പദ്ധതിയ്ക്കായി 27-3-2008-ൽ എറണാകുളത്തെ മാനുവൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽനിന്നും 89,727 രൂപയുടെ ബാന്റ് ഗ്രൂപ്പ് സാധനങ്ങൾ വാങ്ങിയിട്ടുണ്ട് (ചെക്ക് നമ്പർ 189283 തീയതി 31-3-2008)

ബാന്റ് ഗ്രൂപ്പിനുള്ള സാധനങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിരുന്നുവെങ്കിലും എറണാകുളത്തെ മാനുവൽ ഇൻഡസ്ട്രീസ് മാത്രമാണ് ക്വട്ടേഷൻ നൽകിയിട്ടുള്ളതായി കാണുന്നത്. സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾ പാലിക്കാതെ മാനുവൽ ഇൻഡസ്ട്രീസിൽനിന്നും സാധനങ്ങൾ വാങ്ങിയത് ഗൗരവമായി ഓഡിറ്റ് കാണുന്നു.

പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതുപോലെ ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിൽ പരിശീലനം നൽകുന്നതിന് പരിശീലകനെ കണ്ടെത്തുന്നതിനോ ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നതിനോ നാളിതുവരെ യാതൊരു നടപടിയും കൈക്കൊണ്ടിട്ടുള്ളതായി കാണുന്നില്ല.

പരിശീലനം നൽകുന്നതിനായി വാങ്ങിയ ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ വേണ്ടരീതിയിൽ പരിപാലിക്കാത്തതിനാൽ ഉപകരണങ്ങളിൽ പലതും ഉപയോഗ ശൂന്യമായ നിലയിലാണെന്ന് 21-12-2010-ൽ നടത്തിയ ഓഡിറ്റ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

പദ്ധതിയ്ക്കായി 31-3-2008-ൽ പ്ലാൻ ഫണ്ടിൽനിന്നും ബിൽ നമ്പർ 40/2007-08 പ്രകാരം പിൻവലിച്ച 1,25,000 രൂപയിൽ 89,727 രൂപ വിനിയോഗിച്ചിട്ടുണ്ടെങ്കിലും അവശേഷിക്കുന്ന 35,273 രൂപ നാളിതുവരെ ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ ഒടുക്കു വരുത്തിയിട്ടില്ല. ഈ തുക നാളിതുവരെയുള്ള പിഴപ്പലിശ സഹിതം അടിയന്തരമായി ഒടുക്കുവരുത്തി രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

പരിശീലകനെ കണ്ടെത്താനായില്ല എന്ന കാരണം പറഞ്ഞ് 2008-2009 വർഷത്തിൽ സ്പിൽ ഓവർ ആയി ഈ പദ്ധതി (3/2008-09) ഉൾപ്പെടുത്തിയതായും 25,000 രൂപ തനതുഫണ്ടിൽനിന്നും വകയിരുത്തിയിട്ടുള്ളതായും കാണുന്നു. ശരിയായ ആസൂത്രണമില്ലാതെ പദ്ധതി ആവിഷ്കരിച്ചതിനാലും സ്റ്റോർ പർച്ചേസ് മാന്വൽ പാലിക്കാതെ ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ വാങ്ങിയതിനാലും വാങ്ങിയ സാധനങ്ങൾ ശ്രദ്ധയില്ലാതെ സൂക്ഷിച്ചിരിക്കുന്നതിനാലും ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 89,727 രൂപ പാഴ്ച്ചെലവായിക്കണ്ട് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽനിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u>:

ശ്രീ. എസ്. ലെനീന്ദ്രൻ(സെക്രട്ടറി, പീരുമേട് ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല)
അഭയം, ആൽത്തറമൂട്, കടയ്ക്കൽ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.2.7.(1)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

34. സർക്കാർ നൽകിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

35. **സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗവൺമെന്റ് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 9 എസ്.ജി.ആർ.വൈ. പ്രവൃത്തികൾക്ക് 31-3-2008-ൽ അഡ്വാൻസ് നൽകി-വെട്ടിക്കവല ഗ്രാമപഞ്ചായത്ത്.**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-2008, ഖണ്ഡിക നമ്പർ : 3(22)

ഗ്രാമവികസന കമ്മീഷണറുടെ 12-12-2007-ലെ 25442/ജെ.ആർ.വൈ.3/07 ഉത്തരവ് പ്രകാരം എസ്.ജി.ആർ.വൈ പദ്ധതിയിൽ ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്ന എല്ലാ പ്രവൃത്തികളും 2008 മാർച്ച് 31-നകം നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. സ്പിൽഓവർ പ്രവൃത്തികളുടെ ഉത്തരവാദിത്വം സർക്കാരോ തദ്ദേശസ്വയംഭരണ സ്ഥാപനമോ ഏറ്റെടുക്കുന്നതല്ല. ഈ വസ്തുത ബന്ധപ്പെട്ട ഗുണഭോക്തൃസമിതി കൺവീനർമാരെ രേഖാമൂലം അറിയിക്കേണ്ടതാണ്. 2008 ഏപ്രിൽ 1-ാം തീയതി മുതൽ ദേശീയ തൊഴിലുറപ്പ് പദ്ധതി നിലവിൽ വരുന്ന സാഹചര്യത്തിൽ ഈ നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെ 31-3-2008-ൽ താഴെക്കൊടുത്തിരിക്കുന്ന എസ്.ജി.ആർ.വൈ പ്രവൃത്തികൾക്ക് മുൻകൂർ നൽകിയിരുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | മുൻകൂർ നൽകിയ തുക (രൂ) | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | കുഴിവേലി-കിളിത്തല ഏലാറോഡ് | ശ്രീ. ശിവരാജൻ | 7,500 | 159177/31-3-2008 |
| 2. | മടത്തിയറ-വേങ്ങോട്ടുകുളം റോഡ് | ശ്രീ. ഫൽഗുനൻ | 21,000 | 159178/31-3-2008 |
| 3. | കോട്ടവട്ടം-വാതിൽത്തററോഡ് | ശ്രീ. ദേവരാജൻ | 13,000 | 159179/31-3-2008 |
| 4. | പള്ളിമുക്ക്-കായ്ക്കാനഴികം റോഡ് | ശ്രീ. ഷിഹാബ് | 20,000 | 159180/31-3-2008 |
| 5. | തെങ്ങിൻകോട് ഏലാ റോഡ് | ശ്രീ. അബ്ദുൽ റഹിം | 17,500 | 684061/31-3-2008 |
| 6. | വെട്ടിക്കവല-പുളിമൂട്ടിൽ റോഡ് | ശ്രീ. വിക്രമൻ | 24,000 | 684062/31-3-2008 |
| 7. | കോട്ടൂർ ഏലാറോഡ് | ശ്രീ. രാജു | 20,000 | 684063/31-3-2008 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 8. | പാലമുക്ക്-കോളനിറോഡ് | ശ്രീ. ആർ. മോഹനൻ | 20,000 | 684064/31-3-2008 |
| 9. | ഇരന്നൂർ ഏലാറോഡ് | ശ്രീ. രാജശേഖരൻ നായർ | 15,500 | 684065/31-3-2008 |
| ആകെ തുക | | | 1,58,500 | |

ഗവൺമെന്റ് നിർദ്ദേശം ലംഘിച്ച് സാമ്പത്തിക വർഷത്തിന്റെ അവസാനം മുൻകൂർ നൽകിയത് സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. ആർ. ബാബുകുമാർ (ജൂനിയർ സൂപ്രണ്ട്, കടമ്പനാട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല), കുന്നത്തുവീട് (ഗൗരീശം), പടിഞ്ഞാറ്റിൻകര, കൊട്ടാരക്കര പി.ഒ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.4.2.(1)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

36. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടപ്പോൾ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി 9 എസ്.ജി.ആർ.വൈ. പ്രവൃത്തികൾക്ക് മുൻകൂർ നല്കിയതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ ഓഡിറ്റ് വകുപ്പ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും ടിയാൻ കുറ്റക്കാരനല്ലെന്ന് കണ്ടെത്തുകയും ചെയ്തതിനെത്തുടർന്ന് ടിയാനെ ഓഡിറ്റ് തടസ്സത്തിൽനിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുവാൻ പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ തീരുമാനിച്ചിരുന്നുവെന്ന് വെട്ടിക്കവല ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

37. പരാമർശവിധേയമായ 9 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്നാണ് വകുപ്പുതല അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നതെങ്കിലും അതിനെ സാധൂകരിക്കുന്ന രേഖകളൊന്നും നാളിതുവരെ ഓഡിറ്റ് വകുപ്പിൽ ഹാജരാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി ആയത് സംബന്ധിച്ച് ആരാഞ്ഞപ്പോൾ പരാമർശവിധേയമായ 9 പ്രവൃത്തികളുടെ എം. ബുക്ക്

ഉൾപ്പെടെ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും പഞ്ചായത്തിൽ ഉണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നല്കി. പരാമർശവിധേയമായ 9 പ്രവൃത്തികളും പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

38. **പരാമർശവിധേയമായ 9 എസ്.ജി.ആർ.വൈ പദ്ധതികൾക്ക് മുൻകൂർ നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ, പദ്ധതികളുടെ പൂർത്തീകരണ രേഖകൾ തുടങ്ങിയവ നാളിതുവരെ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ലക്ഷം വീട് ഒറ്റവീടാക്കൽ പദ്ധതി-സബ്സിഡി മാർഗ്ഗരേഖകൾ ലംഘിച്ച് ചെലവ് -എഴുകോൺ ഗ്രാമപഞ്ചായത്ത്.**

ഓഡിറ്റ് റിപ്പോർട്ട് വർഷം :2007-08, ഖണ്ഡിക നമ്പർ:3(3)

- **രണ്ട് ഭവന നിർമ്മാണ പദ്ധതികൾക്ക് ഒരേ ഗുണഭോക്താക്കൾ**
- **സബ്സിഡി മാനദണ്ഡങ്ങൾ മറികടന്ന് തുക അനുവദിച്ചു.**

2007-08 സാമ്പത്തിക വർഷം ലക്ഷംവീട് ഒറ്റവീടാക്കൽ (പട്ടികജാതി വിഭാഗം) പദ്ധതി നടപ്പിലാക്കുന്നതിന് എസ്.ഒ.72/08, എസ്.109/07-08 എന്നീ പദ്ധതികൾക്ക് യഥാക്രമം 5,00,000 രൂപയും 4,95,000 രൂപയും അടങ്കൽ തുക വകയിരുത്തി 29-2-08-ലെ 483/07/ഡി.പി.സി/ഡി.പി.ഒ.ഉത്തരവ് പ്രകാരം അംഗീകരിച്ചിരുന്നു. എസ്.ഒ.72/08 എന്ന പദ്ധതിയിൽ 10 ഗുണഭോക്താക്കൾക്ക് 50,000 രൂപ വീതം 5,00,000 രൂപയും എസ്.ഒ.9/07-08 പദ്ധതിയ്ക്കായി 9 ഗുണഭോക്താക്കൾക്ക് 55,000 രൂപ വീതം 4,95,000 രൂപയും അടങ്കൽ വകയിരുത്തി പ്രോജക്ട് അംഗീകരിച്ച് നൽകിയിട്ടുണ്ട്. എസ്.ഒ.72/08 പ്രോജക്ടിന്റെ ധനകാര്യവിശകലനം പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട് വിഹിതം 1,87,500(18750X10) രൂപയും ബ്ലോക്ക് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും യഥാക്രമം 31,250 രൂപ വീതം ആകെ 62,500 രൂപയും ഭവനനിർമ്മാണ ബോർഡിന്റെ സബ്സിഡി 2,50,000(25000X10) രൂപയും ചേർന്നാണ് ആകെ 5,00,000 രൂപ വകയിരുത്തിയിരുന്നത്. എസ്.109/07-08 പ്രോജക്ടിന്റെ ധനകാര്യ വിശകലനം പ്രകാരം 9 ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി 21,875 രൂപ നിരക്കിൽ 1,96,875

രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 3,125 രൂപ നിരക്കിൽ 28,125 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായ 10,000 രൂപ നിരക്കിൽ 90,000 രൂപയും ഹൗസിംഗ് ബോർഡ് വിഹിതമായി 20,000 രൂപ നിരക്കിൽ 1,80,000 രൂപയുമുൾപ്പെടെ 4,95,000 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ഈ രണ്ട് പദ്ധതികളുടെയും 9 ഗുണഭോക്താക്കളും ഒരേ വ്യക്തികളാണെന്ന് വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര് | ബിൽ നമ്പർ 9/07-08 10-3-08 പ്രോ നമ്പർ എസ്. ഒ.72/08/ ഡി. ഡി. നമ്പർ / തുക | ബിൽ നമ്പർ 13/07-08/ 25-3-08 പ്രോ. നമ്പർ എസ്.ഒ. 109/08/ഡി. ഡി. നമ്പർ /തുക | ജില്ലാ /ബ്ലോക്ക് വിഹിതം | ഹൗസിംഗ് ബോർഡ് വിഹിതം |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | നല്ലമ്മ, ലക്ഷംവീട്, ഏഴുകോൺ | 397717/ 12-3-2008 15000 | 337761/ 26-3-2008 21875 | 397991/ 22-8-2008 13125 | 55801/ 17-3-2009 20000 |
| 2 | സുശീല ആർ., ലക്ഷംവീട്, പോച്ചംകോണം | 397716/ 12-3-2008 15000 | 397760/ 26-3-2008 21875 | 397880/ 9-5-2008 13125 | 739393/ 14-7-2008 20000 |
| 3 | കാർത്യായനി, ലക്ഷംവീട് | 397715/ 12-3-2008 15000 | 397762/ 26-3-2008 21875 | 397896/ 18-6-2008 13125 | 141588/ 14-11-2008 20000 |
| 4 | പ്രസന്ന കുമാരി, ലക്ഷംവീട്. | 397713/ 12-3-2008 15000 | 397764/ 26-3-2008 21875 | 397919/ 14-7-2008 13125 | 055803/ 17– 3-2009 20000 |
| 5 | അർജ്ജുനൻ, ലക്ഷംവീട് | 397710/ 12-3-2008 15000 | 397768/ 26-3-2008 21875 | 397918/ 14-7-2008 13125 | 055802/ 17-3-2009 20000 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 6 | തങ്കമ്മ, ലക്ഷംവീട് | 397711/ 12-3-2008 15,000 | 397767/ 26-3-2008 21875 | 398044/ 25-11-2008 13125 | 051255/ 19-1-2009 20000 |
| 7 | ചക്കീര, ലക്ഷംവീട് നം.2931 | 397771/ 26-3-2008 15000 | 397766/ 26-3-2008 21875 | 397888/ 30-5-2008 13125 | 739390/ 14-7-2008 20000 |
| 8 | രവി, ലക്ഷംവീട് | 397712/ 12-3-2008 15000 | 397765/ 26-3-2008 21875 | 397895/ 18-6-2008 13125 | 739389/ 14-7-2008 20000 |
| 9 | കല്യാണി, ലക്ഷംവീട് | 397714/ 12-3-2008 15000 | 397763/ 26-3-2008 21875 | 397881/ 9-5-2008 13125 | 739391/ 14-7-2008 20000 |
| ആകെ | | 135000 | 196875 | 118125 | 180000 |

ആകെ ഗ്രാമപഞ്ചായത്ത് വിഹിതം : 331875 (36875 X 9)

ജില്ലാ/ബ്ലോക്ക് വിഹിതം : 118125 (13125 X 9)

ഹൗസിംഗ് ബോർഡ് വിഹിതം : 180000 (20000 X 9)

ആകെ ചെലവ് : 630000

========

ഇതിൽ നിന്ന് ഒരേ വ്യക്തികൾക്ക് തന്നെ വ്യത്യസ്ത പ്രോജക്ടുകളിലൂടെ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകിയതായി വ്യക്തമാകുന്നു.

സർക്കാർ ഉത്തരവ് (എം.എസ്.)നം.3/2008/ഭവനം/27-3-2008 പ്രകാരം ലക്ഷം വീട് നവീകരണ പദ്ധതിയ്ക്കായി ചെലവഴിക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ (ത്രിതല പഞ്ചായത്തുകളുടെ) വിഹിതം പൊതുവിഭാഗത്തിന് 25,000 രൂപയും പട്ടികജാതി വിഭാഗത്തിന് 12,500 രൂപയുമായി നിശ്ചയിച്ചിട്ടുണ്ട്. ഈ വിവരങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3-നുള്ള മറുപടിയിൽ സൂചന ഉത്തരവ് നിലവിൽ വരുന്നതിന് മുമ്പാണ് ബില്ല് മാറി തുക ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിച്ചിരുന്നു. പ്രസ്തുത

ഉത്തരവിന് മുമ്പ് പ്രാബല്യത്തിലുള്ള 26-11-2004-ലെ സ.ഉ.(എം.എസ്.)നമ്പർ 57/2004 പ്രകാരം പരമാവധി നൽകാവുന്ന ഗ്രാമപഞ്ചായത്ത് വിഹിതം ജനറൽ, പട്ടികവിഭാഗ വ്യത്യാസമില്ലാതെ 20,000 രൂപയാണ്. എന്നാൽ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽനിന്ന് മാത്രം ഒരേ വ്യക്തിയ്ക്ക് 36,875 രൂപ (15000+21875) വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം വികസനഫണ്ടിൽ നിന്ന് മാനദണ്ഡങ്ങൾ പാലിക്കാതെ ചെലവഴിച്ച 1,51,875 രൂപ ആഡിറ്റിൽ നിരാകരിക്കുന്നു. 24-7-2007-ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്.)183/07/ത.സ്വ.ഭ.വ. ഖണ്ഡിക 2.2-ൽ സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതൊരു ഇനത്തിനും സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുമെന്നും അധികം നൽകിയ സബ്സിഡി ഉത്തരവാദികളിൽ നിന്നും നിയമവ്യവസ്ഥയ്ക്ക് വിധേയമായി ഈടാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച് ചെലവഴിച്ച 1,51,875 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u>

ശ്രീ. എം. ജോർജ്ജ് പണിക്കർ (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ),
വെട്ടിക്കവല ബ്ലോക്ക്,

അമ്പനാട്ട് ഹൗസ്, കാരുവേലിൽ പി.ഒ., എഴുകോൺ, കൊല്ലം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.4.3.(1)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

39. പരാമർശവിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട് സബ്സിഡി തുക അധികമായി നൽകിയ തങ്ങളുടെ നടപടി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമപഞ്ചായത്ത് ഭരണസമിതി നിലവിൽ സർക്കാരിന് സമർപ്പിച്ചിരിക്കുന്ന സാധൂകരണ അപേക്ഷയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**40. ലക്ഷംവീട് ഒറ്റവീടാക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് സബ്സിഡി തുക അധികമായി നൽകിയ നടപടി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമപഞ്ചായത്ത് അധികൃതർ സർക്കാരിന് സമർപ്പിച്ചിരിക്കുന്ന സാധൂകരണ അപേക്ഷയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വരവിനങ്ങളിൽ നിന്ന് 1.18 ലക്ഷത്തിന്റെ പണാപഹരണം: പെൻഷൻ വിതരണത്തിലും ക്രമക്കേട് - ഏത്തൂർ ഗ്രാമപഞ്ചായത്ത്**

* **ക്യാൻസൽ ചെയ്ത രസീതുകളുടെ പകർപ്പുകൾ ക്രമക്കേടിനുപയോഗിച്ചു.**

* **കാർബൺ വെയ്ക്കാതെ എഴുതിയ ചെറിയ തുകയുള്ള രസീതുകളുടെ പകർപ്പുകൾ ഉപയോഗിച്ചും പണാപഹരണം.**

* **ക്രമക്കേട് നടത്താൻ രസീതുകളുടെ നമ്പരും തിരുത്തി.**

ഏത്തൂർ ഗ്രാമപഞ്ചായത്തിലെ 2008-09 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് 12-8-2011 വരെയുള്ള രസീതുകളും 2008-09 മുതലുള്ള ഡി.സി.ബി. ഇനങ്ങളുടെ ഒടുക്ക് സംബന്ധിച്ച രസീതുകളും പരിശോധിക്കുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ വ്യാപകമായ ക്രമക്കേടുകളും പണാപഹരണവും കണ്ടെത്തി.

കെട്ടിട നികുതി ഒടുക്കിയ കുറഞ്ഞ തുകയുള്ള രസീതുകളുടെ കാർബൺ ഉപയോഗിക്കാതെയുള്ള പകർപ്പുകൾ ഉപയോഗിച്ച് കൂടിയ തുകയുള്ള തൊഴിൽ നികുതി കൃത്രിമമായി കാർബൺ ഉപയോഗിച്ച് എഴുതി സ്ഥാപനങ്ങൾക്ക് നൽകുക, ക്യാൻസൽ ചെയ്ത വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്ത രസീതുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള നികുതികൾ മേൽപ്പറഞ്ഞ പകർപ്പുകൾ നൽകി തുക ഈടാക്കിയിട്ട് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാതിരിക്കുക, തുകയിൽ തിരുത്തൽ വരുത്തുക, തീയതിയിൽ മാത്രം വ്യത്യാസം വരുത്തുക, ഒരാളിൽ നിന്നുതന്നെ രണ്ട് തവണ കെട്ടിടനികുതി ഈടാക്കുകയും ഈടാക്കിയ തുക മുഴുവൻ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്ക് വരുത്താതിരിക്കുകയും ചെയ്യുക, ഒരേ രസീതിൽ കാർബൺ വച്ചും വയ്ക്കാതെയും രേഖപ്പെടുത്തലുകൾ വരുത്തുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയാണ് പണാപഹരണം നടത്തിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ വിതരണം ചെയ്ത പരമാവധി രസീതുകളുടെ പകർപ്പുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും പരമാവധി സ്ഥാപനങ്ങളിൽ നേരിട്ട് പരിശോധന നടത്തി തെളിവുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

രസീതുകൾ double sided carbon ഉപയോഗിച്ച് എഴുതുന്നതിൽ അതിവിദഗ്ദ്ധമായി ക്രമക്കേടുകൾ നടത്തിയിരുന്നതായും രസീതിന്റെ അസ്സലിൽ ചെറിയ തുക എഴുതി ഒടുക്ക് വരുത്തിയശേഷം ആയതിന്റെ പകർപ്പ് ഉപയോഗിച്ച് വലിയ തുകകൾ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്താതെ അപഹരണം നടത്തിയിരുന്നതായും കണ്ടെത്തി. അങ്ങനെ പഞ്ചായത്തിന് വരുമാന നഷ്ടം വരുത്തിയ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീത് നമ്പർ | രസീതിന്റെ അസ്സൽ | | | രസീതിന്റെ പകർപ്പ് | | |
|---|---|---|---|---|---|---|---|
| | | നൽകിയത് | ഇനം | തുക (രൂപ) | നൽകിയത് | ഇനം | തുക (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | 60/ 35 875 | അലി, തെക്കുംകര പുത്തൻവീട് | കെട്ടിട നികുതി | 18 | യു.പി. എസ്., അയിലം | 2010-11 2-ാം അർദ്ധ വർഷ തൊഴിൽ നികുതി | 14850 |
| 2 | 59/ 35875 | പ്രസന്നകുമാരി പ്രസന്ന വിലാസം | കെട്ടിട നികുതി | 36 | വി.എച്ച്.എസ് എസ്., വിളക്കുപാറ | 2010-11 2-ാം അർദ്ധ വർഷ തൊഴിൽ നികുതി | 16600 |
| 3 | 79/ 35875 | (ക്യാൻസൽ ചെയ്തിരിക്കുന്നു) ഗവ.എൽ. പി. എസ്. ഏരൂർ | 2-ാം അർദ്ധ വർഷ തൊഴിൽ നികുതി | 9550 | ഗവ. എൽ.പി. എസ്., ഏരൂർ | 2010-11 2-ാം അർദ്ധ വർഷ തൊഴിൽ നികുതി | 9550 |
| 4 | 59/35884 | ശ്രീ. ഡാനിയേൽ, നിഷാഭവനം | കെട്ടിട നികുതി | 11 | ഗവ.എച്ച്. എസ്., ഏരൂർ | 2010-11 2-ാം അർദ്ധ വർഷ തൊഴിൽ നികുതി | 28200 |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
|---|---|---|---|---|---|---|---|
| 5 | 87/ 35842 | ശ്രീ.ജോയി, പട്ടത്താനത്ത് | കെട്ടിട നികുതി | 160 | മാതാ എച്ച്.എസ്., വിളക്കുപാറ | 2010-11-ലെ 1-ാം അർദ്ധ വർഷ തൊഴിൽ നികുതി | 25200 |
| 6 | 88/ 35843 | ശ്രീമതി രാധാമണി, പത്മവിലാസം, ഏരൂർ | ഐ. എ.വൈ. പെർമിറ്റ് ഫീ | 31 | പി.എച്ച്.സി., ഏരൂർ | 2010-11 1-ാം അർദ്ധ വർഷ തൊഴിൽ നികുതി | 14550 |
| 7 | 14/ 35858 | ശ്രീമതി വിജയമ്മ, പന്തടിമുകൾ | 2010-11 കെട്ടിട നികുതി | 21 | ശ്രീ. രവീന്ദ്രൻ പിള്ള, പച്ചയിൽ വീട് അയിലറ | 2010-11 കെട്ടിട നികുതി | 8166 |
| 8 | 53/ 35849 | ശ്രീമതി ഓമനയമ്മ, ശ്രീകൃഷ്ണവിലാസം (ക്യാൻസൽ ചെയ്തിരിക്കുന്നു) | റെഗുലറൈസേഷൻ ഫീ | 605 | ശ്രീമതി ഓമനയമ്മ, ശ്രീകൃഷ്ണ വിലാസം | റെഗുലറൈസേഷൻ ഫീ | 605 |
| പഞ്ചായത്തിന് ആകെ നഷ്ടം | | | | | | | 117721 |

രസീതിൽ തുക വെട്ടി എഴുതി പണാപഹാരം നടത്തിയ സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

| രസീത് നമ്പർ | വിവരണം | തുക(രൂപ) |
|---|---|---|
| 92/35820 | പച്ചയിൽ ഓഡിറ്റോറിയത്തിന്റെ 2009-10-ലെ വസ്തു നികുതി | 8165 |

ഈ രസീത് തിരുത്തി 1,021 രൂപ എന്ന് ആക്കുകയും ആ തുക മാത്രം അടവ് വരുത്തുകയും ചെയ്തിട്ടുണ്ട്.

ഒരേ വ്യക്തിയിൽനിന്നും 2 രസീത് പ്രകാരം കെട്ടിട നികുതി ഈടാക്കുകയും അതിൽ ഒരു രസീത് പ്രകാരമുള്ളത് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി രണ്ടാമത്തെ രസീതിന്റെ പകർപ്പ് അനധികൃതമായി പിരിവിനായി ഉപയോഗിച്ചിരിക്കാൻ സാദ്ധ്യതയുണ്ട്. അതുപോലെ 20-9-2010-ലെ 40/35845-ാം രസീതിന്റെ അസ്സൽ പ്രകാരം ശ്രീ. ഉദയൻ, വിളയിൽ വീട് എന്ന വ്യക്തിയ്ക്ക് 2007-08, 2008-09, 2009-10, 2010-11 എന്നീ വർഷങ്ങളിലെ കെട്ടിടനികുതി ഇനത്തിൽ 916 രൂപ ഈടാക്കിയതാണ്. എന്നാൽ ശ്രീ. ഉദയന് 2006-07 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലെ കെട്ടിട നികുതിയായ 1,121 രൂപ ഈടാക്കിയതിനാണ് പ്രസ്തുത രസീതിന്റെ പകർപ്പ് നൽകിയിട്ടുള്ളത്. Double sided carbon ഉപയോഗിച്ചെഴുതിയ രസീതിന്റെ അസ്സലിൽ അക്കത്തിലും അക്ഷരത്തിലും തുകയിൽ തിരുത്തൽ വരുത്തിയിട്ടുമുണ്ട്. ഇവിടെ പഞ്ചായത്ത് ഫണ്ടിന് 205 രൂപയുടെ നഷ്ടം ഉണ്ടായിരിക്കുന്നു.

രസീതുകളിലെ ബുക്ക് നമ്പരും ലീഫ് നമ്പരും തിരുത്തിയും തീയതിയിൽ കൃത്രിമം കാണിച്ചും പണാപഹാരം നടത്തിയിട്ടുണ്ട്. ചെറിയ തുകയുള്ള രസീതുകൾ സ്വയം എഴുതി ആയതിന്റെ പകർപ്പുകൾ കൂടുതൽ തുക പിരിച്ചെടുക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ട്.

ഒരാളിൽ നിന്നുതന്നെ രണ്ട് തവണ കെട്ടിട നികുതി ഈടാക്കുകയും ഈടാക്കിയ തുക മുഴുവൻ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്ക് വരുത്താതിരിക്കുകയും ചെയ്തുവഴി പഞ്ചായത്തിന് മാത്രമല്ല നികുതിദായകർക്കും നഷ്ടമുണ്ടാക്കി. ഉദാ: 24-1-2011-ലെ 81/35862-ാം നമ്പർ രസീതിന്റെ പകർപ്പ് പ്രകാരം ശ്രീ. റഹിം, മുംതാസ് മഹൽ എന്ന വ്യക്തിയിൽ നിന്ന് 2008-09, 2009-10, 2010-11 എന്നീ വർഷങ്ങളിലെ കെട്ടിടനികുതി പീനൽ ഇന്ററസ്റ്റ് ഉൾപ്പെടെ 463 രൂപ ഈടാക്കിയിരിക്കുന്നു. അതേസമയം ടി രസീതിന്റെ അസ്സൽ പരിശോധിച്ചതിൽ തന്നാണ്ടിലെ കെട്ടിടനികുതി 137 രൂപ വെട്ടി, ആകെ തുക 326 രൂപ എന്ന് ആക്കുകയും അത്രയും മാത്രം തനത് ഫണ്ടിലടയ്ക്കുകയുമാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് ഫണ്ടിന് 137 രൂപ നഷ്ടം സംഭവിച്ചു.

ഇതുകൂടാതെ രസീത് വഴി പിരിച്ചെടുത്ത തുക മൊത്തമായി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാതിരുന്നതുമൂലവും പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. രസീത് പ്രകാരം പിരിച്ച 1,457 രൂപയിൽ 1,177 രൂപ മാത്രം ഒടുക്കി 280 രൂപ നഷ്ടമുണ്ടാക്കിയിട്ടുണ്ട്.

അസ്സലിൽ മാത്രം ക്യാൻസൽ ചെയ്തു എന്ന് രേഖപ്പെടുത്തിയ 14-2-2011-ലെ 19/35873-ാം നമ്പർ രസീതിന്റെ പകർപ്പ് ഓയിൽ പാം ഇന്ത്യയിലെ ജീവനക്കാരുടെ 2010-11 വർഷത്തെ തൊഴിൽ നികുതിയും ഇൻസ്റ്റിറ്റ്യൂഷൻ ചാർജ്ജും ആയ 80,200 രൂപ ഈടാക്കിയ വകയിൽ നൽകിയതായി കാണുകയുണ്ടായി. എന്നാൽ ടി രസീത് പ്രകാരമുള്ള തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തിയിട്ടുള്ളതായി കാണുന്നില്ല. അതേസമയം തന്നെ 14-2-2011-ലെ 21/35873-ാം നമ്പർ രസീതിന്റെ അസ്സൽ പരിശോധിച്ചതിൽ ഓയിൽപാം ഇന്ത്യ ലിമിറ്റഡിന്റെ 2010-11 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നതായി കാണുകയുണ്ടായി. ഈ ചെക്ക് ക്യാഷ്ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല.

എത്ര രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി എന്ന് നിജപ്പെടുത്തുക അപ്രായോഗികമായിരുന്നു. സമഗ്രമായ അന്വേഷണത്തിലൂടെ മാത്രമെ കൃത്യമായ നഷ്ടം കണ്ടെത്താനാകുകയുള്ളൂ. ഏരൂർ ഗ്രാമപഞ്ചായത്തിൽനിന്നും പ്രസ്തുത കാലയളവിൽ വിതരണം ചെയ്തിട്ടുള്ള രസീതുകളുടെ പകർപ്പുകൾ മുഴുവനും ലഭിച്ചാൽ മാത്രമെ ടി രസീതുകൾ വഴി നടത്തിയ ക്രമക്കേടുകളുടെ വ്യാപ്തി തിട്ടപ്പെടുത്താനാകുകയുള്ളൂ.

രസീതുകളിൽ വ്യാപകമായ തിരുത്തലുകൾ വരുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള 35858, 35866, 35869, 35884 എന്നീ രസീത് ബുക്കുകൾ ശ്രീമതി വിജയമ്മ, എൽ.ഡി.സി.-യ്ക്ക് ഔട്ട് ഡോർ കളക്ഷനുവേണ്ടി നൽകിയിരുന്നതാണ്. ശ്രീമതി വിജയമ്മയ്ക്ക് നൽകിയ രസീത് ബുക്കുകൾക്ക് സമാന്തരമായി അവർ മറ്റൊരു രസീത് ബുക്ക് ഉപയോഗിച്ചിരുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

12-6-2003-ലെ ജി.ഒ.(പി)319/ഫിൻ/2003-ാം നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരണമായി ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും പഞ്ചായത്തിന്റെ ഏതൊരു വരവും ചെലവും അവ നടക്കുമ്പോൾ തന്നെ ഒറ്റ ക്യാഷ് ബുക്കിൽ എഴുതേണ്ടതും ആയത് ഓരോ മാസാന്ത്യത്തിലും ബാങ്ക് റിക്കൺസിലിയേഷൻ നടത്തേണ്ടതും 1-8-2009-ലെ ജി.ഒ.(എം.എസ്) 150/09/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം അക്കൗണ്ടന്റിന്റെ ഉത്തരവാദിത്തമാണ്. ഒരു ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടോ, ധനദുർവിനിയോഗം, ക്രമരാഹിത്യം എന്നിവ ഒഴിവാക്കാനായി ഇടയ്ക്കിടെ അക്കൗണ്ടുകൾ പരിശോധിക്കുക, ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ

എന്നിവയുടെ സൂക്ഷ്മപരിശോധന പീരിയോഡിക്കലായി നടത്തുക തുടങ്ങി അക്കൗണ്ടന്റിന്റെ ചുമതലകൾ കൃത്യമായി നിർവ്വഹിച്ചിരുന്നുവെങ്കിൽ ക്രമക്കേടുകളും പണാപഹരണവും ഒഴിവാക്കാമായിരുന്നു. മേൽനോട്ടത്തിൽ സെക്രട്ടറിയും കുറ്റകരമായ അനാസ്ഥ കാണിച്ചു.

വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രം 1,18,373 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ടെങ്കിലും ആയത് കേവലം സൂചനമാത്രമാണ്. പ്രസ്തുത കാലയളവിൽ പഞ്ചായത്തിനുണ്ടായ മുഴുവൻ നഷ്ടവും കണക്കാക്കുന്നതിനും ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷിക്കുന്നതിനും സമഗ്രമായ ഒരു വിജിലൻസ് അന്വേഷണം ശിപാർശ ചെയ്യുന്നു.

ക്ഷേമ പെൻഷൻ -വേതന വിതരണം എന്നിവയിൽ നടന്ന ക്രമക്കേടുകൾ

ഏരൂർ ഗ്രാമപഞ്ചായത്ത് 2008-09 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ ക്ഷേമപെൻഷനുകൾ, തൊഴിൽ രഹിത വേതനം എന്നിവയുടെ വിതരണത്തിലും ആയതിന്റെ അടിസ്ഥാന രേഖകൾ പരിപാലിക്കുന്നതിലും ഗുരുതരമായ ക്രമക്കേടുകളാണ് കണ്ടെത്തിയത്. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പോ, രേഖകളോ ഇല്ലാതെ അനർഹരായ ഒട്ടേറെപ്പേർക്ക് ക്ഷേമപെൻഷനുകൾ നൽകിയിട്ടുണ്ട്.

വിധവാ പെൻഷൻ

ഗുണഭോക്തൃ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതിലും കൂടുതൽ ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുക, പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സിലോ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സിലോ രേഖപ്പെടുത്തിയിട്ടില്ലാതെ അംഗീകരിക്കപ്പെട്ടവരെന്ന് കാണിച്ച് അനവധിപേരെ രജിസ്റ്ററിൽ എഴുതിച്ചേർത്ത് പെൻഷൻ നൽകുക തുടങ്ങി നിരവധി ക്രമക്കേടുകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ

| ക്രമ നമ്പർ | പെൻഷൻ | | വിവരണം | രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ കൊടുത്തവരുടെ എണ്ണം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| | ഗഡു | തുക (രൂപ) | | | | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | I | 389 | പെൻഷൻ | 303 | 309 | 389x6 = 2334 |
| 2 | I | 10 | 4/06-ലെ കുടിശ്ശിക | 648 | 648 | 648x10 = 6480 |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 3 | II | 882 | പെൻഷൻ | 303 | 309 | 882x6 = 5292 |
| 4 | II | 240 | അധികമായി അനുവദിച്ച 4/07/-607-ലെ കുടിശ്ശിക | 259 | 259 | 259x240 =62160 |
| 5 | III | 840 | പെൻഷൻ | 303 | 309 | 840x6 = 5040 |
| | | | | | ആകെ | 81306 |

<u>വാർദ്ധക്യകാല പെൻഷൻ</u>

ഗുണഭോക്തൃ രജിസ്റ്ററിൽ യാതൊരു ക്രമവുമില്ലാതെ ഗുണഭോക്താക്കളെ ചേർത്ത് കാണുകയും 'മരണപ്പെട്ടു' എന്ന റിപ്പോർട്ടോടുകൂടി പെൻഷൻ തുക മടങ്ങിവന്ന ഗുണഭോക്താക്കളുടെ പെൻഷൻ നമ്പരിൽ പുതുതായി ആളുകളെ തിരുകിക്കയറ്റി പെൻഷൻ നൽകിവരുന്നതായും കാണുന്നു. ഗുണഭോക്തൃ രജിസ്റ്ററിൽ പേരില്ലാത്ത ഗുണഭോക്താക്കൾക്ക് രജിസ്റ്ററിൽ ഇല്ലാത്ത പെൻഷൻ നമ്പരിൽ പെൻഷൻ അയച്ചിട്ടുള്ളതായും കാണുന്നു.

മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ നമ്പരിൽ പകരക്കാരെ തിരുകി കയറ്റിയതിന്റെ ചില ഉദാഹരണങ്ങൾ;

| ക്രമ നമ്പർ | ആദ്യമുണ്ടായിരുന്ന ഗുണഭോക്താവ് | പെൻഷൻ നമ്പർ | മരണപ്പെട്ടതിന്റെ/ പെൻഷൻ മടങ്ങി വന്നതിന്റ വിവരം | തുടർന്ന് ഇതേ നമ്പരിൽ 08-09-ൽ രണ്ട്/മൂന്ന് ഗഡുക്കൾ നൽകിയിരിക്കുന്നത് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ശ്രീ. എം. മുഹമ്മദ് കണ്ണ്, മരുതിവിള വീട്, പത്തടി. | 34/97 | 7/07-11/07 കാലയളവിലെ പെൻഷൻ മടങ്ങിവന്നു | മറിയാമ്മ കുര്യൻ, കൊച്ചുപ്ലാമ്പറമ്പിൽ, പുഞ്ചിരിമുക്ക്, ഏരൂർ. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | ശ്രീമതി മറിയംബീവി, കാഞ്ഞിരംമൂട്ടിൽ വീട്, കരിമ്പിൻകോണം, ഏരൂർ | 18/92 | 8/06-10/06 കാലയളവിലെ പെൻഷൻ മടങ്ങിവന്നു | ശ്രീ. വാസുദേവൻ, ശ്രീരാമചന്ദ്രവിലാസം, നെട്ടയം, ആർച്ചൽ. |
| 3 | ശ്രീമതി ലക്ഷ്മി, വേങ്ങവിള വീട്, ആർച്ചൽ, നെടിയറ | 175/97 | 10/06-1/07 കാലയളവിലെ പെൻഷൻ മടങ്ങിവന്നു | ശ്രീമതി ഹസ്സൻ ബീവി, ചരുവിളവീട്, ഏരൂർ പി.ഒ. |

<u>കർഷകത്തൊഴിലാളി പെൻഷൻ</u>

ഗുണഭോക്തൃ രജിസ്റ്ററിലുള്ളതും കൂടുതൽ (20) പേർക്ക് പെൻഷൻ അയയ്ക്കുക, അനധികൃതമായി ആൾക്കാരെ (17) ഗുണഭോക്തൃ രജിസ്റ്ററിൽ ഉൾപ്പെടുത്തി പെൻഷൻ നൽകുക തുടങ്ങിയ അപാകതകൾ കാരണം 46,620 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിച്ചിട്ടുണ്ട്.

| പെൻഷൻ | | വിവരണം | രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ കൊടുത്തവരുടെ എണ്ണം | അധികം നൽകിയ തുക |
|---|---|---|---|---|---|
| ഗഡു | തുക (രൂപ) | | | | |
| I | 1260 | പെൻഷൻ | 241 | 278 | 37x1260 = 46620 |
| II | 1260 | പെൻഷൻ | 499 | 543 | 44x1260 = 55440 |

കൂടാതെ കർഷകത്തൊഴിലാളി പെൻഷനിലും മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ നമ്പരിൽ പുതുതായി ആളുകളെ തിരുകിക്കയറ്റി പെൻഷൻ നൽകി വരുന്നതായി കണ്ടു. ചില ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗുണഭോക്തൃ രജിസ്റ്ററിൽ ഉണ്ടായിരുന്ന യഥാർത്ഥ പെൻഷൻ | പെൻഷൻ നമ്പർ | മരണപ്പെട്ടതിനാൽ തിരികെവന്ന പെൻഷൻ (കാലയളവ്) | 08-09-ൽ ടി ആളിന്റെ സ്ഥാനത്ത് തിരുകിക്കയറ്റിയത് |
|---|---|---|---|---|
| 1 | ശ്രീമതി ഭവാനി, രവിവിലാസം, പാണയം | 5/98 | 2/08-3/08 | ശ്രീ. അബ്ദുൾഖാദർ, പുളിമൂട്ടിൽവീട്, ഏരൂർ പി.ഒ |
| 2 | ശ്രീ. ശ്രീധരൻ, ലേഖാവിലാസം, ആലഞ്ചേരി, ഏരൂർ | 16/98 | 8/07-11/07 | ശ്രീ. എസ്.ബാലകൃഷ്ണപിള്ള, ജി.എസ്.വില്ല, നടുക്കുന്നിൻപുറം, ഏരൂർ |
| 3 | ശ്രീ. ഡാനിയേൽ, വേങ്ങവിളവീട്, കിണറ്റുമുക്ക്, മണലിൽ. | 39/98 | 8/07-11/07 | ശ്രീമതി സരസ്വതി, സാഹിതീസദനം, മണലിൽ പി.ഒ. |
| 4 | ശ്രീ. കുട്ടൻ, ചെച്ചുവിളവീട്, ഏരൂർ. | 43/98 | 12/07 | ശ്രീ. രാജൻ, പുത്തുതടത്തിൽ മേലതിൽ, മണലിൽ പി.ഒ. |
| 5 | ശ്രീമതി കുറുമ്പ, ഷീജാവിലാസം, മണലിപ്പച്ച, മണലിൽ | 77/98 | 9/05-11/05 | ശ്രീ. തങ്കപ്പൻ പിള്ള, കുഴിവേലിൽ പുത്തൻവീട്, മണലിൽ പി.ഒ. |

വികലാംഗ പെൻഷൻ

അംഗീകരിക്കപ്പെടാത്ത ആളുകളെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തി പെൻഷൻ വിതരണം ചെയ്യുക, പുതുതായി ചേർക്കപ്പെട്ടവർക്ക് മുൻമാസങ്ങളിലെ കുടിശ്ശിക നൽകുക എന്നീ അപാകതകൾ കണ്ടെത്തി.

| പെൻഷൻ | | വിവരണം | രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ കൊടുത്തവരുടെ എണ്ണം | അധികം നൽകിയ തുക |
|---|---|---|---|---|---|
| ഗഡു | തുക (രൂപ) | | | | |
| I | 120 | 4/08-06/08 കുടിശ്ശിക (പുതുതായി ചേർത്തവർക്ക്) | 295 | 364 | 69x120=8280 |
| II | 840 | പെൻഷൻ | 364 | 365 | 1x840=840 |

തൊഴിൽരഹിത വേതനം

2008-09 വർഷത്തിൽ 4 തവണകളായി വേതനം വിതരണത്തിനായി (2,65,680 + 3,02,040 + 3,02,040 + 4,02,720) 12,72,480 രൂപയാണ് പിൻവലിച്ചത്. വിതരണം നടത്തിയതായി ഓഡിറ്റിൽ കണ്ടെത്തിയത് 9,82,200 രൂപ (2,28,600 + 2,27,640 + 2,26,920 + 2,99,040) മാത്രമാണ്. അവശേഷിച്ച തുകയിൽ 26,960 രൂപ തിരിച്ചടവിൽ കുറവുവന്നിട്ടുണ്ട്. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

പ്രായപരിധി കഴിഞ്ഞവർക്ക് തൊഴിൽരഹിത വേതനം നൽകുക, ഒന്നിൽ കൂടുതൽ തവണ ഒരേ കാലയളവിലെ വേതനം നൽകുക തുടങ്ങിയ അപാകതകളിലൂടെ 480 രൂപ അധികം നൽകിയതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ആകെ 2,19,926 രൂപ 2008-09 വർഷത്തിൽ മാത്രം ഓഡിറ്റിൽ നിരാകരിച്ചിട്ടുണ്ട്. 1998-ലെ തൊഴിൽ രഹിതവേതന ചട്ടങ്ങളിലെ [ജി.ഒ.(പി)23/98 തീയതി: 28-5-1998] നിബന്ധന 12 പ്രകാരം നിഷ്കർഷിക്കുന്ന വേതനം ലഭിച്ച/അനുവദിച്ച/നിരസിച്ച അപേക്ഷകരുടെ വിവരം കാണിക്കുന്ന രജിസ്റ്റർ ഏരൂർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. വേതനം അനുവദിക്കപ്പെട്ടവരുടെ മാത്രം വിവരങ്ങൾ ഉൾക്കൊള്ളിച്ച 'അക്വിറ്റൻസ് രജിസ്റ്റർ' മാത്രമാണ് ആകെയുള്ള 'ആധികാരിക രേഖ'. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാത്തതുകാരണം വേതന വിതരണവുമായി ബന്ധപ്പെട്ട വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിയാതെ വരുന്നു (കൂടുതൽ വിശദവിവരങ്ങൾക്ക് കൊല്ലം ജില്ലയിലെ ഏരൂർ ഗ്രാമപഞ്ചായത്തിന്റെ സ്പെഷ്യൽ റിപ്പോർട്ട് കാണുക).

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥർ</u>

| | രസീതുകളിലെ ക്രമക്കേടുകൾക്ക് | | പെൻഷൻ വിതരണത്തിലെ ക്രമക്കേടുകൾക്ക് |
|---|---|---|---|
| 1. | ശ്രീമതി ബി. വിജയമ്മ<br>(എൽ.ഡി.സി),<br>ഒറ്റപ്ലാവില, കിഴക്കതിൽ വീട്,<br>ആനയടി പി.ഒ., ശൂരനാട് നോർത്ത്,<br>കൊല്ലം. | 1. | ശ്രീ. സുശീലൻ സി.,<br>(അക്കൗണ്ടന്റ്, ഏരൂർ പഞ്ചായത്ത്)<br>അരുണോദയം, അഗസ്ത്യകോട്,<br>അഞ്ചൽ പി. ഒ., കൊല്ലം.<br>. |
| 2. | രാജേന്ദ്രൻപിള്ള (സെക്രട്ടറി),<br>കൊച്ച് കൊപ്പാറയിൽ വീട്,<br>മുഖത്തല പി. ഒ., കൊല്ലം - 691577 | 2. | ബി. എസ്. ഗീത<br>(സെക്രട്ടറി, ഇളമാട് പഞ്ചായത്ത്)<br>ജ്യോതിസ്, ആനന്ദവല്ലീശരം,<br>തിരുമുല്ലവാരം പി. ഒ., കൊല്ലം |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.5.1.(1)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

41. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ ഏരൂർ ഗ്രാമപഞ്ചായത്തിൽ എൽ.ഡി.ക്ലാർക്കായി ജോലി ചെയ്തിരുന്ന ബി. വിജയമ്മ 2011 മാർച്ച് മാസത്തിൽ രസീതുകൾ എഴുതി ക്രമക്കേടുകൾ നടത്തിയതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും 11-4-2011-ന് ടി വിവരം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിൽ ടിയാരിയെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിരുന്നുവെന്നും സസ്പെൻഷനിലായിരിക്കെ തന്നെ അവർ സർവ്വീസിൽനിന്നും വിരമിച്ചുവെന്നും ഏരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നല്കി.

42. ക്രമക്കേടുകൾ നടത്തി ഒരു മാസത്തിനുശേഷം മാത്രമാണ് പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച വിവരം പഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെട്ടതെന്ന് നിരീക്ഷിച്ച സമിതി അതിനുള്ള കാരണം ആരാഞ്ഞപ്പോൾ സാമ്പത്തിക വർഷാവസാനം ആയിരുന്നതിനാൽ നികുതി പിരിവുമായി ബന്ധപ്പെട്ട തിരക്കുകൾ നിമിത്തമാകാം പരാമർശവിധേയമായ ക്രമക്കേടുകൾ അന്നത്തെ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുന്നതിന് കാലതാമസം സംഭവിച്ചതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നല്കി. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനില്ക്കുന്നുണ്ടെന്നും കുറ്റാരോപിതയായ വ്യക്തിയ്ക്ക് നാളിതുവരെ പെൻഷൻ ആനുകൂല്യങ്ങളൊന്നും നൽകിയിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുടർന്ന് അറിയിച്ചു.

43. കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കേസ് നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് അധികൃതർ വക്കീലിനെ നിയമിച്ചിട്ടുണ്ടെന്നും 11-6-2019-ന് ഹിയറിംഗിന് വിളിച്ചിരുന്നുവെന്നും എന്നാൽ ശ്രീമതി ബി. വിജയമ്മ നിരന്തരമായി ഹിയറിംഗിന് ഹാജരാകുന്നില്ലെന്നും 14-11-2019-ന് വീണ്ടും ഹിയറിംഗിന് വിളിച്ചിരിക്കുക യാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നല്കി.

44. 2018-19 കാലഘട്ടത്തിലും സാമ്പത്തിക തിരിമറി ഉണ്ടായതായും ക്രമക്കേടുകൾ ഉണ്ടാകുന്നതിന് അനുകൂലമായ അന്തരീക്ഷം നിലനിൽക്കുന്നതായും നിരീക്ഷിച്ച സമിതി പഞ്ചായത്തുകളിൽ ഡി.ഡി.പി. തലത്തിൽ പരിശോധനകൾ കാര്യക്ഷമമായി നടപ്പിലാക്കണ മെന്ന് നിർദ്ദേശിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലവിലുള്ളതിനാൽ കോടതിവിധിക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാമെന്നും സമിതി തീരുമാനിച്ചു.

### നിഗമനങ്ങളും ശിപാർശകളും

45. **ഏരൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കായിരുന്ന ബി. വിജയമ്മയെ സാമ്പത്തിക ക്രമക്കേടുകളുടെ പേരിൽ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിരുന്നുവെന്നും സസ്പെൻഷനിലിരിക്കെത്തന്നെ വിരമിച്ച അവരുടെ പെൻഷൻ ആനുകൂല്യങ്ങളെല്ലാം നിലവിലും തടഞ്ഞുവച്ചിരിക്കുകയാണെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനില്ക്കുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. കോടതി വിധിയ്ക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

46. **പരാമർശവിധേയമായ സാമ്പത്തിക തിരിമറി ഗ്രാപഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുന്നതിന് ഒരു മാസത്തെ കാലതാമസം നേരിട്ടുവെന്നും 2018-19 കാലഘട്ടത്തിലും പ്രസ്തുത പഞ്ചായത്തിൽ സാമ്പത്തിക തിരിമറി നടന്നിരുന്നുവെന്നും**

**സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ ക്രമക്കേടുകൾ നടത്തുന്നതിന് അനുകൂലമായ അന്തരീക്ഷം ഉണ്ടാകുന്നത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടക്കുറവ് കാരണമാണെന്ന് അഭിപ്രായപ്പെടുന്നതോടൊപ്പം പഞ്ചായത്തുകളിൽ ഡി.ഡി.പി. തലത്തിലുള്ള പരിശോധനകൾ കാര്യക്ഷമമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടും പണി ചെയ്തിട്ടില്ല - തൃക്കടവൂർ ഗ്രാമപഞ്ചായത്ത്**

താഴെപ്പറയുന്ന പ്രവൃത്തികൾക്ക് അതിനുനേരെ കാണുന്ന തുകകൾ കൺവീനർമാർക്ക് അഡ്വാൻസായി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പണി ചെയ്തതായി കാണുന്നില്ല. ആയതിനാൽ അഡ്വാൻസ് നൽകിയ തുക നാളിതുവരെയുള്ള പലിശസഹിതം ഈടാക്കേണ്ടതാണ്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു:

| പ്രവൃത്തിയുടെ പേര് | എഗ്രിമെന്റ് | നൽകിയ തുക/ചെക്ക് നമ്പർ | കൺവീനർ |
|---|---|---|---|
| കാവിന്റെ തെക്കതിൽ ഓട കവറിംഗ് സ്ലാബ് നിർമ്മാണം | നമ്പർ 18/06-07, തീയതി 9-3-2007 | 24,000-0849469, തീയതി 15-3-2007 | വിജയപ്രസാദ് |
| മഞ്ഞിനാട് കായൽവാരം ഓട നിർമ്മാണം കവറിംഗ് സ്ലാബ് | നമ്പർ 25/06-07, തീയതി 9-3-2007 | 25,000-0849471, തീയതി 15-3-2007 | സി.കെ. ചന്ദ്രപ്രസാദ് |

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ

ശ്രീ. റ്റി. ജയപ്രകാശ് (സെക്രട്ടറി),

തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്

ആര്യ ഭവൻ, കിളിക്കൊല്ലൂർ പി. ഒ., കൊല്ലം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.6.1.(1)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

47. സർക്കാർ നൽകിയ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

48. **ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ നൽകിയ വിശദീകരണം അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങിയിട്ട് പണി നടത്തിയിട്ടില്ല - ചടയമംഗലം ഗ്രാമപഞ്ചായത്ത്**

* രണ്ട് പ്രവൃത്തികളുടെ മുൻകൂർ ഒരാൾക്ക്
* സാങ്കേതികാനുമതി ലഭിക്കാതെയും കരാർ വയ്ക്കാതെയും മുൻകൂർ നൽകി.
* മുൻകൂർ തിരികെ ഈടാക്കാൻ നടപടിയില്ല.

2007-08 വർഷം വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ താഴെപ്പറയുന്ന മരാമത്ത് പണിയ്ക്ക് കൺവീനർ, പ്ലാവിള വീട്ടിൽ കെ. സത്യന് മൊബിലൈസേഷൻ അഡ്വാൻസായി 1,25,750 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിരുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്/എസ്റ്റിമേറ്റ് തുക | തുക | ട്രഷറി ബിൽ നമ്പർ/തീയതി |
|---|---|---|---|
| 1 | ചടയമംഗലം വലിയ ഏലാതോട് സംരക്ഷണം, 2,50,800 രൂപ | 57,000 | 34/07-08/31-3-2008 |
| 2 | മണ്ണാംപറമ്പിൽ പേരാപ്പിൽ വെള്ളംകൊള്ളി ഏലാതോട് സംരക്ഷണം, 30,25,000 രൂപ | 68,750 | 35/07-08/31-3-2008 |
| | ആകെ | 1,25,750 | |

ചടയമംഗലം വലിയ ഏലാതോട് സംരക്ഷണ പണിക്ക് എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിലും മണ്ണാംപറമ്പിൽ പേരാപ്പിൽ വെള്ളംകൊള്ളി ഏലാതോട് സംരക്ഷണ പണിയുടെ ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ഒപ്പിടുന്ന കരാർ ഉടമ്പടി പൂരിപ്പിച്ച് ഒപ്പ് വച്ചിട്ടില്ല. അതുപോലെതന്നെ ഗുണഭോക്തൃകമ്മിറ്റി അംഗങ്ങൾ എഴുതി ഒപ്പിടുന്ന കരാർ ഉടമ്പടിയിലും ഒപ്പ് വച്ചിട്ടില്ല. ഈ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതിയും ലഭിച്ചിരുന്നില്ല. സാങ്കേതികാനുമതി ലഭിക്കാത്ത പ്രവൃത്തിയ്ക്ക് മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഈ വർക്ക് ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിരുന്നുവോ എന്ന് വ്യക്തമാക്കിയിരുന്നില്ല. ഒരു കൺവീനർക്ക് തന്നെ രണ്ട് പ്രവൃത്തികൾ കൊടുത്തതിന്റെ ഉദ്ദേശ്യവും വ്യക്തമല്ല. വികസന ഫണ്ടിൽനിന്നും 1,25,750 രൂപ കൊടുത്തിട്ട് പ്രവൃത്തി നടത്താതിരുന്നതിന് എഞ്ചിനീയറുടെ ഭാഗത്തുനിന്നോ, പഞ്ചായത്ത് കമ്മിറ്റിയുടെ ഭാഗത്തുനിന്നോ യതൊരു തുടർനടപടിയും സ്വീകരിച്ച് കാണുന്നില്ല. ആയതിനാൽ, ഈ വർക്കുകൾക്കുവേണ്ടി കൊടുത്ത 1,25,750 രൂപ, 12% പലിശ സഹിതം ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u>

ശ്രീ. അജയ കുമാർ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ),

ചടയമംഗലം ബ്ലോക്ക് ഓഫീസ്,

പുത്തൻവിള വീട്, ആലൻച്ചേരി, ഏരൂർ പി. ഒ., കൊല്ലം - 691312

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.6.2.(1)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

49. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ 2007-08-ൽ ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ പദ്ധതിയുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും പ്രവൃത്തികളുടെ കൺവീനറായിരുന്ന ശ്രീ.കെ.സത്യന് രണ്ട് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 1,25,750 രൂപ നൽകിയിരുന്നുവെങ്കിലും ടിയാൻ പ്രവൃത്തികൾ ചെയ്തിരുന്നില്ലെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശം വന്നയുടൻതന്നെ ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ ചെയ്തിരുന്നുവെന്നും എന്നാൽ അതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നുവെന്നും ഹൈക്കോടതി ഉത്തരവുപ്രകാരം കൺവീനറോട് മൂന്ന് ആഴ്ചയ്ക്കകം പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ച്

പരിഹാരം തേടുവാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും അപേക്ഷ സമർപ്പിക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ തുടരാവുന്നതാണെന്ന് കാണിച്ച് തഹസിൽദാർക്ക് കത്ത് നൽകിയിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിൽ ആർ.ആർ. നടപടി നിലവിൽ തുടർന്നുവരികയാണെന്നും ചടയമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ആർ.ആർ. നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

50. **ചടയമംഗലം ഗ്രാമപഞ്ചായത്തിലെ രണ്ട് മരാമത്ത് പ്രവൃത്തികൾക്കായി 1,25,750 രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിരുന്ന പ്രവൃത്തികളുടെ കൺവീനറായിരുന്ന കെ. സത്യൻ പ്രസ്തുത പ്രവൃത്തികൾ ചെയ്തിരുന്നില്ലെന്നും ടിയാനെതിരെയുള്ള ആർ.ആർ. നടപടികൾ നിലവിലും തുടർന്ന് വരികയാണെന്നും സമിതി നിരീക്ഷിക്കുന്നു. ആർ.ആർ. നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പുളിയ്ക്കൽ കുളം മുതൽ കുറ്റങ്ങേൽ അംഗൻവാടി വരെയുള്ള തോടിന്റെ സംരക്ഷണ ജോലികൾ കൺവീനർ നടത്താതിരുന്നത് - മൊബിലൈസേഷൻ അഡ്വാൻസ് 20,000 രൂപയും പലിശയും തിരികെ ഈടാക്കിയിട്ടില്ല – ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്**

എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം 2007-08 വർഷം പുളിയ്ക്കൽ കുളം മുതൽ കുറ്റങ്ങേൽ അംഗൻവാടിവരെയുള്ള തോടിന്റെ സംരക്ഷണ പണികൾ നടരാജൻ, ദ്വാരക, മാമ്പള്ളിക്കുന്നം, ചാത്തന്നൂർ എന്ന കൺവീനർക്ക് 17-3-2008-ലെ 4/07-08-ാം നമ്പർ എഗ്രിമെന്റ് പ്രകാരം നൽകിയിരുന്നു. ഈ വർക്കിനുവേണ്ടി മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 20,000 രൂപ 28-3-2008-ലെ ചെക്ക് നമ്പർ 466780 പ്രകാരം നൽകിയിരുന്നു. എന്നാൽ നാളിതുവരെയായിട്ടും കൺവീനർ പണി തുടങ്ങിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽനിന്നും 23-6-2008-ലെ പി.ഡബ്ല്യൂ.എസ് 070/08-ലെ കത്ത് പ്രകാരം കൺവീനറോട് 20,000 രൂപ പലിശ സഹിതം ഒടുക്ക് വരുത്തുവാനും അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടി പ്രകാരം തുക ഈടാക്കുന്നതാണെന്നും അറിയിച്ചിരുന്നു. എന്നാൽ കൺവീനർ 20,000 രൂപ പലിശ സഹിതം ഒടുക്ക് വരുത്തിയിട്ടില്ല. പഞ്ചായത്തിൽനിന്നും പിന്നീട് യാതൊരു തുടർനടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ കൺവീനറിൽനിന്നും 20,000 രൂപ 18% പലിശ സഹിതം ഈടാക്കി ഒടുക്ക് വരുത്തിയിട്ടില്ല എങ്കിൽ ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതിന് സർചാർജ്ജ് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചുകൊള്ളുന്നു.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u>

ശ്രീ. സി. ആർ. സുരേഷ്കുമാർ (സെക്രട്ടറി), ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്

ഹരിപത്മം, മാമ്പള്ളിക്കുന്നം, ചാത്തന്നൂർ പി. ഒ., കൊല്ലം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.6.3.(1)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

51. സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങളും ശിപാർശകളും**

52. **സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 3 എ(9) പ്രകാരം പഞ്ചായത്ത് സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമസഭകൾക്കും, നഗരസഭകളിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 45(സി) പ്രകാരം വാർഡ്സഭ/വാർഡ് കമ്മിറ്റികൾക്കും ആയിരിക്കും. വിവേചനപരമായ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് ഭരണഘടനയുടെ 14-ാം ആർട്ടിക്കിളിന്റെകൂടി ലംഘനമാണ്.

ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ 2-10-1997-ലെ ജി.ഒ.(പി)220/97/തസ്വഭവ., 2-9-1998-ലെ ജി.ഒ.(പി)181/98/എൽ.എ.ഡി. എന്നിവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>

അർഹത, മുൻഗണനാ മാനദണ്ഡങ്ങൾ എന്നിവ നിശ്ചയിച്ച് വ്യാപകമായി പ്രചാരണം നടത്തണം. ലളിതമായ ഭാഷയിൽ തയ്യാറാക്കുന്ന അപേക്ഷാ ഫോറത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളെക്കുറിച്ച് അവശ്യ വിവരങ്ങൾ രേഖപ്പെടുത്തണം.

ലഭിച്ച അപേക്ഷകൾ പരിശോധന നടത്തി ഗ്രാമസഭ/വാർഡ് കമ്മിറ്റിയിൽ വച്ച് യോഗ്യതാ മാനദണ്ഡങ്ങൾക്കും മുൻഗണനാ മാനദണ്ഡങ്ങൾക്കും വിധേയമായി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണം. ഓരോ വാർഡിലേയും മുൻഗണനാ ലിസ്റ്റിനെ അടിസ്ഥാനമാക്കി തദ്ദേശ സ്ഥാപനതലത്തിൽ ഒരു ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കണം. ഇപ്രകാരം ലഭിക്കുന്ന കരട് ലിസ്റ്റിൽ ആക്ഷേപം/പരാതി ലഭിക്കുകയാണെങ്കിൽ അന്വേഷണം നടത്തണം. അന്തിമലിസ്റ്റിന് ഗ്രാമസഭ/വാർഡ് കമ്മിറ്റിയുടെ അംഗീകാരം ഉണ്ടായിരിക്കണം, ഈ അന്തിമ ലിസ്റ്റിൽ മാറ്റം വരുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അധികാരമില്ല. നടപടി ക്രമങ്ങൾ പാലിക്കാതെയുള്ള ഗുണഭോക്തൃ തിരഞ്ഞെടുപ്പിന്, ഉത്തരവാദിയായവർക്കെതിരെ നടപടി എടുക്കേണ്ടതുമാണ്.

<u>അപാകങ്ങൾ</u>

എന്നാൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലും ആനുകൂല്യം നൽകുന്നതിലും പലപ്പോഴും സർക്കാർ നിയമങ്ങളും ഉത്തരവുകളും പാലിക്കപ്പെടുന്നില്ല. ഗ്രാമസഭ/വാർഡ് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിൽ ഭേദഗതി വരുത്തുവാനോ ലിസ്റ്റിൽ പേരില്ലാത്തവർക്ക് ആനുകൂല്യം നൽകുവാനോ പാടില്ല എന്നിരിക്കെ ഗുണഭോക്തൃ ലിസ്റ്റിൽപോലും പേരില്ലാത്തവർക്ക് ആനുകൂല്യം നൽകുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:

| സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തുക | അപാകം/അഭിപ്രായം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| തഴവ ഗ്രാമ പഞ്ചായത്ത് | 2009-10 | 3(5) | 27,000 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി |
| തെന്മല ഗ്രാമ പഞ്ചായത്ത് | 2008-09 | 3(5) | 5,000 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി |
| കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | 2008-09 | 3(3) | 3,887 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| നെടുവത്തൂർ ഗ്രാമപഞ്ചായത്ത് | 2008-09 | 3(2) | 5,000 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി |
| ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് | 2008-09 | 3(12) | 3,66,996 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി |
| ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് | 2008-09 | 3-6 | 1,35,000 | മാനദണ്ഡങ്ങൾ പാലിക്കാതെ അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2 .4]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

53. തഴവ, തെന്മല, കല്ലുവാതുക്കൽ, നെടുവത്തൂർ, ആര്യങ്കാവ്, ഇടമുളയ്ക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ സംബന്ധിച്ച് സർക്കാർ നൽകിയ വിശദീകരണം സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

54. **സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തഴവ, തെന്മല, കല്ലുവാതുക്കൽ, നെടുവത്തൂർ, ആര്യങ്കാവ്, ഇടമുളയ്ക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഖരമാലിന്യ സംസ്കരണ പ്ലാന്റ് - ആസൂത്രണത്തിൽ പിഴവ്; 8,53,752 രൂപയുടെ പാഴ്ച്ചെലവ് - നിലമേൽ ഗ്രാമപഞ്ചായത്ത്**

- മതിയായ തുക വകയിരുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി.
- കരാർ കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാത്ത കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും പിഴ ഈടാക്കിയില്ല.
- പ്ലാന്റിന്റെ ശേഷി സംബന്ധിച്ച് പൂർത്തീകരണ സാക്ഷ്യപത്രത്തിലും അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ബില്ലിലും വ്യത്യസ്തങ്ങളായ രേഖപ്പെടുത്തലുകൾ.
- പ്ലാന്റ് നിർമ്മാണം പൂർത്തിയാവുകയോ, പ്രവർത്തനക്ഷമമാവുകയോ ചെയ്തിട്ടില്ല.

ഖരമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുക, ഇതിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഊർജ്ജം, കെമിക്കൽ ട്രീറ്റ്മെന്റ്, ഗ്യാസ് കണക്ഷൻ, ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്കായി പ്രയോജനപ്പെടുത്തുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടി ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് 2007-08-ൽ ഗ്രാമപഞ്ചായത്ത് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനുമായി 13,65,000 രൂപയുടെ കരാറിലേർപ്പെട്ടു. എന്നാൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി തേടിയിരുന്നില്ല. പദ്ധതിയുടെ നിർവ്വഹണത്തിനായി 2010-11 വരെ ആകെ 8,53,752 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഫൈനൽ പേയ്മെന്റ് നടത്തിയിട്ടില്ല.

ഓരോ വർഷവും സ്പിൽഓവറായി നടത്തുന്ന പദ്ധതിയിൽ ചെലവ് തുക കഴിച്ചുള്ള തുക അടങ്കൽ തുകയായി വകയിരുത്തുന്നതിന് പകരം വ്യത്യസ്ത സ്രോതസ്സുകൾ കാണിച്ച് വ്യത്യസ്തങ്ങളായ തുകകൾ വകയിരുത്തുകയാണ് ചെയ്യുന്നത്. മാലിന്യ സംസ്കരണത്തിലൂടെ ലഭിക്കുന്ന ഊർജ്ജം കെമിക്കൽ ട്രീറ്റ്മെന്റ്, ഗ്യാസ് കണക്ഷൻ, ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്കായി ഉപയോഗപ്പെടുത്തണമെന്നായിരുന്നു ലക്ഷ്യമെങ്കിലും ഇതിന് ആവശ്യമായ തുക എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടില്ല. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട 11-2-2008-ലെ (എം.എസ്.)നമ്പർ 39/08/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുമില്ല.

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനുമായി ഉണ്ടാക്കിയ ഉടമ്പടി പ്രകാരം നാല് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് പ്ലാന്റ് കൈമാറ്റം ചെയ്യേണ്ടതായിരുന്നു. അതുപ്രകാരം 1-4-2009-ന് പ്ലാന്റ് കമ്മീഷൻ ചെയ്യേണ്ടിയിരുന്നുവെങ്കിലും നാളിതുവരെയും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇതിന് എസ്റ്റിമേറ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പിഴ അഗ്രോ ഇൻഡസ്ട്രീസിൽനിന്നും ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുമില്ല.

നിലമേൽ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് സെക്ഷൻ എഞ്ചിനീയറും അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കൊട്ടാരക്കര ബ്രാഞ്ച് ഡിവിഷണൽ എഞ്ചിനീയറും പ്ലാന്റ് പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. എന്നാൽ ഡൈജസ്റ്ററിന്റെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും ഡൈജഷൻ കൂട്ടുന്നതിനും വേണ്ടി പ്രീ ഡൈജസ്റ്റർ, ശേഖരിക്കുന്ന ഖരമാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനാവശ്യമുള്ള ഹോമോജനൈസർ/മിക്സർ എന്നിവ നിർദ്ദേശിച്ചിരുന്നിട്ടും സ്ഥാപിച്ചിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ സാധനങ്ങളും പ്ലാന്റിൽ സ്ഥാപിച്ചിട്ടില്ല എന്ന് കാണിച്ച് 29-11-2010-ന് പഞ്ചായത്ത് സെക്രട്ടറി അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയിട്ടുള്ള കത്തിന് മറുപടിയായി സോളാർ വാട്ടർ ഹീറ്റർ സ്ഥാപിച്ച് വിവരം അറിയിക്കണമെന്നാണ് 7-6-2011-ൽ കത്തുവഴി ആവശ്യപ്പെട്ടത്. ഈ അവസ്ഥയിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയർ പൂർത്തീകരണ സാക്ഷ്യപത്രം നൽകിയതിന്റെ കാരണം വ്യക്തമല്ല.

കരാർ വ്യവസ്ഥയിലും ദിവസ വേതനത്തിലുമായി രണ്ട് തൊഴിലാളികളെ ഖരമാലിന്യ ശേഖരണത്തിനും സംസ്കരണത്തിനുമായി നിയോഗിച്ചിട്ടുണ്ട്. ഏജൻസി പ്ലാന്റ് പ്രവൃത്തി പൂർത്തിയാക്കി ഒരു വർഷത്തേയ്ക്ക് ട്രയൽ റൺ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇതിനുവേണ്ട നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തയ്യാറാക്കി നൽകിയിട്ടുള്ള ബിൽ പ്രകാരം 137 എം$^3$ ശേഷിയുള്ള പ്ലാന്റാണ് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ പൂർത്തീകരണ സർട്ടിഫിക്കറ്റിൽ 109 എം$^3$ ശേഷിയുള്ള പ്ലാന്റ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പ്ലാന്റ് നിർമ്മാണം പൂർത്തിയാവുകയോ, പ്രവർത്തനക്ഷമമാകുകയോ ചെയ്തിട്ടില്ലാത്തതിനാൽ 8,53,752 രൂപ പാഴ്ച്ചെലവായി മാറുകയാണ് ചെയ്തത്.

നിലവിൽ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തേയ്ക്ക് ശേഖരിച്ചുകൊണ്ടുവരുന്ന ഖരമാലിന്യങ്ങൾ പ്ലാന്റിന് ചുറ്റുമായി നിക്ഷേപിച്ച് ദുർഗന്ധം വമിക്കുന്ന അവസ്ഥയാണ്. ഇൻലെറ്റ് വാൽവിലൂടെ ഇറച്ചിയുടെയും മറ്റും മാലിന്യങ്ങൾ നിക്ഷേപിക്കുന്നുണ്ടെങ്കിലും ഇതിന്റെ പ്രോസസ്സിംഗിന് ആവശ്യമായ വെള്ളം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. വെള്ളക്കെട്ടുള്ള സ്ഥലത്താണ് പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്. പ്ലാന്റിൽ ഗ്യാസ് ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ടെങ്കിൽ ആയത് പുറത്തേയ്ക്ക് വമിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള പൈപ്പ് തുറന്ന് കിടക്കുന്ന അവസ്ഥയാണുള്ളത്. ഇത് മറ്റുതരത്തിലുള്ള പരിസര മലിനീകരണത്തിനും തീപിടുത്തത്തിനും വരെ കാരണമായേക്കാവുന്നതാണ്.

മേൽ പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം കൊല്ലം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 16-5-2012-ലെ എൽ.എഫ്.ക്യൂ.പി.ജി.604/12-ാം നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നുവെങ്കിലും മറുപടിയൊന്നും ലഭ്യമായിട്ടില്ല.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u>

ശ്രീ. സോമശേഖരൻ പിള്ള,
സെക്രട്ടറി,
തിരുവാതിര, ആയൂർ പി.ഒ., കൊല്ലം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.5]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

55. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ നിലമേൽ ഗ്രാമപഞ്ചായത്തിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടിരുന്നുവെന്നും പ്ലാന്റിന്റെ നിർമ്മാണം ഘട്ടം ഘട്ടമായിട്ടാണ് നടത്തിവന്നിരുന്നതെന്നും പദ്ധതി നിർവ്വഹണത്തിനായി പല ഘട്ടങ്ങളിലായി 8,53,752 രൂപ കോർപ്പറേഷന് നൽകിയിരുന്നുവെങ്കിലും നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചുപോകുകയാണ് ചെയ്തതെന്നും അതിനുശേഷം പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നോട്ടീസ് അയയ്ക്കുകയും കത്തിടപാടുകൾ നടത്തുകയും ചെയ്തതിന്റെ ഫലമായി പിന്നീട് പ്രവൃത്തി പൂർത്തീകരിച്ചിരുന്നുവെന്നും പൂർത്തീകരിച്ച പ്രവൃത്തികൾക്കുള്ള തുക മാത്രമേ നൽകിയിട്ടുള്ളൂവെന്നും 2019-ൽ പ്ലാന്റിന്റെ പുനരുദ്ധാരണത്തിനായി ആറ് ലക്ഷം രൂപയുടെ പദ്ധതി ഏറ്റെടുത്ത് സാങ്കേതിക അനുമതിയ്ക്കായി ശുചിത്വ മിഷന് കൈമാറിയിട്ടുണ്ടെന്നും സാങ്കേതികാനുമതി ലഭിച്ചാലുടൻ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി വാങ്ങി പുനരുദ്ധാരണം പൂർത്തീകരിക്കുവാനാണ് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിരിക്കുന്നതെന്നും ശുചിത്വ മിഷൻ അംഗീകരിച്ച ഒരു അക്രെഡിറ്റഡ് ഏജൻസിയെയാണ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏൽപ്പിച്ചിരിക്കുന്നതെന്നും നിലമേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

56. കരാർ പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെതിരെ ഗ്രാമപഞ്ചായത്ത് അധികൃതർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് കത്ത് നല്കിയതല്ലാതെ മറ്റ് നിയമ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും 2017-ലാണ് അവസാനമായി കത്തിടപാടുകൾ നടത്തിയതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

57. നാല് മാസത്തിനുള്ളിൽ പ്ലാന്റ് നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും പിഴ ഈടാക്കാവുന്നതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നിലമേൽ ഗ്രാമപഞ്ചായത്ത് അധികൃതർ നാളിതുവരെയായി കോർപ്പറേഷനെതിരെ യാതൊരു നിയമനടപടികളും സ്വീകരിച്ചിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി പഞ്ചായത്തധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ നിരുത്തരവാദപരമായ നിലപാടിൽ അതൃപ്തി രേഖപ്പെടുത്തി.

58. 8.5 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പരാമർശവിധേയമായ ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിലവിൽ പ്രവർത്തനരഹിതമാണെന്നും ആയത് നവീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ശുചിത്വ മിഷനുമായി ചേർന്ന് നിലവിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും നിരീക്ഷിച്ച സമിതി പ്ലാന്റിന്റെ പുനരുദ്ധാരണം അടിയന്തരമായി പൂർത്തിയാക്കുന്നതിനും പ്ലാന്റ് പ്രവർത്തനസജ്ജമാക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

59. ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് സംഭവിച്ച സാമ്പത്തിക നഷ്ടം കണക്കാക്കി കരാർപ്രകാരം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും പ്രസ്തുത നഷ്ടത്തുകയുടെ ഇരട്ടി തിരിച്ചുപിടിക്കുന്ന തരത്തിൽ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്ത് തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

### നിഗമനങ്ങളും ശിപാർശകളും

60. **നിലമേൽ ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണത്തിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 8,53,752 രൂപ നൽകിയിരുന്നുവെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ച് പോവുകയാണ് ചെയ്തതെന്നും പിന്നീട് പ്രസ്തുത സ്ഥാപനത്തിന് നോട്ടീസ് നൽകുകയും കത്തിടപാടുകൾ നടത്തുകയും ചെയ്തതിന്റെ ഫലമായി നിർമ്മാണം പൂർത്തീകരിച്ചിരുന്നു വെന്നും സമിതി നിരീക്ഷിക്കുന്നു. നാല് മാസത്തിനുള്ളിൽ പ്ലാന്റ് നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും പിഴ ഈടാക്കാവുന്നതാണെന്ന കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് അധികൃതർ നാളിതുവരെയായി കോർപ്പറേഷനെതിരെ യാതൊരു നിയമനടപടികളും സ്വീകരിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. 8.5 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പരാമർശവിധേയമായ ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിലവിൽ പ്രവർത്തനരഹിതമാണെന്നും ആയത് നവീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത്**

**ശുചിത്വ മിഷനുമായി ചേർന്ന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്ലാന്റിന്റെ പുനരുദ്ധാരണം അടിയന്തരമായി പൂർത്തിയാക്കി പ്ലാന്റ് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

61. **ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് സംഭവിച്ച സാമ്പത്തിക നഷ്ടം കണക്കാക്കി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും നഷ്ടത്തുകയുടെ ഇരട്ടി തിരിച്ചുപിടിക്കുന്ന തരത്തിൽ പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്ത് അതിനുള്ള നടപടികൾ സ്വീകരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആശ്രയ പദ്ധതി - ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മുമ്പ് തുക ചെലവഴിച്ചു - 3,02,591 രൂപയുടെ പാഴ്ച്ചെലവ് - പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്**

(സ്പെഷ്യൽ റിപ്പോർട്ട് 2007-08)

- പ്രോജക്ട് നിർവ്വഹണത്തിനുള്ള പ്രാഥമിക നടപടികൾപോലും സ്വീകരിക്കാതെ വികസന ഫണ്ടിൽനിന്നും തുക പിൻവലിച്ചു.
- തുക ഒടുക്കി 33 മാസങ്ങൾക്കുശേഷവും അഗതി കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യം ലഭിച്ചില്ല.

അഗതി കുടുംബങ്ങൾക്കുവേണ്ടിയുള്ള ആശ്രയ പദ്ധതിയുടെ ഭാഗമായി ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനായി 2007-08 സാമ്പത്തിക വർഷം നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 3,02,951 രൂപ വികസന ഫണ്ടിൽനിന്നും പിൻവലിച്ച് 31-3-08-ലെ 475268 നമ്പർ ഡി.ഡി. പ്രകാരം ത്രിവേണി സൂപ്പർ മാർക്കറ്റിന്റെ പുത്തൂർ ശാഖയിൽ ഒടുക്കി. എന്നാൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള ഒരു നിർദ്ദേശവും നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയിരുന്നില്ല.

തുക ഒടുക്കി 33 മാസങ്ങൾ കഴിഞ്ഞ് 23-12-2010-ൽ മാത്രമാണ് ഭക്ഷ്യധാന്യം വിതരണം ചെയ്യണമെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അപേക്ഷിച്ചത്. എന്നാൽ പ്രസ്തുത അപേക്ഷയോടൊപ്പം ഗുണഭോക്താക്കളുടെ ലിസ്റ്റ് നൽകുകയോ, വിതരണം ചെയ്യേണ്ട ധാന്യത്തിന്റെ അളവ്, വിതരണ രീതി, കാലയളവ് എന്നിവ വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 6-7-2009-ൽ ചേർന്ന യോഗത്തിലെ 6-ാം നമ്പർ തീരുമാന

പ്രകാരമാണ് ആശ്രയ ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ചത്. എന്നാൽ അതിനും 16 മാസങ്ങൾക്കു മുമ്പുതന്നെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഭക്ഷ്യധാന്യ വിതരണത്തിനുള്ള തുക ത്രിവേണി സൂപ്പർമാർക്കറ്റിൽ ഒടുക്കി. യഥാർത്ഥ ആവശ്യമോ പ്രോജക്ടിന്റെ നിർവ്വഹണ സാദ്ധ്യതയോ പരിഗണിക്കാതെയാണ് വികസന ഫണ്ടിൽനിന്നും തുക പിൻവലിച്ചതെന്ന് ഇതിൽനിന്നും വ്യക്തമാകുന്നു. 25-12-2009 വരെ ചുമതലയുണ്ടായിരുന്ന നിർവ്വഹണോദ്യോഗസ്ഥൻ പ്രസ്തുത കാലയളവിൽ ഭക്ഷ്യധാന്യ വിതരണത്തിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുകയോ, പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല എന്ന് ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധമായ തുടരന്വേഷണവും മോണിറ്ററിംഗും ഗ്രാമപഞ്ചായത്ത് അധികാരികളും നടത്തിയിട്ടില്ല.

പ്രോജക്ട് നിർവ്വഹണത്തിനുള്ള പ്രാഥമിക നടപടികൾപോലും സ്വീകരിക്കാതെ വികസന ഫണ്ടിൽനിന്നും 3,02,951 രൂപ പിൻവലിച്ച് ത്രിവേണി സൂപ്പർമാർക്കറ്റിൽ ഒടുക്കുവരുത്തിയതും തുക ഒടുക്കി 33 മാസങ്ങൾക്കുശേഷവും അഗതി കുടുംബങ്ങൾക്ക് പ്രസ്തുത പ്രോജക്ടിന്റെ പ്രയോജനം ലഭിക്കാതിരുന്നതും നിർവ്വഹണോദ്യോഗസ്ഥന്റെ നിരുത്തരവാദിത്തം മൂലമാണ്. നിലവിലുള്ള വിൽപ്പന വില അനുസരിച്ച് ഭക്ഷ്യധാന്യം ലഭ്യമാക്കിയാൽത്തന്നെ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് നിശ്ചയിച്ച അളവിൽ ഭക്ഷ്യധാന്യം ലഭ്യമാക്കുവാൻ കഴിയാതെ വരും. ധനവിനിയോഗം സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ 3,02,951 രൂപ ചെലവഴിക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുകയും ചെയ്ത നിർവ്വഹണോദ്യോഗസ്ഥന്റെയും പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാതിരുന്ന ഗ്രാമപഞ്ചായത്ത് അധികാരികളുടെയും പ്രവർത്തനങ്ങൾമൂലം വികസന ഫണ്ടിൽനിന്നും ഗണനീയമായ തുക നഷ്ടപ്പെട്ടു.

| ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ഔദ്യോഗിക വിലാസം |
|---|---|
| ശ്രീ. ശിവദാസൻ പിള്ള,<br>വി.ഇ.ഒ.,<br>സൂരജ് നിലയം ,<br>അമ്പലത്തുഭാഗം, പോരുവഴി. | എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്)<br>നോർത്ത് പറവൂർ<br>ബ്ലോക്ക് പഞ്ചായത്ത് |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.6]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

62. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2007-08-ൽ ആശ്രയ പദ്ധതിയുടെ ഭാഗമായി അഗതി കുടുംബങ്ങളിലെ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുമുമ്പ് വി.ഇ.ഒ. കൺസ്യൂമർ ഫെഡിലേയ്ക്ക് 3,02,951 രൂപ അടച്ചിരുന്നുവെന്നും എന്നാൽ അതിനുശേഷം പദ്ധതിപ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്കൊന്നും പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടില്ലെന്നും പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

63. പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് അധികൃതർ കൺസ്യൂമർ ഫെഡുമായി കരാറുകളൊന്നും ചമച്ചിരുന്നില്ലെന്നും വി.ഇ.ഒ. പദ്ധതിവിഹിതം കൺസ്യൂമർ ഫെഡിലേയ്ക്ക് നേരിട്ട് അടയ്ക്കുകയാണ് ചെയ്തതെന്നും നിരീക്ഷിച്ച സമിതി കൺസ്യൂമർ ഫെഡിൽനിന്നും പദ്ധതിവിഹിതം തിരിച്ചുപിടിക്കുന്നതിനായി പഞ്ചായത്ത് അധികൃതർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ആരാഞ്ഞു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 6-2-2019-ന് കൺസ്യൂമർ ഫെഡിന് കത്ത് നല്കിയിട്ടുണ്ടെന്നും പദ്ധതി വിഹിതമായി നല്കിയ തുക കൺസ്യൂമർ ഫെഡിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നാണ് അവർ അറിയിച്ചിരിക്കുന്നതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നല്കി.

64. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വി.ഇ.ഒ.യുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നതെന്നും അഗതി കുടുംബങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികളിൽപ്പോലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന ഇത്തരം പിഴവുകൾ ഗുരുതരവും, അടിയന്തര ശ്രദ്ധ ചെലുത്തേണ്ടതുമാണെന്നും അഭിപ്രായപ്പെട്ട സമിതി പരാമർശവിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട് കൺസ്യൂമർ ഫെഡിന് നൽകിയിരിക്കുന്ന തുക തിരിച്ച് ഈടാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും ഇതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന വി.ഇ.ഒ.-യിൽനിന്നും ഈടാക്കണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന സമിതിയ്ക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

65. **പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതിയുടെ ഭാഗമായി അഗതി കുടുംബങ്ങളിലെ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനായി 3,02,951 രൂപ കൺസ്യൂമർ ഫെഡിലേയ്ക്ക് അടച്ചിരുന്നുവെങ്കിലും ഗുണഭോക്താക്കൾക്കൊന്നും പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടില്ലെന്നും പദ്ധതിയുമായി**

**ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് അധികൃതർ കൺസ്യൂമർ ഫെഡുമായി കരാറുകളൊന്നും ചമച്ചിരുന്നില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വി.ഇ.ഒ. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുമുമ്പ് പദ്ധതിവിഹിതം കൺസ്യൂമർ ഫെഡിലേയ്ക്ക് നേരിട്ട് അടയ്ക്കുകയാണ് ചെയ്തതെന്നും സമിതി നിരീക്ഷിക്കുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നതെന്നും അഗതി കുടുംബങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികളിൽപ്പോലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന ഇത്തരം പിഴവുകൾ അതീവ ഗുരുതരവും അടിയന്തര ശ്രദ്ധ ആവശ്യപ്പെടുന്നതുമാണെന്നും സമിതി വിലയിരുത്തുന്നു. പരാമർശവിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട് കൺസ്യൂമർ ഫെഡിന് നൽകിയിരിക്കുന്ന തുക തിരിച്ച് ഈടാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വി.ഇ.ഒ.-യിൽനിന്നും ഈടാക്കണമെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇല്ലാത്ത "പാർക്കിന് " ചുറ്റുമതിൽ നിർമ്മാണം - 31048 രൂപ പാഴ്ച്ചെലവ് - നെടുവത്തൂർ ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-09; ഖണ്ഡിക 3-14)

- ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത സ്ഥലത്ത് ഇല്ലാത്ത ചിൽഡ്രൻസ് പാർക്കിന് പ്രോജക്ട് തയ്യാറാക്കുകയും അംഗീകാരം നേടുകയും ചെയ്തു.
- പുറമ്പോക്ക് ഭൂമിയിൽ നിയമാനുസൃതമല്ലാത്ത പ്രവൃത്തി ചെയ്ത് വികസന ഫണ്ട് ദുരുപയോഗം ചെയ്തു.

പഞ്ചായത്ത് പ്രദേശത്തെ നെടുവത്തൂർ, ആല്യംകുന്നംപുറം എന്നിവിടങ്ങളിലെ ചിൽഡ്രൻസ് പാർക്കുകളിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി എന്ന നിലയിലാണ് ഈ പ്രോജക്ടിന് അംഗീകാരം നേടിയത്. 17-1-2008- ൽ കരാർ വച്ച് പണിയാരംഭിച്ചിട്ടുള്ള ഈ പദ്ധതിയിലെ ആല്യംകുന്നംപുറത്തെ പണി പൂർത്തിയാക്കുകയും 31048 രൂപയുടെ മൂല്യം കണക്കാക്കി നികുതികളും 10% റീടെൻഷൻ തുകയും കഴിച്ച് ബാക്കി 26,181 രൂപ ഡി.ഡി. നമ്പർ 248798 പ്രകാരം 2-4-2008-ലും, റീടെൻഷൻ തുക 2909 രൂപ ചെക്ക് നമ്പർ 677281 പ്രകാരം 31-3-2009-ലും കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. 22-11-2008-ൽ

നൽകിയ ഒരു ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി " ഈ പഞ്ചായത്തിൽ നിലവിൽ ചിൽഡ്രൻസ് പാർക്ക് ഇല്ല" എന്ന് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നടത്തിയ സ്ഥല പരിശോധനയിലും, പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിലും പ്രസ്തുത സ്ഥലങ്ങളിൽ ചിൽഡ്രൻസ് പാർക്ക് ഇല്ലെന്നും ഈ സ്ഥലങ്ങൾ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ളതല്ലെന്നും വ്യക്തമായി. പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത സ്ഥലത്ത് ചിൽഡ്രൻസ് പാർക്ക് ഉണ്ടെന്ന് തെറ്റിദ്ധരിപ്പിച്ച് പ്രോജക്ട് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തു എന്നതു കൂടാതെ കാട്ടുപിടിച്ചുകിടന്ന ഒരു പുറമ്പോക്ക് ഭൂമിയിൽ നിയമാനുസൃതമല്ലാത്ത പണിയാണ് ചെയ്തിട്ടുള്ളതെന്നും സ്ഥലപരിശോധനയിൽ വ്യക്തമായി. പഞ്ചായത്തിന് ലഭിച്ച വികസന ഫണ്ട് ദുരുപയോഗം ചെയ്യുകയായിരുന്നുവെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ ഇത് ഒരു പാഴ്ച്ചെലവായി കണക്കാക്കി 31048 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

നെടുവത്തൂർ, ആലുംകുന്നുംപുറം എന്നീ സ്ഥലങ്ങളിൽ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിച്ച ചിൽഡ്രൻസ് പാർക്കുകൾക്കാണ് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയതെന്നും നെടുവത്തൂരിലെ സ്ഥലം ക്ഷേത്രം വകയായതിനാൽ പ്രവൃത്തി ഉപേക്ഷിക്കുകയും ആലുംകുന്നുംപുറത്ത് ചുറ്റുമതിൽ കെട്ടുകയും ചെയ്തതായും 12-8-2011 ലെ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടിയിൽ പറയുന്നു.

ഓഡിറ്റ് പരാമർശം നിയമസഭാ സമിതി പരിഗണിക്കുന്ന സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരമറിയിച്ചുകൊണ്ട് കൊല്ലം ജില്ല, ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 16-5-2012-ൽ അയച്ച എൽ.എഫ്.ക്യൂ.പി.ജി.604/12-ാം കത്തിന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല.

നാളിതുവരെ രണ്ടുസ്ഥലത്തും ചിൽഡ്രൻസ് പാർക്കിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല.

| ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | നിലവിലെ ഔദ്യോഗിക വിലാസം |
|---|---|
| ശ്രീ. കെ. ജോൺസൺ,<br>അസിസ്റ്റന്റ് എഞ്ചിനീയർ,<br>ആൻസ് കോട്ടേജ് കൃഷിത്തോട്ടം ജംഗ്ഷൻ,<br>കൊട്ടാരക്കര പി. ഒ., | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>കടുത്തുരുത്തി ബ്ലോക്ക്, വൈക്കം. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.7]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

66. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ നെടുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ കൈവശമുണ്ടായിരുന്ന 9 സെന്റ് സ്ഥലത്ത് കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിനായി 2008-ൽ ആരംഭിച്ച പദ്ധതിയുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും പാർക്ക് നിർമ്മിക്കുന്നതിന് മുന്നോടിയായി ചുറ്റുമതിൽ കെട്ടിയെങ്കിലും തുടർനടപടി സ്വീകരിച്ചിരുന്നില്ലെന്നും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ഭൂമിയിൽ ചുറ്റുമതിൽ നിർമ്മിച്ചതും തുടർനടപടി സ്വീകരിക്കാതിരുന്നതുമാണ് ഓഡിറ്റ് പരാമർശത്തിന് ഇടയാക്കിയതെന്നും പഞ്ചായത്തിന്റെ കൈവശമുണ്ടായിരുന്നതും എന്നാൽ റവന്യൂ രേഖകൾ പ്രകാരം പുറമ്പോക്ക് ആയിരുന്നതുമായ ഭൂമിയിൽ മതിൽ കെട്ടിയതായാണ് സ്ഥലപരിശോധന നടത്തിയപ്പോൾ അറിയുവാൻ സാധിച്ചതെന്നും ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി 31,048 രൂപയാണ് ചെലവഴിച്ചതെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശം വന്നതിനെത്തുടർന്ന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും നഷ്ടത്തുക പലിശസഹിതം ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും അതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനെത്തുടർന്ന് ആർ.ആർ. നടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണെന്നും പരാമർശവിധേയമായ ഭൂമി നിലവിലും സർക്കാർ ഭൂമിയായിത്തന്നെ അവശേഷിക്കുകയാണെന്നും നെടുവത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

67. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലത്ത് ചുറ്റുമതിൽ നിർമ്മിക്കുവാൻ തീരുമാനിച്ചപ്പോൾത്തന്നെ പ്രസ്തുത ഭൂമിയുടെ ആവശ്യം അറിയിച്ചുകൊണ്ടും അത് വിട്ടുനൽകണമെന്ന് കാണിച്ചുകൊണ്ടും റവന്യൂ അധികാരികൾക്ക് അപേക്ഷ നൽകി ഭൂമി പഞ്ചായത്തിന്റെ ആസ്തിയായി മാറ്റുന്നതിനുവേണ്ട നടപടി സ്വീകരിക്കേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഇല്ലാത്ത ഭൂമിയിൽ 2008-09 വർഷത്തിൽ ചുറ്റുമതിൽ നിർമ്മിച്ചുവെങ്കിലും പ്രസ്തുത ഭൂമി പഞ്ചായത്തിന്റേതാക്കി മാറ്റുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും യാതൊരു ശ്രമങ്ങളും ഉണ്ടായിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത വിഷയത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായ അലംഭാവത്തിലും നിരുത്തരവാദപരമായ നിലപാടിലും അതൃപ്തി രേഖപ്പെടുത്തി.

68. പഞ്ചായത്തുകൾക്ക് ലഭിക്കുന്ന വികസന ഫണ്ടുകൾ ദുരുപയോഗം ചെയ്യുന്ന തരത്തിലുള്ള ഇത്തരം പ്രവണതകൾ ഗുരുതരവും അടിയന്തര ശ്രദ്ധ ചെലുത്തേണ്ടതുമാണെന്നും അഭിപ്രായപ്പെട്ട സമിതി പഞ്ചായത്തുകൾ തങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ഭൂമിയിൽ ചെയ്യുന്ന നിർമ്മാണ പ്രവർത്തനങ്ങളും മറ്റും തടയുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും പരാമർശവിധേയമായ സ്ഥലം നെടുവത്തൂർ ഗ്രാമപഞ്ചായത്തിന്റേതാക്കി മാറ്റുവാൻ സാധിക്കുമോയെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

69. **നെടുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ളതും എന്നാൽ റവന്യൂ രേഖകൾ പ്രകാരം പുറമ്പോക്ക് ആയിരുന്നതുമായ 9 സെന്റ് സ്ഥലത്ത് കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിന് മുന്നോടിയായി 31,048 രൂപ ചെലവഴിച്ച് ചുറ്റുമതിൽ നിർമ്മിച്ചുവെങ്കിലും പിന്നീട് തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും നഷ്ടത്തുക ഈടാക്കുന്നതിനായി ആരംഭിച്ച ആർ.ആർ. നടപടികൾക്കെതിരെ ടിയാൻ ഹൈക്കോടതിയിൽനിന്നും സ്റ്റേ സമ്പാദിച്ചിരിക്കുകയാണെന്നും സമിതി നിരീക്ഷിക്കുന്നു. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ഭൂമിയിൽ ചുറ്റുമതിൽ നിർമ്മിച്ചതല്ലാതെ പ്രസ്തുത ഭൂമി പഞ്ചായത്തിന്റേതാക്കി മാറ്റുന്നതിനുള്ള യാതൊരു നടപടികളും നാളിതുവരെയായി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വിഷയത്തിൽ നെടുവത്തൂർ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ ഔദ്യോഗികമായ അലംഭാവത്തിലും നിരുത്തരവാദപരമായ നിലപാടിലും സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.**

70. **പഞ്ചായത്തുകൾക്ക് ലഭിക്കുന്ന വികസന ഫണ്ടുകൾ ദുരുപയോഗം ചെയ്യുന്ന തരത്തിലുള്ള ഇത്തരം പ്രവണതകൾ അവസാനിക്കപ്പെടണമെന്നും ഭരണ വകുപ്പ് അടിയന്തരമായി ഇടപെട്ട് വികസന ഫണ്ടുകൾ ഫലപ്രദമായി ചെലവഴിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ പഞ്ചായത്തുകൾ തങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ഭൂമിയിൽ ചെയ്യുന്ന നിർമ്മാണ പ്രവർത്തനങ്ങളും മറ്റും തടയുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു. പരാമർശവിധേയമായ ഭൂമി നെടുവത്തൂർ ഗ്രാമപഞ്ചായത്തിന്റേതാക്കി മാറ്റുവാൻ സാധിക്കുമോയെന്ന് പരിശോധിച്ച് അതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ഗ്രാമപഞ്ചായത്ത് അധികൃതരോട് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വൃദ്ധസദന നിർമ്മാണം - പ്രവൃത്തി ഉപേക്ഷിച്ച കരാറുകാരനിൽനിന്നും നഷ്ടം ഈടാക്കിയിട്ടില്ല - ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-09, ഖണ്ഡിക 3-8)

- പണി പൂർത്തീകരിക്കുന്നതിന് മുമ്പ് കരാറുകാരന് ജാമ്യ നിക്ഷേപവും റീടെൻഷൻ തുകയും നൽകി.
- പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ച കരാറുകാരന് നോട്ടീസ് നൽകി പിഴ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

2006-07 വർഷം പണി ആരംഭിച്ച ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് വക വൃദ്ധസദനത്തിന് നാളിതുവരെ 10,25,881 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും കെട്ടിടം പൂർത്തീകരിച്ച് ഉപയോഗക്ഷമമാക്കിയിട്ടില്ല. 2006-07 വർഷം ആദ്യഘട്ടം പൂർത്തീകരിച്ചതിനുശേഷം 2007-08 വർഷം വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വൃദ്ധസദനം രണ്ടാംഘട്ടം പൂർത്തീകരിക്കൽ എന്ന പ്രോജക്റ്റിന് 10,93,482 രൂപ അടങ്കൽ വകയിരുത്തി അംഗീകാരം നേടി.

10-1-2008-ൽ ടെണ്ടർ ചെയ്ത പ്രവൃത്തി ശ്രീ. സി. കൃഷ്ണൻകുട്ടി എന്ന കോൺട്രാക്ടർ എസ്റ്റിമേറ്റ് റേറ്റിൽ ഏറ്റെടുത്ത് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടു. 29-3-2008-ൽ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ച ആദ്യ പാർട്ട് ബിൽ പ്രകാരം 2,12,114 രൂപയുടെ പണി നടത്തിയതിന് ടാക്സും റീടെൻഷൻ തുകയും കഴിച്ച് 1,77,668 രൂപ (ഡി.ഡി.നമ്പർ 477191 തീയതി 10-4-2008) കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്.

04/08-ൽ കോൺട്രാക്ടർ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ അപേക്ഷയിൽ സാധനങ്ങളുടെ വില ക്രമാതീതമായി ഉയർന്നതിനാൽ, തുടർന്ന് പ്രവൃത്തി ചെയ്യാൻ നിർവ്വാഹമില്ലെന്നും ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കി പ്രവൃത്തി അവസാനിപ്പിച്ച് ബിൽ തുകകൾ അനുവദിക്കണമെന്നും അപേക്ഷിച്ചിരുന്നു. തുടർന്ന് മാർക്കറ്റ് റേറ്റ് കൂടുതലായത് ബോദ്ധ്യപ്പെട്ടതിനാൽ കരാറുകാരന് നാളിതുവരെ ചെയ്ത പ്രവൃത്തി അവസാനിപ്പിച്ച് വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകണമെന്ന് പഞ്ചായത്ത് പ്രസിഡന്റിനോടും സെക്രട്ടറിയോടും അസിസ്റ്റന്റ് എഞ്ചിനിയർ അപേക്ഷിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി അവശേഷിക്കുന്ന പ്രവൃത്തികളുടെ നടത്തിപ്പിന് പുതുക്കിയ പി.ഡബ്ല്യൂ.ഡി. ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി 2008-09 വാർഷിക പദ്ധതിയിലെ രണ്ടാംഘട്ട പദ്ധതി രൂപീകരണത്തിൽ ഉൾപ്പെടുത്തി നടപ്പാക്കുവാനും

അതുവരെയുള്ള പ്രവൃത്തിയുടെ മൂല്യം കരാറുകാരന് നൽകുവാനും തീരുമാനിച്ചു. തുടർന്ന് ഫൈനൽ ബിൽ പ്രകാരം 8,578 രൂപയും, റീടെൻഷൻ തുക 22,211 രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിലുള്ള 55,000 രൂപയും കരാറുകാരന് നൽകി.

കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ചിട്ടും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഇതു സംബന്ധിച്ച് കരാറുകാരന് നോട്ടീസ് നൽകാതെ പണി അവസാനിപ്പിച്ച് റീടെൻഷൻ തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റും തിരിച്ചുനൽകിയത് ഗുരുതരമായ വീഴ്ചയാണ്. കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ കരാർ റദ്ദാക്കുന്നതിനും മറ്റൊരു ഏജൻസി വഴി പണി പൂർത്തിയാക്കുന്നതിനും ഇപ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നത് മൂലമുണ്ടാകുന്ന അധിക ചെലവ് ആദ്യ കരാറുകാരന്റെ ബിൽ തുകയിൽനിന്നും ജാമ്യ നിക്ഷേപത്തിൽനിന്നും ഈടാക്കുന്നതിനും പഞ്ചായത്തിന് അധികാരമുണ്ട്. അപ്രകാരമുള്ള നടപടികളൊന്നും സ്വീകരിക്കാതെ പണി പൂർത്തീകരിക്കുന്നതിന് മുമ്പ് തന്നെ കരാറുകാരന് ജാമ്യനിക്ഷേപവും റീടെൻഷൻ തുകയും നൽകിയതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഈടാക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായി. ആയതിനാൽ റീടെൻഷൻ തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയും ആകെ 77,211 രൂപ തടസ്സപ്പെടുത്തുന്നു.

തുടർന്ന് 2008-09 വർഷം 72/09-ാം നമ്പരായി ഈ പ്രോജക്ടിന് വീണ്ടും അംഗീകാരം നൽകുകയും 8,72,790 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 12/08-ൽ റീടെണ്ടർ ചെയ്യുകയും കരാർ ലഭിച്ച ശ്രീ. നൗഷാദ് എന്ന കരാറുകാരന് രണ്ട് പാർട്ട് ബില്ലുകളിലായി ആകെ 4,71,445 രൂപ നാളിതുവരെ നൽകുകയും ചെയ്തു.

ഓഡിറ്റ് ഖണ്ഡിക സമാഹൃത റിപ്പോർട്ടിലുൾപ്പെടുത്തുന്ന വിവരമറിയിച്ചുകൊണ്ട് കൊല്ലം ജില്ല, ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 16-5-2012-ന് അയച്ച കത്തിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

എന്നാൽ നാളിതുവരെ വൃദ്ധസദനത്തിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. ഓഡിറ്റ് ടീം സൈറ്റ് നേരിട്ട് പരിശോധന നടത്തിയവേളയിൽ ഒന്നാം നിലയുടെ പണി ഏകദേശം പൂർത്തിയായതായും രണ്ടാം നിലയുടെ സ്ട്രക്ച്ചർ മാത്രം പണിത് നിർത്തിയിരിക്കുന്നതായും കണ്ടെത്തി. ഗ്രൗണ്ട് ഫ്ളോറിന്റെ പണി പൂർത്തിയാക്കി കതകുകളും ജനാലകളും ഉറപ്പിച്ചിട്ടുണ്ടെങ്കിലും ആയത് പൂട്ടി സൂക്ഷിക്കാത്തതുമൂലം ഇപ്പോൾ ഈ കെട്ടിടം സാമൂഹ്യവിരുദ്ധരുടെ താവളമായി മാറിയിരിക്കുകയാണ്. 2006-07 വർഷം ആരംഭിച്ച് നാളിതുവരെ 10,25,881 രൂപ ചെലവഴിച്ചിട്ടും നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തത് പഞ്ചായത്ത് അധികാരികളുടെ ഗുരുതരമായ അനാസ്ഥമൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u>

ശ്രീ. ജി. സദാശിവൻ നായർ, അസിസ്റ്റന്റ് എഞ്ചിനീയർ (റിട്ട.)

സൗപർണ്ണിക, പുല്ലാനിമുക്ക്,

കല്ലിയൂർ പി. ഒ., തിരുവനന്തപുരം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.8]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

71. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് വക വൃദ്ധസദനം നിർമ്മിക്കുന്നതിനായി 2006-07-ൽ ആരംഭിച്ച പദ്ധതിയുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും പ്രവൃത്തി ഏറ്റെടുത്തിരുന്ന കരാറുകാരന് പാർട്ട് ബിൽ നൽകിക്കഴിഞ്ഞപ്പോൾ പൊതുവിപണിയിൽ കെട്ടിട നിർമ്മാണ സാധനസാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിച്ചതിനാൽ പ്രവൃത്തി തുടരുവാൻ നിർവ്വാഹമില്ലെന്നും ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കി ബിൽ തുക അനുവദിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് പഞ്ചായത്ത് കമ്മിറ്റിയ്ക്ക് കത്ത് നൽകിയിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിൽ 2008-09-ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി കരാറുകാരൻ ചെയ്ത പ്രവൃത്തിയുടെ അളവെടുത്ത് മുഴുവൻ തുകയും നൽകുന്നതിന് തീരുമാനമെടുക്കുകയും റീടെൻഷൻ തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയും തിരിച്ച് നൽകുകയും ചെയ്തിരുന്നുവെന്നും തുടർവർഷങ്ങളിൽ പ്രസ്തുത പദ്ധതി റിവൈസ് ചെയ്ത് പുതിയ പദ്ധതിയാക്കിയെടുത്ത് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

72. കെട്ടിട നിർമ്മാണം പൂർത്തിയാക്കാതെ ഉപേക്ഷിച്ചുപോയ കരാറുകാരന് നൽകിയ തുക സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ബെയ്സ്മെന്റിന്റെയും ഭിത്തികളുടെയും പ്രവൃത്തികളാണ് ടിയാൻ ചെയ്തിരുന്നതെന്നും പ്രസ്തുത പ്രവൃത്തികളുടെ മെഷർമെന്റ് എടുത്ത് അതിന്റെ അടിസ്ഥാനത്തിൽ 1,80,000 രൂപ പാർട്ട് ബിൽ ആയി നൽകിയിരുന്നുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

73. പരാമർശവിധേയമായ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതായി ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചുവെങ്കിലും പ്രസ്തുത കെട്ടിടം നിലവിൽ വൃദ്ധസദനമായി ഉപയോഗിക്കുന്നില്ലെന്നും 2016 നവംബർ ഒന്ന് മുതൽ ആയുർവ്വേദ, ഹോമിയോ, സിദ്ധ ആശുപത്രികളാണ് പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്നും സമിതി നിരീക്ഷിച്ചു.

74. കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാതെ പദ്ധതി ഉപേക്ഷിച്ചുപോയ കരാറുകാരനിൽനിന്നും ഇതുമൂലം പഞ്ചായത്തിന് സംഭവിക്കുന്ന നഷ്ടം ഈടാക്കുവാൻ നിയമത്തിൽ അനുശാസിക്കുന്നുണ്ടെങ്കിലും അതിന് മുതിരാതെ, കരാർ ലംഘിച്ച കരാറുകാരന് ജാമ്യ നിക്ഷേപവും റീടെൻഷൻ തുകയും തിരികെ നൽകിയ പഞ്ചായത്ത് അധികൃതരുടെ നടപടി തീർത്തും ക്രമരഹിതമാണെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റ് വകുപ്പ് മുഖേന സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

75. **ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് വക വൃദ്ധസദനം നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുകയും പ്രവൃത്തി പൂർത്തീകരിക്കാതെ പാതിവഴിയിൽ ഉപേക്ഷിക്കുകയും ചെയ്ത കരാറുകാരന് ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യം അളന്ന് തുക അനുവദിച്ചിരുന്നുവെന്നും കൂടാതെ റീടെൻഷൻ തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയും തിരിച്ച് നൽകിയിരുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. പരാമർശവിധേയമായ കെട്ടിട നിർമ്മാണം പിന്നീട് പൂർത്തീകരിച്ചുവെങ്കിലും നിലവിൽ ആയുർവ്വേദ, ഹോമിയോ, സിദ്ധ ആശുപത്രികളാണ് പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാതെ പദ്ധതി ഉപേക്ഷിച്ചുപോയ കരാറുകാരനിൽനിന്നും നഷ്ടത്തുക ഈടാക്കുവാൻ നിയമത്തിൽ അനുശാസിക്കുന്നുണ്ടെങ്കിലും അതിന് മുതിരാതെ കരാർ ലംഘിച്ച കരാറുകാരന് ജാമ്യ നിക്ഷേപവും റീടെൻഷൻ തുകയും തിരികെ നൽകിയ പഞ്ചായത്ത് അധികൃതരുടെ നടപടി തീർത്തും ക്രമരഹിതമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും നഷ്ടത്തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബാങ്കിൽ ഒടുക്കാതെ പത്തുലക്ഷത്തിലേറെ രൂപ അപഹരിച്ചു - കരീപ്ര ഗ്രാമപഞ്ചായത്ത്**

- പണാപഹരണം നടത്തിയത് കണ്ടിജന്റ് ജീവനക്കാരൻ.
- സമാന്തര പാസ്ബുക്കും ക്യാഷ് ബുക്കും എഴുതി സൂക്ഷിച്ചതായി കണ്ടെത്തി.
- സമാന്തര വ്യാജരേഖകൾ ഹാജരാക്കി പരിശോധനാ സംവിധാനങ്ങളെയും കബളിപ്പിച്ചു.
- സാമ്പത്തിക തട്ടിപ്പ് തുടങ്ങിയത് 2005-06 മുതൽ.
- ഉദ്യോഗസ്ഥ മേൽനോട്ട സംവിധാനത്തിൽ ദീർഘകാലമായി വീഴ്ച.
- ആകെ നഷ്ടപ്പെട്ടത് ₹ 10,65,085.

**സമാന്തര പാസ്ബുക്കും ക്യാഷ് ബുക്കും എഴുതി സൂക്ഷിച്ചതായി കണ്ടെത്തി**

ഗ്രാമപഞ്ചായത്തിന്റെ നികുതി/നികുതിയേതര വരവുകൾ ഒടുക്കുന്ന കരീപ്ര സർവ്വീസ് സഹകരണ ബാങ്കിന്റെ തനത് അക്കൗണ്ട് (നമ്പർ 4462) മായി ബന്ധപ്പെട്ടാണ് പ്രധാനമായും സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുള്ളത്. ഒരേ കാലയളവിലെ ഒന്നിലധികം പാസ്ബുക്കുകൾ പ്രസ്തുത അക്കൗണ്ടുമായി ബന്ധപ്പെട്ട് കണ്ടെത്തിയിട്ടുണ്ട്. ഇവ ഒരേ കാലയളവിലെ പാസ് ബുക്കുകളാണെങ്കിലും ഇവയിലെ ഒടുക്ക്/പിൻവലിക്കൽ രേഖപ്പെടുത്തലുകളും നീക്കിയിരിപ്പിന്റെ രേഖപ്പെടുത്തലുകളും മിക്കപ്പോഴും വ്യത്യാസപ്പെട്ടിരുന്നു. എന്നാൽ ഇവയിൽ ഒരു പാസ്ബുക്ക് ക്യാഷ് ബുക്കുമായി ഒത്തു പോകുന്നതാണെന്നുകണ്ടു. പാസ്ബുക്കുകളിലെ രേഖപ്പെടുത്തലുകളും ഒരേ കയ്യക്ഷരത്തിൽ ഉള്ളവയാണെന്ന് പ്രാഥമിക പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ വ്യാജ പാസ്ബുക്ക് തയ്യാറാക്കുന്നതിന് മുന്നോടിയായി തയ്യാറാക്കിയിട്ടുള്ള വർക്ക് ഷീറ്റുകളും പഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. 2012-2013-ൽ സമാന്തര ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തി.

**സമാന്തര വ്യാജരേഖകൾ ഹാജരാക്കി പരിശോധനാ സംവിധാനങ്ങളേയും കബളിപ്പിച്ചു**

നേരത്തെ നടന്നിട്ടുള്ള ഓഡിറ്റ് പരിശോധനകളിലെല്ലാം സമാന്തരമായി ചമയ്ക്കപ്പെട്ടതും ക്യാഷ് ബുക്കുമായി ഒത്തു പോകുന്ന വിധത്തിൽ ഒടുക്ക്, പിൻവലിക്കൽ, നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തിയതുമായ വ്യാജ പാസ് ബുക്കുകളായിരുന്നു ഹാജരാക്കിയിരുന്നത് എന്ന് ഇപ്പോഴത്തെ പരിശോധനയിലൂടെ വ്യക്തമായി. ഓഡിറ്റ് പരിശോധനകൾക്ക് നൽകുന്നതിന് ഒന്നും ബാങ്കിൽ നൽകുന്നതിന് മറ്റൊന്നും എന്ന രീതിയിലും പാസ് ബുക്കുകൾ സൂക്ഷിച്ചിരുന്നു.

പരിശോധനാ കാലയളവിലെ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പണം പിരിവിലെ അപാകതകളും, മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയിൽ വന്ന വ്യത്യാസങ്ങളും, അക്കൗണ്ട് ബുക്കുകൾ പരിപാലിക്കുന്നതിലെ വീഴ്ചകളും യഥാവിധി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മാസാന്ത്യ, വർഷാന്ത്യ ക്ലോസിംഗ് നടത്താത്തതും ബാങ്ക്/ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുത്തൽ നടത്താത്തതും സംബന്ധിച്ച് കർശനമായ നിർദ്ദേശങ്ങളും നൽകിയിരുന്നു. ഈ നിർദ്ദേശങ്ങൾ ഗൗരവമായി പരിഗണിച്ച് തുടർ നടപടികൾ എടുക്കാതിരുന്നത് ദീർഘകാലം പണാപഹരണം നടത്തുന്നതിന് കാരണമായി.

**ഉദ്യോഗസ്ഥ മേൽനോട്ട സംവിധാനത്തിൽ ദീർഘകാലമായി വീഴ്ച**

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരം (ചട്ടം 77) പണം സംബന്ധിച്ചുള്ളതും അക്കൗണ്ട് സംബന്ധിച്ചുള്ളതുമായ ചുമതലകൾ വ്യത്യസ്തമായി നിലനിർത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പണം സ്വീകരിക്കുന്നതും അക്കൗണ്ട് തയ്യാറാക്കുന്നതും ഒരേ വ്യക്തി തന്നെ ആയിരിക്കരുത് എന്നും പറയുന്നു.

ചട്ടം 26 (3)-ൽ ട്രഷറി, ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഓരോ മാസാന്ത്യത്തിലും ശേഖരിക്കേണ്ടതും ലഭിച്ച തുകകൾ പൂർണ്ണമായും ബാങ്ക് /ട്രഷറി അക്കൗണ്ടുകളിൽ ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും അക്കൗണ്ടന്റിന്റെ ചുമതലയാണ്.

ധനവിനിയോഗം സംബന്ധിച്ച 12-4-2006-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി.) നമ്പർ 177/06/ധന. പ്രകാരം സെക്രട്ടറിമാർ എല്ലാ മാസവും പത്താം തീയതിക്ക് മുമ്പ് സ്ഥാപനങ്ങളിലെ രേഖകളുമായി ട്രഷറി/ബാങ്ക് അക്കൗണ്ട് പത്രിക ഒത്ത് നോക്കി അക്കൗണ്ട് വിവരം ശരിയാണെന്ന് ഉറപ്പു വരുത്തണം.

2005-06 മുതൽ 2010-11 വരെയുള്ള കാലയളവിൽ ക്യാഷ് ബുക്ക്, വരവ് ചെലവ് രജിസ്റ്ററുകൾ, ഔട്ട് ഡോർ ടോട്ടൽ കളക്ഷൻ രജിസ്റ്ററുകൾ എന്നിവയിൽ ഒരു എൻട്രിപോലും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരോ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരോ ഒപ്പു വയ്ക്കുകയോ ബാങ്ക് സ്റ്റേറ്റ്മെന്റ്, അക്കൗണ്ടുമായി പൊരുത്തപ്പെടൽ വരുത്തുകയോ ഒത്തുനോക്കുകയോ ചെയ്തിട്ടില്ല. അപ്രകാരം ചെയ്തിരുന്നുവെങ്കിൽ വളരെ മുമ്പ് തന്നെ ഈ വ്യത്യാസം ശ്രദ്ധയിൽപ്പെടുകയും വലിയ തോതിലുള്ള പണാപഹരണം ഒഴിവാക്കുകയും ചെയ്യാമായിരുന്നു. മേൽനോട്ട ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥരുടെ അത്യന്തം ഗുരുതരമായ വീഴ്ചയായി ഇതിനെ വിലയിരുത്തുന്നു.

പഞ്ചായത്തിലെ വെറുമൊരു കണ്ടിജന്റ് ജീവനക്കാരനും (പാർട്ട് ടൈം ലൈബ്രറിയൻ) പണാപഹരണം നടത്തിയതായി സമ്മതിച്ചിട്ടുള്ളയാളുമായ ശ്രീ. ചന്ദ്രബാബുവിന് പഞ്ചായത്തിലെ എൽ.ഡി. ക്ലാർക്ക് മുതൽ മേലോട്ടുള്ള ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട ചുമതലകൾ ഓഫീസ് ഉത്തരവുകൾ പ്രകാരം വിഭജിച്ച് നൽകിയിരുന്നു. ഇതിൽ രസീത് പ്രകാരമുള്ള നികുതി പിരിവ്, അനുബന്ധ രജിസ്റ്ററുകളുടെ എഴുത്ത്, ഫ്രണ്ട് ഓഫീസ് ജോലികൾ എന്നിവയും ഉൾപ്പെട്ടിരുന്നു. കണ്ടിജന്റ് ജീവനക്കാരന് പണം കൈകാര്യം ചെയ്യുന്നതിനും രജിസ്റ്ററുകൾ എഴുതുന്നതിനും, ഓഫീസ് സെക്ഷന്റെ ചുമതല വഹിക്കുന്നതിനുമുള്ള അധികാരം ഓഫീസ് ഉത്തരവ്പ്രകാരം നൽകിയിട്ടുള്ള ഉത്തരവാദികളായ ഉദ്യോഗസ്ഥർ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്.

**ധനാപഹരണത്തിന്റെ നാൾ വഴികൾ**

2013-14-ൽ ധനാപഹരണം നടന്നുവെന്ന് വ്യക്തമായതിനെ തുടർന്ന് നികുതി-നികുതിയേതര ഇനങ്ങളിലുള്ള വരവുകളുടേയും അവയുടെ ഒടുക്കലുകളുടേയും കൃത്യത ഉറപ്പാക്കുന്നതിനായി കരീപ്ര സഹകരണ ബാങ്കിലെ അക്കൗണ്ട് നമ്പർ 4462-ന്റെ 2003-04 മുതലുള്ള ലഡ്ജറുകൾ, 2005-06 മുതലുള്ള ബാങ്ക് സ്റ്റേറ്റ്മെന്റുകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കി. 2003-04, 2004-05 വർഷങ്ങളിലെ ബാങ്ക്ലെഡ്ജർ പ്രകാരമുള്ള തുകകൾ, പഞ്ചായത്തിൽനിന്നും ലഭ്യമാക്കിയ വരവ് രജിസ്റ്റർ, ക്യാഷ്ബുക്ക് എന്നിവയുമായി ഒത്തു നോക്കിയാൽ വ്യത്യാസം കാണുന്നില്ല.

2005-06 മുതൽ വിവിധ ദിവസങ്ങളിൽ നികുതി - നികുതിയേതര വരവ് ഇനങ്ങളിൽ ലഭ്യമായ തുക ബാങ്കിൽ ഒടുക്കുന്നതിൽ കുറവുവരുത്തി, ₹ 10,65,085 തനത് ഫണ്ടിൽനിന്നും അപഹരിച്ചു. നികുതി നികുതിയേതര ഇനങ്ങളിലുള്ള വരവ് തുകകൾ കരീപ്ര സഹകരണ ബാങ്ക് അക്കൗണ്ട് നമ്പർ 4462 പ്രകാരമുള്ള തനത് ഫണ്ട് അക്കൗണ്ടിൽ ഒടുക്കുന്നതിനായി പ്രസ്തുത അക്കൗണ്ടിന്റെ സമാന്തര വ്യാജ പാസ് ബുക്കിൽ സ്വയം രേഖപ്പെടുത്തുകയും എന്നാൽ വിവിധ ദിവസങ്ങളിലെ വരവ് തുകകൾ പൂർണ്ണമായോ ഭാഗികമായോ ബാങ്കിൽ ഒടുക്കാതെ കൈവശപ്പെടുത്തുകയും ചെയ്യുന്ന രീതി അവലംബിച്ച് ധനാപഹരണം നടത്തി. വരവ് തുകകൾ ബാങ്കിൽ ഒടുക്കുകയോ, വ്യാജ പാസ്ബുക്കിൽ രേഖപ്പെടുത്തുകയോ ചെയ്യാതിരിക്കൽ, ചെലവ് തുകകളുടെ വിവരങ്ങൾ പാസ്ബുക്കിൽ രേഖപ്പെടുത്താതിരിക്കൽ, അധിക തുക ചെലവ് ഇനത്തിൽ രേഖപ്പെടുത്തൽ മുതലായ കൃത്രിമങ്ങളും ബോധപൂർവ്വം വരുത്തിയിട്ടുണ്ട്. വരവ് തുകകൾ ഒടുക്കുന്നതിലെ കുറവ് മറച്ചു വയ്ക്കുന്നതിനുവേണ്ടിയാണ് ഇത്തരം കൃത്രിമങ്ങൾ നടത്തിയിട്ടുള്ളത്. വിവിധ വർഷങ്ങളിൽ

അടവിൽ കുറവ് വരുത്തിയ ആകെ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു (വരവ് തുകകൾ ഒടുക്കുവരുത്തിയതിലെ കുറവിന്റെ വിശദാംശം വർഷം തിരിച്ച് **അനുബന്ധം 3** ആയി ചേർത്തിട്ടുണ്ട്).

| വർഷം | തുക |
|---|---|
| 2005-06 | 66,306.00 |
| 2006-07 | 1,69,025.00 |
| 2007-08 | 1,03,995.00 |
| 2008-09 | 1,93,403.00 |
| 2009-10 | 1,37,433.00 |
| 2010-11 | 1,12,000.00 |
| 2011-12 | 35,000.00 |
| 2012-13 | 18,000.00 |
| 2013-14 | 2,29,923.00 |
| **ആകെ** | **10,65,085.00** |

പണാപഹരണംമൂലം പഞ്ചായത്ത് ഫണ്ടിന് ആകെ 10,65,085 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.3]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

76. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ കരീപ്ര ഗ്രാമപഞ്ചായത്ത് ഓഫീസിലെ കണ്ടിജന്റ് ജീവനക്കാരനായിരുന്ന ശ്രീ. ചന്ദ്രബാബു വ്യാജ പാസ്ബുക്കുകളും ക്യാഷ് ബുക്കുകളും ഉപയോഗിച്ച് 10,65,085 രൂപയുടെ ധനാപഹരണം നടത്തിയതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും, ക്രമക്കേടുകൾ നടത്തിയതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാനെ മൂന്ന് വർഷത്തോളം

സസ്പെൻഡ് ചെയ്തിരുന്നുവെന്നും പത്ത് ലക്ഷത്തിലേറെ രൂപ അപഹരിച്ചതിൽ രണ്ട് ലക്ഷത്തോളം രൂപ ടിയാൻ തിരിച്ചടച്ചിട്ടുണ്ടെന്നും സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ടിയാനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചുവെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് നിലവിലുണ്ടെന്നും, തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ടിയാന്റെ കൈയക്ഷരം പരിശോധനയ്ക്കായി അയച്ചുകൊടുത്തിട്ടുണ്ടെന്നും അന്വേഷണം ത്വരിതഗതിയിൽ നടന്നുവരുന്നുണ്ടെന്നുമുള്ള വിവരമാണ് വിജിലൻസ് വിഭാഗത്തിൽനിന്നും അവസാനമായി ലഭിച്ചതെന്നും കരീപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

77. ധനാപഹരണം നടത്തിയ ശ്രീ. ചന്ദ്രബാബു താൽക്കാലിക ജീവനക്കാരനായാണ് പഞ്ചായത്ത് ഓഫീസിൽ ജോലിയിൽ പ്രവേശിച്ചതെന്നും പതിനൊന്ന് ഇന പരിപാടി അനുസരിച്ച് പഞ്ചായത്തുകളിൽ താൽക്കാലികമായി നിയമിച്ചവരെ അതത് പഞ്ചായത്തുകളിൽ തന്നെ സ്ഥിരപ്പെടുത്തേണ്ടതായതിനാൽ അതിന്റെ അടിസ്ഥാനത്തിലാണ് ടിയാൻ സ്ഥിരപ്പെട്ടതെന്നും ടിയാൻ നിലവിലും സർവ്വീസിൽ തുടരുന്നുണ്ടെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

78. സസ്പെൻഷൻ റിവ്യൂ കമ്മിറ്റി എന്നാണ് യോഗം ചേർന്നതെന്നും, കമ്മിറ്റിയിലെ അംഗങ്ങളെ സംബന്ധിച്ചും സമിതി ആരാഞ്ഞപ്പോൾ 16-8-2018-ലാണ് സസ്പെൻഷൻ റിവ്യൂ കമ്മിറ്റി യോഗം ചേർന്നതെന്നും, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, പി.&എ.ആർ.ഡി. പ്രിൻസിപ്പൽ സെക്രട്ടറി, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ എന്നിവരാണ് സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയിലെ അംഗങ്ങളെന്നും കരീപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

79. കുറ്റക്കാരനായ വ്യക്തിയ്ക്കെതിരെ ക്രിമിനൽ കേസ് ഫയൽ ചെയ്തിരുന്നോ എന്ന് സമിതി ആരാഞ്ഞതിന് ടിയാനെതിരെ ക്രിമിനൽ കേസ് ഫയൽ ചെയ്തിരുന്നുവെന്നും, പ്രസ്തുത കേസടക്കം നിലവിൽ വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

80. സർക്കാർ സ്ഥാപനത്തിൽനിന്നും പത്ത് ലക്ഷത്തിലേറെ തുക അപഹരിച്ച ഒരാളെ അച്ചടക്ക നടപടികൾ പൂർത്തിയാക്കാതെ നിർബാധം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ തീരുമാനം ന്യായരഹിതമാണെന്നും ആയത് പുനഃപരിശോധിക്കപ്പെടേണ്ടതാണെന്നും അഭിപ്രായപ്പെട്ട സമിതി പ്രസ്തുത

വിഷയവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഓഡിറ്റ് വകുപ്പുമുഖേന സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു. കൂടാതെ കുറ്റക്കാരനായ വ്യക്തിയ്ക്കെതിരെയുള്ള ക്രിമിനൽ കേസ്, വിജിലൻസ് കേസ് എന്നിവയുടെ നിലവിലെ സ്ഥിതി, പതിനൊന്ന് ഇന പരിപാടി അനുസരിച്ച് സർവ്വീസിൽ പ്രവേശിപ്പിച്ചവരെ സ്ഥിരപ്പെടുത്തിയതിന്റെ മാനദണ്ഡം എന്താണ് എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കണമെന്ന് സമിതി കരീപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

81. **കരീപ്ര ഗ്രാമപഞ്ചായത്ത് ഓഫീസിലെ കണ്ടിജന്റ് ജീവനക്കാരനായിരുന്ന ശ്രീ. ചന്ദ്രബാബു 10,65,085 രൂപയുടെ ധനാപഹരണം നടത്തിയതായി ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ടിയാനെ മൂന്ന് വർഷം സസ്പെൻഡ് ചെയ്തിരുന്നുവെന്നും സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ തീരുമാനപ്രകാരം പിന്നീട് സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചുവെന്നും, രണ്ട് ലക്ഷത്തോളം രൂപ ടിയാൻ തിരിച്ചടച്ചിട്ടുണ്ടെന്നും, ടിയാനെതിരെയുള്ള ക്രിമിനൽ കേസ് അടക്കം പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കേസുകളിലെല്ലാം നിലവിൽ വിജിലൻസ് അന്വേഷണം നടന്ന് വരികയാണെന്നും സമിതി നിരീക്ഷിക്കുന്നു. ധനാപഹരണം നടത്തിയ ശ്രീ. ചന്ദ്രബാബു താൽക്കാലിക ജീവനക്കാരനായാണ് സർവ്വീസിൽ പ്രവേശിച്ചതെന്നും പതിനൊന്ന് ഇന പരിപാടി അനുസരിച്ച് പഞ്ചായത്തുകളിൽ താൽക്കാലികമായി നിയമിച്ചവരെ അതത് പഞ്ചായത്തുകളിൽതന്നെ സ്ഥിരപ്പെടുത്തേണ്ടതായതിനാൽ അതിന്റെ അടിസ്ഥാനത്തിലാണ് ടിയാൻ സർവ്വീസിൽ സ്ഥിരപ്പെട്ടതെന്നും സമിതി മനസ്സിലാക്കുന്നു.**

82. **സർക്കാർ സ്ഥാപനത്തിൽനിന്നും പത്ത് ലക്ഷത്തിലേറെ തുക അപഹരിച്ച ഒരാളെ അച്ചടക്ക നടപടികൾ പൂർത്തീകരിക്കാതെ നിർബാധം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ തീരുമാനം ന്യായരഹിതമാണെന്നും, ആയത് പുനഃപരിശോധിക്കപ്പെടണമെന്നും സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് മുഴുവൻ രേഖകളും ഓഡിറ്റ്വകുപ്പ് മുഖേന ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ കുറ്റക്കാരനായ വ്യക്തിയ്ക്കെതിരെയുള്ള ക്രിമിനൽ കേസ്, വിജിലൻസ് കേസ് എന്നിവയുടെ നിലവിലെ സ്ഥിതി, പതിനൊന്ന് ഇന പരിപാടി അനുസരിച്ച് സർവ്വീസിൽ പ്രവേശിപ്പിച്ചവരെ സ്ഥിരപ്പെടുത്തിയതിന്റെ മാനദണ്ഡം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തെറ്റായ വിവരങ്ങൾ നൽകി സർക്കാരിൽ നിന്നും 'താൽപര്യ കത്ത്' സമ്പാദിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചു - അഞ്ചൽ ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 2014-15, ഖണ്ഡിക 2.1)

2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ചും, 2013-14 വർഷത്തിൽ ആകെ നിർമ്മിത വിസ്തീർണ്ണത്തിന്റെ 30% മാത്രം പണി പൂർത്തീകരിച്ചതുമായ അനധികൃത നിർമ്മാണത്തിന്, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന തീയതിയായ 6-6-2007-ന് മുൻപുതന്നെ 90% നിർമ്മാണവും പൂർത്തീകരിച്ചതാണെന്നും, ആയതിനാൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ബാധകമാക്കേണ്ടതില്ലെന്നുമുള്ള വസ്തുതാ വിരുദ്ധമായ റിപ്പോർട്ട് സർക്കാരിലേയ്ക്ക് നൽകി, സർക്കാരിൽ നിന്ന് ക്രമവൽക്കരണത്തിന് താൽപ്പര്യം അറിയിച്ചുകൊണ്ടുള്ള ഒരു കത്ത് നേടിയെടുത്ത്, കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചു.

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ഒരു കെട്ടിടത്തിന് അനുവദനീയമായ വ്യാപ്തിയുടെ പരിധി, കെട്ടിടത്തിന് ചുറ്റും ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം, അംഗപരിമിതർക്കുള്ള വിശേഷാൽ സൗകര്യങ്ങൾ, പാർക്കിംഗ് സൗകര്യങ്ങൾ എന്നിവ പാലിക്കാതെ 2014-15-ൽ നിർമ്മാണം പൂർത്തിയായതും, 917.38 ച.മീറ്റർ വിസ്തൃതിയുള്ളതുമായ ഓഡിറ്റോറിയത്തിനാണ് മേൽപ്പറഞ്ഞ രീതിയിൽ തെറ്റായ വിവരങ്ങൾ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തുകൊണ്ട് തദ്ദേശസ്വയംഭരണ (ആർ.എ.) വകുപ്പ് സെക്രട്ടറിയുടെ ക്രമവൽക്കരണത്തിന് താൽപ്പര്യം അറിയിച്ചുകൊണ്ടുള്ള കത്ത് നേടിയെടുത്ത് ആയതിന്റെയടിസ്ഥാനത്തിൽ ക്രമവൽക്കരിച്ച് കെട്ടിട നമ്പർ അനുവദിച്ച് നൽകിയത്.

അഞ്ചൽ-ആയൂർ റോഡിന് സമീപം അഞ്ചൽ വില്ലേജിൽ ഓഡിറ്റോറിയത്തിന് കെട്ടിടനമ്പർ ലഭിക്കുന്നതിനായി 31-1-2014-ൽ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചതിന്റെയും ഈ കെട്ടിടത്തിന്റെ ക്രമവൽക്കരണത്തിനായി പഞ്ചായത്ത് സെക്രട്ടറി വിവിധ ഓഫീസുകളിലേയ്ക്ക് നടത്തിയ കത്തിടപാടുകളുടെയും, ആയതിന് ലഭ്യമായ മറുപടികളുടെയും തീരുമാനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ നാൾവഴി ചുവടെ ചേർക്കുന്നു:

- 31-1-2014-ൽ കെട്ടിട ഉടമ സമർപ്പിച്ച അപേക്ഷപ്രകാരം കെട്ടിടത്തിന്റെ പ്ലാനിന്റെ ലേ ഔട്ടിന് അംഗീകാരം ലഭിക്കുന്നതിനായി സെക്രട്ടറി ഫയൽ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിലേയ്ക്ക് അയച്ചു. (നമ്പർ എ 3.1231/14 തീ. 2-6-2014)

• നിർമ്മാണം പൂർത്തീകരിച്ച കെട്ടിടം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 57(2), 35, 38, 104, 56(7) എന്നിവ ലംഘിക്കുന്നതിനാൽ ലേ-ഔട്ടിന് അംഗീകാരം നൽകുവാൻ നിർവ്വാഹമില്ലെന്ന് 7-7-2014-ൽ ജില്ലാ ടൗൺ പ്ലാനർ സെക്രട്ടറിയെ അറിയിച്ചു. (നം.സി/712/2014/KDIS തീ. 7-7-2014)

• കെട്ടിടത്തിന്റെ നിർമ്മാണത്തിന് 17-7-2006-ൽ എ 42/06 നമ്പരായി നിരാക്ഷേപ സാക്ഷ്യപത്രം (N.O.C) അനുവദിച്ചിട്ടുള്ളതാണെന്നും, ടി കെട്ടിടത്തിന്റെ നിർമ്മാണം 2007- ന് മുൻപ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിന് മുൻപ്) 90% പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ടെന്നും, ആയതിന്റെ യടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്നും കാട്ടി 25-7-2014-ൽ സെക്രട്ടറി ജില്ലാ ടൗൺ പ്ലാനർക്ക് കത്തയച്ചു. (എ 3-1231/14 തീ. 25-7-2014)

• 6-6-2007-ൽ ഗ്രാമപഞ്ചായത്തുകളിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നതിന്റെ ഭാഗമായി 25-7-2014-ലെ 24136(1)/ആർ.എ.1/ ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലെ ഖണ്ഡിക 2 അനുസരിച്ച് 6-6-2007-ന മുമ്പ് നിർമ്മാണം പൂർത്തിയായതോ, നിർമ്മാണം ആരംഭിച്ച നടന്നു കൊണ്ടിരിക്കുന്നതോ ആയ കെട്ടിടങ്ങളെക്കുറിച്ച് സെക്രട്ടറി വിവരം ശേഖരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നുവെന്നും, ടി കെട്ടിടത്തിന്റെ നിർമ്മാണത്തെക്കുറിച്ച് അത്തരത്തിൽ വിവരശേഖരണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കണമെന്നും, കൂടാതെ പഞ്ചായത്തിൽ നിന്ന് 17-7-2006-ന് നൽകിയ നിരാക്ഷേപസാക്ഷ്യപത്രം അനുസരിച്ച് കെട്ടിടത്തിന്റെ പ്രൊപ്പോസ്ഡ് ഫ്ലോർ ഏരിയ എത്രയായിരുന്നുവെന്ന് അറിയിക്കണമെന്നും കാണിച്ച് ജില്ലാ ടൗൺ പ്ലാനർ 20-8-2014-ൽ സെക്രട്ടറിയ്ക്ക് കത്തയച്ചു (നം. സി/935/2014).

• 25-7-2014-ലെ സർക്കുലർ പ്രകാരം 6-6-2007-ന് മുമ്പ് നിർമ്മാണം പൂർത്തിയാക്കിയതോ, ആരംഭിച്ചുകൊണ്ടിരിക്കുന്നതോ ആയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത് സംബന്ധിച്ച രജിസ്റ്റർ ഈ കാര്യാലയത്തിൽ ലഭ്യമല്ലെന്നും, കെട്ടിടം ഉൾപ്പെട്ട പ്ലോട്ടിന്റെ നിലവിലുള്ള പ്രമാണത്തിലും, 9-1-2007-ൽ രജിസ്റ്റർ ചെയ്ത മുൻപ്രമാണങ്ങളിലും ടി കെട്ടിടം 'പണിപൂർത്തീകരിച്ചിട്ടില്ലാത്ത ഓഡിറ്റോറിയം' എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും, കൂടാതെ 17-7-2006-ന് നൽകിയ നിരാക്ഷേപ സാക്ഷ്യപത്രം സംബന്ധിച്ച രജിസ്റ്റർ ഈ കാര്യാലയത്തിൽ ലഭ്യമല്ലാത്തതിനാൽ നിരാക്ഷേപസാക്ഷ്യപത്രം പ്രകാരമുള്ള പ്രൊപ്പോസ്ഡ് ഫ്ലോർ ഏരിയ എത്രയെന്ന് വ്യക്തമാക്കാൻ നിർവ്വാഹമില്ലെന്നും 22-11-2014-ൽ സെക്രട്ടറി ടൗൺ പ്ലാനറെ അറിയിച്ചു (എ 3-1231/14).

• കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുൻപ് (6-6-2007-ന് മുൻപ്) structure പൂർത്തിയായ ടി കെട്ടിടത്തിന്മേൽ 25-7-2007-ലെ സർക്കുലറിൽ പറയുന്ന രീതിയിൽ നടപടികളൊന്നും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ലെന്നും, നിലവിൽ ചട്ടലംഘനമുള്ള ടി കെട്ടിടം 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് റെഗുലറൈസ്

ചെയ്യാൻ സാധിക്കാത്തതിനാൽ ലേ-ഔട്ടിന് അംഗീകാരം നൽകാൻ നിർവ്വാഹമില്ലായെന്നും ക്രമവൽക്കരണത്തിനായി കേരള പഞ്ചായത്ത് ബിൽഡിംഗ്സ് (regularistaion of unauthorized construction) റൂൾസ് നിലവിൽ വരുമ്പോൾ സർക്കാരിനെ ചട്ടപ്രകാരം സമീപിക്കാവുന്നതാണെന്നും 9-12-2014-ൽ ജില്ലാ ടൗൺ പ്ലാനർ സെക്രട്ടറിയെ അറിയിച്ചു (നം. സി/935/2014/കെ.ഡി.എസ്.).

- കെട്ടിടത്തിന്റെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും, പാർക്കിംഗ് പ്രശ്നത്തിന് പരിഹാരമായി കെട്ടിട ഉടമ പ്ലോട്ടിൽ നിന്ന് 300 മീറ്റർ അകലെയായി 10 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ടെന്നും, ചട്ടപ്രകാരം സർക്കാരിനെ സമീപിക്കാൻ ടൗൺ പ്ലാനിംഗിൽ നിന്ന് സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ടെന്നും കാണിച്ച് പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന 9-2-2015-ൽ തദ്ദേശസ്വയംഭരണ സെക്രട്ടറിയെ സമീപിച്ചു (എ 3-1231/14).

- ടി റിപ്പോർട്ട് പരിഗണിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, അപേക്ഷകൻ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള 917.38 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം അഞ്ചൽ ഗ്രാമപഞ്ചായത്തിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുൻപ് (6-6-2007) നിർമ്മാണം നടത്തിയിട്ടുള്ളതാണെന്നും, ആയതിനാൽ കെട്ടിടം ക്രമവൽക്കരിച്ചു നൽകാൻ താൽപര്യപ്പെടുന്നുവെന്നും 1-6-2015-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചു (നം. 9830/ആർ.എ.3/2015/തസ്വഭവ).

- സർക്കാരിൽനിന്ന് ക്രമവൽക്കരണത്തിന് താൽപര്യം അറിയിച്ചുകൊണ്ടുള്ള കത്തിന്റെ യടിസ്ഥാനത്തിൽ 17-6-2015-ൽ ഓഡിറ്റോറിയം ക്രമവൽക്കരിച്ച് പുതിയ കെട്ടിട നമ്പർ അനുവദിച്ചു (ഉത്തരവ് നമ്പർ എ 3-1231/14 തീയതി 17-6-2015).

മേൽസൂചിത കത്തുകളും, അനുബന്ധരേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സർക്കാരിന് നൽകിയ റിപ്പോർട്ടിലും, ആയതിന്റെയടിസ്ഥാനത്തിൽ എടുത്ത തീരുമാനത്തിലും ഉള്ള അപാകങ്ങൾ താഴെ പറയുന്നു.

- അഞ്ചൽ - ആയൂർ റോഡിന് സമീപമുള്ള പുരയിടവും അതിലെ പണി പൂർത്തീകരിച്ചിട്ടില്ലാത്ത ഓഡിറ്റോറിയവും 23-7-2013-ലാണ് ഉടമസ്ഥന്റെ പേർക്ക് രജിസ്റ്റർ ചെയ്ത് ലഭിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ പ്രമാണത്തോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്ന ഫാറം 1 ബിയിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണമായി രേഖപ്പെടുത്തിയിരിക്കുന്നത് 3000 സ്ക്വയർ ഫീറ്റ് എന്നാണ്, അതായത് 279 ച.മീറ്റർ ആകയാൽ 31-1-2014-ൽ നമ്പറിങ്ങിനായി കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന 917.38 ച.മീറ്റർ വിസ്തീർണ്ണത്തിന്റെ 30% മാത്രമാണ് 2013-14-ൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. ആയതിനാൽ ടി കെട്ടിടത്തിന്റെ ക്രമവൽക്കരണത്തിന് 2011-ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാണ്.

• കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം തറ വിസ്തീർണ്ണാനുപാതം, വ്യാപ്തി, തെരുവ് വിട്ടുള്ള പാർക്കിംഗ് പ്രദേശത്തിന്റെ ചുരുങ്ങിയ വിസ്തീർണ്ണം, പ്ലോട്ടിലേയ്ക്കുള്ള പ്രവേശന മാർഗ്ഗത്തിന്റെ വീതി, പ്രധാന തെരുവിൽനിന്നും പ്ലോട്ടിലേയ്ക്കുള്ള പ്രവേശന മാർഗ്ഗത്തിലേയ്ക്ക് നയിക്കുന്ന തെരുവിന്റെ വീതി എന്നിവയുടെ കാര്യത്തിൽ കെട്ടിടം മുഴുവനും (അതായത് നിലവിലുള്ളതും നിർദ്ദിഷ്ടമായതും) കണക്കിലെടുക്കേണ്ടതാണ്. ആയതു പ്രകാരം കെട്ടിടത്തിന്റെ വ്യാപ്തി 64.26% ആണ്.

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35 പ്രകാരം ഓഡിറ്റോറിയം ഉൾപ്പെടുന്ന 'ഡി വിഭാഗം' കെട്ടിടങ്ങൾക്ക് കാറ്റഗറി II പഞ്ചായത്തുകളിൽ അനുവദനീയമായ പരമാവധി വ്യാപ്തിയുടെ പരിധി 35% ആണ്. ആയതിനാൽ അനുവദനീയമായ വ്യാപ്തിയുടെ പരിധി പാലിക്കാതെ നിർമ്മിക്കപ്പെട്ട കെട്ടിടം ക്രമവൽക്കരിക്കുവാൻ പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 134 ഖണ്ഡിക 2-ലെ വ്യവസ്ഥ പ്രകാരം സെക്രട്ടറിയ്ക്ക് അധികാരമില്ല.

• ക്രമവൽക്കരണത്തിനായി സർക്കാരിനെ സമീപിക്കുന്നതിന് ജില്ലാ ടൗൺ പ്ലാനിംഗിൽ നിന്ന് സ്പഷ്ടീകരണം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് സർക്കാരിനെ സമീപിച്ചതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന തദ്ദേശസ്വയംഭരണ സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിൽ നിന്ന് 9-12-2014 തീയതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ പറഞ്ഞിരിക്കുന്നത് 'ക്രമവൽക്കരണത്തിനായി കേരള പഞ്ചായത്ത് ബിൽഡിംഗ്സ് (regularisation of authorized construction) റൂൾസ് നിലവിൽ വരുമ്പോൾ സർക്കാരിനെ ചട്ടപ്രകാരം സമീപിക്കാവുന്നതാണ്" എന്നാണ്. പഞ്ചായത്ത് തലത്തിൽ ക്രമവൽക്കരിക്കാൻ സാധിക്കാത്ത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് നിയമം, 254, 235 (എ, ബി) വകുപ്പുകൾ പ്രകാരം രൂപീകരിച്ചിട്ടുള്ളതാണ് കേരള പഞ്ചായത്ത് ബിൽഡിംഗ്സ് (regularisation of unauthorized construction) ചട്ടങ്ങൾ, 2010. അതിൻപ്രകാരം ഒരു അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി കെട്ടിട ഉടമ നിശ്ചിത ഫാറത്തിൽ (ഫാറം 1 എ) പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതും, ആയത് പരിശോധിച്ച് സെക്രട്ടറി ഫാറം 1 ബി-യിൽ റിപ്പോർട്ട് തയ്യാറാക്കി ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിലേയ്ക്ക് അയക്കേണ്ടതും, അവിടെ നിന്ന് ഫാറം 1 സി-യിൽ തയ്യാറാക്കപ്പെടുന്ന റിപ്പോർട്ട് സഹിതം അപേക്ഷ ചീഫ് ടൗൺ പ്ലാനർക്ക് സമർപ്പിച്ച് അദ്ദേഹത്തിന്റെ ഫാറം-1 ഡി-യിലെ റിപ്പോർട്ടുകൂടി ഉൾപ്പെടുത്തി അപേക്ഷ സർക്കാരിലേയ്ക്ക് നൽകേണ്ടതുമാണ്. തുടർന്ന് സർക്കാർ അപേക്ഷ വിശദമായി പരിശോധിക്കുകയും, യുക്തമെന്ന് തോന്നുന്നപക്ഷം ചട്ടപ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ടും മറ്റ് നിബന്ധനകൾ ഉണ്ടെങ്കിൽ അവ വ്യക്തമാക്കിക്കൊണ്ടും ക്രമവൽക്കരണത്തിനുള്ള അനുമതി 'ഉത്തരവായി'ത്തന്നെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് അയച്ചുനൽകും. ഈ ആവശ്യത്തിലേയ്ക്കായി ഒരു നിശ്ചിത തീയതിക്ക് മുൻപ് നിർമ്മാണം പൂർത്തിയായ അനധികൃത നിർമ്മാണങ്ങൾ

ക്രമവൽക്കരിക്കുന്നതിനായി കാലാകാലങ്ങളിൽ സർക്കാർ അപേക്ഷ ക്ഷണിക്കുകയും, ആയതിലേയ്ക്കായി പ്രസ്തുത ചട്ടം പരിഷ്കരിച്ചിറക്കുകയും ചെയ്യാറുണ്ട്. നിലവിലെ കേരള പഞ്ചായത്ത് ബിൽഡിംഗ്സ് (regularisation of unauthorized construction) ചട്ടങ്ങൾ 2014 പ്രകാരം 31-3-2013-ലോ, അതിനുമുൻപോ നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങളെയാണ് ക്രമവൽക്കരണത്തിനായി പരിഗണിക്കുന്നത്. ആയതിനാലാണ് 2014-15-ൽ നിർമ്മാണം പൂർത്തിയായ ടി കെട്ടിടം 'ക്രമവൽക്കരിക്കുന്നതിനായി കേരള പഞ്ചായത്ത് ബിൽഡിംഗ്സ് (regularisation of unauthorized construction) റൂൾസ് നിലവിൽ വരുമ്പോൾ സർക്കാരിനെ ചട്ടപ്രകാരം സമീപിക്കാവുന്നതാണ് ' എന്ന് ജില്ലാ ടൗൺ പ്ലാനർ സ്പഷ്ടീകരണം നൽകിയത്. ആയതിനാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേടിയെടുത്ത ക്രമവൽക്കരണത്തിന് താൽപ്പര്യം അറിയിച്ചുകൊണ്ടുള്ള കത്ത്, നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

- കെട്ടിടത്തിന്റെ നിർമ്മാണം 2007-ന് മുൻപ് 90% പൂർത്തിയായതായി സ്ഥലപരിശോധനയിലും പ്രാദേശിക പരിശോധനയിലും ബോധ്യപ്പെട്ടുവെന്നാണ് ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടത്തിയിട്ടുള്ള കത്തിടപാടുകളിലെല്ലാം പരാമർശിച്ചിരിക്കുന്നത്. എന്നാൽ സ്ഥല പരിശോധനയും പ്രാദേശിക പരിശോധനയും നടത്തിയത് ആരാണെന്നോ, എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടത്തിന്റെ നിർമ്മാണം 2007-ന് മുൻപ് 90% പൂർത്തിയായതായി ബോധ്യപ്പെട്ടതെന്നോ മനസ്സിലാക്കുന്നതിനുള്ള റിപ്പോർട്ടുകളോ രേഖകളോ ബന്ധപ്പെട്ട ഫയലിൽ ഉണ്ടായിരുന്നില്ല.

ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി ചട്ടപ്രകാരം സർക്കാരിനെ സമീപിക്കേണ്ട മാർഗ്ഗത്തിലൂടെയല്ലാതെയും തെറ്റായ വിവരങ്ങൾ നൽകിയും നേടിയെടുത്ത 'ക്രമവൽക്കരണത്തിന് താൽപ്പര്യം' അറിയിച്ചുകൊണ്ടുള്ള കത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ കെട്ടിടത്തിന്റെ ക്രമവൽക്കരണം മേൽസൂചിപ്പിച്ച കാരണങ്ങളാൽ നിലനിൽക്കുന്നതല്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

83. 2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ചതും 2013-14 വർഷത്തിൽ ആകെ നിർമ്മിത വിസ്തീർണ്ണത്തിന്റെ 30% മാത്രം പണി പൂർത്തീകരിച്ചതുമായ അനധികൃത നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന തീയതിയായ 6-6-2007-ന് മുൻപുതന്നെ 90% നിർമ്മാണവും പൂർത്തീകരിച്ചതാണെന്നും, കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുൻപ്

പൂർത്തീകരിച്ചിട്ടുള്ള കെട്ടിടമായതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കേണ്ടതില്ലെന്നുമുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് നൽകി, സർക്കാരിൽനിന്നും ക്രമവൽക്കരണത്തിന് അനുമതി നേടിയെടുത്ത്, കെട്ടിടം ക്രമവൽക്കരിച്ചത് സംബന്ധിച്ച ഓഡിറ്റ് പരാമർശം സമിതി പരിഗണിക്കുകയും പഞ്ചായത്തിന്റെ കീഴിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ ഔദ്യോഗികമായി രേഖപ്പെടുത്തിയ രജിസ്റ്റർ ഓഡിറ്റ് വകുപ്പിന് ഹാജരാക്കാത്തതാണ് ഇത്തരം ഓഡിറ്റ് തടസ്സങ്ങൾക്ക് കാരണമെന്ന് നിരീക്ഷിക്കുകയും ചെയ്തു. ആയത് സംബന്ധിച്ച് സമിതി വിശദാംശങ്ങൾ ആരാഞ്ഞതിന് പ്രസ്തുത രജിസ്റ്റർ പഞ്ചായത്ത് ഓഫീസിൽ പരിപാലിച്ചിരുന്നുവെന്നും എന്നാൽ നിലവിൽ അത് കാണുന്നില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

84. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട രേഖകൾ ഗ്രാമപഞ്ചായത്ത് അധികൃതർ പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി പരാമർശവിധേയമായ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട രേഖകളെല്ലാം ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും പ്രസ്തുത രേഖകൾ വിശദമായി പരിശോധിച്ച് ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോടും നിർദ്ദേശിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**85. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ചതും 2013-14 വർഷത്തിൽ ആകെ നിർമ്മിത വിസ്തീർണ്ണത്തിന്റെ 30% മാത്രം പണി പൂർത്തീകരിച്ചതുമായ അനധികൃത നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന തീയതിയായ 6-6-2007-ന് മുൻപ് തന്നെ 90% നിർമ്മാണവും പൂർത്തീകരിച്ചിട്ടുള്ള കെട്ടിടമായതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കേണ്ടതില്ലെന്നുമുള്ള പ്രൊപ്പോസൽ, സർക്കാരിലേയ്ക്ക് നൽകുകയും സർക്കാരിൽനിന്നും ക്രമവൽക്കരണത്തിന് അനുമതി നേടിയെടുത്ത് കെട്ടിടം ക്രമവൽക്കരിക്കുകയും ചെയ്തതായും സമിതി നിരീക്ഷിക്കുന്നു. പഞ്ചായത്തിന്റെ കീഴിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ ഔദ്യോഗികമായി രേഖപ്പെടുത്തിയ രജിസ്റ്റർ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കാത്തതാണ് ഇത്തരം ഓഡിറ്റ് തടസ്സങ്ങൾക്ക് കാരണമെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത പരാമർശ വിഷയവുമായി ബന്ധപ്പെട്ട രേഖകൾ ഗ്രാമപഞ്ചായത്ത് അധികൃതർ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പരാമർശവിധേയമായ കെട്ടിടവുമായി ബന്ധപ്പെട്ട രേഖകളെല്ലാം അടിയന്തരമായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ടി രേഖകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരമാർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ നിർദ്ദേശം മറികടന്ന് ക്രമവൽക്കരണത്തിന് ശിപാർശ ചെയ്തു - ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 2013-14, 2014-15, ഖണ്ഡിക 2-2)

കേരള നദീതീര തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം, ശാസ്താംകോട്ട കായലിനരികെ സ്ഥാപിച്ചിട്ടുള്ള ജലവിതാന കല്ലിൽനിന്നും മതിയായ അകലം പാലിച്ചിട്ടില്ലായെന്ന കാരണത്താൽ, അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തിയ കെട്ടിടങ്ങളുടെ കാര്യത്തിൽ പരിസ്ഥിതി വകുപ്പ് നിയമിക്കുന്ന വിദഗ്ദ്ധ സമിതിയെക്കൊണ്ട് ശാസ്ത്രീയമായി അതിർത്തി നിർണ്ണയിച്ചതിനുശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാവൂ എന്ന സർക്കാർ നിർദ്ദേശം ലംഘിച്ചുകൊണ്ട് ക്രമവൽക്കരണത്തിനായി ശിപാർശ ചെയ്തു.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 (എ, ബി) അനുസരിച്ച് പഞ്ചായത്ത് തലത്തിൽ ക്രമവൽക്കരിക്കാൻ സാധിക്കാത്ത കെട്ടിടങ്ങളോ ഭൂവികസനമോ, സർക്കാരിന്, നിർണ്ണയിക്കപ്പെട്ട പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് ക്രമവൽക്കരിക്കാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ Kerala Panchayath Building (Registration of Unauthorised Constructions) Rules 2014 പ്രകാരം അനധികൃത നിർമ്മാണങ്ങൾ സർക്കാർ തലത്തിൽ ക്രമവൽക്കരിക്കേണ്ടതിനായി പഞ്ചായത്തിന്റെ ശിപാർശയോടുകൂടി സർക്കാരിന് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 5-ൽ കേരള നദീതീര തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള നിർമ്മാണങ്ങൾക്ക് പഞ്ചായത്തിൽനിന്നും ശിപാർശ ചെയ്യാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

കേരള നദീതീര തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെട്ട പ്രസ്തുത കെട്ടിടങ്ങൾ, ശാസ്താംകോട്ട കായലിനരികെ സ്ഥാപിച്ചിട്ടുള്ള ജലവിതാന കല്ലിൽനിന്നും മതിയായ അകലം പാലിച്ചിട്ടില്ലായെന്ന കാരണത്താലാണ് അവയെ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തിയത്. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി 21-3-2014-ൽ അയച്ച കത്ത് പ്രകാരം കഴിഞ്ഞ 10 വർഷത്തെ mean high flood level-ന്റെ അടിസ്ഥാനത്തിലാണ് ശാസ്താംകോട്ട തടാകത്തിന്റെ അതിർത്തി നിർണ്ണയിക്കേണ്ടതെന്നും, ഇക്കാര്യത്തിൽ ശാസ്ത്രീയമായ നിർണ്ണയം ഉണ്ടാവാത്തതിനാൽ ഒരു വിദഗ്ദ്ധ സമിതിയെ ശാസ്ത്രീയമായി അതിർത്തി നിർണ്ണയിക്കുന്നതിനു ചുമതലപ്പെടുത്തുന്നതിനുള്ള നടപടി പരിസ്ഥിതി വകുപ്പ് സ്വീകരിച്ചു വരുന്നതായും, ആയതിനാൽ ശാസ്ത്രീയമായ അതിർത്തി നിർണ്ണയം നടത്തിയതിനുശേഷം മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ

സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. ടി കത്തിലെ വിവരങ്ങൾ ചൂണ്ടിക്കാട്ടി പ്രസ്തുത നിർമ്മാണങ്ങൾ തൽക്കാലം ക്രമവൽക്കരിക്കാൻ സാധിക്കുകയില്ലെന്നും, ആയതിനാൽ അനുമതിയ്ക്കായി ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിലേയ്ക്ക് ശിപാർശ ചെയ്യാതെയാണ് സ്ഥലപരിശോധന നടത്തിയ ഓവർസീയറും, ജൂനിയർ സൂപ്രണ്ടും റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എന്നാൽ മേൽപ്പറഞ്ഞ കത്തിലെ ഒരു ഭാഗം മാത്രം ചൂണ്ടിക്കാട്ടി സെക്രട്ടറി "അതിർത്തി നിർണ്ണയം ശാസ്ത്രീയമായി നടന്നിട്ടില്ലാത്തതിനാലും, നിലവിലുള്ള കല്ലുകൾ അശാസ്ത്രീയമാണെന്ന് ഗവൺമെന്റ് ചൂണ്ടിക്കാട്ടിയ സാഹചര്യത്തിലും ഈ കെട്ടിടങ്ങൾ ക്രമവൽക്കരണത്തിനായി പരിഗണിക്കാ" മെന്ന് റിപ്പോർട്ട് എഴുതി ക്രമവൽക്കരണത്തിന് ശിപാർശ ചെയ്തിരിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.2]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

86. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ കേരള തണ്ണീർത്തട നിയമം ലംഘിച്ച് ശാസ്താംകോട്ട കായലിനരികെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറി ശിപാർശ ചെയ്തതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും റെഗുലേഷൻ സോണിൽനിന്നും ഏതാണ്ട് 50 മീറ്ററിനകത്ത് അപ്പർ ലിമിറ്റിലാണ് കെട്ടിടങ്ങൾ നിർമ്മിച്ചതെന്നും, മൂന്ന് വക്കീലന്മാരുടെ ഓഫീസുകളാണ് പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്നും അവർ മൂന്നുപേരും കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് 2013-ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയ ഓവർസീയറും ജൂനിയർ സൂപ്രണ്ടും ടി കെട്ടിടങ്ങൾ സി.ആർ.ഇസഡിന്റെ പരിധിയിൽ വരുന്നതായതിനാൽ ക്രമവൽക്കരണത്തിന് അർഹതയില്ലാത്തതാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും ജലവിതാന കല്ലുകൾ വ്യക്തമല്ലെന്നും ആയതിനാൽ കെട്ടിടങ്ങൾ ക്രമവൽക്കരണത്തിന് പരിഗണിക്കാമെന്നും കാണിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടൗൺ പ്ലാനറോട് ശിപാർശ ചെയ്തിരുന്നുവെന്നും പ്രസ്തുത ശിപാർശ ടൗൺ പ്ലാനർ നിരസിച്ചിരുന്നുവെന്നും പ്രസ്തുത കെട്ടിടങ്ങൾ നിലവിലും ക്രമവൽക്കരിച്ചിട്ടില്ലെന്നും ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

87. പരാമർശവിധേയനായ പഞ്ചായത്ത് സെക്രട്ടറിയെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ ശ്രീ. കെ. പി. ശ്രീനിവാസൻ എന്നാണ് അദ്ദേഹത്തിന്റെ പേരെന്നും, അദ്ദേഹം 2013 മേയ് മാസത്തിൽ സർവ്വീസിൽനിന്നും വിരമിച്ചുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

88. സർക്കാർ നിർദ്ദേശങ്ങൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിരുദ്ധമായി ഒരു സാങ്കൽപ്പിക കാരണം കണ്ടുപിടിച്ച്, തണ്ണീർത്തട നിയമം ലംഘിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുവാൻ അനുമതി നൽകിയതും അത് ക്രമവൽക്കരിക്കുവാൻ ശിപാർശ ചെയ്തതും തീർത്തും ക്രമവിരുദ്ധമാണെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി വിശദമായ പരിശോധന നടത്തി ഉചിതമായ തീരുമാനമെടുക്കണമെന്നും ആയത് സംബന്ധിച്ച് സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

### നിഗമനങ്ങളും ശിപാർശകളും

89. **കേരള തണ്ണീർത്തട നിയമം ലംഘിച്ച് ശാസ്താംകോട്ട കായലിനരികെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനായി കെട്ടിട ഉടമകളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശിപാർശ ചെയ്തുവെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ നിരീക്ഷണം സമിതി അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു. പരാമർശവിധേയമായ കെട്ടിടം ക്രമവൽക്കരണത്തിന് പരിഗണിക്കാമെന്ന് കാണിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടൗൺ പ്ലാനറോട് ശിപാർശ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത ശിപാർശ ടൗൺ പ്ലാനർ നിരസിച്ചിരുന്നുവെന്നും കെട്ടിടം നിലവിലും ക്രമവൽക്കരിച്ചിട്ടില്ലെന്നും പരാമർശവിധേയനായ പഞ്ചായത്ത് സെക്രട്ടറി സർവ്വീസിൽനിന്നും വിരമിച്ചുവെന്നും സമിതി നിരീക്ഷിക്കുന്നു.**

**സർക്കാർ നിർദ്ദേശങ്ങൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിരുദ്ധമായി ഒരു സാങ്കൽപ്പിക കാരണം കണ്ടുപിടിച്ച് തണ്ണീർത്തട നിയമം ലംഘിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുവാൻ അനുമതി നൽകിയതും അത് ക്രമവൽക്കരിക്കുവാൻ ശിപാർശ ചെയ്തതും തീർത്തും ക്രമവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതി വിശദമായ പരിശോധന നടത്തി ഉചിതമായ തീരുമാനമെടുക്കണമെന്നും ഇത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ചട്ടങ്ങൾ ലംഘിച്ച് ക്രമവൽക്കരിച്ചു-ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്**

2014-15 വർഷത്തിൽ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തുകയും, പൊളിച്ചു നീക്കാൻ ഉത്തരവിടുകയും ചെയ്യപ്പെട്ട കെട്ടിടത്തിന്, 2015-16-ൽ ക്രമവൽക്കരിച്ച്, കെട്ടിട നമ്പർ അനുവദിച്ചു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 220(ബി), 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ (KPBR) ചട്ടം 27(3), 27(5), 58(2) എന്നിവ ലംഘിച്ചിട്ടുള്ളതും, പുറമ്പോക്ക് കൈയേറി നിർമ്മിച്ചതിനാൽ റവന്യൂ അധികാരികളെക്കൊണ്ട് അതിർത്തി നിർണ്ണയിച്ച് കല്ലിടണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകുകയും ആയതിനെത്തുടർന്ന് ക്രമവൽക്കരണം നിരസിക്കപ്പെടുകയും, പൊളിച്ച് മാറ്റാൻ ഉത്തരവിടുകയും ചെയ്യപ്പെട്ടതുമായ കെട്ടിടത്തിന് 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ഭേദഗതി ചട്ടങ്ങളിലെ (KPBR) ചട്ടം 97(എ)-യുടെ ആനുകൂല്യങ്ങൾ മറയാക്കി അനധികൃതമായി ക്രമവൽക്കരിച്ച് കെട്ടിട നമ്പർ നൽകിയതിൽക്കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

- കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ലഭിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ, വില്ലേജ് ഓഫീസിലെ ലൊക്കേഷൻ സ്കെച്ചും സൈറ്റ് പ്ലാനിലെ അളവുകളും തമ്മിൽ പൊരുത്തക്കേടുകൾ കാണുന്നു.

- 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 220(ബി), 2011-ലെ KPBR ചട്ടം 27(3), 27(5), 58(2) എന്നിവ പ്രകാരം കെട്ടിടത്തിന്റെ വശങ്ങളിൽ മതിയായ സ്ഥലം വിട്ടിട്ടില്ല.

- KPBR 2011 ചട്ടം 38, 39, 44, ചട്ടം 47 എന്നിവ പ്രകാരം കോണിപ്പടികൾ, മതിയായ കാർ പാർക്കിംഗ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടില്ല.

- അപേക്ഷയോടൊപ്പം ഹാജരാക്കിയ പ്ലാൻ, സെക്ഷൻ, സൈറ്റ് പ്ലാൻ എന്നിവ അപൂർണ്ണവും, കൃത്യമായ അളവുകൾ രേഖപ്പെടുത്താത്തതുമാണ്.

- തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1-8-2014-ന് സെക്രട്ടറി പ്രസ്തുത കെട്ടിടം ക്രമവൽക്കരിക്കാൻ സാധ്യമല്ലെന്നും, അനധികൃതമായി നിർമ്മിച്ച കെട്ടിട ഭാഗങ്ങൾ 15 ദിവസത്തിനകം പൊളിച്ചുമാറ്റണമെന്നും ഉത്തരവിട്ടുകൊണ്ട് കെട്ടിട ഉടമയ്ക്ക് കത്ത് നൽകിയെങ്കിലും തുടർനടപടികൾ ഉണ്ടായില്ല. എന്നാൽ ഇതേ കെട്ടിടം ക്രമവൽക്കരിച്ച്, നമ്പർ ലഭിക്കുന്നതിനായി 29-5-2015-ൽ സെക്രട്ടറിയ്ക്ക് മുമ്പാകെ കെട്ടിട ഉടമ വീണ്ടും അപേക്ഷ നൽകി. ഈ അപേക്ഷ പരിഗണിച്ച സെക്രട്ടറി, നിലവിലുണ്ടായിരുന്ന താഴത്തെ നിലയിലെ 7 കടമുറികളും 1993-ൽ അസസ്സ് ചെയ്തവയാണെന്നും, 1993-ലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ നമ്പർ II/8 മുതൽ II/14 വരെയാണെന്നും, പുതിയ അസസ്സ്മെന്റ് പ്രകാരം അവയ്ക്ക് III/45 മുതൽ III/151 വരെ നമ്പർ നൽകിയിട്ടുണ്ടെന്നും ഇത്തരം കെട്ടിടങ്ങൾക്ക് മുകളിൽ നടത്തുന്ന പുതിയ നിർമ്മാണങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 220 (ബി) പ്രകാരം റോഡിൽ നിന്നും 3 മീറ്റർ അകലം പാലിക്കണമെന്ന വ്യവസ്ഥ ബാധകമല്ലെന്ന

2014-ലെ KPBR ഭേദഗതി ചട്ടം 97 (എ) പ്രകാരം ക്രമവൽക്കരിച്ച് നമ്പർ അനുവദിക്കാമെന്നും കാണിച്ച് സ്വന്തമായി റിപ്പോർട്ട് എഴുതുകയും മേൽപ്പറഞ്ഞ ഒന്നും രണ്ടും നിലകൾക്ക് നമ്പർ നൽകുകയും ചെയ്തു.

- കേവലം 220 (ബി)-യുടെ ലംഘനത്തെക്കുറിച്ച് മാത്രമല്ല 31-7-2014-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. റവന്യൂ അധികാരികളെക്കൊണ്ട് വസ്തുവിന്റെ അതിർത്തി നിർണ്ണയിച്ച് അതിരുകല്ലുകൾ സ്ഥാപിച്ച് പുറമ്പോക്ക് കൈയേറിയിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്നതായിരുന്നു റിപ്പോർട്ടിലെ പ്രധാനമായ പരാമർശം. ആയതിന്മേൽ തുടർനടപടി സ്വീകരിക്കാതെ സെക്രട്ടറി കെട്ടിടം ക്രമവൽക്കരിച്ചു നൽകി.

- തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26-3-2012-ലെ 6961/ആർ.എ 1/11/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 300 ച.മീറ്റർ വരെ പ്ലിന്ത് ഏരിയ വരുന്ന കെട്ടിടങ്ങൾക്കു മാത്രമേ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തന്നെ പെർമിറ്റ് നൽകാൻ പാടുള്ളൂ. അതിനുമുകളിൽ വിസ്തൃതി വരുന്ന കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടുകൂടാതെ സെക്രട്ടറി പെർമിറ്റ് നൽകുവാൻ പാടുള്ളതല്ല. KPBR 2011 ചട്ടം 135(3) പ്രകാരം ക്രമവൽക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെ ആയിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ പുതിയതായി നിർമ്മിച്ച രണ്ട് നിലകളുടെ 440 $m^2$ ഉൾപ്പെടെ ആകെ 661 $m^2$ വിസ്തൃതിയുള്ള കെട്ടിടത്തിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടില്ലാതെ സെക്രട്ടറി നൽകിയ ക്രമവൽക്കരണം ചട്ടവിരുദ്ധമാണ്.

- 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ മുകളിൽ ഒന്നോ രണ്ടോ നിലകൾ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്യുന്നതിന് സെക്ഷൻ 220 (ബി) പ്രകാരം റോഡിൽ നിന്ന് 3 മീറ്റർ അകലം പാലിക്കണമെന്ന നിബന്ധന ബാധകമല്ലെന്ന് നിയമത്തിൽത്തന്നെ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതുപ്രകാരം, 2014-ലെ KPBR ഭേദഗതി ചട്ടം 97(എ) പ്രകാരം ഇത്തരം കെട്ടിടങ്ങൾക്ക് മുകളിലെ നിർമ്മാണങ്ങൾക്ക് പെർമിറ്റ് നൽകുകയോ ക്രമവൽക്കരണം നടത്തുകയോ ചെയ്യാവുന്നതാണ്. എന്നാൽ ഇവിടെ സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം നിലവിലുണ്ടായിരുന്ന കടമുറികളുടെ പുതിയ അസസ്സ്മെന്റ് നമ്പറുകൾ രേഖപ്പെടുത്തിയിരിക്കുന്ന 2012-13-ലെ അസസ്സ്മെന്റ് രജിസ്റ്ററിൽ അവയുടെ വിസ്തീർണ്ണത്തിന്റെയും നികുതിയുടെയും

ഭാഗത്ത് 'Reconstruction' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത കടമുറികൾക്ക് 2012-13 മുതൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ ഈ കടമുറികളുടെ അടിസ്ഥാന വിവരങ്ങളൊന്നും തന്നെ 'സഞ്ചയ' സോഫ്റ്റ്‌വെയറിലോ ബന്ധപ്പെട്ട രേഖകളിലോ ഇല്ല. കെട്ടിട ഉടമയ്ക്ക് നിലവിൽ ഡിമാന്റ് ചെയ്യുന്ന നികുതിപോലും പുതുതായി നിർമ്മിക്കപ്പെട്ട നിലകളുടേതു മാത്രമാണ്. ആയതിനാൽ നിലവിലുള്ള കടമുറികളുടെ മുകളിലാണ് രണ്ടു നിലകൾ പുതുതായി നിർമ്മിച്ചതെന്ന സെക്രട്ടറിയുടെ റിപ്പോർട്ടിലെ, വാദത്തിന് രേഖകളുടെ പിൻബലമില്ല. ആയതിനാൽ മേൽപ്പറഞ്ഞ ചട്ടം 97(എ) പ്രകാരമുള്ള ഇളവ് നിലനിൽക്കുന്നതല്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.3]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

90. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തുകയും പൊളിച്ചുനീക്കുവാൻ ഉത്തരവിടുകയും ചെയ്യപ്പെട്ട കെട്ടിടത്തിന്, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 97(എ)യുടെ ആനുകൂല്യങ്ങൾ മറയാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെട്ടിട നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും, പരാമർശവിധേയനായ സെക്രട്ടറിയുടെ പേരിൽ ഒഫീഷ്യൽ എൻക്വയറി നടത്തുകയും, ടിയാന്റെ പെൻഷനിൽനിന്നും പ്രതിമാസം ആയിരം രൂപ പിടിക്കുന്നതിന് പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും, പരാമർശവിധേയമായ കെട്ടിടത്തിന്റെ നമ്പർ റദ്ദ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് അധികൃതർ നോട്ടീസ് നൽകിയിരുന്നുവെങ്കിലും കെട്ടിട ഉടമ അതിനെതിരെ കേസ് ഫയൽ ചെയ്ത് കെട്ടിട നമ്പർ റദ്ദാക്കലിനെതിരെ സ്റ്റേ സമ്പാദിച്ചിരുന്നുവെന്നും, അതിനെതിരെ 2018 ഫെബ്രുവരിയിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിരുന്നുവെങ്കിലും ബഹു.ഹൈക്കോടതി ഇതുവരെ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെന്നും ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

91. സർക്കാർ നിർദ്ദേശങ്ങൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിരുദ്ധമായി, അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ച പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി തീർത്തും ക്രമവിരുദ്ധമാണെന്നും ടിയാനെതിരെ ഉചിതമായ നടപടി സ്വീകരിച്ചുവെങ്കിൽ

മാത്രമേ പഞ്ചായത്തിന്റെ വാദം ഹൈക്കോടതിയിൽ ന്യായീകരിക്കപ്പെടുകയുള്ളൂവെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയം നിലവിൽ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ കോടതി വിധിയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

92. **അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തി പൊളിച്ച് നീക്കുവാൻ ഉത്തരവിട്ട കെട്ടിടത്തിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ഭേദഗതി ചട്ടങ്ങളിലെ ആനുകൂല്യങ്ങൾ മറയാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെട്ടിട നമ്പർ അനുവദിച്ചുവെന്ന ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തൽ ശരിയാണെന്ന് സമിതിയ്ക്ക് ബോധ്യമാകുന്നു. പരാമർശവിധേയനായ സെക്രട്ടറിയുടെ പെൻഷനിൽനിന്നും പ്രതിമാസം ആയിരം രൂപ പിടിക്കുന്നതിന് പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും കെട്ടിട നമ്പർ റദ്ദ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് നൽകിയ നോട്ടീസിനെതിരെ കെട്ടിട ഉടമ സമ്പാദിച്ച സ്റ്റേ വെക്കേറ്റ് ചെയ്യിപ്പിക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ച് വരികയാണെന്നും സമിതി നിരീക്ഷിക്കുന്നു.**

93. **സർക്കാർ നിർദ്ദേശങ്ങൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിരുദ്ധമായി അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ച പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി തീർത്തും ക്രമരഹിതമാണെന്നും ടിയാനെതിരെ ഉചിതമായ നടപടികൾ സ്വീകരിച്ചെങ്കിൽ മാത്രമേ പഞ്ചായത്തിന്റെ വാദം ഹൈക്കോടതിയിൽ ന്യായീകരിക്കപ്പെടുകയുള്ളൂവെന്നും സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത വിഷയത്തിന്മേലുള്ള കോടതി വിധിയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അനുവദനീയമായ വ്യാപ്തി അധികരിച്ച് നിർമ്മിക്കപ്പെട്ടിട്ടുള്ള വാണിജ്യക്കെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകി - കുമ്മിൾ ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 2015-16, ഖണ്ഡിക 2-1)

അനുവദനീയമായ കവറേജ് (വ്യാപ്തി) കടന്ന് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ രണ്ടാം വാർഡിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള വാണിജ്യക്കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിച്ച് നൽകി. കെട്ടിട ഉടമ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള റിവൈസ്ഡ് പ്ലാൻ പ്രകാരം മേൽ കെട്ടിടത്തിന്റെ കവറേജ് 60% എന്ന് കാണിച്ചിട്ടുണ്ട്. 2011-ലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ

പ്രകാരം കുമ്മിൾ പഞ്ചായത്ത് ഉൾപ്പെടുന്ന കാറ്റഗറി-II പഞ്ചായത്തുകളിൽ വാണിജ്യാവശ്യത്തിനായി നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങളുടെ കവറേജ് (വ്യാപ്തി) 55%-ൽ പരിമിതപ്പെടുത്തേണ്ടതും അതിൽ കൂടുതൽ കവറേജ് (വ്യാപ്തി) വരുന്ന കെട്ടിടനിർമ്മാണം അനുവദിക്കാൻ പാടില്ലെന്നുമിരിക്കെ പ്രസ്തുത കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ച് നൽകി.

കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷപ്രകാരം 368 $m^2$ പ്ലോട്ടു വിസ്തീർണ്ണത്തിൽ പണിതിട്ടുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയ്ക്ക് 102 $m^2$ തറവിസ്തീർണ്ണവും ഒന്നാമത്തെ നിലയ്ക്ക് 176.5 $m^2$ തറവിസ്തീർണ്ണവും ഉള്ളതായി കാണിച്ചിരുന്നു. എന്നാൽ സമർപ്പിച്ചിട്ടുള്ള കംപ്ലീറ്റഡ് പ്ലാനിൽനിന്നും വ്യതിചലിച്ചിട്ടാണ് കെട്ടിട നിർമ്മാണം നടത്തിയതെന്നും, താഴത്തെ നിലയുടെയും ഒന്നാമത്തെ നിലയുടെയും തറവിസ്തീർണ്ണത്തിൽ വ്യത്യാസമുള്ളതായും "പരിശോധിച്ചിരുന്ന ഉദ്യോഗസ്ഥൻ" റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ പ്ലാൻ മാറ്റി സമർപ്പിക്കുവാൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. തുടർന്ന് പുതുക്കിയ പ്ലാൻ പഞ്ചായത്തിൽ സമർപ്പിക്കുകയും ആയത് സെക്രട്ടറി പരിശോധനയ്ക്കായി എൽ.എസ്.ജി.ഡി. സെക്ഷന് കൈമാറുകയും ചെയ്തു.

പുതുക്കി സമർപ്പിച്ചിട്ടുള്ള പ്ലാൻ അനുസരിച്ച് മേൽ കെട്ടിടത്തിന്റെ താഴത്തെ നിലയ്ക്കും ഒന്നാം നിലയ്ക്കും 218 $m^2$ വീതം തറവിസ്തീർണ്ണം ഉണ്ട്. കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിന്റെ വിസ്തീർണ്ണം 368 $m^2$ ആണെന്നുള്ള രേഖകളും സമർപ്പിച്ചിട്ടുണ്ട്. ആയതിൻപ്രകാരം കെട്ടിടത്തിന്റെ കവറേജ് (വ്യാപ്തി) 59.23% ആണ്.

പ്ലാൻ പരിശോധിച്ചിട്ടുള്ള എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയർ മേൽ കെട്ടിടം 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമാണ് നിർമ്മിച്ചിട്ടുള്ളതെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി നമ്പർ അനുവദിച്ചു നൽകി.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.4]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

94. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് കുമ്മിൾ ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡിൽ അനുവദനീയമായ വ്യാപ്തി അധികരിച്ച് നിർമ്മിച്ച കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിച്ച് നൽകിയതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും വാണിജ്യ ആവശ്യങ്ങൾക്കായി നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങളുടെ വ്യാപ്തി തറവിസ്തീർണ്ണത്തിന്റെ 55% ആയി പരിമിതപ്പെടുത്തേണ്ടതാണെന്നിരിക്കെ പരാമർശ വിധേയമായ കെട്ടിടത്തിന്റെ വ്യാപ്തി 59.23% ആണെന്നാണ് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട്

ചെയ്തിരിക്കുന്നതെന്നും എന്നാൽ എൽ.എസ്.ജി.ഡി എഞ്ചിനീയർ ടി കെട്ടിടം പരിശോധിച്ചപ്പോൾ ആയതിന്റെ വ്യാപ്തി 30.58% ആണെന്നാണ് റിപ്പോർട്ട് നൽകിയിരിക്കുന്നതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

95. പരാമർശവിധേയമായ കെട്ടിടവുമായി ബന്ധപ്പെട്ട ഫയൽ അല്ല പഞ്ചായത്ത് അധികൃതർ പരിശോധനയ്ക്കായി ഹാജരാക്കിയതെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു. അതിനെക്കുറിച്ച് സമിതി പഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ശ്രീമതി സുൽഫത്ത് ബീവി, ഷഫർ മൻസിൽ, മൂക്കുന്ന്, കടയ്ക്കൽ എന്നിവരുടെ പേരിലുള്ള 570-ാം നമ്പർ വാണിജ്യ കെട്ടിടം അനുവദനീയമായ കവറേജ് കടന്ന് നിർമ്മിക്കപ്പെട്ടിട്ടുള്ളതാണെന്ന് കാണിച്ചാണ് ആദ്യം ഓഡിറ്റ് ഒബ്ജക്ഷൻ വന്നതെന്നും, എന്നാൽ സുൽഫത്ത് ബീവിയുടെ പേരിലുള്ള കെട്ടിടത്തിന്റെ നമ്പർ 571 ആണെന്നും, അവരുടെ പേരിൽ മറ്റ് കെട്ടിടങ്ങളൊന്നും കുമ്മിൾ ഗ്രാമപഞ്ചായത്തിൽ ഇല്ലെന്നും, ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന 570-ാം നമ്പർ കെട്ടിടം ശ്രീ. നാസർ എന്ന ആളിന്റെ പേരിലുള്ള പാർപ്പിടാവശ്യത്തിനുള്ള ചെറിയ കെട്ടിടമാണെന്നും, അതിനാലാണ് ശ്രീമതി സുൽഫത്ത് ബീവിയുടെ പേരിലുള്ള 571-ാം നമ്പർ കെട്ടിടവുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റ് വകുപ്പിൽ ഹാജരാക്കിയതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

96. പരാമർശവിധേയമായ കെട്ടിടത്തിന്റെ നമ്പറിൽ വ്യത്യാസമുള്ളതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**97. കുമ്മിൾ ഗ്രാമപഞ്ചായത്തിൽ അനുവദനീയമായ വ്യാപ്തി അധികരിച്ച് നിർമ്മിച്ച വാണിജ്യ കെട്ടിടത്തിന് കെട്ടിടനമ്പർ അനുവദിച്ച് നൽകിയെന്ന ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ കെട്ടിടത്തിന്റെ നമ്പറിൽ വ്യത്യാസമുള്ളതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന് സെക്രട്ടറി നമ്പർ അനുവദിച്ച് നൽകി - അലയമൺ ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 2015-16, ഖണ്ഡിക 2.1)

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒന്നാം വാർഡിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള വാണിജ്യകെട്ടിടത്തിന് നമ്പർ അനുവദിച്ചു നൽകി. 1.25 ആർ വിസ്തീർണമുള്ള സ്ഥലത്ത് 165.9 $m^2$ തറവിസ്തീർണത്തിൽ നിർമ്മിച്ചിട്ടുള്ള മേൽ കെട്ടിടം കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 64 പ്രകാരമുള്ള ചെറു പ്ലോട്ടുകളിലെ നിർമ്മാണങ്ങൾക്ക് വേണ്ടിയുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- പൂർത്തീകരിക്കപ്പെട്ടിട്ടുള്ള പ്ലാൻ പ്രകാരം കെട്ടിടത്തോടുചേർന്നുള്ള വിശ്വഭാരതി റോഡിൽ നിന്നും 2m തുറസ്സായ സ്ഥലം കാണിച്ചിട്ടുണ്ട്. എന്നാൽ 31.08 $m^2$ വിസ്തീർണത്തിൽ ഈ സ്ഥലം കെട്ടിയടച്ചിട്ടുള്ളതായും നിലവിൽ തുറസ്സായ സ്ഥലം ഉൾപ്പെടുത്താതെ റോഡിനോടുചേർന്ന് നിർമ്മാണം നടത്തിയിട്ടുണ്ട്.

- മറുഭാഗത്ത് മറ്റൊരു വ്യക്തിയുടെ പ്ലോട്ടുമായി അതിർത്തി പങ്കിടുന്ന ഭാഗത്ത് ആവശ്യമായ തുറസ്സായ സ്ഥലം ഉൾപ്പെടുത്തിയിട്ടില്ല. ചട്ടം 64(3) പ്രകാരം ഏതെങ്കിലും ഒരു വശത്തിന് ചുരുങ്ങിയത് 0.90 മീറ്ററും മറുവശത്തിനു 0.60 മീറ്ററും തുറസ്സായ സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഈ ചട്ടം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

- ചെറുപ്ലോട്ടുകളിലെ നിർമ്മാണങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 64(4) പ്രകാരം പിന്നാമ്പുറത്തിന് ചുരുങ്ങിയത് 0.50 മീറ്ററോടുകൂടി ശരാശരി 1 മീറ്റർ വ്യാപ്തി ഉണ്ടാകേണ്ടതാണ്. എന്നാൽ 0.70 മീറ്റർ വ്യാപ്തി മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.

- പൂർത്തീകരിക്കപ്പെട്ട പ്ലാൻ പ്രകാരം സെല്ലാർ നില പാർക്കിംഗിനായി നീക്കി വച്ചിട്ടുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഈ നില നാലുവശവും കെട്ടിയടച്ച് ഷട്ടറുകളോടുകൂടി ഗോഡൗണായി ഉപയോഗിച്ചുവരുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.5]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

98. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകിയെന്നാണ് ഓഡിറ്റ് പരാമർശമെന്നും 40 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കെട്ടിടത്തിനുമുകളിൽ മേൽകെട്ടിടം നിർമ്മിച്ചുവെന്നും, തുറസ്സായ സ്ഥലത്തുനിന്നും നിശ്ചിത അകലം പാലിച്ചിട്ടില്ലെന്നുമാണ് ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളെന്നും നിശ്ചിത അകലം പാലിക്കാത്തതിന് അയൽക്കാരുടെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ടെന്നും അതിന്റെ

അടിസ്ഥാനത്തിലാണ് നമ്പർ നൽകിയിരിക്കുന്നതെന്നും അലയമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

99. **അലയമൺ ഗ്രാമപഞ്ചായത്തിൽ 40 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കെട്ടിടത്തിന്റെ മുകളിൽ, തുറസ്സായ സ്ഥലത്തുനിന്നും നിശ്ചിത അകലം പാലിക്കാതെ നിർമ്മിച്ച മേൽകെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകിയെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ആവശ്യമായ തുറസ്സായ സ്ഥലം വിട്ടിട്ടില്ലാത്തതിന് അയൽക്കാരുടെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിലാണ് നമ്പർ അനുവദിച്ചതെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട രേഖകൾ അടിയന്തരമായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**രണ്ടുനിലക്കെട്ടിടം പണിയുന്നതിനായി അനുമതി നേടിയശേഷം മൂന്നുനില കെട്ടിടം പണിതു. യാതൊരു ക്രമവൽക്കരണ നടപടികളും സ്വീകരിക്കാതെ കെട്ടിട നമ്പർ അനുവദിച്ചു നൽകി - കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 2015-16, ഖണ്ഡിക 2-2)

രണ്ടു നിലകളുള്ള ഓഡിറ്റോറിയം പണിയുന്നതിനായി പഞ്ചായത്തിൽനിന്നും അനുമതി നേടിയശേഷം കെട്ടിട ഉടമ മൂന്ന് നിലകളുള്ള ഓഡിറ്റോറിയം പണിതു. കൃത്യമായ പരിശോധന നടത്തി ക്രമവൽക്കരണ നടപടികൾ സ്വീകരിക്കാതെ ഓഡിറ്റോറിയത്തിന് കെട്ടിട നമ്പർ അനുവദിച്ചു നൽകി.

കെട്ടിട നിർമ്മാണ പെർമിറ്റിനായി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ പ്രകാരം ഓഡിറ്റോറിയത്തിന് രണ്ട് നിലകളും താഴത്തെ നിലയ്ക്ക് 340.33 $m^2$ വിസ്തീർണവും ഒന്നാമത്തെ നിലയ്ക്ക് 456.82 $m^2$ വിസ്തീർണവും ഉൾപ്പെടെ ആകെ 797.15 $m^2$ വിസ്തീർണം കാണിച്ചിരുന്നു. അപേക്ഷ പരിശോധിച്ച ജില്ലാ ടൗൺ പ്ലാനർ 26-8-10-ൽ സി.68/2010/ കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം കെട്ടിടത്തിന്റെ ലേ-ഔട്ട് പ്ലാൻ അംഗീകരിച്ച് 136/2010 നമ്പർ അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 31-1-2011-ൽ A3-7401/10 നമ്പറായി 797.15 $m^2$ വിസ്തീർണത്തിൽ ഓഡിറ്റോറിയം പണിയുന്നതിനായി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു നൽകി.

15-10-14-ൽ ഓഡിറ്റോറിയത്തിന്റെ പണി പൂർത്തിയായതായി കാണിച്ച് ഉടമ കംപ്ലീഷൻ പ്ലാൻ ഉൾപ്പെടെ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്ലാൻ പരിശോധിച്ച എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയർ സെക്രട്ടറിക്ക് നൽകിയ റിപ്പോർട്ടിൽ പ്ലാൻ പ്രകാരമുള്ള അളവിൽ നിർമ്മാണം പൂർത്തീകരിച്ചതായും ആകെ നിർമിതി വിസ്തീർണ്ണം 797.15 $m^2$ ആണെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി 3-3-2015 ൽ കെട്ടിടത്തിന് നമ്പർ അനുവദിച്ചു നൽകി. എന്നാൽ കെട്ടിടനമ്പറിനായി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള അഗ്നിശമന സുരക്ഷാ വിഭാഗത്തിൽ നിന്നുള്ള B-5494/2014/30-10-14 നമ്പർ ഫൈനൽ എൻ.ഒ.സി. യിൽ ഡിവിഷണൽ ഓഫീസർ, ഫയർ & റസ്ക്യൂവിന്റെ പരിശോധനയിൽ മേൽ ഓഡിറ്റോറിയം മൂന്നുനില കെട്ടിടമാണെന്നും, ആകെ നിർമിതി വിസ്തീർണ്ണം 992.17 $m^2$ ആണെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് സെക്രട്ടറിക്കു അയച്ചു കൊടുത്തിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെട്ടിടം പരിശോധിച്ച എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയറുടെ റിപ്പോർട്ടിലോ അപേക്ഷ പരിശോധിച്ച സെക്രട്ടറിയുടെ റിപ്പോർട്ടിലോ മേൽ വസ്തുത പരാമർശിച്ചിട്ടില്ല.

1999-ലെ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസിലെ ചട്ടം 26 എ പ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ, ചട്ടം 55(2) പ്രകാരമുള്ള സെറ്റ് ബാക്കുകൾ, ചട്ടം 55(12), 54(6) പട്ടിക 9 എന്നിവ പ്രകാരമുള്ള വാട്ടർ ക്ലോസറ്റുകൾ, ചട്ടം 34 പ്രകാരമുള്ള കാർ പാർക്കിംഗ് ഏരിയ, ചട്ടം 101(എ) പ്രകാരമുള്ള മഴവെള്ള സംഭരണി എന്നിവയും ഉൾപ്പെടുത്തിയിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.6]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

100. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. രണ്ടു നിലകളുള്ള ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരത്തോടുകൂടി അനുമതി നൽകിയിരുന്നുവെന്നും, അതിനുശേഷം കെട്ടിട ഉടമ കംപ്ലീഷൻ പ്ലാനും, നമ്പർ അനുവദിക്കുന്നതിന് അപേക്ഷയും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി എഞ്ചിനീയർ സ്ഥലപരിശോധന

നടത്തി പ്ലാൻ അനുസരിച്ചും ചട്ടപ്രകാരവുമാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്ന് റിപ്പോർട്ട് ചെയ്തിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിലാണ് കെട്ടിട നമ്പർ അനുവദിച്ച് നൽകിയതെന്നും, എന്നാൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് നൽകിയിട്ടുള്ള ഫൈനൽ എൻ.ഒ.സി.യിൽ പരാമർശവിധേയമായ ഓഡിറ്റോറിയം മൂന്ന് നില കെട്ടിടമാണെന്നും, കെട്ടിടത്തിന്റെ വിസ്തീർണ്ണം 195.02 ചതുരശ്ര മീറ്റർ കൂടി വർദ്ധിപ്പിച്ചിരിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നുവെങ്കിലും, ആയത് ക്രമവൽക്കരിക്കാതെ കെട്ടിട നമ്പർ അനുവദിച്ചെന്നാണ് ഓഡിറ്റ് പരാമർശമെന്നും എന്നാൽ പഞ്ചായത്തിൽനിന്നും നടത്തിയ പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന് രണ്ട് നിലകൾ മാത്രമാണ് ഉള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും, മഴയും വെയിലും ഏൽക്കാതെ ആളുകൾക്ക് നിൽക്കുന്നതിനായി കെട്ടിടത്തിന്റെ വശങ്ങളിൽ താൽക്കാലികമായി ഭാരം കുറഞ്ഞ ഷീറ്റ് കൊണ്ട് റൂഫ് ചെയ്തിട്ടുണ്ടെന്നും കണ്ടെത്തിയിരുന്നുവെന്നും കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. കെട്ടിട നമ്പർ ലഭിച്ചശേഷം പരാമർശവിധേയമായ ഓഡിറ്റോറിയത്തിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ കെട്ടിട നമ്പർ വാങ്ങിയശേഷം കെട്ടിടത്തിന്റെ പിൻഭാഗത്ത് 152.52 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ അനധികൃത നിർമ്മാണം നടത്തിയിട്ടുണ്ടെന്നും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് 2019 സെപ്റ്റംബർ 30 വരെ അപേക്ഷ സമർപ്പിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിരുന്നുവെന്നും, അതനുസരിച്ച് അവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും 2018-19 വരെയുള്ള അനധികൃത നിർമ്മാണത്തിന് നികുതി ഈടാക്കിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

101. ഫയർ ആന്റ് റസ്ക്യൂ സർട്ടിഫിക്കറ്റിൽ പറയുന്ന വിവരങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് അധികൃതർ പ്രാദേശിക പരിശോധന നടത്തിയിരുന്നോ എന്ന സമിതിയുടെ ചോദ്യത്തിന് ഓഡിറ്റ് തടസ്സം വന്നപ്പോൾ ഓവർസീയറെയും എഞ്ചിനീയറെയും കൊണ്ടുപോയി കെട്ടിടം അളന്നപ്പോൾ രണ്ട് വശങ്ങളിലുള്ള വെതർ പ്രൂഫ് കണക്കാക്കുമ്പോഴാണ് 195.02 ചതുരശ്ര മീറ്റർ വിസ്തീർണ്ണം അധികമായി വരുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

102. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് അധികൃതർ നടത്തിയ പ്രാദേശിക പരിശോധനയുടെ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്ന്

നിരീക്ഷിച്ച സമിതി പ്രാദേശിക പരിശോധനാ റിപ്പോർട്ട് ഉൾപ്പെടെ പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും ആയത് പരിശോധിച്ച് വസ്തുതാപരമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോടും നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**103. രണ്ടുനില കെട്ടിടം പണിയുന്നതിനായി ലഭിച്ച അനുമതി ഉപയോഗപ്പെടുത്തി, അംഗീകരിച്ച പ്ലാനിൽനിന്നും കെട്ടിട വിസ്തീർണ്ണം 195.02 ചതുരശ്ര മീറ്റർ കൂടി വർദ്ധിപ്പിച്ച് നിർമ്മിച്ച മൂന്ന് നില കെട്ടിടത്തിന് ക്രമവൽക്കരണ നടപടികളൊന്നും സ്വീകരിക്കാതെ നമ്പർ അനുവദിച്ച് നൽകി എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിന് രണ്ട് നിലകൾ മാത്രമാണ് ഉള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും, ഓവർസീയറുടെയും എഞ്ചിനീയറുടെയും സാന്നിദ്ധ്യത്തിൽ കെട്ടിടം അളന്നപ്പോൾ രണ്ട് വശങ്ങളിലുള്ള വെതർ പ്രൂഫ് കണക്കാക്കുമ്പോഴാണ് കെട്ടിട വിസ്തീർണ്ണം 195.02 ചതുരശ്ര മീറ്റർ കൂടി അധികം വരുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രാദേശിക പരിശോധനാ റിപ്പോർട്ട് ഉൾപ്പെടെ പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും ആയത് പരിശോധിച്ച് വസ്തുതാപരമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച എൽ.പി.ജി ഗോഡൗണിന് കെട്ടിട നമ്പർ അനുവദിച്ചു - അഞ്ചൽ ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 2014-15, ഖണ്ഡിക 2-2)

അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച എൽ.പി.ജി. ഗോഡൗണിന്, ചട്ടപ്രകാരം ലഭ്യമാകേണ്ട ഫയർ നിരാക്ഷേപ സാക്ഷ്യപത്രം, ജില്ലാ കളക്ടറുടെ നിരാക്ഷേപ സാക്ഷ്യപത്രം എന്നിവ വാങ്ങാതെയും, സ്ഥലവാസികളുടെ പരാതികൾ അവഗണിച്ചും കെട്ടിട നമ്പർ അനുവദിച്ചു.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34/3(ഐ) പ്രകാരം എൽ.പി.ജി. ഗോഡൗണുകളെ, പെട്ടെന്ന് തീ പിടിക്കുന്നതോ അല്ലെങ്കിൽ പൊട്ടിത്തെറിക്കുന്നതോ ആയ വസ്തുക്കൾ അല്ലെങ്കിൽ ഉൽപ്പന്നങ്ങളുടെ സംഭരണം, കൈകാര്യം ചെയ്യൽ, നിർമ്മാണം, സംസ്കരണം എന്നിവയ്ക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ ഉൾപ്പെടുന്ന 'ഗണം ഐ(2)-അപായസാദ്ധ്യതയുള്ള വിനിയോഗങ്ങൾ' എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 61(6) പ്രകാരം ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ അഗ്നിശമനസേനാ ഡയറക്ടറിൽനിന്നോ ഇതിനായി അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനിൽനിന്നോ അംഗീകാര സാക്ഷ്യപത്രം നേടി കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിനുമുമ്പായി ഹാജരാക്കേണ്ടതാണ്. കൂടാതെ ചട്ടം 61(9) പ്രകാരം ജില്ലാ കളക്ടറുടെ അനുമതിയും വാങ്ങിയിരിക്കണം. 105.64 $m^2$ ൽ 8000 kg സംഭരണ ശേഷിയുള്ള എൽ.പി.ജി. ഗോഡൗൺ നിർമ്മിക്കുന്നതിന് 25-7-2013-ൽ ഉടമ പഞ്ചായത്തിൽ അപേക്ഷ നൽകി. പ്രസ്തുത അപേക്ഷ സ്വീകരിച്ച സെക്രട്ടറി കെട്ടിടത്തിന് നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനായി ഫയർ & റസ്ക്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരത്തിന് കത്തയച്ചു. ആയതുപ്രകാരം ഫയർ & റസ്ക്യൂ ഡിവിഷണൽ ഓഫീസർ, താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കണമെന്നും നിർമ്മാണ ശേഷം ഈ വകുപ്പിൽ നിന്ന് അന്തിമ നിരാക്ഷേപ സാക്ഷ്യപത്രം (final N.O.C.) വാങ്ങണമെന്നും അറിയിച്ചു കൊണ്ട് മറുപടി നൽകി. കത്തിലെ നിബന്ധനകൾ ചുവടെ ചേർക്കുന്നു.

- എൽ.പി.ജി. ഗോഡൗണിന്റെ നിർമ്മാണം Gas Cylinder Rule-ന് അനുസൃതമായിരിക്കണം.

- ഗോഡൗണിൽനിന്നും, കോമ്പൗണ്ട് വാളിലേയ്ക്കും, കോമ്പൗണ്ട് വാളിൽനിന്ന് അൺലോഡിംഗ് ഏരിയയിലേയ്ക്കും ചട്ടപ്രകാരമുള്ള സുരക്ഷിതസ്ഥലം ലഭ്യമാക്കണം. നിലവിൽ ലോഡിംഗിനും, അൺലോഡിംഗിനും ഉള്ള സ്ഥലം അപര്യാപ്തമാണ്. ആയത് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പരിഹരിക്കണം.

- ചട്ടപ്രകാരമുള്ള Fire Extinguishers കെട്ടിടത്തിൽ സ്ഥാപിക്കണം.

- 'പുകവലി പാടില്ല' എന്ന ബോർഡ് ഇംഗ്ലീഷിലും, മലയാളത്തിലും, ഹിന്ദിയിലും പ്രദർശിപ്പിക്കണം.

- കെട്ടിടത്തിന്റെ 12 മീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ പൂർണ്ണമായും പൊളിച്ചുനീക്കണം.

ഫയർ & റസ്ക്യൂ വകുപ്പിന്റെ മേൽസൂചിത നിർദ്ദേശങ്ങൾ പാലിച്ച് അന്തിമ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കാമെന്ന് ബഹു. ജില്ലാ കളക്ടർ 18-12-2014-ൽ സെക്രട്ടറിയെ അറിയിച്ചു (കത്ത് നം. M7-31002/14).

ആയതിന്റെയടിസ്ഥാനത്തിൽ, നിർദ്ദിഷ്ട പ്ലോട്ടിനോട് ചേർന്നുകിടക്കുന്ന പ്ലോട്ടുകളിൽ നിലവിൽ വീടുകളുണ്ടെങ്കിൽ അവയുടെ ഉടമസ്ഥരിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങണമെന്ന നിബന്ധനകൾ അടക്കം ചീഫ് ടൗൺ പ്ലാനർ കെട്ടിടത്തിന്റെ ലേ-ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകിക്കൊണ്ട് സെക്രട്ടറിയ്ക്ക് കത്ത് നൽകി (കത്ത് നം. സി3-8433/ 2014/ഡി.ഡി.എസ്. തീ. 17-10-2014, സൈറ്റ് പ്ലാൻ അംഗീകാര നമ്പർ 337/2014). പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു (നം. എ 3. 8998/2014 തീ. 12-1-2015). ഇതിനിടയിൽ, നിർദ്ദിഷ്ട ഗ്യാസ് ഗോഡൗണിന്റെ നിർമ്മാണത്തിനെതിരെ സമീപവാസി ജില്ലാ ടൗൺ പ്ലാനർക്ക് പരാതി നൽകിയതിനാൽ, സെക്രട്ടറിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ ടൗൺ പ്ലാനർ 20-9-2014 ൽ കത്ത് നൽകിയെങ്കിലും (നം.സി./936/2014) സെക്രട്ടറി മറുപടി നൽകുകയുണ്ടായില്ല.

ഫയർ & റസ്ക്യൂ വകുപ്പ്, ടൗൺ പ്ലാനിംഗ് വകുപ്പ്, ജില്ലാ കളക്ടറുടെ ഓഫീസ് എന്നിവിടങ്ങളിൽനിന്നും അറിയിച്ച മേൽ സൂചിപ്പിച്ച തരത്തിലുള്ള നിർദ്ദേശങ്ങൾ നിലനിൽക്കെ, ആയവ പാലിച്ചു എന്ന് ഉറപ്പുവരുത്താതെയും ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഇല്ലാതെയും 31-3-2015-ൽ കെട്ടിടം അസസ്സ് ചെയ്ത് നമ്പർ അനുവദിച്ചു.

വിവിധ വകുപ്പുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ അവഗണിച്ചും, ചട്ടപ്രകാരം ആവശ്യമായ രേഖകൾ ഇല്ലാതെയും, പ്രദേശവാസികളുടെ പരാതികൾക്ക് തീർപ്പ് കൽപ്പിക്കാതെയും നടപടിക്രമങ്ങൾ ലംഘിച്ചുകൊണ്ടും കെട്ടിടത്തിന് നമ്പർ അനുവദിച്ചു നൽകി.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.7]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

104. സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**105. സർക്കാർ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഒരുനില പണിയുന്നതിനായി പഞ്ചായത്തിൽനിന്നും പെർമിറ്റ് നേടിയ ശേഷം മൂന്നുനില കെട്ടിടം പണിതുയർത്തി - കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 2015-16, ഖണ്ഡിക 2-3)

പാരിപ്പള്ളി ടൗണിൽ വാണിജ്യാവശ്യത്തിനുള്ള ഒരു നില കെട്ടിടം പണിയുന്നതിനായി പഞ്ചായത്തിൽ നിന്നും പെർമിറ്റ് നേടിയശേഷം തൽസ്ഥാനത്ത് മൂന്ന് നില കെട്ടിടം പണിതു. പഞ്ചായത്തിലെ രേഖകളിൽ കേവലം 98 $m^2$ മാത്രം തറ വിസ്തീർണ്ണമുള്ള ഈ കെട്ടിടം സ്ഥല പരിശോധനയോടനുബന്ധിച്ച് ഓഡിറ്റ് വിഭാഗത്തിന്റെ നിർദ്ദേശത്തെ തുടർന്ന് എൽ.എസ്.ജി.ഡി. ഓവർസിയർ അളന്ന് പരിശോധിക്കുകയും ഈ കെട്ടിടത്തിന്റെ മൂന്ന് നിലകൾക്കും 507.53 $m^2$ വീതം തറ വിസ്തീർണ്ണം ഉൾപ്പെടെ ആകെ 1522.59 $m^2$ തറവിസ്തീർണ്ണം ഉണ്ടെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. ആയത് അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. 1522.59 $m^2$ തറവിസ്തീർണ്ണത്തിനുള്ള കെട്ടിട നികുതി ഒടുക്കേണ്ട സ്ഥാനത്ത് 98 $m^2$ -ന് ആനുപാതികമായ നികുതി മാത്രമാണ് അടവാക്കി വരുന്നത്.

മേൽ കെട്ടിട നിർമ്മാണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

- കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 38 പ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കിയിട്ടില്ല.
- ചട്ടം 44 പ്രകാരമുള്ള കോണിപ്പടികൾ സ്ഥാപിച്ചിട്ടില്ല.
- ചട്ടം 47 പ്രകാരമുള്ള അഗ്നിരക്ഷാ കോണിപ്പടികൾ സ്ഥാപിച്ചിട്ടില്ല.
- ചട്ടം 58 പ്രകാരമുള്ള സെറ്റ് ബാക്കുകൾ നൽകിയിട്ടില്ല.
- ചട്ടം 58(12) പ്രകാരം അഗ്നിശമന വിഭാഗത്തിൽ നിന്നും സർട്ടിഫിക്കറ്റ് നേടിയിട്ടില്ല.
- ചട്ടം 102 പ്രകാരമുള്ള മഴവെള്ള സംഭരണി ഒരുക്കിയിട്ടില്ല.
- ചട്ടം 104 പ്രകാരം വൈകല്യമുള്ള വ്യക്തികൾക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.8]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

106. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ പരാമർശവിധേയമായ കെട്ടിടം 2013-14-ൽ ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ടെന്ന് കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

107. മുഴുവൻ കെട്ടിടത്തിനുമുള്ള നികുതി ഈടാക്കുന്നില്ലെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാണിച്ചപ്പോൾ 25-9-2019-ന് 2019 വരെയുള്ള നികുതി കെട്ടിട ഉടമ അടവാക്കിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പരാമർശവിധേയമായ മുഴുവൻ കെട്ടിടത്തിന്റെയും നികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെടുകയും സർക്കാർ മറുപടി അംഗീകരിക്കുകയും ചെയ്തു.

### നിഗമനങ്ങളും ശിപാർശകളും

**108. കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ ഒരുനില കെട്ടിടം പണിയുന്നതിനായി പെർമിറ്റ് നേടിയശേഷം മൂന്നുനില കെട്ടിടം നിർമ്മിച്ചുവെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ കെട്ടിട നിർമ്മാണം 2013-14-ൽ ക്രമവൽക്കരിച്ചതായി സമിതി നിരീക്ഷിക്കുന്നു. പരാമർശ വിധേയമായ മുഴുവൻ കെട്ടിടത്തിന്റെയും നികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃതമായി കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുള്ള തീയേറ്ററിന് ലൈസൻസ് പുതുക്കി നൽകി-അലയമൺ ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 2015-16, ഖണ്ഡിക 2-4)

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന തീയേറ്ററിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃതമായി നിർമ്മാണങ്ങൾ നടത്തി. ആയതിനെതിരെ യാതൊരു നടപടികളും സ്വീകരിക്കാതെ ഈ തീയേറ്ററിന്റെ ലൈസൻസ് പുതുക്കി നൽകി.

പഞ്ചായത്തിലെ രേഖകൾ പ്രകാരം പ്രസ്തുത തീയേറ്ററിന് 2 നിലകളും താഴത്തെ നിലയ്ക്ക് 697 $m^2$ ഉം ഒന്നാം നിലയ്ക്ക് 500 $m^2$ ഉം ഉൾപ്പെടെ ആകെ 1197 $m^2$ തറവിസ്തീർണ്ണവും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിന് 3 നിലകളും താഴത്തെ നിലയ്ക്ക് 856 $m^2$ തറവിസ്തീർണ്ണവും ഉള്ളതായി ഓഡിറ്റ് ടീമിന്റെ പ്രാദേശിക പരിശോധനയിൽ വ്യക്തമായി.

1998-ലെ കേരള സിനിമ റഗുലേഷൻ ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസിംഗ് അതോറിറ്റിയുടെ അനുമതിയില്ലാതെ യാതൊരുവിധ പുനർനിർമ്മാണ പ്രവർത്തനങ്ങളോ കൂട്ടിച്ചേർക്കലുകളോ നടത്തുവാൻ പാടുള്ളതല്ല. എന്നാൽ ഈ ചട്ടം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. ചട്ടം 11 പ്രകാരം തീയേറ്റർ ഉടമ നിലവിൽ ലൈസൻസ് നേടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന

ഒരു തീയേറ്ററിൽ വരുത്തുവാനുദ്ദേശിക്കുന്ന പുനർനിർമ്മാണ പ്രവർത്തനങ്ങളോ കൂട്ടിച്ചേർക്കലുകളോ ചട്ടം 4 പ്രകാരമുള്ള നടപടിക്രമങ്ങളിലൂടെ സെക്രട്ടറിയെ അറിയിക്കേണ്ടതും സെക്രട്ടറി ആയത് പരിശോധനയ്ക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ടൗൺ പ്ലാനർ, ഹെൽത്ത് ഓഫീസർ, ഫയർഫോഴ്സ് ഡിവിഷണൽ ഓഫീസർ എന്നിവരുടെ പരിശോധനയ്ക്കായി അയച്ചുനൽകേണ്ടതുമാണ്. മേൽ വിഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന അനുമതിപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർന്ന് ലൈസൻസ് പുതുക്കി നൽകുവാൻ പാടുള്ളൂ. എന്നാൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുള്ള പ്രസ്തുത തീയേറ്ററിന് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ലൈസൻസ് പുതുക്കി നൽകി.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.9]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

109. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ പഞ്ചായത്തിന്റെ അനുമതിയില്ലാതെ അധിക വിസ്തീർണ്ണത്തിൽ തീയേറ്റർ നിർമ്മിച്ചുവെന്നാണ് ഓഡിറ്റ് പരാമർശമെന്നും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ തീയേറ്റർ പരിശോധിച്ചതിൽ ചട്ടലംഘനമില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൂട്ടിച്ചേർക്കലുകൾകൂടി ചേർത്ത് അധിക വിസ്തീർണ്ണത്തിന് നികുതി ഈടാക്കി വരുന്നുണ്ടെന്നും അലയമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**110. ഓഡിറ്റ് പരാമർശം സംബന്ധിച്ച് അലയമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കെട്ടിട നിർമ്മാണ ചട്ടങ്ങളും ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവും പൂർണ്ണമായി ലംഘിച്ച് പണിത ഓഡിറ്റോറിയത്തിന് കെട്ടിട നമ്പർ അനുവദിച്ചു നൽകി**

(കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത്, ഓഡിറ്റ് റിപ്പോർട്ട് 2015-16, ഖണ്ഡിക 2-3)

കെട്ടിട നിർമ്മാണ ചട്ടങ്ങളും ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവും പൂർണ്ണമായി ലംഘിച്ച് ഗ്രാമപഞ്ചായത്തിൽ പണിതിട്ടുള്ള ഓഡിറ്റോറിയത്തിന് ക്രമവിരുദ്ധമായി നമ്പർ അനുവദിച്ചു നൽകി. മൂന്ന് നിലകളിലായി പ്രവർത്തിക്കുന്ന ഈ കെട്ടിടത്തിന്റെ താഴത്തെ നില

സമ്മേളനഹാൾ എന്നും ഒന്നാമത്തേയും രണ്ടാമത്തേയും നിലകൾ വാണിജ്യാവശ്യത്തിനുള്ളവ എന്നും രേഖപ്പെടുത്തിയാണ് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ നേടിയിട്ടുള്ളത്. എന്നാൽ ടി കെട്ടിടം കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനത്തോടെ പ്രവർത്തിക്കുന്ന ഒരു ഓഡിറ്റോറിയമാണ്.

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 57 പ്രകാരം സമ്മേളന വിഭാഗത്തിൽ ഉൾപ്പെടുന്ന, ആകെ നിർമ്മിതി വിസ്തീർണ്ണം 500 $m^2$ വരെയുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും 500 $m^2$ ന്റ മുകളിലും 1000 $m^2$ വരെയുമുള്ളവയ്ക്ക് ജില്ലാ-ടൗൺ പ്ലാനറിൽ നിന്നും, 1000 $m^2$ മുകളിലുള്ളവയ്ക്ക് ചീഫ് ടൗൺ പ്ലാനറിൽ നിന്നും നിർമ്മാണാനുമതി നേടേണ്ടതാണ്. മൂന്ന് നിലകളിലായി 1236 $m^2$ വിസ്തീർണത്തിൽ ഓഡിറ്റോറിയം പണിയുന്നതിനുള്ള അപേക്ഷ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നതിനാൽ 2013-ൽ ചീഫ് ടൗൺപ്ലാനർ നിരസിച്ചിട്ടുള്ളതാണ്. തുടർന്ന് കെട്ടിടയുടമ 498$m^2$ തറ വിസ്തീർണ്ണത്തിൽ താഴത്തെ നില മാത്രം പണിയുന്നതിനായി കാണിച്ച് 14-8-2014 ൽ പഞ്ചായത്തിൽ നിന്നും പെർമിറ്റ് നേടുകയും 6-3-2015 ൽ പണി പൂർത്തീകരിച്ച് കംപ്ലീറ്റഡ് പ്ലാൻ പഞ്ചായത്തിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടം പരിശോധിച്ച എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ കെട്ടിട നിർമ്മാണം പ്ലാൻ പ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തുകയും കെട്ടിടത്തിന് നമ്പർ അനുവദിച്ച നൽകിയിട്ടുള്ളതുമാണ്.

തുടർന്ന് 26-3-2015 ൽ നിലവിലുള്ള കെട്ടിടത്തിന് മുകളിലായി വാണിജ്യാവശ്യത്തിനായി 103$m^2$ വീതമുള്ള 2 നിലകൾ കൂടി പണിയുന്നതിനായി പഞ്ചായത്തിൽ പെർമിറ്റിന് അപേക്ഷ സമർപ്പിക്കുകയും സെക്രട്ടറി മേൽ അപേക്ഷ 23-4-2015-ൽ ജില്ലാ ടൗൺ പ്ലാനർക്ക് അയച്ചു നൽകുകയും ചെയ്തു. ജില്ലാ ടൗൺ പ്ലാനറുടെ 6-6-2015-ലെ സി./702/2015/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ടായിരിക്കണമെന്ന നിർദ്ദേശത്തോടും നിർമ്മിക്കാനുദ്ദേശിക്കുന്ന വാണിജ്യക്കെട്ടിടം ഒരു കാരണവശാലും ഓഡിറ്റോറിയത്തിന്റെ 'എക്സ്റ്റൻഷൻ' എന്ന രീതിയിൽ ഉപയോഗിക്കാൻ പാടില്ല എന്ന നിബന്ധനയോടുംകൂടി പ്ലാൻ അംഗീകരിച്ച് സെക്രട്ടറിക്ക് അയച്ചു നൽകിയിരുന്നു. അതിൻപ്രകാരം സെക്രട്ടറി 6/15-ൽ നിർമ്മാണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 11-8-2015-ൽ കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുള്ളതായിക്കാണിച്ച് ഉടമ പഞ്ചായത്തിൽ അപേക്ഷ നൽകുകയും അപേക്ഷ പരിശോധനയ്ക്കായി സെക്രട്ടറി എൽ.എസ്.ജി.ഡി. സെക്ഷന് കൈമാറുകയും ചെയ്തു. തുടർന്നുള്ള പരിശോധനയിൽ നിർമ്മാണം ചട്ടങ്ങൾ പ്രകാരമാണെന്ന് 12-8-2015-ൽ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 13-8-2015-ൽ സെക്രട്ടറി കെട്ടിടങ്ങൾക്ക് നമ്പറുകൾ അനുവദിച്ച നൽകി.

പ്രസ്തുത കെട്ടിടത്തിന് 2011-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 57 പ്രകാരം സമ്മേളനവിനിയോഗ ഗണത്തിൽ ഉൾപ്പെടുന്ന 800 $m^2$ ന് മുകളിലുള്ളവയ്ക്ക് ആവശ്യമായ സെറ്റ് ബാക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല. ചട്ടം 30 പ്രകാരമുള്ള മാലിന്യ നിർമ്മാർജനത്തിനുള്ള സംവിധാനങ്ങളോ,

ചട്ടം 47 പ്രകാരമുള്ള അഗ്നി സുരക്ഷാ സംവിധാനങ്ങളോ, ചട്ടം 38 പ്രകാരമുള്ള പാർക്കിംഗ് സൗകര്യങ്ങളോ, ചട്ടം 56 പട്ടിക 6 പ്രകാരമുള്ള ശുചീകരണ സംവിധാനങ്ങളോ ഒരുക്കിയിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.10]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

111. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ 498 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനായി കെട്ടിട ഉടമ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുകയും കെട്ടിടത്തിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നമ്പർ അനുവദിച്ച് നൽകുകയും ചെയ്തിരുന്നുവെന്നും അതിനുശേഷം കെട്ടിടത്തിന്റെ മുൻഭാഗത്ത് 103 ചതുരശ്ര മീറ്റർ വീതം വിസ്തീർണ്ണത്തിൽ (ഒന്നാം നിലയും രണ്ടാം നിലയും) വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരത്തോടുകൂടി അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തീകരിച്ചിരുന്നുവെന്നും പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയപ്പോൾ 103 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള രണ്ട് കെട്ടിടങ്ങൾക്കും നമ്പർ അനുവദിച്ച് നൽകിയിരുന്നുവെന്നും അതിനുശേഷം കെട്ടിട ഉടമ അതിന്റെ പിൻഭാഗത്തേയ്ക്ക് എക്സ്റ്റന്റ് ചെയ്തുവെന്നും എക്സ്റ്റന്റ് ചെയ്തഭാഗം 15-5-2017-ൽ സെക്രട്ടറി ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

112. പരാമർശവിധേയമായ കെട്ടിടത്തിൽ നടത്തിയ അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

### നിഗമനങ്ങളും ശിപാർശകളും

113. **കെട്ടിട നിർമ്മാണ ചട്ടങ്ങളും ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവും പൂർണ്ണമായി ലംഘിച്ച് പണിത ഓഡിറ്റോറിയത്തിന് കെട്ടിട നമ്പർ അനുവദിച്ച് നൽകി എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പരാമർശ വിധേയമായ കെട്ടിടത്തിൽ നടത്തിയ അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചിട്ടുണ്ടെന്നും എന്നാൽ അത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**തറവിസ്തീർണ്ണത്തിന് ആനുപാതികമായി അധിക പെർമിറ്റ് ഫീസ് ഈടാക്കാത്തതിനാൽ 1,37,400 രൂപ നഷ്ടം**

[നെടുമ്പന ഗ്രാമപഞ്ചായത്ത്, ഓഡിറ്റ് റിപ്പോർട്ട് 2014-15, ഖണ്ഡിക 2-2]

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന തറ വിസ്തീർണ്ണത്തിന്റെ അനുപാതമൂല്യം അനുവദനീയമായ പരിധിയിൽ കവിയുന്നപക്ഷം, അത്തരത്തിൽ മൂല്യം അധികരിക്കുന്നതിന് ബാധകമാകുന്ന തറവിസ്തീർണത്തിന്റെ ഓരോ ചതുരശ്ര മീറ്ററിനും 500 രൂപ നിരക്കിൽ (നിശ്ചിത പരിധി വരെ) അധിക ഫീസീടാക്കണമെന്ന നിബന്ധന പാലിക്കാത്തതുമൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിന് 1,37,400 രൂപയുടെ നഷ്ടം സംഭവിച്ചു.

കെട്ടിടയുടമ കൺവെൻഷൻ സെന്ററിന് നമ്പറിംഗിനായി സമർപ്പിച്ച അപേക്ഷയിൽ ഉൾപ്പെടുത്തിയിരുന്ന കംപ്ലീഷൻ പ്ലാനിലെ വിവരങ്ങൾ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണാനുപാത മൂല്യം 1282.40 ച.മീ. ആണ്. തറവിസ്തീർണാനുപാതികമായി അധിക ഫീസ് 1,37,400 രൂപ (274.80x500) ടിയാനിൽ നിന്നും ഈടാക്കിയിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.12]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

114. സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

115. **ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് അധിക പെർമിറ്റ് ഫീസ് തുക അടവാക്കിയിട്ടുണ്ട് എന്ന് സർക്കാർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**അധിക പെർമിറ്റ് ഫീസ് ഈടാക്കാതെ ഓഡിറ്റോറിയത്തിന് നമ്പർ അനുവദിച്ചു നൽകി 3,34,500 രൂപ നഷ്ടം**

[കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്, ഓഡിറ്റ് റിപ്പോർട്ട് 2015-16, ഖണ്ഡിക 2-2]

2015-16 വർഷം ഗ്രാമപഞ്ചായത്തിൽ നിന്ന് കെട്ടിട നമ്പർ അനുവദിക്കപ്പെട്ട ഓഡിറ്റോറിയത്തിന് തറവിസ്തീർണ്ണത്തിന് ആനുപാതികമായി അധിക ഫീസ് നിശ്ചയിക്കാത്തതിനാൽ 3,34,500 രൂപയുടെ വരുമാന നഷ്ടം ഉണ്ടായി.

കെട്ടിടയുടമ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള കംപ്ലീഷൻ പ്ലാൻ അനുസരിച്ച് ഓഡിറ്റോറിയത്തിന്റെ നിർമ്മിതി വിസ്തീർണ്ണം 3847 ച.മീ. ആണ്. അതിൽ 990 ച.മീ. വിസ്തീർണ്ണമുള്ള ഭാഗം ബേസ്മെന്റ് ഏരിയ 1-ൽ പാർക്കിംഗ് ഏരിയ എന്ന് കാണിച്ച് തറവിസ്തീർണാനുപാതം കണക്കാക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇതിൽ മുകളിലത്തെ നിലകളിൽ നിന്നും ബേസ്മെന്റ് ഏരിയ-1 ലേയ്ക്ക് വരുന്നതിനുള്ള റാമ്പ് ഉൾപ്പെടെയുള്ള ഭാഗവും ചേർത്തിട്ടുണ്ട്. എന്നാൽ ഇത് അനുവദനീയമല്ല. ആയതിന്റെ വിസ്തീർണ്ണം 112 ച.മീ ഒഴികെയുള്ള 878 ച.മീ മാത്രമേ പാർക്കിംഗ് ഏരിയയായി കാണേണ്ടതുള്ളൂ.

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35 പട്ടിക 2 പ്രകാരം കാറ്റഗറി II ഗ്രാമപഞ്ചായത്തുകളിലെ സമ്മേളന വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് തറവിസ്തീർണാനുപാതികമായി അധിക ഫീസില്ലാതെ 0.70 വരെ അനുവദിക്കാവുന്നതാണ്. അധികമുള്ള ഓരോ ച.മീറ്ററിനും 500 രൂപ നിരക്കിൽ അധിക ഫീസോടുകൂടെ 1.25 വരെ അനുവദിക്കാവുന്നതുമാണ്. ഈ ചട്ടമനുസരിച്ച് കെട്ടിടയുടമയിൽ നിന്ന് 669 ച.മീ അധിക തറ വിസ്തീർണ്ണത്തിന് 500 രൂപ നിരക്കിൽ 3,34,500 രൂപ അധിക ഫീസ് ഈടാക്കേണ്ടിയിരുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.13]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

116. അധികമുള്ള തറ വിസ്തീർണ്ണത്തിന് ഒടുക്കേണ്ട 3,34,500 രൂപ ഈടാക്കുന്നതിനായി കെട്ടിട ഉടമയ്ക്ക് 16-9-2019-ൽ ആർ.ആർ. ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് നിരീക്ഷിച്ച സമിതി ആർ.ആർ. നടപടികൾ ത്വരിതപ്പെടുത്തി, കെട്ടിട ഉടമയിൽ നിന്നും നഷ്ടത്തുക ഈടാക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

117. **അധിക പെർമിറ്റ് ഫീസ് ഈടാക്കാതെ, ഓഡിറ്റോറിയത്തിന് നമ്പർ അനുവദിച്ച് നൽകിയതിലൂടെ 3,34,500 രൂപയുടെ വരുമാന നഷ്ടമുണ്ടായെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് അധിക തറവിസ്തീർണ്ണത്തിന് ഒടുക്കേണ്ട തുക ഈടാക്കുന്നതിനായി കെട്ടിട ഉടമയ്ക്ക് ആർ.ആർ. ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. കെട്ടിട ഉടമയിൽനിന്നും താമസംവിനാ നഷ്ടത്തുക ഈടാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൊതുമാർക്കറ്റുകൾ-കുണ്ടറ ഗ്രാമപഞ്ചായത്ത്**

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 221 പ്രകാരം പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ പൊതുമാർക്കറ്റുകളുടെയും നടത്തിപ്പും നിയന്ത്രണവും പരിപാലനവും പഞ്ചായത്തിന്റെ ചുമതലയാണ്. വകുപ്പ് 273 പ്രകാരം മൂന്ന് വർഷത്തിൽ കവിയാത്ത കാലയളവിൽ യുക്തമെന്ന് കരുതുന്ന ഉപാധികളിന്മേൽ ഉപയോഗാവകാശം കുത്തകയ്ക്ക് നൽകാൻ പഞ്ചായത്തിന് അധികാരമുണ്ട്.

പൊതുമാർക്കറ്റുകളുടെ നവീകരണം നടത്തേണ്ടി വരുന്ന സാഹചര്യങ്ങളിൽ നിലവിലെ മാർക്കറ്റിന്റെ ഉപയോക്താക്കൾക്ക് ആസൂത്രിതവും കൃത്യവുമായ ബദൽ സംവിധാനം ഏർപ്പെടുത്താൻ പഞ്ചായത്തുകൾക്ക് കഴിയാതെ വരുന്ന അവസ്ഥ നിലനിൽക്കുന്നു. മാർക്കറ്റ് നവീകരണത്തിനായി നിലവിലെ കച്ചവടക്കാരെ ഒഴിപ്പിക്കാൻ കഴിയാത്തതിനാൽ പ്രവൃത്തി തടസ്സപ്പെടുത്തുക, പുതിയ മാർക്കറ്റിൽ അനധികൃതമായി കടന്ന് വിപണനം നടത്തുക എന്നിവയൊക്കെ ബദൽ മാർക്കറ്റിന്റെ അഭാവത്തിൽ സംജാതമാകുന്ന കാര്യങ്ങളാണ്. ഇത്തരം സാഹചര്യങ്ങൾ തരണം ചെയ്യുന്നതിന് സർക്കാർതല ഇടപെടൽ പഞ്ചായത്തുകൾക്ക് അനിവാര്യമാകുന്ന സാഹചര്യങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്.

**മാർക്കറ്റ് നവീകരണം - പുനരധിവാസ നടപടികൾ ആവശ്യമാണ്**

മാർക്കറ്റുകളിൽ നിയമലംഘനം നടത്തുന്നവർക്ക് പഞ്ചായത്ത് രാജ് ആക്ട് ആറാം പട്ടികയിൽ 200 രൂപയും ഏഴാം പട്ടികയിൽ തുടരുന്ന ലംഘനങ്ങൾക്ക് ദിനംപ്രതി 100 രൂപയും പിഴ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ, ഈ പിഴ ചുമത്താനോ നിയമലംഘനങ്ങൾ തടയാനോ പഞ്ചായത്തുകൾക്ക് കഴിയാതെ വരുന്ന അവസ്ഥയാണ് നിലവിലെ സാഹചര്യത്തിൽ പൊതുവെ നിലനിൽക്കുന്നത് എന്നതാണ് വസ്തുത. സ്വാഭാവികമായും മനുഷ്യാവകാശ കമ്മീഷനോ, കോടതികളോ പോലുള്ള അധികാര സ്ഥാനങ്ങളിലെ നടപടികളിലേക്ക് നീങ്ങുന്നതായാണ് കാണുന്നത്. ഇനിയും ഇത് ആവർത്തിക്കാതിരിക്കാൻ മാർക്കറ്റ് ലേലകൈമാറ്റ വ്യവസ്ഥ പരിഷ്കരിക്കേണ്ടതുണ്ട്.

പഞ്ചായത്തുകളുടെ മുഖ്യവരുമാന സ്രോതസ്സുകളിൽ ഒന്നായ പൊതുമാർക്കറ്റുകളിൽ അവശ്യം വേണ്ടിവരുന്ന നവീകരണ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടൽ, അനധികൃത വ്യാപാരം, നിലവിലുള്ള വ്യാപാരങ്ങൾക്ക് കൃത്യമായ ബദൽ സംവിധാനത്തിന്റെ അപര്യാപ്തത, നിയമലംഘനങ്ങളിന്മേൽ നടപടി സ്വീകരിക്കാൻ കഴിയാതെ വരിക തുടങ്ങി പഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ബഹുമാനപ്പെട്ട നിയമസഭാ

സാമാജികരുൾപ്പെടെയുള്ള സാമൂഹ്യ-രാഷ്ട്രീയ സംഘടനാ പ്രവർത്തന സംവിധാനങ്ങളുടെ ഏകോപനം അടക്കമുള്ള നടപടികൾ സാധ്യമാകുംവിധം സർക്കാരിന്റെ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. ഇത്തരത്തിൽ പ്രസക്തമായ ഒരു ഓഡിറ്റ് പരാമർശം റിപ്പോർട്ട് ചെയ്യുന്നു.

[കുണ്ടറ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല, ഓഡിറ്റ് റിപ്പോർട്ട് 2015-16, ഖണ്ഡിക 3-1]

കുണ്ടറ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുക്കട മാർക്കറ്റ് കെട്ടിടം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് കെട്ടിട നിർമ്മാണ വിഭാഗം നവീകരണ പ്രവൃത്തികൾ ചെയ്ത ശേഷം പഞ്ചായത്തിന് കൈമാറിയപ്പോൾ അഴുക്ക് ചാൽ, കുടിവെള്ളം, ബയോഗ്യാസ് പ്ലാന്റ് തുടങ്ങി പഞ്ചായത്ത് ക്രമീകരിക്കേണ്ട അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്താൻ തീരുമാനിച്ചെങ്കിലും ഒരു വിഭാഗം മത്സ്യവ്യാപാരികളുടെ മാർക്കറ്റ് കൈയേറ്റം പ്രവൃത്തി നിർവ്വഹണം അസാദ്ധ്യമാക്കി. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് വിഘാതം സൃഷ്ടിച്ച് അനധികൃത വ്യാപാരം നിലനിൽക്കുന്ന സാഹചര്യത്തിൽ മാർക്കറ്റ് കെട്ടിടത്തിലെ ഗേറ്റ് ഫീസ്, പിരിവ്, വാടക തുടങ്ങിയ ഇനങ്ങൾ ലേലം ചെയ്ത് നൽകാൻ പഞ്ചായത്തുകൾക്ക് കഴിയാതെ വരുന്ന അവസ്ഥ നിലനിൽക്കുന്നു എന്നതാണ് വസ്തുത.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.1.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

118. സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**119. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മാർക്കറ്റ് അടിസ്ഥാന സൗകര്യ വികസനം-വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പദ്ധതി - ചുറ്റുമതിൽ നിർമ്മാണത്തിന് പുനരംഗീകാരം നൽകി-അതിർത്തി നിർണ്ണയം നടത്താത്തതിനാൽ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.**

[നെടുമ്പന ഗ്രാമപഞ്ചായത്ത്, ഓഡിറ്റ് റിപ്പോർട്ട് 2014-15, ഖണ്ഡിക 3-1]

നെടുമ്പന ഗ്രാമപഞ്ചായത്തിൽ 2013-14 വർഷം അംഗീകരിച്ച "അടിസ്ഥാന സൗകര്യ വികസനം" എന്ന പ്രോജക്ടിൽ നല്ലില മാർക്കറ്റിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് തറ

കോൺക്രീറ്റ് ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടത്. പ്രോജക്ട് നിർവ്വഹിക്കുന്നതിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരനുമായി എഗ്രിമെന്റ് വച്ചതിനുശേഷം മാർക്കറ്റ് സ്ഥലത്ത് കൈയേറ്റം ഒഴിപ്പിക്കുന്നതിന് ചുറ്റുമതിൽ കെട്ടുന്നതാണ് അത്യാവശ്യമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. പഞ്ചായത്ത് തീരുമാനപ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി ലഭ്യമാക്കി. മതിൽ നിർമ്മാണം നടത്തുന്ന സ്ഥലത്തിന്റെ അതിർത്തികൾ റവന്യൂ അധികാരികളെ കൊണ്ട് നിർണ്ണയിച്ചതിന് ശേഷം മാത്രം മതിൽ നിർമ്മാണം നടത്താവുന്നതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ് സാങ്കേതികാനുമതി നൽകിയത്. പ്രവൃത്തി റീടെണ്ടർ ചെയ്തപ്പോൾ ആദ്യ കരാറുകാരന്റെ പേരിൽ തന്നെ ടെണ്ടർ ഉറപ്പിക്കുകയും 2,01,705 രൂപയുടെ പാർട്ട് ബിൽ തുക കരാറുകാരന് നൽകുകയും ചെയ്തു. അതിന് ശേഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ നോട്ടീസ് നൽകിയെങ്കിലും പ്രവൃത്തി പിന്നീട് ചെയ്തില്ല.

കരാറുകാരന്റെ കുറ്റം കൊണ്ടല്ല പ്രവൃത്തി ഉപേക്ഷിച്ചതെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതിനെ തുടർന്ന് ചെയ്ത പ്രവൃത്തി അളന്ന് കരാറുകാരന് തുക നൽകി. പഞ്ചായത്ത് തീരുമാനത്തിന് അടിസ്ഥാനമാക്കിയ രേഖകളൊന്നും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. 5,00,000 രൂപ തനത് ഫണ്ട് വകയിരുത്തിയ പദ്ധതിയിൽ 2,27,354 രൂപ ചെലവ് ചെയ്തെങ്കിലും പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.1.3]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

120. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ നല്ലില മാർക്കറ്റിന്റെ അതിരുകൾ നിശ്ചയിച്ച് മതിൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും മാർക്കറ്റിന്റെ പടിഞ്ഞാറ് വശത്തെ മതിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വടക്ക് വശത്ത് കൂടിയാണ് കുറച്ച് വീടുകളിലേയ്ക്ക് ആളുകൾ പോകുന്നതെന്നതിനാൽ അവർക്ക് പോകുന്നതിനുള്ള സ്ഥലം ഒഴിച്ചിട്ട് ശേഷിച്ച സ്ഥലം മതിൽ കെട്ടി അടച്ചിട്ടുണ്ടെന്നും മാർക്കറ്റിന്റെ മുൻവശത്ത് കടമുറികൾ ഉള്ള ഭാഗവും അടച്ചിട്ടുണ്ടെന്നും ഒരു വ്യക്തിക്ക് വഴി വേണമെന്നാവശ്യപ്പെട്ട് ഒരു വശത്തെ മതിൽ കെട്ടുന്നതിനെതിരെ ടിയാൻ കൊല്ലം മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നും കേസിന്റെ ഹിയറിംഗ് 11-10-2019-നാണെന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും നെടുമ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

121. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോടതി വിധിയ്ക്കനുസരിച്ച് പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

122. **ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോടതി വിധിയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പുറമ്പോക്ക് ഭൂമി - മൈലം ഗ്രാമപഞ്ചായത്ത്**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം പുറമ്പോക്ക് ഭൂമികളുടെ ശരിയായ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതും നിക്ഷിപ്തമായിട്ടുള്ളതുമായ ഭൂമി അത് പുറമ്പോക്കാണെങ്കിലും അല്ലെങ്കിലും അതത് ഗ്രാമ/നഗരപാലിക സ്ഥാപനങ്ങളുടെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ കൈവശപ്പെടുത്തുന്നത് നിയമം നിരോധിച്ചിട്ടുണ്ട്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുള്ളിലുള്ളതും (ദേശീയ പാതയോ, സംസ്ഥാന പാതയോ, മേജർ ജില്ലാ റോഡായി നിലകൊള്ളുന്നതോ സർക്കാർ അപ്രകാരം തരംതിരിച്ചിട്ടുള്ളതോ ആയവ ഒഴികെയുള്ള) എല്ലാ പൊതുവഴികളും, നിരത്തുകളും, ഡ്രെയിനുകളും, പാതകളും, പാലങ്ങളും, കിടങ്ങുകളും, അണകളും അവയ്ക്ക് മുകളിലോ വശങ്ങളിലോ ഉള്ള വേലികളും, അവയോട് ചേർന്നുകിടക്കുന്ന സ്വകാര്യ സ്വത്തല്ലാത്ത എല്ലാ ഭൂമിയും, എല്ലാ നടപ്പാതകളും, കല്ലും മറ്റ് സാധനങ്ങളും അവിടെ സ്ഥാപിച്ചിട്ടുള്ള മറ്റെല്ലാ സാധനസാമഗ്രികളും അപ്രകാരമുള്ള റോഡുകളിലോ അതിനോടു ചേർന്നോ, അതിനു കീഴിലോ നിർമ്മിച്ചിട്ടുള്ള എല്ലാ അഴുക്കുചാലുകളും ഡ്രെയിനേജ് പണികളും കടലുകളും കലുങ്കുകളും അവയോട് ചേർന്നുള്ള എല്ലാ പണികളും സാധനങ്ങളും സാമഗ്രികളും എല്ലാ പൊതുജല മാർഗ്ഗങ്ങളും നദികളുടെ തടങ്ങളും, തീരങ്ങളും, ചെറുപുഴകളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും തടാകങ്ങളും കായലുകളും, ജലമാർഗ്ഗങ്ങളും, ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമാക്കിയിട്ടുള്ളതാണ്.

**പുറമ്പോക്കുകൾ-സംരക്ഷണവുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്ത അപാകങ്ങളുടെ സംക്ഷിപ്ത വിവരം**

| സ്ഥാപനം/ജില്ല | ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക | റിപ്പോർട്ട് ചെയ്ത അപാകം |
|---|---|---|
| മൈലം ഗ്രാമപഞ്ചായത്ത്, കൊല്ലം | 2014-15 ഖണ്ഡിക 3-20 | പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് വസ്തുക്കളുടെ വിവരം ലഭ്യമല്ല. കലയപുരം വില്ലേജിൽ ബ്ലോക്ക് 12-ൽ സർവ്വേ 17/16 -ൽ ഉൾപ്പെട്ട തോട് പുറമ്പോക്ക് സ്ഥലത്തുള്ള സ്വകാര്യ വ്യക്തിയുടെ അനധികൃത കൈയേറ്റം ഒഴിപ്പിച്ചിട്ടില്ല. |

പുറമ്പോക്കുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള പരിമിതികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി സർക്കാരിന്റെ അധീനതയിലുള്ള മറ്റേതെങ്കിലും പുറമ്പോക്കുകളുടെ ഉപയോഗം, അതിലേയ്ക്ക് സർക്കാർ ഉത്തരവുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ളപക്ഷം നിയന്ത്രിക്കുന്നതിനുകൂടി അധികാരമുണ്ട്. അനധികൃതമായി കൈയേറ്റം നിരോധിക്കലും അവ ഒഴിപ്പിക്കലും അത്തരം കയ്യേറ്റങ്ങൾക്ക് പിഴചുമത്തലും സംബന്ധിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശംവയ്ക്കുന്നതിന് പിഴചുമത്തലും ഈടാക്കലും) ചട്ടങ്ങൾ, 1998-ലെ കേരള മുനിസിപ്പാലിറ്റി (പുറമ്പോക്ക് കൈയേറ്റത്തിന് പിഴ ചുമത്തൽ) ചട്ടങ്ങൾ എന്നിവയിൽ വ്യക്തമായ വ്യവസ്ഥകളുമുണ്ട്. പ്രസ്തുത വ്യവസ്ഥകളുടെ പിൻബലത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പുവരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിൽ വരുന്ന പുറമ്പോക്ക് ഭൂമി എത്രയെന്ന് അളന്ന് തിട്ടപ്പെടുത്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ പുറമ്പോക്ക് വസ്തുക്കളിന്മേലുള്ള അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിച്ച് വസ്തുക്കൾ തിരിച്ചുപിടിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കാൻ സർക്കാർ നിർദ്ദേശം ഉണ്ടാകേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള പുറമ്പോക്കുകൾ പൊതുശല്യമാകാതെ സംരക്ഷിക്കേണ്ടതും കാടുപിടിച്ച്, വൃത്തിഹീനമായി നിലനിൽക്കുന്നവ ഉപയോഗപ്രദമാക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളിൽപ്പെടുന്ന (കേരള പഞ്ചായത്ത് രാജ്

ആക്ട് മൂന്നാം പട്ടിക-സി, കേരള മുനിസിപ്പൽ ആക്ട് ഒന്നാം പട്ടിക-സി) തരിശുഭൂമിയിലും പ്രാന്തപ്രദേശങ്ങളിലും കൃഷി ചെയ്യിക്കുക, സഹകരണ കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക, പാഴ്ഭൂമി വനവൽക്കരിക്കുക തുടങ്ങിയവയിലൂടെ പുറമ്പോക്ക് ഭൂമി സംരക്ഷണം ഉറപ്പാക്കാവുന്നതാണ്. ആയതിലേക്ക് കുടുംബശ്രീ, റെസിഡൻസ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയ ജനകീയ പിന്തുണാ സംവിധാനങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.2.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

123. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ പരാമർശവിധേയമായ സർവ്വേ നമ്പർ മൈലം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന് രജിസ്ട്രാറുടെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെന്നും പുറമ്പോക്ക് ഭൂമി സംരക്ഷിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മൈലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

## നിഗമനങ്ങളും ശിപാർശകളും

124. **ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് മൈലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ടി. പി. രാമകൃഷ്ണൻ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 നവംബർ 2.

അനുബന്ധം I

**പ്രധാന നിഗമനങ്ങൾ/ശിപാർശകൾ**

| ക്രമ നമ്പർ | ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തദ്ദേശസ്വയംഭരണ വകുപ്പ് | 2 | ഓഡിറ്റ് പരാമർശം സംബന്ധിച്ച് മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണം സമിതി അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു. |
| 2 | ,, | 4 | സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പട്ടാഴി വടക്കേക്കര, വെളിനല്ലൂർ, നീണ്ടകര, തൃക്കരുവ, വെളിയം എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 3 | ,, | 6 | സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | ,, | 8 | സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | ,, | 10 | സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 6 | ,, | 12 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 7 | ,, | 14 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | തദ്ദേശസ്വയംഭരണ വകുപ്പ് | 16 | ഓഡിറ്റ് പരാമർശം സംബന്ധിച്ച് ചിതറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | ,, | 24 | ആട്ടുവളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ 2,79,568 രൂപ കൈപ്പറ്റിയിരുന്നുവെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളൊന്നും നാളിതുവരെ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ടിയാനിൽനിന്നും നഷ്ടത്തുക ഈടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് അധികൃതർ ഭരണ വകുപ്പിലേയ്ക്ക് അയച്ച കത്തിന് 4 വർഷങ്ങൾക്കു ശേഷമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നതെന്നും ടി കാലതാമസം നാളിതുവരെയായി കൊല്ലം ഡി.ഡി.പി. യുടെയും മറ്റ് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. |
| | | 25 | പഞ്ചായത്തുകളിൽ നടക്കുന്ന ക്രമക്കേടുകൾ സംബന്ധിച്ച് മാസംതോറും പരിശോധന നടത്തുവാൻ പെർഫോമൻസ് ഓഡിറ്റ് സംവിധാനമുണ്ടെങ്കിലും പ്രസ്തുത സംവിധാനം ഫലപ്രദമല്ലെന്നാണ് ടി ഓഡിറ്റ് പരാമർശത്തിലൂടെ വെളിവാകുന്നതെന്നും ക്രമക്കേട് നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ട് അയച്ച കത്തിന് 4 വർഷങ്ങൾക്കുശേഷം മാത്രമാണ് മറുപടി ലഭിച്ചത് എന്ന കാര്യം നാളിതുവരെയായി പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെടാതിരുന്നത് പ്രസ്തുത സംവിധാനത്തിന്റെ കാര്യക്ഷമതയില്ലായ്മയെയാണ് സൂചിപ്പിക്കുന്നതെന്നും സമിതി ചൂണ്ടിക്കാണിക്കുന്നു. കൊല്ലം ജില്ലയിലെ പഞ്ചായത്തുകളിൽ ജില്ലാ പെർഫോമൻസ് ഓഡിറ്റ് വിഭാഗം നടത്തിയ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പരിശോധനകളുടെ റിപ്പോർട്ടും അതെത്തുടർന്ന് സംസ്ഥാന തലത്തിൽ നടത്തിയ പരിശോധനകളുടെ വിശദവിവരവും സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | | 26 | പരാമർശവിധേയമായ ആട് വളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണമെന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും നാളിതുവരെയായി ആയത് ഹാജരാക്കാത്ത നിർവ്വഹണോദ്യോഗസ്ഥനിൽനിന്നും നഷ്ടത്തുക ഈടാക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 10 | തദ്ദേശസ്വയംഭരണ വകുപ്പ് | 28 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാന ത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 11 | ,, | 30 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാന ത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | ,, | 33 | കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹരിയാലി പദ്ധതിയ്ക്കായി ചെലവഴിച്ച തിൽ ശേഷിക്കുന്ന തുക തിരിച്ചടയ്ക്കാത്തതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്ന് സമിതി നിരീക്ഷിക്കുന്നു. ടി തുക എത്രയാണെന്നും ആയത് ഏത് അക്കൗണ്ടിലാണ് അടവാക്കേണ്ടതെന്നതും സംബന്ധിച്ച് നിർദ്ദേശം ലഭിക്കുന്നപക്ഷം തുക തിരിച്ചടയ്ക്കുവാൻ കൃഷി ഓഫീസർ സന്നദ്ധനാണെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കു ന്നതിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തുക അടിയന്തരമായി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 13 | തദ്ദേശസ്വയംഭരണ വകുപ്പ് | 35 | സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 14 | ,, | 38 | പരാമർശവിധേയമായ 9 എസ്.ജി.ആർ.വൈ. പദ്ധതികൾക്ക് മുൻകൂർ നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ, പദ്ധതികളുടെ പൂർത്തീകരണ രേഖകൾ തുടങ്ങിയവ നാളിതുവരെ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 15 | ,, | 40 | ലക്ഷംവീട് ഒറ്റവീടാക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് സബ്സിഡി തുക അധികമായി നൽകിയ നടപടി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമ പഞ്ചായത്ത് അധികൃതർ സർക്കാരിന് സമർപ്പിച്ചിരിക്കുന്ന സാധൂകരണ അപേക്ഷയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 16 | ,, | 45 | ഏരൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കായിരുന്ന ബി. വിജയമ്മയെ സാമ്പത്തിക ക്രമക്കേടുകളുടെ പേരിൽ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിരുന്നുവെന്നും സസ്പെൻഷനിലിരിക്കെത്തന്നെ വിരമിച്ച അവരുടെ പെൻഷൻ ആനുകൂല്യങ്ങളെല്ലാം നിലവിലും തടഞ്ഞുവച്ചിരിക്കുകയാണെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനില്ക്കുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ആയത് കോടതി നടപടികൾ ത്വരിതപ്പെടുത്തി പൂർത്തിയാകുന്ന മുറയ്ക്ക് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 46 | പരാമർശവിധേയമായ സാമ്പത്തിക തിരിമറി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുന്നതിന് ഒരു മാസത്തെ കാലതാമസം നേരിട്ടുവെന്നും 2018-19 കാലഘട്ടത്തിലും പ്രസ്തുത പഞ്ചായത്തിൽ സാമ്പത്തിക തിരിമറി നടന്നിരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ ക്രമക്കേടുകൾ നടത്തുന്നതിന് അനുകൂല മായ അന്തരീക്ഷം ഉണ്ടാകുന്നത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടക്കുറവ് കാരണമാണെന്ന് അഭിപ്രായപ്പെടുന്നതോടൊപ്പം പഞ്ചായത്തുകളിൽ ഡി.ഡി.പി. തലത്തിലുള്ള പരിശോധനകൾ കാര്യക്ഷമമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| | | 48 | ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ നൽകിയ വിശദീകരണം അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു. |
| 17 | തദ്ദേശസ്വയംഭരണ വകുപ്പ് | 50 | ചടയമംഗലം ഗ്രാമപഞ്ചായത്തിലെ രണ്ട് മരാമത്ത് പ്രവൃത്തികൾക്കായി 1,25,750 രൂപ മൊബിലൈസേ ഷൻ അഡ്വാൻസ് കൈപ്പറ്റിയിരുന്ന പ്രവൃത്തികളുടെ കൺവീനറായിരുന്ന കെ. സത്യൻ പ്രസ്തുത പ്രവൃത്തികൾ ചെയ്തിരുന്നില്ലെന്നും ടിയാനെതിരെയുള്ള ആർ.ആർ. നടപടികൾ നിലവിലും തുടർന്ന് വരികയാണെന്നും സമിതി നിരീക്ഷിക്കുന്നു. ആർ.ആർ. നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്ക ണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 18 | ,, | 52 | സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു. |
| 19 | തദ്ദേശസ്വയംഭരണ വകുപ്പ് | 54 | സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാന ത്തിൽ തഴവ, തെന്മല, കല്ലുവാതുക്കൽ, നെടുവത്തൂർ, ആര്യങ്കാവ്, ഇടമുളയ്ക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 20 | തദ്ദേശസ്വയംഭരണ വകുപ്പ് | 60 | നിലമേൽ ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണത്തിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 8,53,752 രൂപ നൽകിയിരുന്നുവെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ച് പോവുകയാണ് ചെയ്തതെന്നും പിന്നീട് പ്രസ്തുത സ്ഥാപനത്തിന് നോട്ടീസ് നൽകുകയും കത്തിടപാടുകൾ നടത്തുകയും ചെയ്തതിന്റെ ഫലമായി നിർമ്മാണം പൂർത്തീകരിച്ചിരുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. നാല് മാസത്തിനുള്ളിൽ പ്ലാന്റ് നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും പിഴ ഈടാക്കാവുന്നതാണെന്ന കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് അധികൃതർ നാളിതുവരെയായി കോർപ്പറേഷനെതിരെ യാതൊരു നിയമനടപടികളും സ്വീകരിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. 8.5 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പരാമർശവിധേയമായ ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിലവിൽ പ്രവർത്തനരഹിതമാണെന്നും ആയത് നവീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ശുചിത്വ മിഷനുമായി ചേർന്ന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്ലാന്റിന്റെ പുനരുദ്ധാരണം അടിയന്തരമായി പൂർത്തിയാക്കി പ്ലാന്റ് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | | 61 | ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് സംഭവിച്ച സാമ്പത്തിക നഷ്ടം കണക്കാക്കി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും നഷ്ടത്തുകയുടെ ഇരട്ടി തിരിച്ചുപിടിക്കുന്ന തരത്തിൽ പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്ത് അതിനുള്ള നടപടികൾ സ്വീകരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 21 | തദ്ദേശസ്വയംഭരണ വകുപ്പ് | 65 | പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതിയുടെ ഭാഗമായി അഗതി കുടുംബങ്ങളിലെ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനായി 3,02,951 രൂപ കൺസ്യൂമർ ഫെഡിലേയ്ക്ക് അടച്ചിരുന്നുവെങ്കിലും ഗുണഭോക്താക്കൾക്കൊന്നും പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടില്ലെന്നും പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് അധികൃതർ കൺസ്യൂമർ ഫെഡുമായി കരാറുകളൊന്നും ചമച്ചിരുന്നില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വി.ഇ.ഒ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനു മുമ്പ് പദ്ധതിവിഹിതം കൺസ്യൂമർ ഫെഡിലേയ്ക്ക് നേരിട്ട് അടയ്ക്കുകയാണ് ചെയ്തതെന്നും സമിതി നിരീക്ഷിക്കുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നതെന്നും അഗതി കുടുംബങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികളിൽപോലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന ഇത്തരം പിഴവുകൾ അതീവ ഗുരുതരവും അടിയന്തര ശ്രദ്ധ ആവശ്യപ്പെടുന്നതുമാണെന്നും സമിതി വിലയിരുത്തുന്നു. പരാമർശ വിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട് കൺസ്യൂമർ ഫെഡിന് നൽകിയിരിക്കുന്ന തുക തിരിച്ച് ഈടാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വി.ഇ.ഒ-യിൽനിന്നും ഈടാക്കണമെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 22 | തദ്ദേശസ്വയംഭരണ വകുപ്പ് | 69 | നെടുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ളതും എന്നാൽ റവന്യൂ രേഖകൾ പ്രകാരം പുറമ്പോക്ക് ആയിരുന്നതുമായ 9 സെന്റ് സ്ഥലത്ത് കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിന് മുന്നോടിയായി 31,048 രൂപ ചെലവഴിച്ച് ചുറ്റുമതിൽ നിർമ്മിച്ചുവെങ്കിലും പിന്നീട് തുടർനടപടികളൊന്നും സ്വകരിച്ചിട്ടില്ലെന്നും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും നഷ്ടത്തുക ഈടാക്കുന്നതിനായി ആരംഭിച്ച ആർ.ആർ. നടപടികൾക്കെതിരെ ടിയാൻ ഹൈക്കോടതിയിൽനിന്നും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സ്റ്റേ സമ്പാദിച്ചിരിക്കുകയാണെന്നും സമിതി നിരീക്ഷിക്കുന്നു. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ഭൂമിയിൽ ചുറ്റുമതിൽ നിർമ്മിച്ചതല്ലാതെ പ്രസ്തുത ഭൂമി പഞ്ചായത്തിന്റേതാക്കി മാറ്റുന്നതിനുള്ള യാതൊരു നടപടികളും നാളിതുവരെയായി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വിഷയത്തിൽ നെടുവത്തൂർ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ ഔദ്യോഗികമായ അലംഭാവത്തിലും നിരുത്തരവാദപരമായ നിലപാടിലും സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. |
| | | 70 | പഞ്ചായത്തുകൾക്ക് ലഭിക്കുന്ന വികസന ഫണ്ടുകൾ ദുരുപയോഗം ചെയ്യുന്ന തരത്തിലുള്ള ഇത്തരം പ്രവണതകൾ അവസാനിക്കപ്പെടണമെന്നും ഭരണ വകുപ്പ് അടിയന്തരമായി ഇടപെട്ട് വികസന ഫണ്ടുകൾ ഫലപ്രദമായി ചെലവഴിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ പഞ്ചായത്തുകൾ തങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ഭൂമിയിൽ ചെയ്യുന്ന നിർമ്മാണ പ്രവർത്തനങ്ങളും മറ്റും തടയുന്നതിനു വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു. പരാമർശവിധേയമായ ഭൂമി നെടുവത്തൂർ ഗ്രാമപഞ്ചായ ത്തിന്റേതാക്കി മാറ്റുവാൻ സാധിക്കുമോയെന്ന് പരിശോധിച്ച് അതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ഗ്രാമപഞ്ചായത്ത് അധികൃതരോട് നിർദ്ദേശിക്കുന്നു. |
| 23 | തദ്ദേശസ്വയംഭരണ വകുപ്പ് | 75 | ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് വക വൃദ്ധസദനം നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുകയും പ്രവൃത്തി പൂർത്തീകരിക്കാതെ പാതിവഴിയിൽ ഉപേക്ഷിക്കുകയും ചെയ്ത കരാറുകാരന് ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യം അളന്ന് തുക അനുവദിച്ചിരുന്നുവെന്നും കൂടാതെ റീടെൻഷൻ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയും തിരിച്ച് നൽകിയിരുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. പരാമർശവിധേയമായ കെട്ടിട നിർമ്മാണം പിന്നീട് പൂർത്തീകരിച്ചുവെങ്കിലും നിലവിൽ ആയുർവേദ, ഹോമിയോ, സിദ്ധ ആശുപത്രികളാണ് പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാതെ പദ്ധതി ഉപേക്ഷിച്ചുപോയ കരാറുകാരനിൽനിന്നും നഷ്ടത്തുക ഈടാക്കുവാൻ നിയമത്തിൽ അനുശാസിക്കുന്നുണ്ടെങ്കിലും, അതിന് മുതിരാതെ കരാർ ലംഘിച്ച കരാറുകാരന് ജാമ്യ നിക്ഷേപവും റീടെൻഷൻ തുകയും തിരികെ നൽകിയ പഞ്ചായത്ത് അധികൃതരുടെ നടപടി തീർത്തും ക്രമരഹിതമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും നഷ്ടത്തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 24 | തദ്ദേശസ്വയംഭരണ വകുപ്പ് | 81 | കരീപ്ര ഗ്രാമപഞ്ചായത്ത് ഓഫീസിലെ കണ്ടിജന്റ് ജീവനക്കാരനായിരുന്ന ശ്രീ. ചന്ദ്രബാബു 10,65,085 രൂപയുടെ ധനാപഹരണം നടത്തിയതായി ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ടിയാനെ മൂന്ന് വർഷം സസ്പെൻഡ് ചെയ്തിരുന്നുവെന്നും സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ തീരുമാനപ്രകാരം പിന്നീട് സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചുവെന്നും രണ്ട് ലക്ഷത്തോളം രൂപ ടിയാൻ തിരിച്ചടച്ചിട്ടുണ്ടെന്നും ടിയാനെതിരെയുള്ള ക്രിമിനൽ കേസ് അടക്കം പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കേസുകളിലെല്ലാം നിലവിൽ വിജിലൻസ് അന്വേഷണം നടന്നുവരികയാണെന്നും സമിതി നിരീക്ഷിക്കുന്നു. ധനാപഹരണം നടത്തിയ ശ്രീ. ചന്ദ്രബാബു താൽക്കാലിക ജീവനക്കാരനായാണ് സർവ്വീസിൽ പ്രവേശിച്ചതെന്നും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പതിനൊന്ന് ഇന പരിപാടി അനുസരിച്ച് പഞ്ചായത്തുകളിൽ താൽക്കാലികമായി നിയമിച്ചവരെ അതത് പഞ്ചായത്തുകളിൽത്തന്നെ സ്ഥിരപ്പെടുത്തേണ്ടതായതിനാൽ അതിന്റെ അടിസ്ഥാനത്തിലാണ് ടിയാൻ സർവ്വീസിൽ സ്ഥിരപ്പെട്ടതെന്നും സമിതി മനസ്സിലാക്കുന്നു. |
| | | 82 | സർക്കാർ സ്ഥാപനത്തിൽനിന്നും പത്ത് ലക്ഷത്തിലേറെ തുക അപഹരിച്ച ഒരാളെ അച്ചടക്ക നടപടികൾ പൂർത്തീകരിക്കാതെ നിർബാധം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ തീരുമാനം ന്യായരഹിതമാണെന്നും ആയത് പുനഃപരിശോധിക്കപ്പെടണമെന്നും സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് മുഴുവൻ രേഖകളും ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ കുറ്റക്കാരനായ വ്യക്തിയ്ക്കെതിരെയുള്ള ക്രിമിനൽ കേസ്, വിജിലൻസ് കേസ് എന്നിവയുടെ നിലവിലെ സ്ഥിതി, പതിനൊന്ന് ഇന പരിപാടി അനുസരിച്ച് സർവ്വീസിൽ പ്രവേശിപ്പിച്ചവരെ സ്ഥിരപ്പെടുത്തിയതിന്റെ മാനദണ്ഡം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 25 | തദ്ദേശസ്വയംഭരണ വകുപ്പ് | 85 | 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ചതും 2013-14 വർഷത്തിൽ ആകെ നിർമ്മിത വിസ്തീർണ്ണത്തിന്റെ 30% മാത്രം പണി പൂർത്തീകരിച്ചതുമായ അനധികൃത നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽവന്ന തീയതിയായ 6-6-2007-ന് മുൻപ് തന്നെ 90% നിർമ്മാണവും പൂർത്തീകരിച്ചിട്ടുള്ള കെട്ടിടമായതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | ബാധകമാക്കേണ്ടതില്ലെന്നുമുള്ള പ്രൊപ്പോസൽ, സർക്കാരിലേയ്ക്ക് നൽകുകയും സർക്കാരിൽ നിന്നും ക്രമവൽക്കരണത്തിന് അനുമതി നേടിയെടുത്ത് കെട്ടിടം ക്രമവൽക്കരിക്കുകയും ചെയ്തതായും സമിതി നിരീക്ഷിക്കുന്നു. പഞ്ചായത്തിന്റെ കീഴിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ ഔദ്യോഗികമായി രേഖപ്പെടുത്തിയ രജിസ്റ്റർ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കാത്തതാണ് ഇത്തരം ഓഡിറ്റ് തടസ്സങ്ങൾക്ക് കാരണമെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത പരാമർശ വിഷയവുമായി ബന്ധപ്പെട്ട രേഖകൾ ഗ്രാമപഞ്ചായത്ത് അധികൃതർ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പരാമർശവിധേയമായ കെട്ടിടവുമായി ബന്ധപ്പെട്ട രേഖകളെല്ലാം അടിയന്തരമായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ടി രേഖകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| 26 | തദ്ദേശസ്വയംഭരണ വകുപ്പ് | 89 | കേരള തണ്ണീർത്തട നിയമം ലംഘിച്ച് ശാസ്താംകോട്ട കായലിനരികെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനായി കെട്ടിട ഉടമകളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശിപാർശ ചെയ്തുവെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ നിരീക്ഷണം സമിതി അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു. പരാമർശവിധേയമായ കെട്ടിടം ക്രമവൽക്കരണത്തിന് പരിഗണിക്കാമെന്ന് കാണിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടൗൺ പ്ലാനറോട് ശിപാർശ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത ശിപാർശ ടൗൺ പ്ലാനർ നിരസിച്ചിരുന്നുവെന്നും കെട്ടിടം നിലവിലും ക്രമവൽക്കരിച്ചിട്ടില്ലെന്നും പരാമർശവിധേയനായ പഞ്ചായത്ത് സെക്രട്ടറി സർവ്വീസിൽനിന്നും വിരമിച്ചുവെന്നും സമിതി നിരീക്ഷിക്കുന്നു. |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | സർക്കാർ നിർദ്ദേശങ്ങൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിരുദ്ധമായി ഒരു സാങ്കൽപ്പിക കാരണം കണ്ടുപിടിച്ച് തണ്ണീർത്തട നിയമം ലംഘിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുവാൻ അനുമതി നൽകിയതും അത് ക്രമവൽക്കരിക്കുവാൻ ശിപാർശ ചെയ്തതും തീർത്തും ക്രമവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതി വിശദമായ പരിശോധന നടത്തി ഉചിതമായ തീരുമാനമെടുക്കണമെന്നും ഇത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 27 | തദ്ദേശസ്വയംഭരണ വകുപ്പ് | 92 | അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തി പൊളിച്ച് നീക്കുവാൻ ഉത്തരവിട്ട കെട്ടിടത്തിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ഭേദഗതി ചട്ടങ്ങളിലെ ആനുകൂല്യങ്ങൾ മറയാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെട്ടിട നമ്പർ അനുവദിച്ചുവെന്ന ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തൽ ശരിയാണെന്ന് സമിതിയ്ക്ക് ബോധ്യ മാകുന്നു. പരാമർശവിധേയനായ സെക്രട്ടറിയുടെ പെൻഷനിൽ നിന്നും പ്രതിമാസം ആയിരം രൂപ പിടിക്കുന്നതിന് പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടു ണ്ടെന്നും കെട്ടിടനമ്പർ റദ്ദ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് നൽകിയ നോട്ടീസിനെതിരെ കെട്ടിട ഉടമ സമ്പാദിച്ച സ്റ്റേ വെക്കേറ്റ് ചെയ്യിപ്പിക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ച് വരികയാണെന്നും സമിതി നിരിക്ഷിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 93 | സർക്കാർ നിർദ്ദേശങ്ങൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിരുദ്ധമായി അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ച പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി തീർത്തും ക്രമരഹിതമാണെന്നും ടിയാനെതിരെ ഉചിതമായ നടപടികൾ സ്വീകരിച്ചെങ്കിൽ മാത്രമേ പഞ്ചായത്തിന്റെ വാദം ഹൈക്കോടതിയിൽ ന്യായീകരിക്കപ്പെടുകയുള്ളൂവെന്നും സമിതി അഭിപ്രായ പ്പെടുന്നു. പ്രസ്തുത വിഷയത്തിന്മേലുള്ള കോടതി വിധിയ്ക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 28 | തദ്ദേശസ്വയംഭരണ വകുപ്പ് | 97 | കുമ്മിൾ ഗ്രാമപഞ്ചായത്തിൽ അനുവദനീയമായ വ്യാപ്തി അധികരിച്ച് നിർമ്മിച്ച വാണിജ്യ കെട്ടിടത്തിന് കെട്ടിടനമ്പർ അനുവദിച്ച് നൽകിയെന്ന ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ കെട്ടിടത്തിന്റെ നമ്പറിൽ വ്യത്യാസമുള്ളതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| | | 99 | അലയമൺ ഗ്രാമപഞ്ചായത്തിൽ 40 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കെട്ടിടത്തിന്റെ മുകളിൽ, തുറസ്സായ സ്ഥലത്തുനിന്നും നിശ്ചിത അകലം പാലിക്കാതെ നിർമ്മിച്ച മേൽകെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകിയെന്ന ഓഡിറ്റ് പരാമർശവു മായി ബന്ധപ്പെട്ട് ആവശ്യമായ തുറസ്സായ സ്ഥലം വിട്ടിട്ടില്ലാത്തതിന് അയൽക്കാരുടെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തി ലാണ് നമ്പർ അനുവദിച്ചതെന്നുമുള്ള ഗ്രാമപഞ്ചായത്ത് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട രേഖകൾ അടിയന്തരമായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 29 | തദ്ദേശസ്വയംഭരണ വകുപ്പ് | 103 | രണ്ടുനില കെട്ടിടം പണിയുന്നതിനായി ലഭിച്ച അനുമതി ഉപയോഗപ്പെടുത്തി, അംഗീകരിച്ച പ്ലാനിൽനിന്നും കെട്ടിട വിസ്തീർണ്ണം 195.02 ചതുരശ്ര മീറ്റർ കൂടി വർദ്ധിപ്പിച്ച് നിർമ്മിച്ച മൂന്ന് നില കെട്ടിടത്തിന് ക്രമവൽക്കരണ നടപടികളൊന്നും സ്വീകരിക്കാതെ നമ്പർ അനുവദിച്ച് നൽകി എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിന് രണ്ട് നിലകൾ മാത്രമാണ് ഉള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും, ഓവർസീയറുടെയും എഞ്ചിനീയറുടെയും സാന്നിദ്ധ്യത്തിൽ കെട്ടിടം അളന്നപ്പോൾ രണ്ട് വശങ്ങളിലുള്ള വെതർ പ്രൂഫ് കണക്കാക്കുമ്പോഴാണ് കെട്ടിട വിസ്തീർണ്ണം 195.02 ചതുരശ്ര മീറ്റർ കൂടി അധികം വരുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രാദേശിക പരിശോധനാ റിപ്പോർട്ട് ഉൾപ്പെടെ പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും ആയത് പരിശോധിച്ച് വസ്തുതാപരമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 30 | തദ്ദേശസ്വയംഭരണ വകുപ്പ് | 105 | സർക്കാർ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു. |
| 31 | ,, | 108 | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ ഒരുനില കെട്ടിടം പണിയുന്നതിനായി പെർമിറ്റ് നേടിയശേഷം മൂന്നുനില കെട്ടിടം നിർമ്മിച്ചുവെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ കെട്ടിട നിർമ്മാണം 2013-14-ൽ ക്രമവൽക്കരിച്ചതായി സമിതി നിരീക്ഷിക്കുന്നു. പരാമർശ വിധേയമായ മുഴുവൻ കെട്ടിടത്തിന്റെയും നികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 32 | ,, | 110 | ഓഡിറ്റ് പരാമർശം സംബന്ധിച്ച് അലയമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 33 | ,, | 113 | കെട്ടിട നിർമ്മാണ ചട്ടങ്ങളും ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവും പൂർണ്ണമായി ലംഘിച്ച് പണിത ഓഡിറ്റോറിയത്തിന് കെട്ടിട നമ്പർ അനുവദിച്ച് നൽകി എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പരാമർശ വിധേയമായ കെട്ടിടത്തിൽ നടത്തിയ അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചിട്ടുണ്ടെന്നും എന്നാൽ അത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 34 | തദ്ദേശസ്വയംഭരണ വകുപ്പ് | 115 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് അധിക പെർമിറ്റ് ഫീസ് തുക അടവാക്കിയിട്ടുണ്ട് എന്ന് സർക്കാർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 35 | ,, | 117 | അധിക പെർമിറ്റ് ഫീസ് ഈടാക്കാതെ, ഓഡിറ്റോറിയത്തിന് നമ്പർ അനുവദിച്ച് നൽകിയതിലൂടെ 3,34,500 രൂപയുടെ വരുമാന നഷ്ടമുണ്ടായെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് അധിക തറവിസ്തീർണ്ണത്തിന് ഒടുക്കേണ്ട തുക ഈടാക്കുന്നതിനായി കെട്ടിട ഉടമയ്ക്ക് ആർ.ആർ. ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. കെട്ടിട ഉടമയിൽനിന്നും താമസംവിനാ നഷ്ടത്തുക ഈടാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 36 | ,, | 119 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയം ഭരണ വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 37 | ,, | 122 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോടതി വിധിയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 38 | ,, | 124 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് മൈലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

## അനുബന്ധം II

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ മൺറോതുരുത്ത് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

**(Remedial Measures Taken Statement).**

| പഞ്ചായത്തിന്റെ പേര് | റിപ്പോർട്ടിലെ വർഷം, ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശം വിഷയം | സ്വീകരിച്ച നടപടികൾ |
|---|---|---|---|
| മൺറോതുരുത്ത് | 2003-04, 3.3.5.2 | മത്സ്യതൊഴിലാളി ഭവന പദ്ധതി പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കാത്തവർക്ക് ആനുകൂല്യം നൽകിയത് 45,000/- രൂപ നിരാകരിക്കുന്നു.<br>മത്സ്യ തൊഴിലാളി ഭവന പദ്ധതിയിലേയ്ക്കായി 98-99 -ൽ ഗുണഭോക്താക്കളെ 30.12.97 -ലെ 3 (4) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി തെരഞ്ഞെടുക്കുകയുണ്ടായി. എന്നാൽ ഈ ലിസ്റ്റിൽ പേരില്ലാത്ത രണ്ട് പേർക്ക് ഈ പദ്ധതി പ്രകാരം 45,000/- രൂപ കൊടുത്തതായി ഓഡിറ്റിൽ കണ്ടെത്തി അംഗീകൃതമല്ലാത്ത ചെലവ് തുക പലിശ സഹിതം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2011-14) [illegible] 1-ാമത് റിപ്പോർട്ടിലെ 35-ാം ഖണ്ഡികയായി ഈ പരാമർശം ഉൾപ്പെട്ടിട്ടുണ്ട്. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ [illegible].06.2004-ലെ തെളിവെടുപ്പ് യോഗത്തിൽ ടി പരാമർശം മേൽ വിഷയം പരിഗണിച്ചിരുന്നു. [illegible] ഖണ്ഡികകളിലെ തുകകൾ [illegible] സമിതി പഞ്ചായത്തിലെ [illegible] വിശദീകരണം [illegible] വിലയിരുത്തുകയും [illegible] ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനയിൽ [illegible] ശുപാർശ ചെയ്തിരുന്നു. [illegible] 12.07.2012 -ൽ [illegible] സീനിയർ ഡെപ്യൂട്ടി ഡയറക്ടർ [illegible] നടത്തിയ പരിശോധനയിൽ [illegible] പഞ്ചായത്തിന്റെ 1998-99 വർഷത്തെ [illegible] പ്രകാരമുള്ള പരാമർശം ഒഴിവാക്കിയിട്ടുണ്ട്. [illegible] ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 12.07.2012 -ലെ [illegible] ക്യൂ/പി6/1193/2012 [illegible] കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു) |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2008-09 സമാഹൃത റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക (Action Taken Report)



| ക്രമ. നം | ഗ്രാമപഞ്ചായത്ത് | റിപ്പോർട്ട് ഖണ്ഡിക നമ്പർ. | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | പട്ടാഴി വടക്കേക്കര, വെളിനല്ലൂർ, നീണ്ടകര, തൃക്കരുവ, വെളിയം | 2.5 | **ബജറ്റ് തയ്യാറാക്കുന്നതിലെ കാലവിളംബവും അലംഭാവവും**<br><br>1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(1) പ്രകാരം ഓരോ വർഷവും ജനുവരി 15-ാം തീയതിക്കു മുമ്പ് ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിച്ച് ചർച്ച ചെയ്യേണ്ടതുമാണ്.<br>ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജനുവരി 15-നകം ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുകയോ മാർച്ച് ആദ്യവാരം ബജറ്റ് പ്രത്യേക ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുകയോ ചെയ്യുന്നില്ല. മാർച്ച് മാസത്തോടു കൂടി മാത്രമേ അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കൽ നടപടികൾ ആരംഭിക്കുന്നുള്ളൂ. വളരെ തിടുക്കത്തിൽ തയ്യാറാക്കുന്ന ഇത്തരം ബജറ്റുകളിൽ സ്ഥാപനത്തിന്റെ പ്രതീക്ഷിത വരവു | **നീണ്ടകര ഗ്രാമപഞ്ചായത്ത്**<br><br>2006-07-ലെ ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് കണക്കും യഥാർത്ഥ വരവ് ചെലവ് കണക്കും തമ്മിൽ വ്യത്യാസം വന്നിട്ടുള്ളതാണ്. ബജറ്റ് തയ്യാറാക്കുന്ന പ്രവൃത്തികൾ മാർച്ച് മാസം ആരംഭിച്ചിട്ടുള്ളതിനാലും കുടിശ്ശിക പിരിവിൽ കുറവ് വന്നതു മൂലവുമാണ് വരവിൽ വലിയ വ്യത്യാസം വന്നിട്ടുള്ളത്. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ നീണ്ടകര ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് പഞ്ചായത്തിന്റെ വിവിധ വിഭാഗം ഉദ്യോഗതലത്തിലും സ്റ്റാന്റിംഗ് കമ്മിറ്റികളിലും ചർച്ച ചെയ്യുകയും മാർച്ച് ആദ്യവാരം തന്നെ പാസ്സാക്കിയിട്ടുള്ളതുമാണ്. അക്കൗണ്ടിംഗ് സമ്പ്രദായം സാംഖ്യാ സോഫ്റ്റ് വെയറിലൂടെ ആയതിനാൽ നിലവിൽ ബജറ്റ് വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കുന്നതിൽ കാലവിളംബം ഒന്നും തന്നെ നേരിടുന്നില്ല. 2019-20 വർഷത്തെ ബജറ്റ് 06.02.2019-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതും ആയത് പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.<br><br>**വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്**<br><br>വെളിനല്ലൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ എല്ലാ വർഷവും ജനുവരി പകുതിയോട് കൂടി സ്റ്റാന്റിംഗ് കമ്മിറ്റി യോഗം വിളിച്ച് അടുത്ത വർഷത്തേക്കുള്ള ബജറ്റ് ശുപാർശകൾ തയ്യാറാക്കി കമ്മിറ്റിക്ക് സമർപ്പിക്കുകയും കമ്മിറ്റി ആയത് പരിശോധിച്ച് ഓരോ വകുപ്പിനുമുള്ള ബജറ്റ് വിഹിതം കണക്കാക്കി കൊണ്ടാണ് ബജറ്റ് തയ്യാറാക്കി വരുന്നത്. നിലവിൽ ബജറ്റിലെ വരവും ചെലവും മുൻ വർഷത്തെ യഥാർത്ഥ വരവ് ചെലവ് എന്നിവയെ അടിസ്ഥാനമാക്കി |

ചെലവ് കണക്കുകൾ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്തതായി പോകുന്നു. മുൻവർഷത്തെ ബജറ്റിൽ ഉണ്ടായ വ്യതിയാനം, യഥാർത്ഥ വരുമാനങ്ങൾ, പുതുതായി എന്തെങ്കിലും ഉൾപ്പെടുത്താൻ കഴിയുമോ എന്നീ കാര്യങ്ങൾ ഭൂരിപക്ഷം സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിക്കാറില്ല. തനതു വരുമാനം എന്തൊക്കെയാണെന്നും അതിന്റെ വരുമാനം വർദ്ധിപ്പിക്കാൻ എന്തു ചെയ്യണമെന്നുമുള്ള ക്രിയാത്മകമായ യാതൊരു നീക്കങ്ങളും കമ്മിറ്റികളുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. യാഥാർത്ഥ്യ ബോധത്തോടെ രേഖകളുടെ പിൻബലത്തോടെ ബജറ്റ് തയ്യാറാക്കാത്തതിനാൽ പ്രതീക്ഷിക്കുന്ന വരവു ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ വലിയ അന്തരം കാണപ്പെടുന്നു.

| ഗ്രാമപഞ്ചായത്ത് | വർഷം | ബജറ്റ് പ്രകാരമുള്ള | | യഥാർത്ഥ |
|---|---|---|---|---|
| | | വരവ് | ചെലവ് | വരവ് |
| **കൊല്ലം ജില്ല** | | | | |
| പട്ടാഴി വടക്കേക്കര | 2003-04 | 332.47 | 318.29 | 100.86 |
| വെളിനല്ലൂർ | 2005-06 | 405.66 | 386.60 | 208.97 |
| നീണ്ടകര | 2006- | 211.03 | 199.60 | 116.92 |

ഗ്രാമപഞ്ചായത്തിലെ സാംഖ്യ - സോഫ്റ്റ് വെയറിന്റെയും മറ്റ് സോഫ്റ്റ് വെയറിലെയും വിവരങ്ങൾ ശേഖരിച്ചാണ് തയ്യാറാക്കി വരുന്നത്. ആയതിനാൽ തന്നെ ബജറ്റിനം വകയിരുത്തലും യഥാർത്ഥ വരവ് ചെലവുകളുമായി പ്രകടമായ വലിയ അന്തരം നിലവിൽ ഉണ്ടാകാറില്ല. ആയതിനാൽ യാഥാർത്ഥ്യ ബോധ്യമുള്ള ബജറ്റാണ് നിലവിൽ ഗ്രാമപഞ്ചായത്തിൽ അവതരിപ്പിക്കുന്നത്.

**പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്**

പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിൽ 2003-04 വർഷത്തെ ബജറ്റ് തയ്യാറാക്കിയതിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, തൊഴിൽരഹിത വേതനം, കുടിശ്ശിക ഉൾപ്പെടെയുള്ള തുകകൾ, കൈമാറി കിട്ടിയ സ്ഥാപനങ്ങളിലേക്ക് വരുന്ന വിവിധ കേന്ദ്ര സംസ്ഥാനവിഷ്കൃത പദ്ധതികൾക്കുള്ള തുകകൾ, വിവിധ പദ്ധതികൾക്കായി ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന തുകകൾ എന്നവ ടി വർഷത്തെ പ്രതീക്ഷിക്കുന്ന വരവ് ചെലവ് കണക്കുകളിൽ ഉൾപ്പെടുത്തിയിരുന്നു. ആയതു കൊണ്ടാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ 2008-09 വർഷത്തെ ലോക്കൽ ഫണ്ട് സമാഹൃത റിപ്പോർട്ടിൽ പരാമർശിക്കുന്ന അപാകതകൾ തുടർന്നുള്ള വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതിൽ ഉണ്ടായിട്ടില്ല. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ മുൻ വർഷത്തെ വരവ് ചെലവുകൾ പരിശോധിച്ചാണ് ബജറ്റ് തയ്യാറാക്കി വന്നിട്ടുള്ളത്.

**തൃക്കരുവ ഗ്രാമപഞ്ചായത്ത്**

02.12.2016-ലെ G.O(Rt) 3291/16 ത.സ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള ബജറ്റ് മാനുവൽ പ്രകാരമാണ് നിലവിൽ ബജറ്റ് തയ്യാറാക്കി വരുന്നത്. പദ്ധതിയേതര വിഭാഗത്തിൽപ്പെട്ട പ്രതീക്ഷിത വരവ് ചിലവുകളുടെ പ്രൊപ്പോസൽ ഘടക സ്ഥാപനങ്ങളുടെ മേധാവികൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിധിയിൽ വരുന്ന വിഷയത്തിന്റെ അടിസ്ഥാനത്തിൽ ആയവ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച

| | | | | | |
|---|---|---|---|---|---|
| ര | 07 | | | | |
| തൃക്കരുവ | 2003-04 | 174.04 | 150.48 | 125.25 | |
| വെളിയം | 2006-07 | 492.44 | 497.90 | 228.79 | |

ചെയ്ത് ക്രോഡീകരിച്ച് ധനകാര്യ കമ്മിറ്റിക്ക് കൈമാറുകയും ഇങ്ങനെ ലഭിക്കുന്ന പ്രൊപ്പോസലുകൾ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു അന്തിമ പദ്ധതിയേതര വരവ് ചെലവ് പ്രൊപ്പോസൽ നിശ്ചിത മാതൃകയിൽ തയ്യാറാക്കിയും വരുന്നു. ഈ ബജറ്റ് മാനുവൽ പ്രകാരമുള്ള സമയക്രമം കൃത്യമായി പാലിച്ചു കൊണ്ടാണ് നിലവിൽ ഗ്രാമപഞ്ചായത്തിൽ നിശ്ചിത മാതൃകയിൽ ബജറ്റ് തയ്യാറാക്കി വരുന്നത്.

## വെളിയം ഗ്രാമപഞ്ചായത്ത്

വെളിയം ഗ്രാമപഞ്ചായത്ത് നിലവിൽ മാർച്ച് ആദ്യവാരം ബജറ്റ് അവതരിപ്പിക്കുന്നുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷം മുതൽ വാർഷിക പദ്ധതി ബജറ്റിന്റെ ഭാഗമാക്കുന്നതിന്റെ ഭാഗമായി ചെലവ് കണക്കുകൾ യാഥാർത്ഥ്യ ബോധത്തോടെ ഉൾപ്പെടുത്താൻ കഴിയുന്നുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകാനുള്ള എല്ലാ നികുതികളും ഫീസുകളും 100% പിരിച്ചെടുക്കുന്നത് കൊണ്ട് വരവ് കണക്കുകളും യാഥാർത്ഥ്യമായി പൊരുത്തപ്പെടുന്നുമുണ്ട്.

37/2022

ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക **(Remedial Measures Taken Statement).**

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക | ആഡിറ്റ് പരാമർശ വിഷയം | സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1 | പെരിനാട് | 2008-09<br>3.5.3 | <u>ബാന്റ് ട്രൂപ്പ് രൂപീകരണവും ക്രമ വിരുദ്ധമായ ചെലവും.</u><br>ഗ്രാമപഞ്ചായത്തിലെ 20 തൊഴിൽ രഹിതരായ പട്ടിക വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് തൊഴിൽ നൽകുന്നതിന് പരിശീലനം നൽകി ബാന്റ് ട്രൂപ്പ് രൂപീകരിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എസ്. ജി.എസ്. വൈ. മാനദണ്ഡ പ്രകാരം അംഗീകാരം നൽകിയ ടി പദ്ധതിയുടെ ചെലവിന്റെ അമ്പത് ശതമാനം തുക [പരമാവധി 1,25,000 (ഒരു ലക്ഷത്തി ഇരുപത്തയ്യായിരം) രൂപ വരെ] സബ്സിഡി നൽകുന്നതിന് 30.3.2004 -ലെ സ. ഉ. ജി.ഒ. (എം. എസ്) 40/04 പ്ലാനിംഗ് ഖണ്ഡിക 7.4.3 (1) പ്രകാരം അനുവദിച്ചിരുന്നു. എസ്. ജി. എസ്. വൈ. മാനദണ്ഡമനുസരിച്ച് സ്വയം സഹായ സംഘങ്ങളിൽ നിന്നും ചെറിയ സമ്പാദ്യങ്ങളും വായ്പകളും സ്വരൂപിച്ചാണ് പ്രവർത്തനം ആരംഭിക്കേണ്ടത്. ആറുമാസത്തെ പ്രവർത്തനം വിലയിരുത്തി ഒന്നാമത്തെ ഗ്രേഡിംഗ് നടത്തി അവരുടെ സമ്പാദ്യത്തിന് അനുസൃതമായാണ് റിവോൾവിംഗ് ഫണ്ട് നൽകേണ്ടത്. റിവോൾവിംഗ് ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുന്ന സംഘങ്ങൾക്ക് രണ്ടാംഘട്ട ഗ്രേഡിംഗിന് ശേഷം സ്വയം തൊഴിൽ സംരഭങ്ങൾക്ക് വായ്പയും, സബ്സിഡിയും നൽകും. ബാന്റ്ട്രൂപ്പ് പരിശീലനം നൽകിയതിന്റെ ഭാഗമായി 29.03.2007 -ൽ 9200/- രൂപയും പദ്ധതിയുടെ ഭാഗമായി 31.03.2007 -ൽ റിവോൾവിംഗ് ഫണ്ട് വിഹിതം 20,000/- രൂപയും ബാന്റ് ട്രൂപ്പിന് ആവശ്യമായ സാധനങ്ങൾ വാങ്ങിയിട്ടുള്ളതിന് 27.02.2007-ൽ 57,824/- രൂപയും നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 1,69,824/- | ടി പരാമർശത്തിൽ ബാന്റ് ട്രൂപ്പ് രൂപീകരിക്കുന്നതിന് സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 84912/- രൂപയ്ക്ക് ഉത്തരവാദിയായ അന്നത്തെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എ. വിൽസണ് 24.02.2009 -ൽ ഗ്രാമ പഞ്ചായത്തിൽ നിന്നും കത്ത് നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. 08.04.2011 -ലെ എൽ. എഫ്. ക്യൂ. പി1 (എ) 1014/09 നമ്പരായി ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ ഫർതർ റിമാർക്സിൽ ആഡിറ്റ് പരാമർശത്തിലെ തടസ്സവാദമോ, നിരാകരണമോ ഒഴിവാക്കാൻ പര്യാപ്തമായ മറുപടി നാളിതുവരെ ലഭിച്ചിട്ടില്ലായെന്നും മാനദണ്ഡങ്ങളെ അധികരിച്ച് ചെലവാക്കിയ തുക ഈടാക്കുന്നതിലേക്ക് നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 09.03.2012 -ൽ ടി തുക പതിനഞ്ച് ദിവസത്തിനുള്ളിൽ ഒടുക്ക് വരുത്തേണ്ടതാണെന്ന് ആവശ്യപ്പെട്ടു കൊണ്ട് ടിയാന് രജിസ്റ്റേർഡ് തപാലിൽ കത്ത് അയച്ചിരുന്നു. തുടർന്ന് ടി തുക പെരിനാട് ഗ്രാമ പഞ്ചായത്തിന്റെ വി.പി.എഫ്.എ I ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനായി കുണ്ടറ സബ് ട്രഷറിയിൽ നിന്നും കൊല്ലം ജില്ലാ ട്രഷറി ഓഫീസർക്ക് മേയിൽ ട്രാൻസ്ഫർ അഡ്വൈസ് അയച്ചുകൊടുക്കുകയും 18.03.2014 -ൽ ടി തുക പെരിനാട് ഗ്രാമ പഞ്ചായത്തിന്റെ വി.പി.എഫ്.എ I ൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന് ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | രൂപ (ഒരു ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി എണ്ണൂറ്റി ഇരുപത്തിനാല് രൂപ) ആകെ ചെലവഴിച്ചിട്ടുണ്ട്. എസ്. ജി. എസ്. വൈ. മാനദണ്ഡമനുസരിച്ച് ആകെ ചെലവിന്റെ 50% തുക മാത്രമേ സബ്സിഡി നൽകാൻ പാടുള്ളു. എന്നാൽ ഇത് ലംഘിച്ചുകൊണ്ട് പദ്ധതി ചെലവിന്റെ 100% തുക സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ 84,912/- രൂപ (എൺപത്തിനാലായിരത്തി തൊള്ളായിരത്തി പന്ത്രണ്ട്) മാത്രമേ നൽകാൻ പാടുള്ളൂ. സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നൽകിയ 84,912/- രൂപ (എൺപത്തിനാലായിരത്തി തൊള്ളായിരത്തി പന്ത്രണ്ട്) ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | |

PIN-691013

Pd Code : 1037
Office Name : PERINAD GRAMA PANCHAYAT
Serial Number : 1
From Date : 01/03/2014

PD Pass Book (Local Body)
Designation : SECRETARY

Pd Name : VPFA I,PERINAD GP
To Date : 31/03/2014



| Date | Cheque/Chalan No. | Particulars | Payment Amount | Receipt Amount | A/c Balance | Key |
|---|---|---|---|---|---|---|
| 03/03/2014 | 26/02/2014-638 | CHQDDREC | 0.00 | 125,664.00 | 3,459,525.05 | 26/02/2014-638 |
| 03/03/2014 | 12/02/2014-2011652 | TRYPAY | 5,000.00 | 0.00 | 3,454,525.05 | 03/03/2014-316 |
| 04/03/2014 | 21/02/2014-2011654 | TRYPAY | 121,333.00 | 0.00 | 3,333,192.05 | 04/03/2014-601 |
| 05/03/2014 | 04/02/2014-2011650 | TRYPAY | 5,657.00 | 0.00 | 3,327,535.05 | 05/03/2014-81 |
| 10/03/2014 | 10/03/2014-2011658 | TRYPAY | 118,457.00 | 0.00 | 3,209,078.05 | 10/03/2014-364 |
| 13/03/2014 | 26/02/2014-2011656 | TRYPAY | 47,250.00 | 0.00 | 3,161,828.05 | 13/03/2014-60 |
| 13/03/2014 | 05/03/2014-2011657 | TRYPAY | 6,300.00 | 0.00 | 3,155,528.05 | 13/03/2014-56 |
| 13/03/2014 | 04/02/2014-2011651 | TRYPAY | 948.00 | 0.00 | 3,154,580.05 | 13/03/2014-260 |
| 18/03/2014 | 18/03/2014-674 | TCRECPT | 0.00 | 84,912.00 | 3,239,492.05 | 18/03/2014-784 |
| 24/03/2014 | 10/03/2014-2011660 | TRYPAY | 948.00 | 0.00 | 3,238,544.05 | 24/03/2014-532 |
| 26/03/2014 | 26/03/2014-467 | AL | 0.00 | 617,360.00 | 3,855,904.05 | 26/03/2014-467 |
| 26/03/2014 | 26/03/2014-497 | AL | 0.00 | 276,487.00 | 4,132,391.05 | 26/03/2014-497 |
| 26/03/2014 | 26/03/2014-2011663 | TRYPAY | 704,760.00 | 0.00 | 3,427,631.05 | 26/03/2014-907 |
| 27/03/2014 | 26/03/2014-2011662 | TRYPAY | 2,025.00 | 0.00 | 3,425,606.05 | 26/03/2014-1230 |
| 28/03/2014 | 10/03/2014-2011659 | TRYPAY | 5,657.00 | 0.00 | 3,419,949.05 | 28/03/2014-1180 |
| 31/03/2014 | 29/03/2014-2011664 | TRYPAY | 223,380.00 | 0.00 | 3,196,569.05 | 31/03/2014-192 |
| 31/03/2014 | 31/03/2014-625 | TCRECPT | 0.00 | 131,242.00 | 3,327,811.05 | 31/03/2014-878 |
| 31/03/2014 | 15/03/2014-375 | AL | 0.00 | 617,364.00 | 3,945,175.05 | 15/03/2014-375 |

NIC Kerala State Unit,Thiruvananthapuram

1241715

18,53,029

[True Copy]

for

131

ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക (Remedial Measures Taken Statement).

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക | ആഡിറ്റ് പരാമർശ വിഷയം | സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 2 | കരീപ്ര | 2008-09<br>3.5.4 | <u>**അക്ഷയ പരിശീലന പദ്ധതി - പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ.**</u><br>കരീപ്ര ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ഇ-സാക്ഷരത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഒരു കുടുംബത്തിലെ ഒരാൾക്ക് വീതം 6943 പേർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാനായിരുന്നു പദ്ധതി ലക്ഷ്യമിട്ടത്. ഗുണഭോക്താക്കളിൽ ഒരാളിന് 60 രൂപ നിരക്കിൽ 4,16,580 രൂപ (നാല് ലക്ഷത്തി പതിനാറായിരത്തി അഞ്ഞൂറ്റി എൺപത് രൂപ) ഗ്രാമ പഞ്ചായത്ത് വിഹിതമായി അക്ഷയ പദ്ധതിയുടെ ജില്ലാ കോ-ഓർഡിനേറ്റർക്ക് നൽകിയിരുന്നുവെങ്കിലും 4355 പേർക്ക് മാത്രം പരിശീലനം നൽകുകയും ബാക്കിയുള്ള ഗുണഭോക്താക്കൾ ഇതരമാർഗ്ഗങ്ങളിലൂടെ ഇ-സാക്ഷരത കൈവരിച്ചിട്ടുള്ളതായി കണക്കാക്കി ഗ്രാമ പഞ്ചായത്ത് സമ്പൂർണ്ണ ഇ-സാക്ഷരത പ്രഖ്യാപനം 29.12.2007 -ൽ നടത്തുകയുണ്ടായി. 2588 പേർക്ക് 60 രൂപ നിരക്കിൽ ഗുണഭോക്തൃവിഹിതം ഇനത്തിൽ അധികം അടച്ച 1,55,280 രൂപ (ഒരു ലക്ഷത്തി അമ്പത്തയ്യായിരത്തി ഇരുന്നൂറ്റി എൺപത് രൂപ മാത്രം) ജില്ലാ കോർഡിനേറ്ററിൽ നിന്നും ഈടാക്കേണ്ടതാണ്. | അധികമായി കൈപ്പറ്റിയ 1,55,280/- രൂപ തിരികെ ഒടുക്കണമെന്ന് 14.06.2011 -ലെ കെ1- 380/2008 -ാം നമ്പർ കത്ത് പ്രകാരം അക്ഷയ ജില്ലാ കോ-ഓർഡിനേറ്ററോട് ആവശ്യപ്പെടുകയും അക്ഷയ ജില്ലാ കോ-ഓർഡിനേറ്ററായ ജില്ലാ പ്ലാനിംഗ് ഓഫീസർ ആവശ്യമായ നടപടി സ്വീകരിക്കുവാൻ അദ്ദേഹത്തിന്റെ 25.06.2011 -ലെ 670/ഡി.പി.ഓ/ അക്ഷയ നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് ജില്ലാ കോ-ഓർഡിനേറ്റർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ടി തുക തിരികെ ഒടുക്കിയിട്ടില്ല. തുടർന്ന് അക്ഷയ ജില്ലാ കോ-കോർഡിനേറ്ററായ ജില്ലാ പ്ലാനിംഗ് ഓഫീസർ, അസിസ്റ്റന്റ് ജില്ലാ കോ-ഓർഡിനേറ്റർ എന്നിവർക്ക് ടി തുക തിരികെ ഒടുക്കണമെന്ന് ആവശ്യപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ നിന്നും 01.02.2012, 20.09.2012, 25.07.2013, 04.10.2013-ലും കെ1-382/2008-ാം നമ്പരായി കത്തുകൾ നൽകിയിട്ടുണ്ട്. എന്നാൽ ടി തുക ലഭിക്കുകയോ ഇത് സംബന്ധിച്ചുള്ള നിലവിലെ സ്ഥിതി അറിയിക്കുകയോ ചെയ്തിട്ടില്ല. തുക മടക്കി തരുകയോ അല്ലാത്ത പക്ഷം തുക തിരികെ തരാതിരിക്കാൻ കാരണം കാണിച്ച് മറുപടി നൽകുകയോ ചെയ്യാതിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യം അക്ഷയ ഡയറക്ടറുടെ ശ്രദ്ധയിൽ പെടുത്തി നടപടി ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അക്ഷയ ജില്ലാ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ 25.03.2014 എകെഎസ്/ കെഎൽഎം / 50/2014/112 കത്ത് പ്രകാരം വിവിധ തീയതികളിലായി ഗ്രാമ |

| | | | | |
|---|---|---|---|---|
| | | | | ജില്ലാ കോ-ഓർഡിനേറ്റർക്ക് നൽകിയ തുകകളിൽ വിനിയോഗിച്ചതിന് ശേഷം മിച്ചമുള്ള 1,64,100/- രൂപ. കൊല്ലം ജില്ലാ കളക്ടറുടെ ജില്ലാ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണെന്നും പ്രസ്തുത തുക ഗ്രാമപഞ്ചായത്തിലേക്ക് തിരികെ ലഭ്യമാക്കുന്നതിന് ഗവൺമെന്റ് ഉത്തരവിനായി അപേക്ഷിച്ചിട്ടുള്ളതും ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. (അക്ഷയ ജില്ലാ കോ-ഓർഡിനേറ്ററിന്റെ കത്തുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു). എന്നാൽ 30/05/2014-ലെ 9768/എബി1/12/തസ്വഭവ നമ്പർ കത്തു പ്രകാരം അക്ഷയ പദ്ധതിയിൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന നീക്കിയിരിപ്പ് തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കാൻ കൊല്ലം ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

C. VATSALA
Joint Secretary to Govt.
Local Self Govt. Dept.
Secretariat, Tvpm.

AKS/KLM/ 50/14 /161

28/06/2013

സ്വീകർത്താവ്

സെക്രട്ടറി

കരിപ്ര പഞ്ചായത്ത്

സർ

വിഷയം: ഇ- സാക്ഷരത പദ്ധതി - പഞ്ചായത്ത് ഫണ്ട് തിരികെ നല്കുന്നത് സംബന്ധിച്ച്

സൂചന: 25-03-2014 ൽ അക്ഷയ ജില്ലാ ആഫീസിൽ നിന്ന് നൽകിയ AKS/KLM/50/14/112 നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

27-03-2014 ൽ തിരുവനന്തപുരത്ത് വച്ചു നടന്ന അസിസ്റ്റന്റ് ജില്ലാ കോർഡിനേറ്റർമാരുടെ അവലോകന യോഗത്തിൽ ഇ- സാക്ഷരതാ ഫണ്ട് എല്ലാ ജില്ലകളിലും അക്ഷയ ചീഫ് കോർഡിനേറ്റർ കൂടിയായ ബഹു. ജില്ലാ കളക്ടരുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടിൽ വർഷങ്ങളായി ചിലവഴിക്കപ്പെടാതെ നിക്ഷേപമായി സ്ഥിതി ചെയ്യുന്ന കാര്യം ചർച്ചയ്ക്ക് വിധേയമായി. ചില പഞ്ചായത്തുകൾ തുക തിരികെ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച കാര്യവും പരാമർശിക്കപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ഗവണ്മെന്റ് നിർദ്ദേശത്തിനായി ഗവൺമെന്റിലേക്ക് അപേക്ഷിക്കാമെന്ന് ബഹു. അക്ഷയ ഡയറക്ടർ അറിയിച്ചു. ആയതിനാലാണ് ഈ- സാക്ഷരതാ ഫണ്ടിന്റെ വിനിയോഗത്തിനായി ഗവൺമെന്റ് നിർദ്ദേശത്തിനുവേണ്ടി അപേക്ഷ സമർപ്പിച്ച കാര്യം സൂചന ഒന്ന് പ്രകാരമുള്ള കത്തിലൂടെ അറിയിച്ചത്.

എന്ന്

അസിസ്റ്റന്റ് ജില്ലാ കോർഡിനേറ്റർ

അക്ഷയ പ്രോജക്ട്, കൊല്ലം

Aks/Klm/ 50/14/112 — 25/03/2014

സ്വീകർത്താവ്,

സെക്രട്ടറി
കരീപ്ര പഞ്ചായത്ത്,
കരീപ്ര.

B 1

സാർ,

വിഷയം- കരീപ്ര ഗ്രാമപഞ്ചായത്ത്- ഇ- സാക്ഷരതാ ഫണ്ട് വിനിയോഗം.

സൂചന – 1.കരീപ്ര ഗ്രമപഞ്ചായത്തിലെ 15.03.2014 ലെ ബി1-1748/2014-ാം നമ്പർ കത്ത്.
2. തദ്ദേശ സ്വയംഭരണ (എ.ഡി) വകുപ്പിന്റെ 03.032014 ലെ 9654/12/ തസ്വഭവനമ്പർകത്ത്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ- സാക്ഷരതാ പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കരീപ്ര പഞ്ചായത്തിൽ നിന്നും 4,16,580/- രൂപ (നാല് ലക്ഷത്തി പതിനാറായിരത്തി അഞ്ഞൂറ്റി എൺപത് രൂപ) ഈ ഓഫീസിൽ ലഭിച്ചിട്ടുള്ളതും 2,52,480/-രൂപ ( രണ്ട് ലക്ഷത്തി അൻപത്തിരണ്ടായിരത്തി നാന്നൂറ്റി എൺപത് രൂപ ) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ചിലവഴിച്ചിട്ടുള്ളതുമാകുന്നു. ബാക്കി തുകയായ 1,64,100/-(ഒരു ലക്ഷത്തി അറുപത്തി നാലായിരത്തി ഒരുന്നൂറ് രൂപ) കൊല്ലം ജില്ലാ കളക്ടറുടെ ജില്ലാട്രഷറി സേവിംഗ്സ് ബാങ്ക് അകൌണ്ടിൽ നിക്ഷേപമായി സ്ഥിതിചെയ്യുന്നു. പ്രസ്തുത തുക തിരികെ പഞ്ചായത്തിലേക്ക് ലഭ്യമാക്കുന്നതിന് ഗവ. നിർദ്ദേശം ആവശ്യമാകയാൽ സൂചന-2 പ്രകാരംമുള്ള കത്തിനെ ആസ്പദമാക്കി ഗവ. ഉത്തരവിനായി അപേക്ഷിച്ചിരിക്കുകയാണ്.അതിന്മേലുള്ള ഗവ. നിർദ്ദേശം ഉണ്ടാകുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു

വിശദമായ കണക്കുകൾ ചുവടെചേർക്കുന്നു.

| Sl No | Details of Amount received with DD No & Date. | Amount Received | Amount Disbursed | Balance |
|---|---|---|---|---|
| 1 | 75636378 dtd 31/03/2005 | Rs.6,960/- | | |
| 2 | 843555 dtd 02/02/2006 | Rs.2,25,000/- | | |
| 3 | 362558 dtd 02/05/2007 | Rs.1,84,620/- | Rs.2,52,480/- | Rs.1,64,100/- |
| | TOTAL | Rs.4,16,580/- | | |

വിശ്വസ്തതയോടെ,

അസി ജില്ലാ കോർഡിനേറ്റർ

Akshaya District Project Office ✱ Kerala State IT Mission ✱ KOLLAM Pin 691001

IT Kerala Breathe IT, Live easy

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2009-10 സമാഹൃത റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക (Action Taken Report)



| ക്രമ. നം | ഗ്രാമപഞ്ചായത്ത് | റിപ്പോർട്ട് ഖണ്ഡിക നമ്പർ. | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | ഏരൂർ, ചിതറ, വെളിനല്ലൂർ, മൈനാഗപ്പള്ളി | 2.2 | **ബജറ്റ് തയ്യാറാക്കുന്നതിലെ പിഴവുകൾ**<br>സാമ്പത്തിക ആസൂത്രണത്തിനും നിയന്ത്രണത്തിനും ഏറ്റവും പ്രധാനപ്പെട്ട ഉപകരണമാണ് ബജറ്റ്. ബജറ്റ് തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധയും ശുഷ്കാന്തിയും പ്രകടിപ്പിക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമവും, കേരള മുനിസിപ്പൽ നിയമവും പ്രകാരം സെക്രട്ടറിയും ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഓഫീസർമാരും സമർപ്പിക്കുന്ന നിർദ്ദേശങ്ങളും അടങ്കലുകളും പരിഗണിച്ച ശേഷം അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഓരോ വർഷവും പ്രതീക്ഷിക്കുന്ന വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കുകയും അവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും വേണം. ഈ നിർദ്ദേശങ്ങൾ പരിഗണിച്ച ശേഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വരും വർഷത്തെ സ്ഥാപനത്തിന്റെ വരവു ചെലവുകൾ കാണിക്കുന്ന ബജറ്റ് തയ്യാറാക്കേണ്ടതും, മാർച്ച് ആദ്യവാരത്തിനു മുമ്പായി പ്രത്യേകം വിളിച്ചു ചേർക്കുന്ന യോഗത്തിൽ വച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ മിക്ക സ്ഥാപനങ്ങളിലും വരുംവർഷത്തെ പ്രതീക്ഷിത വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റുകൾ ജനുവരി 15-നു മുമ്പായി അതാതു സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാക്കുക, ബജറ്റ് മാർച്ച് ആദ്യവാരത്തിനു മുമ്പായി സമർപ്പിക്കുക തുടങ്ങിയ നടപടിക്രമങ്ങൾ ഒന്നും തന്നെ | **ഏരൂർ ഗ്രാമപഞ്ചായത്ത്**<br>ആഡിറ്റ് പരാമർശം ഗൗരവപൂർവ്വം ഉൾക്കൊള്ളുകയും പഞ്ചായത്ത് കമ്മിറ്റി, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് അറിയിപ്പ് നൽകുകയും നിർദ്ദേശങ്ങൾ ലഭ്യമായത് സ്റ്റാന്റിംഗ് കമ്മിറ്റികളിൽ പരിശോധിക്കുകയും ചർച്ച ചെയ്യുകയും ആയത് കൂടി പരിഗണിച്ച് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാക്കി വരുകയും ചെയ്യുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കരട് ബഡ്ജറ്റ് തയ്യാറാക്കി ജനപ്രതിനിധികൾക്ക് പരിശോധനയ്ക്ക് നൽകുകയും തുടർന്ന് അവരുടെകൂടി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ച് അന്തിമ ബഡ്ജറ്റ് പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് പാസാക്കുകയാണ് ചെയ്തു വരുന്നത്. കരട് ബഡ്ജറ്റ് എല്ലാ ജനപ്രതിനിധികൾക്കും പരിശോധനയ്ക്ക് മുൻകൂട്ടി നൽകി വരുന്നത് കൊണ്ടാണ് അന്തിമ ബഡ്ജറ്റ് ഒരു ദിവസം കൊണ്ട് ചർച്ച ചെയ്ത് പാസ്സാക്കാൻ കഴിഞ്ഞിട്ടുള്ളത്. നിലവിൽ വരവ്ചെലവുകളുടെ വിശദമായ |

പാലിച്ചിട്ടില്ല. ആയതിനാൽ ബജറ്റ് നിർദ്ദേശങ്ങൾ പഞ്ചായത്തുകളിൽ യഥാവിധി ചർച്ച ചെയ്യപ്പെടുകയോ, നിർദ്ദേശങ്ങളുടെ വിശദമായ സൂക്ഷ്മപരിശോധന നടത്തപ്പെടുകയോ ഉണ്ടാകുന്നില്ല. ഇത് ബജറ്റ് നിയന്ത്രണങ്ങളുടെ പരാജയത്തിനും കൃത്യതയില്ലായ്മയ്ക്കും വഴി തെളിക്കുന്നു. കൊല്ലം ജില്ലയിലെ ഏതാനും പഞ്ചായത്തുകളിലെ അംഗീകരിച്ച ബജറ്റിലെ വരവു ചെലവു തുകകളുടെ വ്യത്യാസം കാണിക്കുന്ന ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | വർഷം | ബജറ്റ് പ്രകാരമുള്ള | | യഥാർത്ഥ | |
|---|---|---|---|---|---|
| | | വരവ് | ചെലവ് | വരവ് | ചെലവ് |
| ഏരൂർ ഗ്രാമപഞ്ചായത്ത് | 2003-04 | 5,58,33,000 | 5,27,23,500 | 74,74,348 | 5,98,697 |
| ചിതറ ഗ്രാമപഞ്ചായത്ത് | 2004-05 | 4,53,87,499 | 4,84,63,979 | 2,65,07,951 | 2,50,07,187 |
| വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് | 2006-07 | 3,52,37,950 | 3,96,47,850 | 1,70,08,714 | 1,59,42,196 |
| മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് | 2006-07 | 4,16,92,000 | 4,27,94,000 | 2,85,82,487 | 2,35,80,820 |

മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും

എസ്റ്റിമേറ്റുകൾ ജനുവരി 15-നു മുമ്പായി അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാക്കി ബഡ്ജറ്റ് ആദ്യവാരത്തിൽ തന്നെ പാസ്സാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിച്ചുവരുന്നുണ്ടെന്നും പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവും ചെലവും തമ്മിൽ അന്തരം കുറച്ചുകൊണ്ട് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബഡ്ജറ്റാണ് നിലവിൽ തയ്യാറാക്കി വരുന്നത്.

## ചിതറ ഗ്രാമപഞ്ചായത്ത്

2008-09 വർഷത്തിൽ വേണ്ടത്ര മുന്നൊരുക്കങ്ങളോ തയ്യാറെടുപ്പുകളോ നടത്താതെയാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. അക്കാലയളവിലെ ജീവനക്കാരുടെ പരിചയക്കുറവും പരിശീലനത്തിന്റെ അഭാവവും കാരണം ബജറ്റ് തയ്യാറാക്കിയതിൽ അപാകത സംഭവിച്ചിട്ടുണ്ട്. പിന്നീട് ബജറ്റിൽ അപാകതകൾ ഉണ്ടായെന്ന കണ്ടെത്തിയതിനെ തുടർന്നുണ്ടായ ആശയക്കുഴപ്പം കാരണമാണ് ബജറ്റ് സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടത്. തുടർന്നുള്ള വർഷങ്ങളിൽ വ്യവസ്ഥാപിതമായി ബജറ്റ് തയ്യാറാക്കുകയും യഥാസമയം പാസാക്കുകയും ചെയ്തിട്ടുണ്ട്.

## വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്

ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ തുടർന്നുള്ള വർഷങ്ങളിൽ പരിഹരിച്ചിട്ടുണ്ട്. പിന്നീടുള്ള സാമ്പത്തിക വർഷങ്ങളിൽ പിഴവുകളൊന്നുമില്ലാതെ കൃത്യമായ മാനദണ്ഡങ്ങളനുസരിച്ച് ബജറ്റ് തയ്യാറാക്കി

| | | | | |
|---|---|---|---|---|
| | | | മേൽപ്പറഞ്ഞ രീതിയിലുള്ള ധാരാളം അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. ഒട്ടുമിക്ക ബജറ്റുകളിലും വരവുചെലവുകൾ ഊതിപ്പെരുപ്പിച്ചതും യഥാർത്ഥ തുകകളുമായി വളരെ അന്തരമുള്ളതുമാണ്. ബജറ്റിൽ തുകകൾ വകയിരുത്തുന്നത് യാഥാർത്ഥ്യ ബോധത്തോടെയും രേഖകളുടെ പിൻബലത്തോടെയും ആയിരിക്കേണ്ടതാണ്. | ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.<br><br>**<u>മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്</u>**<br><br>2006-07 ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് പ്രകാരമുള്ള ചെലവും, യഥാർത്ഥ ചെലവും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് ഖണ്ഡിക പ്രകാരമുള്ള പരാമർശം കമ്മിറ്റി വിശദമായി പരിശോധിച്ചു. ടി വർഷത്തെ ബജറ്റ് തയ്യാറാക്കിയതിൽ വന്ന അപാകതയാണെന്ന് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതും തുടർന്നുള്ള വർഷങ്ങളിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 214 അനുശാസിക്കും പ്രകാരവും യാഥാർത്ഥ്യ ബോധത്തോടെ വരവും ചെലവും അവലംബിച്ചു കൊണ്ടുള്ള ബജറ്റാണ് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു വരുന്നത്. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2010-11 സമാഹൃത റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക (Action Taken Report)

| ക്രമ.നം | ഗ്രാമപഞ്ചായത്ത് | റിപ്പോർട്ട് ഖണ്ഡിക നമ്പർ. | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | തെക്കുംഭാഗം | 2.5 | <u>വരുമാന വർദ്ധനവിനുള്ള നടപടികളുടെ അഭാവം</u><br>❖ വസ്തു നികുതി പുതുക്കൽ വൈകുന്നതു വഴി വരുമാന നഷ്ടം<br>❖ വസ്തു നികുതി അപ്പീൽ പെറ്റീഷനുകളിന്മേൽ നിയമവിരുദ്ധമായി ഇളവനുവദിക്കുന്നു<br>❖ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി എടുക്കുന്നില്ല.<br>❖ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികളുമില്ല.<br>ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കാലാകാലങ്ങളിൽ നടത്തേണ്ടുന്ന കെട്ടിട നികുതി/വസ്തു നികുതി പരിഷ്ക്കരണം നടത്താത്തതു മൂലം പ്രസ്തുത നികുതിയിനത്തിൽ ഗണ്യമായ വരുമാനനഷ്ടം ഉണ്ടാകുന്നുണ്ട്.<br>വസ്തു നികുതി പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി മുമ്പാകെ സമർപ്പിക്കപ്പെടുന്ന റിവിഷൻ പെറ്റീഷൻ പരിഗണിച്ച് അനുവദിക്കാവുന്ന പരമാവധി ഇളവ് 10% ആയും സെക്രട്ടറി നിർണ്ണയിക്കുന്ന നികുതിയിന്മേൽ നഗരസഭാ അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക്/പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് അനുവദിക്കാവുന്ന പരമാവധി ഇളവ് 20% ആയും 27.11.2006-ലെ ജി.ഒ(എം.എസ്) 271/06 തസ്വഭവ വകുപ്പ് ഉത്തരവു പ്രകാരം നിശ്ചയിച്ചിട്ടുണ്ടെങ്കിലും മിക്കവാറും | <u>തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്</u><br>തെക്കുംഭാഗം ഗ്രാമപഞ്ചായത്തിലെ 2008-09-ലെ ആഡിറ്റ് പരാമർശം 2(1) പ്രകാരം ഗ്രാമപഞ്ചായത്തിൽ നികുതിയിനത്തിൽ പിരിച്ചെടുക്കേണ്ട 17500/- രൂപയിൽ 16.03.2012 തീയതിയിലെ 12/53303 രസീത് പ്രകാരം 2500/- രൂപയും, 24.03.2012-ലെ 44/53303 നമ്പർ രസീത് പ്രകാരം 2500/- രൂപയും 23.03.2012-ലെ 88/53303 നമ്പർ രസീത് പ്രകാരം 7500/- രൂപയും, 21.03.2012-ലെ 31/51303 നമ്പർ രസീത് പ്രകാരം 7500/- രൂപയും ഉൾപ്പെടെ 17500/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമാണ്. 17.06.2014-ലെ LFQ/P5/1277(7)/2014-ാം നമ്പർ ലോക്കൽ ഫണ്ട് ആഡിറ്റ് ഉത്തരവ് പ്രകാരം ടി ആഡിറ്റ് പരാമർശം ഒഴിവാക്കി നൽകിയിട്ടുള്ളതുമാണ്. |

| | | | | |
|---|---|---|---|---|
| | | | നഗരസഭകളിൽ അപ്പീൽ പെറ്റീഷനുകളിൽ സ്റ്റാന്റിംഗ് കമ്മിറ്റി നിയമാനുസൃതമായ 20% ഇളവിനുമേൽ വീണ്ടുമൊരു 20% ഇളവുകൂടി അനുവദിക്കുന്ന പ്രവണത വ്യാപകമായി കാണുന്നു. നിയമവിരുദ്ധമായ ഈ ഇളവനുവദിക്കൽ സ്ഥാപനത്തിന്റെ വരുമാന ചോർച്ചയ്ക്ക് ആക്കം കൂട്ടുന്നു.<br>1994-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഗ്രാമപഞ്ചായത്തുകളിലും കൂടി ബാധകമാക്കിയതിനാൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസിനത്തിൽ ഗണ്യമായ വരുമാന വർദ്ധനവ് ഉണ്ടെങ്കിലും കൃത്യമായി എഫ്.എ.ആർ കണക്കാക്കിയും നഗരപ്രാന്തത്തിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ പ്രത്യേക സ്ട്രക്ചറൽ സോണുകൾക്ക് നിശ്ചയിച്ച നിരക്കിലും പെർമിറ്റ് ഫീസ് വാങ്ങുന്നതിൽ അലംഭാവവും കണ്ടു വരുന്നു.<br>1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസില്ലാതെ ഒരു വ്യാപാരമോ വ്യവസായമോ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടത്തുവാൻ പാടില്ലെന്നിരിക്കെ ഇതിനു വിരുദ്ധമായി ലൈസൻസ് എടുക്കാതെയോ ലൈസൻസ് യഥാക്രമം പുതുക്കാതെയോ നടത്തുന്ന അനധികൃതമായ പ്രവൃത്തികൾക്ക് 233-ാം വകുപ്പ് പ്രകാരം 3000/- രൂപ വരെ പിഴ ചുമത്താമെന്നിരിക്കെ അനധികൃത വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും എതിരെ നടപടിയെടുക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ വിമുഖത പുലർത്തുന്നുണ്ട്.<br>1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 209 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് പഞ്ചായത്തിന് നികുതി ഈടാക്കാവുന്നതാണ്. പരസ്യനികുതി ചുമത്തുമ്പോൾ അതിന്റെ ഏറ്റവും കുറഞ്ഞ നിരക്ക് എസ്.ആർ.ഒ 654/02 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. പരസ്യനികുതി പിരിക്കാനുള്ള അവകാശം ലേലം ചെയ്തു കൊടുത്ത് ഈ ഇനത്തിലുള്ള വരുമാനം കണ്ടെത്താനും ഈ മേഖലയിൽ സാധ്യതകൾ ഉള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രമം നടത്തുന്നില്ല. | |

സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ നിയമാനുസൃതം നടത്തേണ്ടത് കർശനമായിരിക്കെ രജിസ്ട്രേഷൻ ഇല്ലാത്ത നിരവധി സ്ഥാപനങ്ങൾ നഗരസഭാ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഇനത്തിലുള്ള വരുമാന നഷ്ടത്തിലുപരി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കേവല നിബന്ധനകൾ എങ്കിലും പാലിച്ചു കൊണ്ടാണോ അവ പ്രവർത്തിക്കുന്നത് എന്ന് പരിശോധിക്കാനും നിയന്ത്രിക്കാനുമുള്ള അധികാരം വിനിയോഗിക്കാത്തത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബന്ധതയില്ലായ്മയാണ് കാണിക്കുന്നത്.

നഗരസഭകളുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ , പൊതുവായ മാർക്കറ്റുകൾ എന്നിവ യഥാകാലം ലേലം ചെയ്തു കൊടുക്കുവാനോ വാടക കരാറുകൾ കൃത്യമായി എഴുതി വാടക കൃത്യമായി പിരിച്ചെടുക്കുവാനോ ഉള്ള ശ്രമങ്ങളും നടക്കുന്നില്ല.

കുടിശ്ശിക നികുതികൾ, ഫീസുകൾ എന്നിവ നിയമാനുസൃതം പിരിച്ചെടുക്കുന്നതിലും തദ്ദേശ സ്വയംഭരണാധികാരികൾ ഗുരുതരമായ അലംഭാവം കാണിക്കുന്നു.

| സ്ഥാപനം | ഇനം | തുക | ആഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക |
|---|---|---|---|
| തെക്കുംഭാഗം | സ്ഥാപന തൊഴിൽ നികുതി (ഈടാക്കിയില്ല) | 17500 | 2008-09 2(1) |

| | | | | |
|---|---|---|---|---|
| 2 | എല്ലാ ഗ്രാമപഞ്ചായത്തുംം | 2.11 | **വർദ്ധിച്ചു വരുന്ന ഋണബാദ്ധ്യതകൾ**<br>1963-ലെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി വായ്പകൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ ഒരു സ്ഥാപനത്തിന്റെ വൻ ഋണബാദ്ധ്യത അതിന്റെ ഭരണ | **1.കരവാളൂർ ഗ്രാമപഞ്ചായത്ത്**<br>കരവാളൂർ ഗ്രാമപഞ്ചായത്തിൽ 2010-11 കാലഘട്ടത്തിൽ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 10989858/- വായ്പ എടുത്തിരുന്നു. എന്നാൽ ടി വായ്പ എല്ലാ |

| | | | | |
|---|---|---|---|---|
| | | | സാമ്പത്തിക സംവിധാനങ്ങളുടെ പിടിപ്പുകേടിലേക്ക് വിരൽ ചൂണ്ടുന്നു. ആഡിറ്റിന് വിധേയമായ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭീമമായ കടബാദ്ധ്യതയിലാണ്.<br>വരുമാനമുണ്ടാക്കുകയും ചെലവഴിക്കുകയും ചെയ്യുന്ന ഏതൊരു സ്ഥാപനത്തിനുമെന്ന പോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മികവുറ്റ ഭരണസംവിധാനത്തോടൊപ്പം ഫലപ്രദവും അച്ചടക്കമുള്ളതുമായ സാമ്പത്തിക നിയന്ത്രണവും അനിവാര്യമാണ്. വരുമാന വർദ്ധനവും വിവേകപൂർണ്ണമായ ചെലവു ചെയ്യലും ഉറപ്പാക്കാൻ മികച്ച സാമ്പത്തിക ആസൂത്രണവും മെച്ചപ്പെട്ട നേതൃത്വവും കൂടിയേ തീരു. വരുമാന സ്രോതസ്സുകളുടെ ഉല്പാദനക്ഷമത ഉറപ്പാക്കുന്നതിലും അവ ചൂഷണം ചെയ്യുന്നതിൽ ഉത്തരവാദിത്ത ബോധം പുലർത്തുന്നതിലും പരാജയപ്പെടുന്ന സ്ഥാപനത്തിന് സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാകാതെ വരുന്നു. വർദ്ധിച്ചു വരുന്ന ഋണബാദ്ധ്യതയിലേക്ക് തദ്ദേശ സ്വയംഭരമ സ്ഥാപനങ്ങളെ നയിക്കുന്നത് പ്രധാനമായും കാര്യക്ഷമമല്ലാത്ത നികുതി നിയന്ത്രണ സംവിധാനങ്ങളാണ്. താഴ്ന്ന വരുമാന സമാഹരണം, കുറവായി നിർണ്ണയിക്കപ്പെടുന്ന നികുതികൾ, ഫീസുകൾ എന്നിവ സ്ഥാപനങ്ങളുടെ സാമ്പത്തിക നിലയെ സാരമായി ബാധിക്കുന്നു. വർദ്ധിച്ചു വരുന്ന കുടിശ്ശികകൾ അവയുടെ സാമ്പത്തിക നിലവാരം മോശതരമാക്കുന്നു.<br>1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 303-ൽ നഗരസഭകൾ ഋണമോചന നിധി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. വിവിധ ഏജൻസികളിൽ നിന്നും നഗരസഭകൾ എടുത്തിട്ടുള്ള വായ്പാ തുകകളുടെ കൃത്യമായ | വർഷവും പ്രോജക്ടിൽ ഉൾപ്പെടുത്തി തിരികെ ഒടുക്ക് വരുത്തിയിട്ടുള്ളതും, നിലവിൽ ടി വായ്പ മുഴുവൻ ഒടുക്ക് വരുത്തി ബാധ്യതകൾ ഒന്നും തന്നെ ഇല്ലാത്തതുമാണ്. കരവാളൂർ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം വരെ ലഭിക്കാനുള്ള എല്ലാ നികുതികളും കുടിശ്ശിക സഹിതം പിരിച്ചെടുത്തിട്ടുള്ളതും വിവിധ അപേക്ഷകളോടൊപ്പം ചട്ടപ്രകാരമുള്ള ഫീസുകൾ ഈടാക്കി വരുന്നുമുണ്ട്. ആയതിനാൽ ടി പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.<br>**2.തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്**<br>തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് 5.2 ച.കി.മി മാത്രം ഭൂവിസ്തൃതിയുള്ള ചെറിയ പഞ്ചായത്താണ്. എല്ലാ തനത് സ്രോതസ്സിൽ നിന്നുള്ള തനത് വിഭവ സമാഹരണം ശരാശരി 35 ലക്ഷം രൂപയിൽ താഴെയാണ്. നികുതികളും ഫീസുകളും മറ്റ് വരവുകളും പഞ്ചായത്ത് കഴിഞ്ഞ പത്ത് വർഷമായി 100% പിരിച്ച് എടുക്കുന്നുണ്ട്. ലഭ്യമാകുന്ന എല്ലാ സ്രോതസ്സിൽ നിന്നും പരമാവധി വിഭവ സമാഹരണം പഞ്ചായത്തിന്റെ നിയമപരിധിയിൽ നിന്ന് നടത്തി വരുന്നതിന്റെ ഭാഗമായി എല്ലാ സാമ്പത്തിക വർഷവും 10 മുതൽ 20 ശതമാനം വരെ വരുമാന വർദ്ധനവ് ഉണ്ടാകുന്നുണ്ട്. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന പഞ്ചായത്തായിട്ടും 100% വരെ വരുമാന വർദ്ധനവ് നേടാനും പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് നാളിതുവരെ ഒരു ധനകാര്യ സ്ഥാപനത്തിൽ നിന്നും ലോണുകൾ ഒന്നും എടുത്തിട്ടില്ലാത്തതുമാണ്. |

തിരിച്ചടവുകൾക്ക് സഹായകമാകുന്ന വിധത്തിൽ ഒരു പ്രത്യേക നിധി രൂപീകരിക്കുകയും ആ നിധിയിൽ നിന്ന് കൃത്യമായി വായ്പാ തിരിച്ചടവുകൾക്ക് തുക വിനിയോഗിക്കുകയുമാണ് ചെയ്യേണ്ടത്. എന്നാൽ മിക്ക നഗരസഭകളിലും ഇത്തരത്തിലുള്ള ഋണമോചന നിധി രൂപീകരിച്ചിട്ടില്ല. മുനിസിപ്പൽ ഫണ്ടിന്റെ അപര്യാപ്തത കാരണം വായ്പകളുടെ കൃത്യമായ തിരിച്ചടവുകൾക്ക് സാധിക്കാറുമില്ല. ഇതുമൂലം തിരിച്ചടവ് നീളുകയും പലിശയിനത്തിൽ കൂടുതൽ തുക നഗരസഭകൾ ചെലവഴിക്കേണ്ടി വരികയും ചെയ്യുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ച കൂടാതെ ലഭ്യമാക്കേണ്ട ഉത്തരവാദിത്വം ഉദ്യോഗസ്ഥരിലും ജനപ്രതിനിധികളിലും നിക്ഷിപ്തമാണ്. സ്ഥാപനങ്ങളുടെ വരുമാന സ്രോതസ്സുകളായ തൊഴിൽ നികുതി, കെട്ടിട നികുതി, ലേലം/വാടക, ഡി & ഒ ലൈസൻസ് ഫീസ് എന്നിവ യഥാസമയം പിരിച്ചെടുത്ത് ആ പണം വിനിയോഗിച്ച് ജനോപകാരപ്രദങ്ങളായ പദ്ധതികൾ നടപ്പിലാക്കാനും സാമ്പത്തിക ഭദ്ര കൈവരിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജവം കാണിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കടബാദ്ധ്യതയ്ക്ക് ഏതാനും ഉദാഹരണങ്ങൾ ചേർക്കുന്നു

**വായ്പകൾ**

| സ്ഥാപനം | വായ്പകളുടെ ഉറവിടം | വായ്പ തുക (രൂപ) | തിരിച്ചടയ്ക്കാൻ ശേഷിക്കുന്നത് (31.03.2011) |
|---|---|---|---|
| കൊല്ലം ജില്ല (വിവിധ ഗ്രാമപഞ്ചാ | ബാങ്ക് ലോൺ | 451648920 | 382794585 |

**3.തൃക്കരുവ ഗ്രാമപഞ്ചായത്ത്**

തൃക്കരുവ ഗ്രാമപഞ്ചായത്തിൽ വർദ്ധിച്ചു വരുന്ന ഋണബാധ്യതകൾ ഇല്ലാത്തതും വരുമാന സമാഹരണത്തിന് സർക്കാർ നിർദ്ദേശങ്ങൾക്കും പഞ്ചായത്ത് രാജ് നിയമങ്ങൾക്കും വിധേയമായി കാലാകാലങ്ങളിൽ നടപടി സ്വീകരിക്കുകയും ഗ്രാമപഞ്ചായത്തിന് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ച കൂടാതെ 100% നികുതി പിരിവിലൂടെ ഉദ്യോഗസ്ഥർ ജനപ്രതിനിധികളുടെ സഹായത്തോടെ പിരിച്ചെടുക്കുന്നുണ്ട്. പഞ്ചായത്തിന്റെ വരുമാന സ്രോതസ്സുകളായ തൊഴിൽ നികുതി, കെട്ടിട നികുതി, ലേലം, വാടക, ഡി & ഒ ലൈസൻസ് ഫീസ് എന്നിവ യഥാസമയം കൃത്യമായി പിരിച്ചെടുക്കുന്നതിലൂടെ സാമ്പത്തിക ഭദ്രത കൈവരിക്കുക എന്ന കർത്തവ്യം നിർവ്വഹിക്കുന്നുണ്ട്.

**4.മയ്യനാട് ഗ്രാമപഞ്ചായത്ത്**

മയ്യനാട് ഗ്രാമപഞ്ചായത്തിലെ പ്രധാന വരുമാന സ്രോതസ്സായ തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ പൂർണമായും പിരിച്ചെടുത്തിട്ടുള്ളതും, 2018-19 സാമ്പത്തിക വർഷം കെട്ടിട നികുതി 80 ശതമാനം പിരിച്ചെടുത്തിട്ടുള്ളതുമാണ്. 2017-18 സാമ്പത്തിക വർഷം 1.51 കോടി രൂപ കെട്ടിട നികുതി കുടിശ്ശിക പിരിച്ചെടുത്ത് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നികുതി കുടിശ്ശിക പിരിവ് കൈവരിച്ച ഗ്രാമപഞ്ചായത്തായി മാറാൻ കഴിഞ്ഞു. 2018-19 സാമ്പത്തിക വർഷം നികുതി കുടിശ്ശിക ഗണ്യമായി കുറച്ചുകൊണ്ട് വരാനും സാധിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം

| | | | | | | | |
|---|---|---|---|---|---|---|---|
| | | | യത്തുകൾ | | | | തുടക്കത്തിൽ തന്നെ കുടിശ്ശിക നികുതി പിരിച്ചെടുക്കുന്നതിന് നികുതി പിരിവ് ഉദ്യോഗസ്ഥർക്ക് ടാർഗറ്റ് നിശ്ചയിച്ചിട്ടുള്ളതും ഈ വർഷം 100 ശതമാനം നികുതി പിരിവ് കൈവരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. വിവിധ ലേല നടപടികളിൽ നിന്നും പൂർണമായും തുക വസൂലാക്കിയിട്ടുള്ളതും ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് വരുമാനം 90 ശതമാനവും പിരിച്ചെടുത്തിട്ടുള്ളതും ശേഷിക്കുന്ന തുകയ്ക്ക് ആർ ആർ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.<br>ഗ്രാമപഞ്ചായത്തിൽ നിലവിൽ യാതൊരു വായ്പാ ബാധ്യതയും ഇല്ലാത്തതും ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം മയ്യനാട് റീജിയണൽ കോപ്പറേറ്റീവ് ബാങ്കിൽ നിന്നും എടുത്ത തുക പൂർണമായും ഒടുക്കുവരുത്തി ബാധ്യത തീർത്തിട്ടുള്ളതുമാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.<br>**<u>5.പോരുവഴി ഗ്രാമപഞ്ചായത്ത്</u>**<br>പോരുവഴി ഗ്രാമ പഞ്ചായത്തിൽ ഇ.എം.എസ് ഭവന പദ്ധതിക്കായിട്ടാണ് അവസാനമായി ബാങ്ക് ലോൺ എടുത്തിട്ടുള്ളത്.ടി ലോൺ തിരിച്ചടച്ചിട്ടുണ്ട്. നിലവിലിൽ പഞ്ചായത്തിന് ബാധ്യതകൾ ഒന്നും തന്നെ ഇല്ല,പോരുവഴി ഗ്രാമ പഞ്ചായത്ത് 2017/18 മുതൽ 100 ശതമാനം നികുതി പിരിവ് കൈവരിച്ചിട്ടുണ്ട് 2017– 18 സാമ്പത്തിക വർഷം എല്ലാ കുടിശ്ശികകളും പിരിച്ചെടുത്തിട്ടുണ്ട്. 2019—20 ലും 100 ശതമാനം നികുതി പിരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**<u>6.ചടയമംഗലം ഗ്രാമപഞ്ചായത്ത്</u>** |

| | | | | |
|---|---|---|---|---|
| | | | | ചടയമംഗലം ഗ്രാമപഞ്ചായത്തിന് നിലവിൽ ഋണബാദ്ധ്യതകൾ ഒന്നു തന്നെ ഇല്ല . ഇ എം എസ് ലോൺ പൂർണ്ണമായും അടച്ചു തീർത്തിട്ടുള്ളതാണ് . വരുമാന സ്രോതസ്സുകളായ തൊഴിൽ നികുതി, കെട്ടിട നികുതി, ലേലം/വാടക, ഡി & ഒ ലൈസൻസ് ഫീസ് എന്നിവ യഥാസമയം പിരിച്ചെടുത്ത് ആ പണം വിനിയോഗിച്ച് ജനോപകാരപ്രദങ്ങളായ പദ്ധതികൾ ചടയമംഗലം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു<br>**7.കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്**<br>കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന് നിലവിൽ ഋണബാദ്ധ്യതകൾ ഒന്നു തന്നെ ഇല്ല . ഇ എം എസ് ലോൺ പൂർണ്ണമായും അടച്ചു തീർത്തിട്ടുള്ളതാണ് . വരുമാന സ്രോതസ്സുകളായ തൊഴിൽ നികുതി, കെട്ടിട നികുതി, ലേലം/വാടക, ഡി & ഒ ലൈസൻസ് ഫീസ് എന്നിവ യഥാസമയം പിരിച്ചെടുത്ത് ആ പണം വിനിയോഗിച്ച് ജനോപകാരപ്രദങ്ങളായ പദ്ധതികൾ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു.<br>**8.തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്**<br>തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള നികുതികൾ 100 ശതമാനവും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വരവു-ചെലവുകൾ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന തരത്തിൽ തന്നെ കൈകാര്യം ചെയ്യുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചുവരുന്നു.പഞ്ചായത്തിന് ലഭിക്കുവാനുള്ള |

| | | | | |
|---|---|---|---|---|
| | | | | വരുമാനം വർദ്ധിപ്പിക്കുന്നതിനും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുമുള്ള കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് ആയതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിൽനികുതി, കെട്ടിട നികുതി, ലേലം/വാടക, ഡി & ഒ ലൈസൻസ് ഫീസ് എന്നിവയിൽ നിലനിൽക്കുന്ന 100 ശതമാനം കുടിശ്ശികയും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ നിലവിൽ യാതൊരു വായ്പയും നിലനിൽക്കുന്നില്ല. പഞ്ചായത്തിന് വിവിധ ഇനങ്ങളിൽ ലഭിക്കേണ്ട വരുമാനങ്ങൾ കൃത്യമായി ശേഖരിച്ച് ആ തുക വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച് വരികയാണ്. ഇതു മൂലം പഞ്ചായത്തിന് നിലവിൽ ഋണബാധ്യതകൾ ഉണ്ടായിട്ടില്ല.<br><br>**<u>9.പന്മന ഗ്രാമപഞ്ചായത്ത്</u>**<br>ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പന്മന ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതികളും ഫീസുകളും കൃത്യമായി നിർണ്ണയിക്കുന്നതിനും ആയത് നൂറ് ശതമാനം പിരിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിക്കുകയും തൽഫലമായി 2016-17 ൽ 74%, 2017-18 ൽ 91%, 2018-19 ൽ 100 % എന്നിങ്ങനെ നികുതി പിരിവ് ലക്ഷ്യം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം വരുമാന വർദ്ധനവും വിവേകപൂർണ്ണമായ ചെലവുചെയ്യലും ഉറപ്പാക്കിയത് വഴി പന്മന ഗ്രാമപഞ്ചായത്ത് സുസ്ഥിരമായ സാമ്പത്തിക സ്ഥിതി കൈവരിച്ചിട്ടുണ്ട്. |

146

**10.അലയമൺ ഗ്രാമപഞ്ചായത്ത്**

അലയമൺ ഗ്രാമപഞ്ചായത്തിന് വൻതോതിലുള്ള ഋണബാദ്ധ്യതകളില്ല. മികവുറ്റ ഭരണ സംവിധാനവും അച്ചടക്കമുള്ള സാമ്പത്തിക നിയന്ത്രണ സംവിധാനവും ഉണ്ട്. ഒരുമാന സ്രോതസ്സുകളുടെ ഉൽപാദനക്ഷമത ഉറപ്പുവരുത്തിയാണ് മുന്നോട്ട് പോകുന്നത്. നികുതി ചുമത്തലും പിരിച്ചെടുക്കലും കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. വായ്പ ഇനത്തിൽ ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി 8255000 രൂപയും, ലൈഫ് ഭവനപദ്ധതിക്കായി 26702680 രൂപയും വായ്പ എടുത്തിരുന്നു. അതിൽ ഇ.എം.എസ് ഭവന പദ്ധതിയുടെ വായ്പ തുക അടച്ച് തീർത്തിട്ടുള്ളതുമാണ്. ഉയർന്ന പിരിവ് ശതമാനമാണ് പഞ്ചായത്തിനുള്ളത്. അലയമൺ ഗ്രാമപഞ്ചായത്തിന് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ച കൂടാതെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കെട്ടിട നികുതി, തൊഴിൽ നികുതി, ലേലം, വാടക, ലൈസൻസ് ഫീസുകൾ എന്നിവ കൃത്യമായി പിരിച്ചെടുക്കുകയും ആയത് വിനിനയോഗിച്ച്. ജനോപകാര പ്രദാമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനും പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

**11.അഞ്ചൽ ഗ്രാമപഞ്ചായത്ത്**

അഞ്ചൽ ഗ്രാമപഞ്ചായത്തിന് ഋണബാദ്ധ്യതകൾ ഒന്നുംതന്നെയില്ല. ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയുടെ നിർവ്വഹണത്തിനായി വായ്പ എടുത്ത മുഴുവൻ

| | | | | |
|---|---|---|---|---|
| | | | | നികുതികളും ഫീസുകളും പിരിച്ചെടുക്കുന്നത്. ട്രഷറി റ്റി.എസ്.ബി അക്കൗണ്ട്, മറ്റ് ബാങ്ക് അക്കൗണ്ടുകളിലായി 7 കോടിയിലധികം തുക ബാക്കിയുണ്ട്. നികുതി നികുതിയേതരയിനത്തിൽ പിരിച്ചെടുക്കുന്ന തുക പഞ്ചായത്തിന്റെ വികസനത്തിനും ജനോപകാര പ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമാണ് ഉപയോഗിക്കുന്നത്.<br>**<u>16.ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്</u>**<br>ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് എടുത്ത ലോൺ തുകയും പലിശയും മുഴുവനായും തിരിച്ചടച്ചിട്ടുള്ളതാണ്. ഡിപ്പോസിറ്റ് റീഫണ്ട് ഇനത്തിലുള്ള തുകയും 2018-19 ൽ എടുത്തിട്ടുള്ളതും 2019-20 മാത്രം തിരിച്ചടവ് ആരംഭിക്കുന്നതുമായ ലൈഫ് ലോൺ ഇനത്തിലുള്ള തുകയും മാത്രമാണ് ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ ഋണ ബാദ്ധ്യതയായി നിലനിൽക്കുന്നത്. ബാദ്ധ്യതയാകുന്ന ഡിപ്പോസിറ്റ് ഇനത്തിലുള്ള തുക തിരികെ നൽകുന്നതിനുള്ള കരുതൽ ധനം പഞ്ചായത്ത് ഫണ്ടിൽ നിലനിർത്തുന്നുണ്ട്. ലൈഫ് ലോൺ തിരിച്ചടയ്ക്കുന്നതിനുള്ള പ്രോജക്ടുകളും ഏറ്റെടുത്ത് തിരിച്ചടവ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**<u>17.വെട്ടിക്കവല ഗ്രാമപഞ്ചായത്ത്</u>**<br>ഇ.എം.എസ് ഭവന പദ്ധതിക്കായി വെട്ടിക്കവല ഗ്രാമപഞ്ചായത്ത് സെക്രട്ടറി ചിലവഴിച്ച ഇനത്തിൽ ലോണുകൾ ഒന്നും തിരിച്ചടക്കാൻ ഇല്ലാത്തതാണ്. ലോൺ തുകയായ 22738500/- രൂപ പൂർണ്ണമായും തിരിച്ചടവ് വരുത്തിയിട്ടുള്ളതാണ്. ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമാക്കിയിട്ടുള്ളതാണ്. നിലവിൽ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന് ഋണബാദ്ധ്യതകളൊന്നും തന്നെയില്ല.കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് നികുതി വരുമാനത്തിൽ വളരെയധികം പുരോഗതി കൈവരിച്ചിട്ടുണ്ട് . ടി വർഷത്തിൽ 100 ശതമാനം നികുതി പിരിവ് നടത്തുകയും ലൈസൻസ് |

| | | | | |
|---|---|---|---|---|
| | | | | **10.അലയമൺ ഗ്രാമപഞ്ചായത്ത്**<br>അലയമൺ ഗ്രാമപഞ്ചായത്തിന് വൻതോതിലുള്ള ബാധ്യതകളില്ല. മികവുറ്റ ഭരണ സംവിധാനവും അച്ചടക്കമുള്ള സാമ്പത്തിക നിയന്ത്രണ സംവിധാനവും ഉണ്ട്. ഒരുമാന സ്രോതസ്സുകളുടെ ഉൽപാദനക്ഷമത ഉറപ്പുവരുത്തിയാണ് മുന്നോട്ട് പോകുന്നത്. നികുതി ചുമത്തലും പിരിച്ചെടുക്കലും കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. വായ്പ ഇനത്തിൽ ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി 8255000 രൂപയും, ലൈഫ് ഭവനപദ്ധതിക്കായി 26702680 രൂപയും വായ്പ എടുത്തിരുന്നു. അതിൽ ഇ.എം.എസ് ഭവന പദ്ധതിയുടെ വായ്പ തുക അടച്ച് തീർത്തിട്ടുള്ളതുമാണ്. ഉയർന്ന പിരിവ് ശതമാനമാണ് പഞ്ചായത്തിനുള്ളത്. അലയമൺ ഗ്രാമപഞ്ചായത്തിന് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ച കൂടാതെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കെട്ടിട നികുതി, തൊഴിൽ നികുതി, ലേലം, വാടക, ലൈസൻസ് ഫീസുകൾ എന്നിവ കൃത്യമായി പിരിച്ചെടുക്കുകയും ആയത് വിനിനയോഗിച്ച് ജനോപകാര പ്രദാമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനും പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br>**11.അഞ്ചൽ ഗ്രാമപഞ്ചായത്ത്**<br>അഞ്ചൽ ഗ്രാമപഞ്ചായത്തിന് ബാദ്ധ്യതകൾ ഒന്നുംതന്നെയില്ല. ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയുടെ നിർവ്വഹണത്തിനായി വായ്പ എടുത്ത മുഴുവൻ |

| | | | | |
|---|---|---|---|---|
| | | | | തുകയും അടച്ചു . തീർത്തു. വസ്തു നികുതി, തൊഴിൽ നികുതി, ലേലം/വാടക, ലൈസൻസ് ഫീസ് എന്നിവ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും, പരമാവധി തുക പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് പഞ്ചായത്തിൽ നികുതികളും, ഫീസുകളും നിർണ്ണയിക്കപ്പെടുന്നത്.<br><br>**<u>12.ഓച്ചിറ ഗ്രാമപഞ്ചായത്ത്</u>**<br><br>ഓച്ചിറ ഗ്രാമപഞ്ചായത്ത് നിലവിൽ ബാങ്ക് ലോൺ ഉൾപ്പെടെ യാതൊരുവിധ ഋണബാധ്യതകളും നിലനിൽക്കുന്നില്ല. കൂടാതെ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലും ഓച്ചിറ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ച കൂടാതെ പിരിച്ചെടുത്ത് 100 ശതമാനം റവന്യു പിരിവ് കൈവരിച്ചിട്ടുള്ളതാണ്. നടപ്പ് സാമ്പത്തിക വർഷത്തിലും ഇതേ ലക്ഷ്യത്തോടെയുള്ള നടപടികള്ഡ പുരോഗമിച്ച് വരുന്നുവെന്ന ബാധ്യത ഉണ്ടാകാതിരിക്കുന്നതിന് നിർദ്ദേശങ്ങൾ പാലിക്കുന്നതാണ്.<br>**<u>13.കടയ്ക്കൽ ഗ്രാമപഞ്ചായത്ത്</u>**<br><br>കടയ്ക്കൽ ഗ്രാമപഞ്ചായത്ത് സാമ്പത്തിക നിയന്ത്രണവും വിവേകപൂർണ്ണമായ ചെലവ് ചെയ്യലുമാണ് നടത്തി വരുന്നത്. 2013-14 വർഷത്തെ വസ്തുനികുതി പരിഷ്കരണത്തോടെ ഗ്രാമപഞ്ചായത്തിൽ കാര്യക്ഷമമായ നികുതി നിർണ്ണയം നടത്തുകയും മുൻവർഷങ്ങളേക്കാൾ നികുതി വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. മുൻവർഷ കുടിശ്ശിക ഉൾപ്പെടെ ആകെ ഡിമാൻഡിന്റെ 70% നികുതി പിരിച്ചെടുത്തിട്ടുണ്ട്. നടപ്പു വർഷം നികുതികളും ഫീസുകളും 100% |

| | | | | |
|---|---|---|---|---|
| | | | | പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ നടന്നു. വരികയാണ്.<br>പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളായ കെട്ടിട നികുതി, തൊഴിൽ നികുതി, ലേലം/വാടക, ലൈസൻസ് ഫീസ് എന്നിവ കുടിശ്ശിക വരുത്താതെ പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പ്രാദേശിക സാമ്പത്തിക വികസനവും പഞ്ചായത്തിന്റെ തനത് വരുമാന വർദ്ധനവും ലക്ഷ്യമിട്ട് കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും വായ്പയെടുത്ത് ബഹുനില ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചിട്ടുള്ളതാണ്. ടി വായ്പകളുടെ തിരിച്ചടവ് യഥാസമയം നടത്തുന്നുണ്ട്.<br>**<u>14.ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്</u>**<br>ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവനപദ്ധതി പൂർത്തീകരണത്തിനായി എടുത്ത വായ്പയാണ് നിലവിലുണ്ടായിരുന്നത്. പ്രസ്തുത തുക മുഴുവനും തിരികെ അടച്ചു തീർത്തിട്ടുള്ളതാണെന്ന വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ ലഭിക്കേണ്ട നികുതികളും ഫീസുകളും പിരിച്ചെടുക്കുന്നതിനും ആ പണം ഉപയോഗിച്ച് പദ്ധതികൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന വിവരവും റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.<br>**<u>15.കുലശേഖരപുരം ഗ്രാമപഞ്ചായത്ത്</u>**<br>കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ ഋണ ബാധ്യതകൾ ഒന്നും തന്നെ നിലവിൽ ഇല്ല. മികവുറ്റ ഭരണ സംവിധാനവും അച്ചടക്കത്തോടു കൂടിയുള്ള സാമ്പത്തിക നിയന്ത്രണത്തിലുമാണ് പ്രവർത്തിച്ചു വരുന്നത്. വരുമാന വർദ്ധനവ് ലക്ഷ്യം വച്ചു കൊണ്ടാണ് എല്ലാ തരത്തിലുമുള്ള |

| | | | | |
|---|---|---|---|---|
| | | | | നികുതികളും ഫീസുകളും പിരിച്ചെടുക്കുന്നത്. ട്രഷറി റ്റി.എസ്.ബി അക്കൗണ്ട്, മറ്റ് ബാങ്ക് അക്കൗണ്ടുകളിലായി 7 കോടിയിലധികം തുക ബാക്കിയുണ്ട്. നികുതി നികുതിയേതരയിനത്തിൽ പിരിച്ചെടുക്കുന്ന തുക പഞ്ചായത്തിന്റെ വികസനത്തിനും ജനോപകാര പ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമാണ് ഉപയോഗിക്കുന്നത്.<br>**16.ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്**<br>ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് എടുത്ത ലോൺ തുകയും പലിശയും മുഴുവനായും തിരിച്ചടച്ചിട്ടുള്ളതാണ്. ഡിപ്പോസിറ്റ് റീഫണ്ട് ഇനത്തിലുള്ള തുകയും 2018-19 ൽ എടുത്തിട്ടുള്ളതും 2019-20 മാത്രം തിരിച്ചടവ് ആരംഭിക്കുന്നതുമായ ലൈഫ് ലോൺ ഇനത്തിലുള്ള തുകയും മാത്രമാണ് ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ ഋണ ബാദ്ധ്യതയായി നിലനിൽക്കുന്നത്. ബാദ്ധ്യതയാകുന്ന ഡിപ്പോസിറ്റ് ഇനത്തിലുള്ള തുക തിരികെ നൽകുന്നതിനുള്ള കരുതൽ ധനം പഞ്ചായത്ത് ഫണ്ടിൽ നിലനിർത്തുന്നുണ്ട്. ലൈഫ് ലോൺ തിരിച്ചടയ്ക്കുന്നതിനുള്ള പ്രോജക്ടുകളും ഏറ്റെടുത്ത് തിരിച്ചടവ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**17.വെട്ടിക്കവല ഗ്രാമപഞ്ചായത്ത്**<br>ഇ.എം.എസ് ഭവന പദ്ധതിക്കായി വെട്ടിക്കവല ഗ്രാമപഞ്ചായത്ത് സെക്രട്ടറി ചിലവഴിച്ച ഇനത്തിൽ ലോണുകൾ ഒന്നും തിരിച്ചടക്കാൻ ഇല്ലാത്തതാണ്. ലോൺ തുകയായ 22738500/- രൂപ പൂർണ്ണമായും തിരിച്ചടവ് വരുത്തിയിട്ടുള്ളതാണ്, ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമാക്കിയിട്ടുള്ളതാണ്. നിലവിൽ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന് ഋണബാദ്ധ്യതകളൊന്നും തന്നെയില്ല.കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് നികുതി വരുമാനത്തിൽ വളരെയധികം പുരോഗതി കൈവരിച്ചിട്ടുണ്ട് . ടി വർഷത്തിൽ 100 ശതമാനം നികുതി പിരിവ് നടത്തുകയും ലൈസൻസ് |

| | | | | |
|---|---|---|---|---|
| | | | | ഫീസ് , തൊഴിൽ നികുതി, സ്ഥാപന നികുതി, വാടക , ലേലം , രജിസ്ട്രേഷൻ ഫീസ് തുടങ്ങിയ എല്ലാ നികുതി വരുമാനങ്ങളും 100 ശതമാനം ആക്കുകയും ചെയ്തിട്ടുണ്ട് തനത് ഫണ്ട് വകയിരുത്തിയുള്ള പദ്ധതികൾ മുൻ വർഷങ്ങളെ അപേക്ഷിച്ച് 2018-19 വർഷത്തിൽ കുറവായിരുന്നു.<br>**<u>18.പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്</u>**<br>പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത് 2010-11, 2011-12, 2012-13, 2017-18, 2018-19 എന്നീ വർഷങ്ങളിൽ 100 ശതമാനം നികുതി പിരിവ് കൈവരിച്ചിട്ടുള്ളതാണ്. 2012-13-ൽ 1333971/- രൂപ നികുതി വരുമാനം ഉണ്ടായിരുന്നത് ക്രമാനുഗതമായി വർദ്ധിച്ച് 2018-19-ൽ 2433799/- രൂപ ആയിട്ടുണ്ട്. ഇ.എം.എസ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട വായ്പ തുക തിരിച്ചടയ്ക്കാനുണ്ടായിരുന്നത് ആയത് 2016-17 വർഷം തിരിച്ചടവ് വരുത്തിയിട്ടുണ്ട്.<br>**<u>19.കുമ്മിൾ ഗ്രാമപഞ്ചായത്ത്</u>**<br>കുമ്മിൾ ഗ്രാമപഞ്ചായത്ത് എടുത്തിട്ടുള്ള എല്ലാ വായപ് തുകകൾ കൃത്യമായി തിരിച്ചടവാക്കിയിട്ടുണ്ട്. പഞ്ചായത്തിന് ലഭിക്കുവാനുള്ള എല്ലാ നികുതികളും ഫീസുകളും കുടിശ്ശിക വരുത്താതെ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് അതീവ ശ്രദ്ധ പുലർത്തുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം പഞ്ചായത്ത് 100% നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നും, ട്യൂട്ടോറിയൽ കോളേജ്, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയിട്ടുണ്ട്. തുടർ വർഷങ്ങളിലും പഞ്ചായത്തിന് നിയമപരമായി ലഭിക്കുവാനുള്ള മുഴുവൻ നികുതികളും ഫീസുകളും 100% പിരിച്ചെടുക്കുന്നതാണ്. |

**20.കൊറ്റങ്കര ഗ്രാമപഞ്ചായത്ത്**

കൊറ്റങ്കര ഗ്രാമപഞ്ചായത്തിന് ലോൺ ബാധ്യതകൾ ഒന്നുംതന്നെ നിലവിലില്ല എന്നും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടുള്ളതും ആയത് ഈടാക്കുന്നതിന് കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുകയും ക്യാമ്പ് കളക്ഷൻ നടത്തുകയും ചെയ്തിട്ടുള്ളതാണ്. തുടർന്നും നികുതി അടയ്ക്കാത്തവരിൽനിന്നും നികുതി ഈടാക്കുന്നതിനായി പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. തൊഴിൽ നികുതി യഥാസമയം ഡിമാന്റ് നോട്ടീസ് നൽകി ഈടാക്കുന്നുണ്ടെന്നും വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഫീസ് ഈടാക്കി വരുന്നുണ്ടെന്നുള്ള വിവരവും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

**21.നെടുവത്തൂർ ഗ്രാമപഞ്ചായത്ത്**

നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ 2015–16 വരെയുണ്ടായിരുന്ന എല്ലാ ലോണുകളും തിരികെ ഒടുക്ക് വരുത്തിയിട്ടുള്ളതും 2018–19 ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഹഡ്കോയിൽ നിന്നു 84,46,715/– രൂപ ലോൺ എടുത്തിട്ടുള്ളതും ആയതിന്റെ തിരിച്ചടവിനായി പ്ലാൻ ഫണ്ടിൽ നിന്നും 56,12,775/– രൂപയും പ്ലാൻ എസ്.സി ഫണ്ടിൽ നിന്നും 20,000.00/– രൂപയും വകയിരുത്തിയിട്ടുള്ളതാകുന്നു.

**22.പത്തനാപുരം ഗ്രാമപഞ്ചായത്ത്**

2010–11 മുതൽ 2017–18 വരെയുള്ള കാലയളവിൽ പത്തനാപുരം ഗ്രാമപഞ്ചായത്തിൽ വായ്പാ ഇനത്തിൽ ഇ.എം.എസ് ഭവനപദ്ധതിയ്ക്കായി പത്തനാപുരം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 1,30,75,100/–

| | | | | |
|---|---|---|---|---|
| | | | | രൂപയാണ് എടുത്തിരുന്നത്. അടവാക്കേണ്ട മുതൽ തുക 19.12.2016-ന് അടച്ചു തീർത്തിട്ടുള്ളതുമാണ്. പത്തനാപുരം ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ ഫീസുകളും നികുതികളും ചോർച്ച കൂടാതെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും, നികുതി-നികുതിയേതര വരുമാനത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് നല്ല പുരോഗതി കൈവരിച്ചിട്ടുമുണ്ട്. 2017-18 വർഷത്തിൽ 86% നികുതി പിരിവ് കൈവരിച്ചിട്ടുള്ളതും, 2018-19 വർഷത്തിൽ 100% നികുതിയും പിരി ച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.<br><br>**23.മൈലം ഗ്രാമപഞ്ചായത്ത്**<br><br>മൈലം ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവന പദ്ധതി നടത്തിപ്പിനായി താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 91,00,000/- രൂപ ലോൺ എടുത്തിട്ടുള്ളതും ടി തുക പൂർണ്ണമായും 2016-17-ൽ തിരിച്ചടവാക്കിയിട്ടുള്ളതുമാണ്. ടി കാലയളവിൽ മറ്റ് ലോൺ ബാധ്യതകൾ ഒന്നും തന്നെയില്ലെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.<br>മൈലം ഗ്രാമപഞ്ചായത്തിൽ 2010-11 വർഷം നികുതി കുടിശ്ശിക ഒന്നും തന്നെയില്ല. 2012-13 മുതൽ 2018-19 വരെ വർഷങ്ങളിലെ പിരിച്ചെടുക്കാൻ ബാക്കിയുള്ള കുടിശ്ശികയടക്കം 2019-20-ൽ പിരിച്ചെടുക്കാനുള്ള കുടിശ്ശിക ഡിമാന്റായ 495083/- രൂപയിൽ 30.08.2019 വരെ 118195/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബാക്കിയുള്ള കുടിശ്ശികയായ 376888/- രൂപ ഈടാക്കുന്നതിന് ആർ ആർ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുണ്ട്. 2019-20 വർഷം 100 ശതമാനം നികുതി പിരിവ് കൈവരിക്കും എന്ന വിവരവും റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. |

| | | | | |
|---|---|---|---|---|
| | | | | **24.വിളക്കുടി ഗ്രാമപഞ്ചായത്ത്**<br>വിളക്കുടി ഗ്രാമപഞ്ചായത്തിന് നിലവിൽ ഒരു സ്ഥാപനത്തിലും വായ്പാ കുടിശ്ശികയില്ല. ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി സ്വീകരിച്ച ലോൺ തുക പൂർണ്ണമായും ഒടുക്ക് വരുത്തിയിട്ടുണ്ട്. ചെലവുകൾ ചെയ്യുന്നതും വരുമാനത്തിന് അനുസൃതമായി നിയന്ത്രിതമായിട്ടാണ് എന്ന് ബോധിപ്പിക്കുന്നു.<br>പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം ഉറപ്പാക്കുന്നതിൽ പഞ്ചായത്ത് ഇപ്പോൾ പ്രത്യേകം ശ്രദ്ധ പുലർത്തി വരുന്നുണ്ട്. 2016-17 കാലയളവ് വരെ ശരാശരി 30 ശതമാനം ആയിരുന്ന നികുതി പിരിവ് 2017-18-ൽ 70 ശതമാനത്തിലേക്കും 2018-19-ൽ 85 ശതമാനത്തിലേക്കും ഉയർത്തിയിട്ടുണ്ട്. 2019-20 വർഷത്തിൽ നികുതി പിരിവ് 100 ശതമാനം എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ ലൈസൻസ് ഫീസ്, കെട്ടിട വാടക, തൊഴിൽ നികുതി, ലേല തുകകൾ എന്നിവ യഥാസമയം പിരിച്ചെടുത്ത് വരുന്നുണ്ട്. ഒരു ഗ്രാമപ്രദേശമെന്ന നിലയിൽ ഈടാക്കുവാനുള്ള ഭേദപ്പെട്ട നികുതി തുകകളാണ് നിലവിൽ ഈടാക്കി വരുന്നത്.<br><br>**25.ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്**<br><br>ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവന പദ്ധതി നടത്തിപ്പിനായി ഉമ്മന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 88,00,000/-രൂപ ലോൺ എടുത്തിട്ടുള്ളതും ടി തുക പൂർണ്ണമായും 2014-15-ൽ തിരിച്ചടവാക്കിയിട്ടുള്ളതുമാണ്. ടി കാലയളവിൽ മറ്റ് ലോൺ ബാധ്യതകൾ ഒന്നും തന്നെയില്ലെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. കൂടാതെ മുൻകാലങ്ങളിലെ നികുതി കുടിശ്ശികകൾ മുഴുവനും 2018-19-ൽ പിരിച്ചെടുത്ത് 100% നികുതി പിരിവ് കൈവരിച്ചിട്ടുള്ളതും |

| | | | | |
|---|---|---|---|---|
| | | | | അച്ചടക്കമുള്ള സാമ്പത്തിക നിയന്ത്രണവും വരുമാന വർദ്ധനവും ഉറപ്പാക്കി വരുന്നു.<br><br>**<u>26.ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്</u>**<br><br>ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ ഇ.എം.എസ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ബാങ്ക് ലോൺ എടുത്തിരുന്നത് പൂർണ്ണമായും ഒടുക്ക് വരുത്തിയിട്ടുള്ളതാണ്. സമാഹൃത ആഡിറ്റ് പരാമർശ പ്രകാരം ടി കാലയളവിൽ ബാങ്കിൽ ഒടുക്ക് വരുത്താനായി യാതൊരു തുകയും നിലനിൽക്കുന്നില്ലായെന്ന വിവരം അറിയിച്ചു കൊള്ളുന്നു.<br><br>**<u>27.പുയപ്പള്ളി ഗ്രാമപഞ്ചായത്ത്</u>**<br>സംസ്ഥാനസർക്കാർ ആവിഷ്ക്കരിച്ച ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതിക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പയും ആയിരുന്നു വിനിയോഗിച്ചത്. പഞ്ചായത്തുകൾ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുക്കുന്ന വായ്പ തുക 10 തുല്യ ഗഡുക്കളായി 10 വർഷത്തിനകം അടച്ച് തീർക്കുന്നതിനും ആയതിന്റെ പലിശ സർക്കാർ നേരിട്ട് നൽകുന്ന രീതിയിലുമാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിരുന്നത്. ആയതനുസരിച്ച് ബഹു.സംസ്ഥാന സർക്കാരിന്റെ 04/03/2010 ലെ 726/2010 നമ്പർ അനുമതി പ്രകാരം പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് **10220000/-രൂപ** 30.03.2010 തീയതി ഈ പദ്ധതിയ്ക്കായി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായപയെടുക്കുകയും പഞ്ചായത്തിലെ പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുകന്നതിനായി വിനിയോഗിക്കുകയും ചെയ്തു. ടി പദ്ധതിയ്ക്കായി വായ്പയെടുത്ത മുഴുവൻ തുകയും നിശ്ചിത കാലാവധിക്കകം |

| | | | | |
|---|---|---|---|---|
| | | | | വിവിധ ഗഡുക്കളായി തിരിച്ചടക്കുകയും 06.01.201 ൽ തിരിച്ചടവ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ടി വായ്പ തിരിച്ചടവിൽ പഞ്ചായത്ത് യാതൊരു വിധ മുടക്കവും വരുത്തിയിട്ടില്ലാത്തതിനാലും നിശ്ചിത സമയപരിധിക്കകം തന്നെ വായ്പ തിരിച്ചടച്ചിട്ടുള്ളതിനാലും പഞ്ചായത്തിന് യാതൊരു ബാദ്ധ്യതയും ഈ ഇനത്തിൽ ഉണ്ടായിട്ടില്ലാത്തതുമാണ്. ടി പദ്ധതിയുടെ പലിശ സർക്കാർ നേരിട്ട് നൽകുന്നതിനാൽ പലിശ സംബന്ധിച്ചും പഞ്ചായത്തിന് യാതൊരു വിധ ബാദ്ധ്യതയും ഇല്ലാത്തതുമാണ്. പഞ്ചായത്തിന് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും പിരിച്ചെടുത്തിട്ടുമുണ്ട്. ഇ.എം.എസ് ഭവന പദ്ധതി നടപ്പാക്കുക വഴി പഞ്ചായത്തിന് ഉണ്ടായ ഋണ ബാദ്ധ്യത പഞ്ചായത്തിന്റെ സാമ്പത്തിക സുസ്ഥിരതയെ ബാധിച്ചിട്ടില്ലാത്തതുമാണ്. ആയത് പരിഗണിച്ച് പരാമർശത്തിൽ നിന്നും ഒഴിവാക്കി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.<br><br>**<u>28.വെളിയം ഗ്രാമപഞ്ചായത്ത്</u>**<br>വെളിയം ഗ്രാമപഞ്ചായത്തിൽ ഇ. എം. എസ് ലോൺ ഇനത്തിൽ ഉണ്ടായിരുന്ന 3788400/- രൂപ യുടെ കുടിശ്ശിക ഈ വർഷം കൊണ്ട് അടവ് പൂർത്തീകരിച്ചിട്ടുള്ളതാണ്. കൂടാതെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാ ണ ത്തിനു വേണ്ടി KURDFC ലോൺ 17454196 രൂപ 2018-19 ൽ അനുവദിച്ച് ഉത്തരവായിട്ടുള്ളതും അതിൽ 5119204/ രൂപ ലഭിച്ചിട്ടുള്ളതുമാണ്. ആയത് തവണ തുകയും പലിശയും കൃത്യമായി അടവ് വരുത്തുന്നുണ്ട്.<br>പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ലഭിക്കേണ്ട നികുതി കളും ഫീസുകളും കൃത്യമായി ഈടാക്കി വരുന്നുണ്ട്. നൂറ് ശതമാനം നികുതി പിരിവ് നടത്തി വരുന്ന പഞ്ചായത്താണ്. |

| | | | | |
|---|---|---|---|---|
| | | | | ജനോപകാരപ്രദമായി പദ്ധതി നടപ്പിലാക്കുന്നതിലും പഞ്ചായത്ത് മുന്നിൽ നിൽക്കുന്നുണ്ട്. തുടർന്നും ഇക്കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണ്.<br><br>**<u>29.പേരയം ഗ്രാമപഞ്ചായത്ത്</u>**<br><br>പേരയം ഗ്രാമപഞ്ചായത്തിൽ 2010-11 കാലഘട്ടത്തിൽ ഇ. എം. എസ് ഭവന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് പേരയം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 7000000/- രൂപ വായ്പ എടുത്തിരുന്നു. എന്നാൽ ടി വായ്പ എല്ലാ വർഷവും പ്രോജക്ടിൽ ഉൾപ്പെടുത്തി തിരികെ ഒടുക്ക് വരുത്തിയിട്ടുള്ളതാണ്.<br>പേരയം ഗ്രാമപഞ്ചായത്ത് 14 വാർഡ് ഉൾപ്പെടുന്ന ഗ്രാമപ്രദേശമാണ്. പഞ്ചായത്തിന്റെ തനത് വരുമാനം വളരെ കുറവാണ്. 2018-19 സാമ്പത്തിക വർഷം നികുതി നികുതിയേതര ഇനത്തിൽ 3969375/- രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 100% നികുതി പിരിവ് ലക്ഷ്യമാക്കി കൊണ്ടുള്ള ശ്രമങ്ങൾ നടന്നു വരുകയാണ്. ആയതിനാൽ ടി പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.<br>**<u>30.തൊടിയൂർ ഗ്രാമപഞ്ചായത്ത്</u>**<br>ഇ എംഎസ് ഭവന പദ്ധതി വായ്പയായി 2 കോടി 20 ലക്ഷംരൂപയ്ക്കുള്ള സർക്കാർ അനുമതി ലഭിക്കുകയും ആ ഇനത്തിൽ 1,39,91,400/- രൂപ ലോണായി ലഭ്യമാകുകയും ടി തുക 31/03/2011 മുതൽ ഗഡുക്കളായി തിരിച്ച് അടവാക്കുകയും ലോൺ തുകമുഴുവനും 2018-19 സാമ്പത്തിക വർഷംഅടച്ചുതീർത്തിട്ടുള്ളതുമാണ്. തൊടിയൂർ ഗ്രാമപഞ്ചായത്തിന് വായ്പ എടുത്ത ഇനത്തിലുള്ള ഋണബാദ്ധ്യത മേൽ പറഞ്ഞ തുക മാത്രമായിരുന്നു ടി മുഴുവൻ തുകയും |

| | | | | |
|---|---|---|---|---|
| | | | | തിരിച്ചടവാക്കിയ നിലയ്ക്ക് നിലവിൽ യാതൊരു വിധ ഋണ ബാധ്യതയും നിലവിലില്ല. തൊടിയൂർ ഗ്രാമപഞ്ചായത്തിൽ 14 കൊല്ലങ്ങളായി ഉണ്ടായിരുന്ന നികുതി കുടിശ്ശികയും മറ്റ് ഫീസ് ഇനങ്ങളിൽ ഉണ്ടായിരുന്ന കുടിശ്ശികയും 2017–18 സാമ്പത്തിക വർഷം ഈടാക്കിടി സാമ്പത്തിക വർഷം 100 ശതമാനം നികുതി പിരിവ് നേട്ടം കൈവരിക്കുകയുംതുടർന്ന്2018–19 വർഷവും 100 ശതമാനം നികുതിയും മറ്റ് ഇതര ഫീസുകളും പിരിച്ച് എടുത്തിട്ടുണ്ട്. മേൽ പ്രകാരം വളരെ കൃത്യമായ സാമ്പത്തിക അച്ചടക്കം പുലർത്തി സാമ്പത്തിക ഭദ്രത കൈവരിക്കാനും അപ്രകാരം ഋണബാദ്ധ്യത തീർത്തും ഇല്ലാതാക്കി ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി നടപടിസ്വീകരിച്ചുവരുന്നു.<br><br>**31.ഏരൂർ ഗ്രാമപഞ്ചായത്ത്**<br><br>ഏരൂർ ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവന പദ്ധതിയുടെ ഭാഗമായി ഏരൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ഭവന വായ്പ എടുത്തിരുന്നു. ടി ഇനത്തിലുള്ള മുഴുവൻ മുതലും അടച്ചുതീർത്തിട്ടുണ്ട് മറ്റ് വായ്പകളൊന്നും പഞ്ചായത്ത് എടുത്തിട്ടില്ല. നിലവിൽ വായ്പായിനത്തിൽ ബാദ്ധ്യത്കളില്ല. സർക്കാർ നിർദ്ദേശാനുസരണമുള്ള നികുതികളും ഫീസുകളും ഈടാക്കിവരുന്നുണ്ട് തൊഴിൽ നികുതി, കെട്ടിട നികുതി ലേലം/വാടക, എഫ് റ്റി ഇ & ഒ എസ്.(പഴയ ഡി & ഒ ലൈസൻസ് ) ഫീസുകൾ 2018–19 വർഷം 100% പിരിച്ചെടുത്തിട്ടുണ്ട്<br><br>**32.പെരിനാട് ഗ്രാമപഞ്ചായത്ത്**<br><br>പെരിനാട് ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ ഹഡ്കോയുടെ ലോൺ മാത്രമാണു |

പഞ്ചായത്തിനു ബാദ്ധ്യതയായിട്ടുള്ളത്. 2018-2019 സാമ്പത്തികവർഷം പഞ്ചായത്തിന്റെ തനത് വരുമാന മാർഗങ്ങളായ കെട്ടിട നികുതി, ലൈസൻസ് ഫീസ്, പ്രൊവിഷ്ണൽ ടാക്സ്, വാടക എന്നിവ കൃത്യമായി പിരിച്ചെടുത്തിട്ടുണ്ട്.

**33.ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്**

ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിൽ 2010-11 വർഷത്തിൽ ഋണബാധ്യതകൾ വർദ്ധിച്ചു വരുന്നതിന്റെ കാരണം സമ്പൂർണ്ണ ഭവന നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച ഇ.എം.എസ് ഭവന പദ്ധതി നടപ്പിലാക്കിയതിനാലാണ് സംസ്ഥാനത്തെ പാവപ്പെട്ട ജനവിഭാഗത്തിന് വീടും സ്ഥലവും സ്വന്തമായി ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്ത പ്രസ്തുത പദ്ധതിക്ക് ശൂരനാട് ഗ്രാമോദ്ധാരണ സഹകരണ സംഘത്തിൽ നിന്നും 9952815/- രൂപ വായ്പയെടുത്തിരുന്നു. ടി തുക പദ്ധതി വിഹിതത്തിൽ നിന്നും ഗഡുക്കളായി തിരികെ അടച്ച് വായ്പത്തുക പൂർണ്ണമായും അടവാക്കിയിട്ടുണ്ട്. കുടിശ്ശിക വരുത്താതെ വായ്പത്തുക തിരിച്ചടച്ച് തീർത്തതിനാൽ ഈ വായ്പ മൂലം ഗ്രാമപഞ്ചായത്തിന് യാതൊരുവിധ ബാദ്ധ്യതകളും ഉണ്ടായിട്ടില്ലാത്തതാണ്. ആകയാൽ ടി പദ്ധതി നടപ്പിലാക്കിയത് മൂലം ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന് ഋണബാധ്യതകൾ വർദ്ധിച്ചിട്ടില്ലാത്തതാണ്.

2010-11 സാമ്പത്തിക വർഷം വസ്തു നികുതി, തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശിക ഉൾപ്പെടെ 1346292/- രൂപ ഡിമാന്റ് ഉണ്ടായിരുന്നതും ആയത് പൂർണ്ണമായി ടി വർഷം തന്നെ പിരിച്ചെടുത്ത് 100% നികുതി പിരിവ് കരസ്ഥമാക്കിയിട്ടുമുണ്ട്. നികുതിയേതര വരുമാനങ്ങളായ ഡി & ഒ ലൈസൻസ് ഫീസ്, ലേലം/വാടക തുടങ്ങിയവ യഥാസമയം പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത്

| | | | | |
|---|---|---|---|---|
| | | | | കാര്യക്ഷമമായി പ്രവർത്തിച്ചിട്ടുണ്ട്.<br><br>**<u>34.പിറവന്തൂർ ഗ്രാമപഞ്ചായത്ത്</u>**<br><br>ബഹു സർക്കാരിന്റെ 03/05/2010 ലെ 1490/10-ാം നമ്പർ ഉത്തരവ് പ്രകാരം ഇ എം എസ് ഭവന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ 2010/2011 കാലയളവിൽ പിറവന്തൂർ സർവ്വീസ് സഹകരണ ബാങ്ക്, പുന്നല സർവ്വീസ് സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കിയിരുന്നു. ഇതിൽ പുന്നല സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്ത 1 കോടി രൂപ പൂർണ്ണമായും തിരികെ അടവു വരുത്തിയിട്ടുണ്ട്. പിറവന്തൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്ത 1,47,84,500/- രൂപ യിൽ 1,40,010,85/- രൂപ ഒടുക്കു വരുത്തിയിട്ടുണ്ട്. വായ്പയിനത്തിൽ തിരികെ ഒടുക്കു വരുത്തുവാനുള്ള 7,83,415/- രൂപക്ക് 2019/20 വാർഷിക പദ്ധതിയിൽ പ്രോജക്ട് നമ്പർ 24/20 പ്രകാരം തുക വകയിരുത്തിയിട്ടുള്ളതും വായ്പ പൂർണ്ണമായും തിരികെ അടവാക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്യുന്നു.<br><br>പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ 2018/2019 സാമ്പത്തിക വർഷം വസ്തു നികുതി കുടിശ്ശികയിനത്തിൽ ലഭ്യമാകാനുണ്ടായിരുന്ന 1982341 രൂപയിൽ 1400916/- രൂപ നികുതിയിനത്തിൽ ഈടാക്കി, വസ്തു നികുതി തൻവർഷം ലഭിക്കുവാനുള്ള 4658194/- രൂപ യിൽ 4254763 രൂപയും ഈടാക്കിയിട്ടുള്ളതും നികുതി കുടിശ്ശികയിനത്തിൽ ലഭ്യമാകാനുള്ള 984856 രൂപ ഈടാക്കുന്നതിന് റെവന്യൂറിക്കവറി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ച വിവരം റിപ്പോർട്ട് ചെയ്യുന്നു.<br><br>**<u>35.പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്</u>**<br><br>പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് 2010/11 വർഷം ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ |

| | | | | |
|---|---|---|---|---|
| | | | | അനുമതിയോടെ പവിത്രേശ്വരം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 21690000 രൂപ വായ്പയെടുത്തിരുന്നു. ഈ തുക ഉപയോഗിച്ച് സമ്പൂർണ്ണ ഭവനപദ്ധതി നടപ്പിലാക്കുകയും വായ്പ എടുത്ത തുക 22.08.2014-ൽ പൂർണ്ണമായും തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇപ്പോൾ ഗ്രാമപഞ്ചായത്തിന് വായ്പ ബാദ്ധ്യതകൾ ഒന്നുംതന്നെ നിലവിലില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും പിരിച്ചെടുക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ യഥാസമയം ഗ്രാമപഞ്ചായത്ത് സ്വീകരിച്ചുവരുന്നുണ്ട്. തനതുവരുമാനത്തിൽ നിന്നും ജനോപകാരപ്രദമായ പദ്ധതികൾ കുടിവെള്ളത്തിനും അടിസ്ഥാനസൗകര്യത്തിനും ആവശ്യമായ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഏറ്റെടുക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.<br><br>**<u>36.കരീപ്ര ഗ്രാമപഞ്ചായത്ത്</u>**<br><br>കരീപ്ര ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി യാതൊരുവിധത്തിലുള്ള വായ്പയും സ്വീകരിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ വായ്പാതുക ഇനത്തിൽ ഗ്രാമപഞ്ചായത്തിന് യാതൊരുവിധമായ ബാദ്ധ്യതകളും നാളിതുവരെ ഇല്ലാത്തതുമാണ്. കരീപ്ര ഗ്രാമപഞ്ചായത്തിന് നിയമപരമായി ലഭിക്കേണ്ട നികുതികളും ഫീസുകളും പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്<br><br>**<u>37.ചിറക്കര ഗ്രാമപഞ്ചായത്ത്</u>**<br><br>ചിറക്കര ഗ്രാമപഞ്ചായത്തിൽ 2010-11 വർഷത്തിൽ ഇ.എം.എസ് ഭവനനിർമ്മാണ വായ്പയായി 13397850/- രൂപ എടുത്തിട്ടുണ്ട്. 2010-11 മുതൽ |

| | | | | |
|---|---|---|---|---|
| | | | | 2018-19 വരെ ഘട്ടംഘട്ടമായി ടി തുക അടച്ചുതീർത്തിട്ടുള്ളതും ടി ബാദ്ധ്യത ഒഴിവാക്കിയിട്ടുള്ളതുമാണ്.<br><br>ചിറക്കര ഗ്രാമപഞ്ചായത്തിൽ നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും പിരിച്ചെടുക്കുന്നതിന് എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം 69%വും തൻവർഷം നാളിതുവരെ 71% നികുതിപിരിവ് കൈവരിച്ചിട്ടുള്ളതും 100% നികുതി പിരിവിനായി ശ്രമങ്ങൾ നടത്തിവരുന്നതുമാണ്. വരുമാന വർദ്ധനവിനായി തൊഴിൽനികുതി, കെട്ടിടനികുതി, ലേലം / വാടക, ഡി& ഒ ലൈസൻസ് എന്നിവ ചോർച്ച കൂടാതെ പിരിച്ചെടുക്കുന്നതിനും ഋണബാദ്ധ്യതകൾ വരാതെ സൂക്ഷിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.<br><br>**<u>38.കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത്</u>**<br><br>2010-11 സാമ്പത്തിക വർഷം ഇ.എം.എസ് ഭവനപദ്ധതി പ്രകാരം 10765000/- രൂപ വായ്പ എടുത്തിട്ടുള്ളതും ആയത് തിരിച്ചടവ് വരുത്തിയിട്ടുള്ളതും നിലവിൽ ഋണബാദ്ധ്യതകൾ ഇല്ലാത്തതും നിയമപരമായി ലഭിക്കേണ്ട എല്ലാ നികുതികളും ഫീസുകളും യഥാസമയം പിരിച്ചെടുക്കുന്നതിനും ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനും ആവശ്യമായ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആയതിനാൽ നിലവില ഋണബാദ്ധ്യതകൾ അവശേഷിക്കുന്നില്ലാത്തതിനാൽ ടി ആഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | **<u>39.മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്</u>**<br><br>മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ നികുതി/നികുതിയേതര വരുമാനങ്ങൾ കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനും അവ കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.2017-2018,2018-2019 വർഷങ്ങളിൽ കെട്ടിടനികുതി,തൊഴിൽ നികുതി എന്നിവ 100% പിരിച്ചെടുക്കുക എന്നനേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ലൈസൻസ്ഫീ, മാർക്കറ്റ് ഫീ, മറ്റ് വരുമാന സ്രോതസ്സുകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. വിവേകപൂർവ്വമായ ചെലവ് ചെയ്യൽ ഉറപ്പാക്കൽ ഓരോ വർഷങ്ങളിലേയും ബജറ്റ് തയ്യാറാക്കലിൽ കൃത്യമായ ആസൂത്രണത്തോടെ ജനോപകാരപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്യാൻ സാധിക്കുന്നുണ്ട്. 2018-19 വർഷത്തിൽ ലൈഫ് പദ്ധതിക്ക് വായ്പ എടുത്തിട്ടുള്ളതല്ലാതെ ലോൺ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഋണ ബാദ്ധ്യതകളൊന്നുമില്ലായെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.<br><br>**<u>40.ഇളമാട് ഗ്രാമപഞ്ചായത്ത്</u>**<br><br>ഇളമാട് ഗ്രാമപഞ്ചായത്തിൽ വായ്പാ ഇനത്തിൽ തിരിച്ചടയ്ക്കാനുള്ള മുഴുവൻ തുകയും അടച്ചുതീർത്തിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. വസ്തു നികുതി, തൊഴിൽ നികുതി, ലേലം/വാടക, ലൈസൻസ് ഫീ ഇനങ്ങളിൽ ലഭിയ്ക്കാനുള്ള എല്ലാ തുകയും കുടിശ്ശിക സഹിതം പിരിച്ചെടുത്തിട്ടുണ്ട്. 2018-19 |

| | | | | |
|---|---|---|---|---|
| | | | | സാമ്പത്തിക വർഷത്തിൽ 100 ശതമാനം നികുതി പിരിവ് കൈവരിക്കുകയും ചെയ്തിട്ടുണ്ട്. കൃത്യമായി നികുതികൾ ചുമത്തുന്നതിനും അവ പിരിച്ചെടുക്കുന്നതിനും ഉദ്യോഗസ്ഥർ ശ്രദ്ധിച്ചു വരുന്നു. വരുമാന നഷ്ടമുണ്ടാകാതിരിക്കുന്നതിനും വരുമാന വർദ്ധനവിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിച്ചു വരുന്നു.<br><br>**<u>41.മേലില ഗ്രാമപഞ്ചായത്ത്</u>**<br><br>1. മേലില ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഭവനനിർമ്മാണം നടത്തുന്നതിനായി 80285/ഡിബി1/13/തസ്വഭവ തീയതി 16.10.2014 കത്തുപ്രകാരം 2013-14 സാമ്പത്തികവർഷത്തിൽ മേലില സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 3472384/- രൂപ വായ്പ എടുത്തിട്ടുണ്ട്. ആയത് പദ്ധതി പൂർത്തീകരിച്ചു നാളിതുവരെ 2232384 രൂപ തിരിച്ചടച്ചിട്ടുണ്ട്. തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുകയ്ക്ക് 2019-20 സാമ്പത്തിക വർഷത്തേക്ക് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.<br>2. ഇ.എം.എസ് ഭവനനിർമ്മാണം പദ്ധതിക്കായി 2010-11 സാമ്പത്തിക വർഷം മേലില സർവ്വീസ് സഹകരണബാങ്കിൽ നിന്നും 6980000 രൂപ വായ്പ എടുത്തിട്ടുണ്ട്. ആയതിൽ 165000 രൂപ കഴിച്ചുള്ള മുഴുവൻ തുകയും തിരികെ അടച്ചിട്ടുണ്ട്.<br>3. 2018-19 സാമ്പത്തിക വർഷം ലൈഫ് ഭവനപദ്ധതിക്കായി ഹഡ്കോയിൽ നിന്നും 4175065 രൂപ വായ്പ എടുത്തിട്ടുണ്ട്. ആയത് |

| | | | | |
|---|---|---|---|---|
| | | | | ഗുണഭോക്താകളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മേൽവിവരിച്ചവയല്ലാതെ മറ്റു ലോണുകളോ ബാദ്ധ്യതകളോ പഞ്ചായത്തിന് നിലവിലില്ലാത്തതാണ്. പഞ്ചായത്തിന്റെ തനതുവരുമാനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന് കിട്ടാനുളള നികുതികളും ഫീസുകളും മുഴുവൻ പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. എല്ലാ വ്യാപാര സ്ഥാപനങ്ങളെക്കൊണ്ടും ലൈസൻസ് എടുപ്പിച്ചു. തൻവർഷം നാളിതുവരെ 90% നികുതി പിരിച്ചെടുത്തിട്ടുണ്ട്. മാർച്ച് 31-നകം 100% നികുതി പിരിവ് എന്ന ലക്ഷ്യം കൈവരിക്കുന്നതാണ്. കൂടാതെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുളള ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടകകളും മറ്റു യൂസർഫീസുകളും പിരിച്ചെടുക്കുന്നതിനുളള കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**<u>42.ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്</u>**<br><br>ഇ.എം.എസ് വായ്പ തിരിച്ചടവിൽ പഞ്ചായത്ത് യാതൊരു വിധ മുടക്കവും വരുത്തിയിട്ടില്ലാത്തതിനാലും നിശ്ചിത സമയപരിധിക്കകം തന്നെ വായ്പ തിരിച്ചടച്ചിട്ടുളളതിനാലും പഞ്ചായത്തിന് യാതൊരു ബാദ്ധ്യതയും ഈ ഇനത്തിൽ ഉണ്ടായിട്ടില്ലാത്തതുമാണ്. ടി പദ്ധതിയുടെ പലിശ സർക്കാർ നേരിട്ട് നൽകുന്നതിനാൽ പലിശ സംബന്ധിച്ചും പഞ്ചായത്തിന് യാതൊരു വിധ ബാദ്ധ്യതയും ഇല്ലാത്തതുമാണ്. ഇ.എം.എസ് |

| | | | | |
|---|---|---|---|---|
| | | | | ഭവന പദ്ധതി നടപ്പാക്കുക വഴി പഞ്ചായത്തിന് ഉണ്ടായ ഋണ ബാദ്ധ്യത പഞ്ചായത്തിന്റെ സാമ്പത്തിക സുസ്ഥിരതയെ ബാധിച്ചിട്ടില്ലാത്തതുമാണ്.<br><br>പഞ്ചായത്തിന് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും പിരിച്ചെടുത്തിട്ടുണ്ട്. 100% നികുതി പിരിവ് നേട്ടം കൈവരിക്കുന്ന പഞ്ചായത്ത് ആയതിനാൽ തനത് ഫണ്ട് വരുമാനത്തിലും പഞ്ചായത്തിന് ഋണബാദ്ധ്യതകൾ ഒന്നും തന്നെ ഇല്ലാത്തതാണ്.<br><br>**<u>43.തഴവ ഗ്രാമപഞ്ചായത്ത്</u>**<br><br>തഴവ ഗ്രാമപഞ്ചായത്തിൽ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് പ്രകാരം വായ്പ എടുത്തതിൽ നിലവിൽ ബാധ്യതകൾ ഒന്നും നിലനിൽക്കുന്നില്ല ഭവനപദ്ധതിയുടെ ഭാഗമായി എടുത്ത ബാങ്ക് വായ്പയും പഞ്ചായത്ത് സമയ പരിധിക്ക് മുൻപ് തന്നെ അടച്ച് തീർത്തിട്ടുണ്ട്. നിലവില്ഡ ഋണ ബാധ്യതകൾ ഒന്നും നിലനിൽക്കുന്നില്ല. കൂടതെ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ എല്ലാംതന്നെ നികുതികളും ഫീസുകളും നൂറ് ശതമാനവും പിരിച്ചെടുക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. എല്ലാ വർഷങ്ങളിലും നികുതി ഇനത്തിലും വിവിധ ഫീസ് ഇനത്തിലും 15 ശതമാനത്തിലധികം വരുമാന വർദ്ധനവ് നേടാനും കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിന് വരും വർഷങ്ങളിലും വരുമാനം നേടാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. |

| | | | | |
|---|---|---|---|---|
| | | | | **44.വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്**<br><br>ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള കാലയളവിൽ വെളിനല്ലൂർ ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവന പദ്ധതിയുടെ നടത്തിപ്പിനായി വെളിനല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 14019500 രൂപ ലോൺ എടുത്തിട്ടുള്ളതും ടി തുക പൂർണ്ണമായും 16.10.2018 വർഷത്തിൽ തിരിച്ചടവാക്കിയിട്ടുള്ളതുമാണ്. ടി കാലയളവിൽ മറ്റ് ലോൺ ബാദ്ധ്യതകൾ ഒന്നും തന്നെ ഇല്ല.<br><br>വെളിനല്ലൂർ ഗ്രാമപഞ്ചായത്തിൽ നികുതി പിരിവ് ഊർജ്ജിതമായി നടപ്പാക്കിയിട്ടുണ്ട്. തനത് വരുമാന നികുതിയിനത്തിൽ ക്രമാനുഗതമായി വർഷം തോറും വർദ്ധനവ് ഉണ്ടാകുന്നുണ്ട്. കൂടാതെ ആസ്തികൾ സൃഷ്ടിച്ചതിലൂടെ (ഷോപ്പിംഗ് കോംപ്ലക്സ്) (മാർക്കറ്റ്) തനത് ഫണ്ടിൽ വർദ്ധനയുണ്ട്. കൂടാതെ പ്രദേശത്തിന്റെ വളർച്ചയ്ക്കനുസൃതമായി ലൈസൻസ് മറ്റ് ഫീസുകൾ എന്നിവയും വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം നിലവിലുള്ള എല്ലാ കുടിശ്ശികയും ഉൾപ്പെടെ നികുതി പിരിവ് 75% കൈവരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കുടിശ്ശികയിനത്തിൽ 2 ലക്ഷം രൂപ മാത്രമേ അവശേഷിക്കുന്നുള്ളൂ. അടുത്ത സാമ്പത്തിക വർഷം 100% നികുതി പിരിവ് കൈവരിക്കുന്നതാണ്.<br><br>**45.പട്ടാഴി ഗ്രാമപഞ്ചായത്ത്**<br><br>പട്ടാഴി ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് തിരിച്ചടക്കാനുണ്ടായിരുന്ന വായ്പ തുകയായ |

| | | | | |
|---|---|---|---|---|
| | | | | 1103157/- രൂപ 2018-19 സാമ്പത്തിക വർഷം തിരിച്ചടവ് നടത്തി ലോൺ തീർപ്പാക്കിയിട്ടുണ്ട്. നിലവിൽ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം 100 ശതമാനം നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.<br><br>**<u>46.ക്ലാപ്പന ഗ്രാമപഞ്ചായത്ത്</u>**<br><br>ക്ലാപ്പന ഗ്രാമപഞ്ചായത്തിൽ 2017/18 സാമ്പത്തിക വർഷം പ്രധാന തനതുവരുമാന സ്രോതസ്സായ വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് എന്നീ നികുതികൾ 100% പിരിച്ചെടുത്തിട്ടുണ്ട്. കൂടാതെ സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി വസ്തു നികുതിയിനത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തി ആയത് ഈടാക്കുകയും ചെയ്തിട്ടുണ്ട്. ടി തുക പൊതുജനങ്ങൾക്ക് ഉപകാരപ്രദമാം വിധം വിവിധ പദ്ധതികൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തിയിട്ടുള്ളതുമാണ്. നടപ്പുസാമ്പത്തിക വർഷവും നികുതി 100% പിരിവ് നടത്തുന്നതിന് ഊർജ്ജിതശ്രമങ്ങൾ നടന്നുവരുന്നു.<br><br>2010-11 സാമ്പത്തിക വർഷം ഇ.എം.എസ് ഭവനപദ്ധതി നിർവ്വഹണത്തിന് 885500/- രൂപ സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി ക്ലാപ്പന സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വായ്പ എടുത്തിരുന്നു. ആയത് ടി പദ്ധതിക്കായി വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്.<br><br>ടി പദ്ധതി പ്രകാരമുള്ള ലോൺ തുക 2016/17 സാമ്പത്തിക വർഷം പൂർണ്ണമായും തിരികെ അടവാക്കിയിട്ടുള്ളതാണ്. ആയതിനാൽ ക്ലാപ്പന ഗ്രാമപഞ്ചായത്തിൽ ബാങ്ക് ലോൺ സംബന്ധമായ |

| | | | | |
|---|---|---|---|---|
| | | | | കടബാദ്ധ്യതകൾ ഒന്നും തന്നെ നിലവിലില്ലായെന്ന വിവരം അറിയിച്ചുകൊള്ളുന്നു.<br><br>**<u>47.തലവൂർ ഗ്രാമപഞ്ചായത്ത്</u>**<br><br>തലവൂർ ഗ്രാമപഞ്ചായത്ത് 2010-11 സാമ്പത്തിക വർഷത്തിൽ 9055000/- രൂപ ഇ.എം.എസ് ഭവനപദ്ധതിക്ക് വേണ്ടി ജില്ലാ സഹകരണ ബാങ്കിന്റെ കുന്നിക്കോട് ശാഖയിൽ നിന്നും ലോൺ എടുത്തിട്ടുള്ളതാണ്. ഈ വായ്പ തുക മുഴുവൻ 2018-19 സാമ്പത്തിക വർഷത്തിൽ തിരികെ ഒടുക്കിയിട്ടുള്ളതാണ്. തലവൂർ ഗ്രാമപഞ്ചായത്തിൽ ഋണബാദ്ധ്യതകൾ ഒന്നും നിലവിൽ ഇല്ല<br><br>**<u>48.ചവറ ഗ്രാമപഞ്ചായത്ത്</u>**<br><br>ചവറ ഗ്രാമപഞ്ചായത്ത് ബഹു: കേരള ഗവൺമെന്റിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇ.എംഎസ് ഭവനപദ്ധതി ഗുണഭോക്താക്കൾക്ക് വീടുവയ്ക്കാൻ ധനസഹായം നൽകുന്നതിനായി പട്ടത്താനം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ജി.ഒ നമ്പർ 522/10/എൽഎസ്ജിഡി തീയതി 17.02.2010 പ്രകാരം 19492500/- രൂപ ലോൺ എടുത്തിരുന്നു. ആയത് മാത്രമാണ് ചവറ ഗ്രാമപഞ്ചായത്തിന് വായ്പ ഇനത്തിൽ ബാദ്ധ്യതയുണ്ടായിരുന്നതെന്നും ടി തുക 2015-16 വരെയുള്ള കാലയളവിലെ പദ്ധതിയിലുൾപ്പെടുത്തി അടച്ചു തീർത്തിട്ടുള്ളതാണ്. ബാങ്കിന് നൽകുവാനുള്ള പലിശയിനത്തിലുള്ള തുക സർക്കാർ നൽകിയിട്ടുള്ളതുമാണ്. ചവറ ഗ്രാമപഞ്ചായത്തിന് മറ്റ് കടബാധ്യതകളൊന്നും |

| | | | | |
|---|---|---|---|---|
| | | | | തന്നെയില്ല എന്നും റവന്യൂ വരുമാനത്തിൽ 100 പിരിവ് കൈവരിക്കുന്ന പഞ്ചായത്താണെന്നും റിപ്പോർട്ട് ചെയ്യുന്നു.<br><br>**<u>49.നെടുമ്പന ഗ്രാമപഞ്ചായത്ത്</u>**<br><br>നെടുമ്പന ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതിക്കായി 2010-11 വർഷത്തിൽ നെടുമ്പന സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്തിരുന്നു. 2017-18 വർഷം വായ്പ മുതൽ പൂർണ്ണമായും അടിച്ച് തീർത്തിട്ടുള്ളതാണ്. പഞ്ചായത്തിന് മറ്റ് ഋണബാദ്ധ്യതകൾ ഒന്നും തന്നെയില്ല എന്നുള്ളവിവരം ബോധിപ്പിച്ചുകൊള്ളുന്നു. 2012-13 സാമ്പത്തിക വർഷം വരെയും പഞ്ചായത്തിന് ലഭിക്കേണ്ട എല്ലാ നികുതികളും ഫീസുകളും 100% പിരിച്ചെടുത്തിട്ടുള്ളതാണ്. 2013-14 വർഷത്തിൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഉത്തരവ് പ്രകാരം നികുതി പരിഷ്കരണം നടത്തുക വഴി നികുതി വരുമാനത്തിൽ 50% ത്തോളം വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞു. നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയറിലെ സാങ്കേതികമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടതോടെ 2017-18-ൽ നികുതികളും ഫീസുകളും 100% പിരിച്ചെടുത്തിട്ടുള്ളതാണ്.<br><br>**<u>50.കുണ്ടറ ഗ്രാമപഞ്ചായത്ത്</u>**<br><br>കുണ്ടറ ഗ്രാമപഞ്ചായത്തിൽ മുക്കട മാർക്കറ്റിനുള്ളിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി 1990-95 കാലയളവിൽ ആർഡിബി വായ്പ എടുത്തിരുന്നതും വായ്പ |

| | | | | |
|---|---|---|---|---|
| | | | | തുക കുടിശ്ശിക ആയതിനെ തുടർന്ന് 2010-15 കാലയളവിൽ ഒറ്റത്തവണയുയി ഒടുക്കി ലോൺ തീർപ്പാക്കിയിട്ടുള്ളതമാണ്. നിലവിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഋണബാദ്ധ്യതകൾ ഒന്നും തന്നെയില്ലായെന്ന്ബോധിപ്പിച്ചുകൊള്ളുന്നു.<br><br>ഇ.എം.എസ് ഭവനനിർമ്മാണ വായ്പ കുടിശ്ശിക ഇനത്തിൽ ഇനി 380859/- രൂപ കുണ്ടറ സർവ്വീസ് സഹകരണബാങ്കിൽ ഒടുക്കുവാൻ ഉണ്ട്. 2019/20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടി തുക ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ലൈഫ് ഭവനപദ്ധതി പ്രകാരം ഹഡ്കോയിൽ നിന്നും വായ്പ ഇനത്തിൽ എടുത്ത് നടപി സ്വീകരിച്ചുവരുന്നു.<br><br>കുണ്ടറ ഗ്രാമപഞ്ചായത്തിന് നിയമപരമായി ലഭിക്കേണ്ട എല്ലാ നികുതികളും ഫീസുകളും 100%വും പിരിച്ചെടുക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുള്ളതും 2013-14 ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുള്ളതും 2013-14 സാമ്പത്തിക വർഷത്തിൽ 100% നികുതി പിരിച്ച് എടുത്തിട്ടുള്ളതുമാണ്. 2017-18 സാമ്പത്തിക വർഷത്തിൽ 96.4% നികുതി ശേഖരണം നടത്തിയിട്ടുള്ളതും വരുമാനവർദ്ധനവിലൂടെയും വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക വിനിയോഗിച്ചും സാമ്പത്തിക അച്ചടക്കംപാലിച്ചുവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 7171780/- രൂപ വകയിരുത്തി പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി ഏറ്റെടുത്തിട്ടുള്ളതാണെന്ന് സമിതി |

| | | | | |
|---|---|---|---|---|
| | | | | മുമ്പാകെ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br><br>**<u>51.നീണ്ടകര ഗ്രാമപഞ്ചായത്ത്</u>**<br><br>നീണ്ടകര ഗ്രാമപഞ്ചായത്ത് 2010-11 സാമ്പത്തികവർഷം നടപ്പിലാക്കിയ ഇ.എം.എസ്സ് ഭവനപദ്ധതിയുടെ വായ്പതുകയായ 8737500 രൂപയും 12/07/2017 ൽ തിരിച്ചടച്ചിട്ടുള്ളതാണ്. 2010-11 സാമ്പത്തികവർഷം മുതൽ 2013-14 സാമ്പത്തിക വർഷം വരെ നികുതി പിരിവ് 100 ശതമാനം കൈവരിച്ചിട്ടുണ്ട്. 2014-15,2015-16 വർഷങ്ങളിൽ കുടിശ്ശിക വരുത്തിയിട്ടുള്ള എല്ലായിനത്തിലുള്ള നികുതിവരവുകളും പിരിച്ചെടുത്തിട്ടുള്ളതും 2016-17 മുതൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ മുഴുവൻ നികുതികളും ചോർച്ച കൂടാതെ 100 ശതമാനവും പിരിച്ചെടുത്തിട്ടുള്ളതാണ്. ആയതിനാൽ ആഡിറ്റ് പരാമർശത്തിൽ നിന്നും ഒഴിവാക്കി തരണമെന്നപേക്ഷിക്കുന്നു.<br><br>**<u>52.കുന്നത്തൂർ ഗ്രാമപഞ്ചായത്ത്</u>**<br><br>ആഡിറ്റ് പരാമർശത്തിൽ പ്രതിപാദിച്ചിട്ടുള്ള വിഷയം - വായ്പകൾ എടുത്തിട്ടുള്ളത് സംബന്ധിച്ച് കുന്നത്തൂർ ഗ്രാമപഞ്ചായത്ത് ഇ.എം.എസ് ഭവനപദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി സർക്കാർ നിർദ്ദേശപ്രകാരമുള്ള ബാങ്ക് വായ്പ മാത്രമേ എടുത്തിട്ടുള്ളൂ.ടി തുക 2019-20 വർഷം പൂർണ്ണമായി തിരിച്ചടച്ചിട്ടുള്ളതാണ്. അറ്റാ വായ്പകൾ ഒന്നും തന്നെ നിലവിൽ ഇല്ല.<br>കുന്നത്തൂർ ഗ്രാമപഞ്ചായത്തിലെ എല്ലാ നികുതികളും 2018-19 വർഷം 100 ശതമാനം പിരിച്ചെടുത്തിട്ടുള്ളതാണ്. 2019-20 വർഷത്തെ 100 |

| | | | | |
|---|---|---|---|---|
| | | | | ശതമാനം നികുതി പിരിവിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>**53.മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത്**<br><br>പൊതുവേ തനത് വരുമാനം വളരെ കുറഞ്ഞ ഒരു പഞ്ചായത്താണ് മൺട്രോത്തുരുത്ത്. ഫണ്ടിന്റെ അപര്യാപ്തത കാരണം ശമ്പളം എടുക്കാൻ വളരെയധികം ബുദ്ധിമുട്ടുന്ന ഒരു പഞ്ചായത്താണ്. സർക്കാർ സഹായം കൊണ്ട് മാത്രം ദൈനംദിന കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്ന ഒരു സ്ഥാപനമാണ്. 2017-18 സാമ്പത്തിക വർഷത്തിൽ 100% നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് വരുമാന സ്രോതസ്സുകളായ ലേലം, വാടക, ഡി& ഒ ലൈസൻസ് ഫീസ് എന്നിവയും പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ട്. ഇ.എം.എസ് ഭവനപദ്ധതിക്കായി 4935000/- രൂപ വായ്പയെടുത്തതിൽ 415699/- രൂപ തിരിച്ചടച്ചിട്ടുണ്ട്. ബാക്കി തുക തുടർന്നുള്ള വർഷങ്ങളിൽ അടച്ചുതീർക്കുന്നതാണ്. ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് അടച്ച് തീർക്കാൻ കഴിയാതിരുന്നത്.<br><br>**54.പൂതക്കുളം ഗ്രാമപഞ്ചായത്ത്**<br><br>പൂതക്കുളം ഗ്രാമപഞ്ചായത്തിൽ നികുതികൾ 100% പിരിച്ചെടുത്തിട്ടുണ്ട്. ഇ.എംഎസ് ഭവനനിർമ്മാണ പദ്ധതിക്ക് ലോൺ എടുത്തതിൽ ഇനി അടച്ചുതീർക്കാനുള്ള 1590450/- രൂപയ്ക്ക് 2019-20 വർഷത്തേക്ക് പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. 2019-20 വർഷം ടി തുക ഒടുക്കുവരുത്തുന്നതാണ്. പൂതക്കുളം ഗ്രാമപഞ്ചായത്തിന് മറ്റ് ഋണ |

| | | | | |
|---|---|---|---|---|
| | | | | ബാദ്ധ്യതകൾ ഒന്നും തന്നെ ഇല്ല.<br><br>**<u>55. കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്</u>**<br><br>കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് സാമാന്യം ഭേദപ്പെട്ട സാമ്പത്തിക ഭദ്രതയുള്ള ഗ്രാമപഞ്ചായത്താണ്. എല്ലാ ഉറവിടങ്ങളിൽ നിന്നുമുള്ള നികുതി നികുതിയേതര വരുമാനങ്ങൾ യഥാസമയം പരമാവധി പിരിച്ചെടുത്ത് ടി തുക വിനിയോഗിച്ച് ജനോപകാരപ്രദമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിനും സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനും ഭരണസമിതിയും ജീവനക്കാരും ആർജ്ജവം കാണിക്കുന്നുണ്ട്. സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികൾക്കല്ലാതെ സ്വന്തമായി ഗ്രാമപഞ്ചായത്ത് പദ്ധതി നടത്തിപ്പിനായി വായ്പകൾ എടുക്കാറില്ല. ഇ.എം.എസ് ഭവന പദ്ധതിക്ക് വേണ്ടി വായ്പയെടുത്ത വായ്പത്തുക 22589000/- രൂപ 01.04.2015-ൽ പൂർണ്ണമായും അടച്ച് തീർത്തിട്ടുണ്ട്. കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന് നിലവിൽ ഋണബാധ്യതകൾ ഒന്നും തന്നെയില്ല. മാത്രമല്ല മിച്ചമുള്ള തനത് ഫണ്ടിൽ കുറച്ച് സ്ഥിര നിക്ഷേപമായി ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടെന്നുള്ള വിവരം റിപ്പോർട്ട് ചെയ്ത് കൊള്ളുന്നു.<br><br>**<u>56. ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്</u>**<br><br>ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിൽ തനത് വരുമാന വർദ്ധനവിനായി നികുതികളും ഫീസുകളും കൃത്യമായി നിർണ്ണയിക്കുകയും ആയത് പിരിച്ചെടുക്കുകയും ചെയ്യുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി അവ വസൂലാക്കുന്നു. മെച്ചപ്പെട്ട ആസൂത്രണവും വിവേക പൂർണ്ണമായ ചെലവ് ചെയ്യലുമാണ് നിലവിലുള്ളത്. പഞ്ചായത്തിന്റെ വരുമാന സ്രോതസ്സായ തൊഴിൽ നികുതി, കെട്ടിട നികുതി, ലേലം, വാടക, ലൈസൻസ് മുതലായവ പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ശ്രദ്ധ ചെലുത്തുന്നുണ്ട്. തനത് വരുമാനം ഉപയോഗിച്ച് ജനോപകാരപ്രദങ്ങളായ പദ്ധതികൾ ദീർഘവീക്ഷണത്തോടു കൂടി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>**57.പനയം ഗ്രാമപഞ്ചായത്ത്**<br><br>പനയം ഗ്രാമപഞ്ചായത്ത് ഇ.എം.എസ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയിരുന്ന വായ്പ (8560000/- രൂപ) പഞ്ചായത്ത് കൃത്യമായി തിരിച്ചടച്ചിട്ടുണ്ട്. നിലവിൽ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ഹഡ്കോയിൽ നിന്ന് വായ്പ ലഭ്യമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് ഋണബാധ്യത വരാത്ത രീതിയിൽ പൊതുവിഹിത ഫണ്ടിൽ നിന്ന് തിരിച്ചടവ് പഞ്ചായത്തിലെ ഭവനരഹിതരായ ജനങ്ങൾക്ക് പാർപ്പിടം നൽകുന്നതിന് വേണ്ടി മാത്രമാണ് പനയം ഗ്രാമപഞ്ചായത്ത് വായ്പ ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്തിന് ലഭിക്കാനുള്ള നികുതികളും ഫീസുകളും പൂർണ്ണമായും പിരിച്ചെടുക്കുന്നുണ്ട്. 2017-18, 2018-19 വർഷങ്ങളിൽ 100 ശതമാനം നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | **58. ഇട്ടിവ ഗ്രാമപഞ്ചായത്ത്**<br><br>ഇട്ടിവ ഗ്രാമപഞ്ചായത്തിലുണ്ടായിരുന്ന ഇ.എം. എസ് ഭവനവായ്പ മുതൽ തിരിച്ചടവ് 2018-19 വർഷം പൂർത്തീകരിച്ചിട്ടുണ്ട്.<br>ഇട്ടിവാ ഗ്രാമപഞ്ചായത്തിൽ ലഭിക്കേണ്ടതായ എല്ലാ നികുതികളും യഥാസമയം കുടിശ്ശിക ഉൾപ്പെടെ 2018-19 വർഷം 100% പിരിച്ചെടുത്തിട്ടുണ്ട്. 2019-20 വർഷം നികുതി നികുതിയേതര വരുമാനം 78200000 പിരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.<br>**59. ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്**<br>ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന് വായ്പാ ഇനത്തിൽ തിരിച്ചടയ്ക്കുവാനുള്ള മുഴുവൻ തുകയും അടച്ച് തീർത്തിട്ടുള്ളതാണ്. 2018-19 വർഷം വരുമാന സ്രോതസ്സുകളായ തൊഴിൽ നികുതി 97%വും , കെട്ടിട നികുതി 77%വും ലേലം/വാടക 70%വും ഡി&ഒ ലൈസൻസ് ഫീസ് 100%വും പിരിച്ചെടുത്തിട്ടുള്ളതും ബാക്കിയുള്ളവ 100% പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ച് വന്നിട്ടുള്ളതുമാണ്. |

**ലോക്കൽ ഫണ്ട്-അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ റിപ്പോർട്ടിലെ കൊല്ലം ജില്ലയിലെ**

**ചിതറ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി വിശദീകരണ പത്രിക (Action Taken Report)**

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | സമിതിയുടെ നിഗമനങ്ങൾ/ ശുപാർശകൾ | നിഗമനങ്ങൾ/ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1 | ചിതറ | 5.2.3 | **സംരക്ഷണം-പദ്ധതി പരമ്പരാഗത തൊഴിൽ നടത്തിപ്പിൽ അപാകത-62500/-രൂപയുടെ ചെലവ് ആഡിറ്റിൽ നിരാകരിക്കുന്നു.**<br><br>വി.ഇ.ഒ നിർവ്വഹണാധികാരിയായ പദ്ധതിക്കു വേണ്ടി 1,24,092/- രൂപപദ്ധതി വിഹിതവും 1,22,500/- രൂപ ഗുണഭോക്തൃ വിഹിതവും ചേർത്ത് 2,46,592/- രൂപ വകയിരുത്തിയിരുന്നു. ടി പദ്ധതിയിൽ 49 ഗുണഭോക്താക്കൾക്ക് 2500/- രൂപ നിരക്കിൽ പദ്ധതി ആനുകൂല്യം (സബ്സിഡി ഇനത്തിൽ 50% പരിമിതപ്പെടുത്തി നൽകാൻ ലക്ഷ്യമിട്ടിരുന്നു. ഈറ്റ, മുള എന്നിവ ഉപയോഗിച്ച് പരമ്പരാഗത തൊഴിൽ ചെയ്തു വരുന്ന ഓരോ കുടുംബത്തിലേയും ഒരു അംഗത്തിനു വീതം സഹകരണ സംഘങ്ങൾ വഴി അസംസ്കൃത സാധനങ്ങൾ വാങ്ങി നൽകാനും തുക സംഘങ്ങൾക്ക് കൈമാറാനുമായിരുന്നു പദ്ധതി നിർദ്ദേശം. അപേക്ഷകർ അതാത് പ്രദേശങ്ങളിലെ സൊസൈറ്റികളിൽ അംഗങ്ങളായിരിക്കണമെന്നും പദ്ധതി നിർദ്ദേശിക്കുന്നു. രേഖകൾ പരിശോധിച്ചതിൽ ബിൽ നമ്പർ 3/07-08 തീയതി 30/07/2008 പ്രകാരം 62500/- രൂപ പിൻ വലിച്ച് 2500/- രൂപ നിരക്കിൽ 25 ഗുണഭോക്താക്കൾക്ക് ഡി.ഡി ആയി നേരിട്ട് നൽകിയതായി കാണുന്നു. ചിതറ ഗ്രാമപഞ്ചായത്തിൽ ഈറ, മുള ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്ന ഒരു | വി.ഇ.ഒ നിർവ്വഹണ അധികാരിയായ പരമ്പരാഗത തൊഴിൽ സംരക്ഷണം എന്ന പദ്ധതിക്ക് വേണ്ടി 1,24,092/- രൂപ പദ്ധതി വിഹിതവും, 1,22,500/- രൂപ ഗുണഭോക്തൃ വിഹിതവും ചേർത്ത് 2,46,592/- രൂപ വകയിരുത്തുന്നു. ടി പദ്ധതിയിൽ 49 ഗുണഭോക്താക്കൾക്ക് 2500/- രൂപ നിരക്കിൽ പദ്ധതി ആനുകൂല്യം നൽകുവാൻ ലക്ഷ്യമിട്ടിരുന്നു. ഈറ, മുള എന്നിവ ഉപയോഗിച്ച് പരമ്പരാഗത തൊഴിൽ ചെയ്തു വരുന്ന ഒരോ കുടുംബത്തിലേയും ഒരു അംഗത്തിനു വീതം സഹകരണ സംഘങ്ങൾ വഴി അസംസ്കൃത സാധനങ്ങൾ വാങ്ങി നൽകുവാനും സംഘങ്ങൾക്ക് തുക കൈമാറാനും ആയിരുന്നു പദ്ധതി നിർദ്ദേശം. എന്നാൽ നിർവ്വഹണത്തിന്റെ ആദ്യഘട്ടത്തിൽതന്നെ ചിതറ ഗ്രാമപഞ്ചായത്തിൽ ഈറ, മുള ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്ന ഒരു സൊസൈറ്റി പോലും ഉണ്ടായിരുന്നില്ല എന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പട്ടിക ജാതിക്കാരായ പാവപ്പെട്ട ഗുണഭോക്താക്കൾക്ക് അനുവദിക്കപ്പെട്ട ധനസഹായം നൽകാൻ |

177

| | | | | |
|---|---|---|---|---|
| | | | സൊസൈറ്റി പോലും പ്രവർത്തിക്കുന്നില്ലെങ്കിലും 2007-08 വർഷം പരമ്പരാഗത തൊഴിൽ സംരക്ഷണം (എസ്.ഒ 80/08) എന്ന പദ്ധതി പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള സബ്സ്ഡി തുകയായ 2500/- രൂപ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകാൻ വി.ഇ.ഒ യെ ചുമതലപ്പെടുത്തി ചിതറ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18/03/08 ലെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. {തീരുമാനം നമ്പർ II (1) } ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി ആനുകൂല്യം നൽകിയത്. കൂടാതെ സബ്സിഡി മാർഗ്ഗ രേഖകൾ സംബന്ധമായ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 183/07 ത:സ്വ:ഭ:വ 27/04/2007- ൽ സബ്സിഡി തുക പണമായി നൽകാൻ പാടില്ല എന്ന വ്യവസ്ഥ ചെയ്യുന്നു. അംഗീകൃത പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന പദ്ധതി ലക്ഷ്യം കണക്കിലെടുക്കാതെയും സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായും പദ്ധതി പണം ചെലവഴിച്ചതുവഴി സബ്സിഡി വിതരണം മാത്രമായി പദ്ധതി പ്രവർത്തനം ചുരുങ്ങി. പരമ്പരാഗത തൊഴിലുകൾക്ക് പ്രോത്സാഹനം നൽകുക , കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക എന്നിങ്ങനെയുള്ള പദ്ധതി ലക്ഷ്യങ്ങൾ കണക്കിലെടുക്കാതെ നടത്തിയ പണം വിതരണം അംഗീകരിക്കുന്നില്ല. 62500/- രൂപ ഉത്തരവാദിയായ നിർവ്വഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തണം.<br><br><u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ :</u><br><br>ശ്രീ. ഹരിലാൽ , വി.ഇ.ഒ, കുമ്മിൾ ഗ്രാമപഞ്ചായത്ത്,<br><br>കാരയ്ക്കാട്, കുറ്റിക്കാട്. (പി.ഒ), കടയ്ക്കൽ | സാധിക്കില്ല എന്നും ചുരുങ്ങിയ സമയപരിധിക്കുള്ളിൽ ഈ പ്രോജക്ട് നടപ്പിലാക്കാൻ കഴിയില്ല എന്നും, മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് 18/03/2008 -ലെ II (1) നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തുക ഡി.ഡി ആയി നേരിട്ട് നൽകാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യ്ക്ക് നിർദ്ദേശം നൽകിയത്. ആനുകൂല്യം കൈപ്പറ്റിയ 25 ഗുണഭോക്താക്കളും തൻ വർഷത്തെ ഗ്രാമസഭ തെരഞ്ഞെടുത്തവരായിരുന്നു. ടി ഗുണഭോക്താക്കൾ പദ്ധതി പ്രകാരം ലഭിച്ച ആനുകൂല്യം ഉപയോഗിച്ച് അസംസ്കൃത വസ്തുക്കൾ വാങ്ങി ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിൽപ്പന നടത്തി ഉപജീവനം നടത്തുന്നവരാണെന്ന് പഞ്ചായത്ത് സമിതിക്ക് ബോധ്യപ്പെട്ട സാഹചര്യത്തിൽ ടി പരാമർശം ഒഴുവാക്കി തരണമെന്ന് 23/01/2014 -ലെ VII (1) -ാം നമ്പർ തീരുമാന പ്രകാരം അഭ്യർത്ഥിച്ചു, തീരുമാനിച്ചിരുന്നു. |

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടി വിശദീകരണ പത്രിക (Action Taken Report)

| ക്രമ നം | ഗ്രാമപഞ്ചായത്തിന്റെ പേര് | റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ. | സമിതിയുടെ നിഗമനങ്ങൾ / ശുപാർശകൾ | നിഗമനങ്ങൾ / ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1. | ചടയമംഗലം | 5.2.4 | **<u>ആട് വളർത്തൽ പദ്ധതിയിൽ ക്രമക്കേട്</u>**<br>കുടുംബശ്രീ യൂണിറ്റുകളിൽ അംഗങ്ങളായ 173 വനിതകൾക്ക് രണ്ട് ആടുകളെ വീതം ലഭ്യമാക്കുവാൻ പദ്ധതി നിർദ്ദേശിച്ചിരുന്നു. ആടുകളുടെ വിലയിനത്തിൽ 1,500/ രൂപയും, ഇൻഷുറൻസ് ഇനത്തിൽ 116/- രൂപയും ചേർത്ത് ഒരു ഗുണഭോക്താവിന് ആകെ 1,616/- രൂപ പദ്ധതി ആനുകൂല്യം ലഭിക്കുന്നു. ഗുണഭോക്തൃവിഹിതമായി ഗുണഭോക്താവ് 3,772/- രൂപ പഞ്ചായത്തിൽ ഒടുക്ക് വരുത്തണം.<br>സ്ത്രീകളുടെ തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് സാമ്പത്തികഭദ്രത കൈവരുത്തുക, പഞ്ചായത്തിൽ ആട്ടിൻ പാലിന്റെ ഉൽപ്പാദനവും, ഉപഭോഗവും വർദ്ധിപ്പിക്കുക എന്നിവയാണ് പ്രധാന പദ്ധതി ലക്ഷ്യങ്ങൾ.<br>ഗുണഭോക്തൃസമിതി പ്രതിനിധികൾ ഉൾപ്പെടുന്ന പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ച് ഉന്നത ഗുണമേന്മയുള്ള ആടുകളെ പഞ്ചായത്തിന് പുറത്തുനിന്നും ലഭ്യമാക്കണമെന്നും, ഗുണഭോക്താക്കൾക്ക് ആട് പരിപാലനത്തിൽ ശാസ്ത്രീയ പരിശീലനവും ബോധവൽക്കരണവും നൽകണമെന്നും പദ്ധതിയിൽ നിർദ്ദേശിക്കുന്നു.<br>പദ്ധതി നടത്തിപ്പിനായി വികസനഫണ്ട് | പദ്ധതി രൂപരേഖയിൽ നിർദ്ദേശിച്ചിരുന്നതനുസരിച്ച് പദ്ധതി ലക്ഷ്യങ്ങൾ സാധൂകരിക്കുന്നതിനായി ഒരു പർച്ചേസ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ നേതൃത്വത്തിൽ മൃഗ സംരക്ഷണ വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മോണിറ്റർ ചെയ്തിട്ടുള്ളതും അതിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിശീലന പരിപാടി നടത്തിയിട്ടുള്ളതുമാണ്. ടി പദ്ധതി പ്രകാരം 139 വനിതകൾക്ക് ആടുകളെ വാങ്ങി നൽകിയിട്ടുള്ളതുമാണ്. ആയതിന്റെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ആടു വളർത്തൽ പദ്ധതി അനുസരിച്ച് ഒരു യൂണിറ്റ് ആടിന് പഞ്ചായത്ത് വിഹിതമായ 116/- രൂപയും ഗുണഭോക്താവിന്റെ വിഹിതമായ 272/- രൂപയും ചേർത്ത് ഒരു യൂണിറ്റിന് 388/- രൂപ വീതം 139 യൂണിറ്റ് ആടുകൾക്ക് 53932/- രൂപ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുള്ളതുമാണ്. ഓരോ യൂണിറ്റ് ആടിനും 5000/- രൂപ ക്രമത്തിൽ 6,95,000/- രൂപ ചെക്ക് പ്രകാരം ആടിനെ വാങ്ങിയ 139 ഗുണഭോക്താക്കൾക്കും നൽകിയിട്ടുള്ളതുമാണ്. പദ്ധതി പ്രകാരം പിൻവലിച്ചതിൽ ബാക്കി വന്ന തുക തിരികെ ചടയമംഗലം സബ് ട്രഷറിയിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്.<br>പദ്ധതി പ്രകാരം 139 യൂണിറ്റ് ആടുകളെ വിതരണം ചെയ്തിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ ഡോ. പ്രഭാകരൻ യാതൊരുവിധ സാമ്പത്തിക ക്രമക്കേടുകൾ പദ്ധതി നിർവഹണത്തിൽ നടത്തിയിട്ടില്ലായെന്നും പഞ്ചായത്ത് കമ്മിറ്റിക്ക് ഉത്തമ ബോധ്യമുള്ളതിനാൽ ടിയാനെതിരെയുള്ള പരാമർശം ഒഴിവാക്കി തരുന്നതിന് |

| | | | | |
|---|---|---|---|---|
| | | | ഇനത്തിൽ വകയിരുത്തിയ 2,79,568/-രൂപ ബിൽ നമ്പർ 2/07 തീയതി 14.03.2007 പ്രകാരം നിർവ്വഹണാധികാരിയായ വെറ്ററിനറി സർജൻ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ആഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 90 ഗുണഭോക്താക്കളിൽ നിന്നും 3,772/- രൂപ വീതം ഗുണഭോക്തൃ വിഹിതയിനത്തിൽ ഈടാക്കി പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുള്ളതായി കാണുന്നു. പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രകാരം പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചതായോ, പഞ്ചായത്തിനു പുറത്തുനിന്നും ആടുകളെ വാങ്ങി ഒരു ഗുണഭോക്താവിനെങ്കിലും നൽകിയതായോ രേഖയില്ല. ആടുവളർത്തലിൽ ആർക്കും തന്നെ പരിശീലനമോ, ബോധവൽക്കരണമോ നടത്തിയിട്ടില്ല. ഒരു ആടിനെപ്പോലും ഇൻഷ്വർ ചെയ്തതായും തെളിവില്ല. ആടുകളെ വാങ്ങി നൽകിയതിൽ തന്നെ ഗുണഭോക്തൃവിഹിതം ഒടുക്ക് വരുത്തിയ 90 ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകിയാൽ മതിയാകും. ആയതിന് ആവശ്യമായ തുക ഇൻഷ്വറൻസിന് ഉൾപ്പെടെ നൽകിയാൽ മതിയാകും. ആയതിന് ആവശ്യമായ തുക ഇൻഷ്വറൻസിന് ഉൾപ്പെടെ 1,45,440/- രൂപ (1,616 X 90 ) മാത്രമാണ്. പദ്ധതി ചെലവിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ ക്യാഷ്ബുക്ക്, ചെക്ക് / ഡി. ഡി. വിതരണ രജിസ്റ്റർ, ബാങ്ക് പാസ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മൃഗസംരക്ഷണ വർക്കിം ഗ്രൂപ്പ് പദ്ധതി 'മോണിറ്റർ' ചെയ്യണമെന്ന നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. പദ്ധതി നടത്തിപ്പിലെ അപാകതകൾക്ക് വിശദീകരണവും, പദ്ധതി അനുബന്ധ രേഖകളും ആവശ്യപ്പെട്ടുകൊണ്ട് 21.11.2009 -ാം തീയതി നൽകിയ 9-ാം നമ്പർ ഓഡിറ്റ് | 28.02.2014 -ലെ V -ാം നമ്പർ തീരുമാനപ്രകാരം അഭ്യർത്ഥിച്ച് തീരുമാനിച്ചു. |

| | | | | |
|---|---|---|---|---|
| | | | എൻക്വയറിക്ക് മറുപടിയും ലഭ്യമാക്കിയിട്ടില്ല.<br>മേൽ വിവരിച്ച വസ്തുക്കളുടെ അടിസ്ഥാനത്തിൽ, നിർവ്വഹണാധികാരിയായ വെറ്റിനറി സർജന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതിനാൽ 2,79,568/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.<br>**<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ.</u>**<br>ഡോ. പ്രഭാകരൻ വെറ്ററിനറി സർജൻ (റിട്ട.), കൊക്കോട്ടുവിള വീട്, പുന്നക്കോട്, മാടൻനട, ചടയമംഗലം. | |

## Certificate of Remittance

Certified that Veterinary Surgeon Veterinary dispensory, Chadayamangalam has been remitted an amount of ₹ 210,548/- (Two lakh ten thousand five hundred and forty eight Only) Under the head of account 3604.00.200.97.05 N.V On 23.4.2007 vide Sq: No. 11 dtd 23.04.2007

TREASURY ☆ CHADAYAMANGALAM

2/5/17

Sub Treasury Officer
Chadayamangalam

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടി വിശദീകരണ പത്രിക (Action Taken Report)

| ക്രമ നം | ഗ്രാമപഞ്ചായ-ത്തിന്റെ പേര് | റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ. | സമിതിയുടെ നിഗമനങ്ങൾ / ശുപാർശകൾ | നിഗമനങ്ങൾ / ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1. | കല്ലുവാതുക്കൽ | 5.2.5 | <u>തൊഴിൽ പരിശീലനം - പട്ടികജാതി വനിത-നിർവഹണ ഏജൻസിയിൽ നിന്നും തുക തിരികെ ഈടാക്കേണ്ടത് സംബന്ധിച്ച്.</u><br><u>തുക കൈപ്പറ്റിയ നിർവഹണ ഏജൻസി തൊഴിൽ പരിശീലനം നൽകിയില്ല. നഷ്ടം 1,00,000/- രൂപ.</u><br>18 -നും 45 -നും മദ്ധ്യേ പ്രായമുള്ള 35 പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതാണ് പ്രോജക്ട്. എസ്. എസ്. എൽ. സി വിദ്യാഭ്യാസം പൂർത്തിയാക്കിയ 35 വനിതകൾക്ക് 75 ദിവസം ആറു മണിക്കൂർ വീതം പരിശീലനം നൽകുവാനാണ് പ്രോജക്ടിൽ നിർദ്ദേശിച്ചിരിക്കുന്നത്. വികസന ഫണ്ടിൽ നിന്നും ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കുന്ന 5,000/- രൂപയും ഉൾപ്പെടെ 1,50,000/- രൂപ അടങ്കൽ തുകയ്ക്കുള്ള പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് ബിൽ നമ്പർ 16/07-08/31.03.08 പ്രകാരം 100000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡിഡി നം. 50259/28.06.08 പ്രകാരം നിർവഹണ ഏജൻസിയായ സെന്റർ ഫോർ മാനേജ്മെന്റ് ആന്റ് ഡെവലപ്മെന്റിന് കൊടുത്തിട്ടുണ്ട്. 21.01.08 -ൽ സി. എം.ഡി ഡയറക്ടറും നിർവഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ആഫീസറും തമ്മിൽ ഒപ്പ് വച്ച കരാർ പ്രകാരം സി. എഫ്. ലാമ്പ് നിർമ്മാണ പരിശീലനം നൽകുവാനാണ് തുക നൽകിയത്. 35 | 2007-08 സാമ്പത്തിക വർഷത്തിലെ പദ്ധതി നിർവഹണത്തിന്റെ ഭാഗമായി പട്ടികജാതി വനിതകൾക്ക് സി. എഫ്. ലാമ്പ് പരിശീലനം എന്ന പ്രോജക്ട് നിർവഹണം വി.ഇ.ഒ. ശ്രീ. അപ്പുക്കുട്ടന് ആയിരുന്നു. സി.എഫ്. ലാമ്പ് പരിശീലനത്തിന്റെ ഉത്തരവാദിത്വം തിരുവനന്തപുരം സി. എം. ഡി. യെയാണ് ചുമതലപ്പെടുത്തിയിരുന്നത്. പരിശീലന പരിപാടി പൂർത്തീകരിക്കുന്നതിന് മുമ്പായി തന്നെ ഫണ്ട് ലാപ്സായി പോകാതിരിക്കുന്നതിന് വേണ്ടി മുൻകൂറായി 1,00,000/- രൂപ 26.06.2008 തീയതിയിൽ 50259 -ാം നമ്പർ ഡി.ഡി. പ്രകാരം തിരുവനന്തപുരം സി.എം.ഡി. യെ ഏൽപ്പിച്ചിരുന്നു. എന്നാൽ പരിശീലന പരിപാടിക്ക് തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി വനിതകൾ ടി പരിശീലത്തിന് താല്പര്യം കാണിക്കാതിരുന്നതുമൂലം ടി പരിശീലനം നടത്തുവാൻ കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിൽ ടി പദ്ധതിക്ക് ഓഡിറ്റ് പരാമർശം ഉണ്ടാകുകയും തുക കൈപ്പറ്റിയിട്ടുള്ള സി.എം.ഡി.യെ സമീപിക്കുകയും ആയത് അടിയന്തിരമായി തുക തിരികെ നൽകുന്നതിനായി സി.എം. ഡി. ക്ക് കത്ത് നൽകിയിട്ടുള്ളതും മേൽ തുക 03.03.2014 തീയതിയിലെ 674111 നമ്പർ ഡി.ഡി. 02.05.2014 -ന് 36011/00/911-10 നമ്പർ ഹെഡ് ഓഫ് അക്കൗണ്ടിൽ ചെല്ലാൻ നമ്പർ 2566/14 പ്രകാരം ചാത്തന്നൂർ സബ് ട്രഷറിയിൽ ഒടുക്ക് വരുത്തിയിട്ടുള്ളതായി വി.ഇ.ഒ. റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. (ഡി. ഡി. യുടെയും സി. എം. ഡി |

| | | | | |
|---|---|---|---|---|
| | | | ഗുണഭോക്താക്കളുടെ ലിസ്റ്റും സി.എം.ഡി യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കൾക്ക് നിർവഹണ ഏജൻസി പരിശീലനം നൽകിയതായ രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. 16.01.2010 -ലെ ഓഡിറ്റ് എൻക്വയറി നം. 3 -ന് നിർവഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ നൽകിയ മറുപടിയിൽ ടി പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് നിർവഹണ ഏജൻസിയായ സി.എം. ഡിയ്ക്ക് നൽകിയ 1,00,000/- രൂപ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നിർവഹണ ഏജൻസിയിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനായ വി. ഇ.ഒ. യിൽ നിന്നോ നാളിതുവരെയുള്ള പിഴപ്പലിശ സഹിതം ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.<br>**ഉത്തരവാദിയായ ഉദ്യോഗസ്ഥൻ.**<br>ശ്രീ. അപ്പുക്കുട്ടൻ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്), പള്ളം ബ്ലോക്ക്, വടവാതൂർ (ശാരണ്യം, വെളിയം പി. ഒ., കൊല്ലം) | യുടെ കത്തിന്റെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു). |

**CENTRE FOR MANAGEMENT DEVELOPMENT**
(An autonomous institution sponsored by the Government of Kerala)
Thycaud, Thiruvananthapuram-695 014, Kerala, India
Phone : Off : +91-471-2320101, Director (Per) +91-471-2328737
Fax : +91-471-2331253, e-mail : cmdtvm@dataone.in

മാർച്ച് 04, 2014

പ്രേക്ഷിതൻ

ഡയറക്ടർ
സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്
തിരുവനന്തപുരം-14

സ്വീകർത്താവ്

ശ്രീ. എസ്. അപ്പുക്കുട്ടൻ
മുൻ വി.ഇ.ഒ.
കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്
കൊല്ലം

സർ,

**വിഷയം: ഓഡിറ്റ് ഒബ്ജക്ഷൻ-പരിശീലന ഫീസ് തിരികെ നൽകുന്നതു സംബന്ധിച്ച്**

കൊല്ലം ജില്ലയിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ 2007-2008 സാമ്പത്തിക വർഷത്തിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 35 പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലനത്തിനായി നിർവ്വഹണ ഏജൻസിയായ സി.എം.ഡി.യും നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. യുമായി കരാർ വയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 28-06-2008 തീയതിയിലെ 50259-ാം നമ്പർ ഡിഡി പ്രകാരം രൂപ 1,00,000/- (ഒരു ലക്ഷം രൂപ) കൈപ്പറ്റുകയും ചെയ്തിട്ടുള്ളതാണ്. അതിന്മേൽ പരിശീലനം പഞ്ചായത്ത് സമിതിയുടേയും, പഞ്ചായത്ത് സെക്രട്ടറിയുടേയും, നിർവ്വഹണ ഉദ്യോഗസ്ഥന്റേയും സാന്നിദ്ധ്യത്തിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് പ്രസിഡന്റ് ഉത്ഘാടനം നിർവ്വഹിക്കുകയും തുടർന്ന് രണ്ടാഴ്ചയോളം പഠിതാക്കളെ പരിശീലിപ്പിക്കയും ചെയ്തിട്ടുള്ളതാണ്. എന്നാൽ നിർദ്ദിഷ്ട എണ്ണം ഗുണഭോക്താക്കൾ പരിശീലനത്തിൽ തുടർച്ചയായി പങ്കെടുക്കാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനേയും, പഞ്ചായത്തു സമിതിയേയും വിവരം അറിയിച്ചിട്ടും മതിയായ ഗുണഭോക്താക്കളെ കിട്ടാത്ത സാഹചര്യത്തിൽ ഇടയ്ക്കുവച്ച് പരിശീലനം നിർത്തിവയ്ക്കേണ്ടിവന്നു. ആയതിലേക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങിയ ഇനത്തിലും, ഫാക്കൽറ്റിക്ക് ഹോണറേറിയം നൽകിയ ഇനത്തിലും ലഘുഭക്ഷണം നൽകിയ ഇനത്തിലും സി. എം. ഡി. യ്ക്ക് നല്ലൊരു തുക ചിലവായിട്ടുള്ളതുമാണ്. എങ്കിൽ തന്നെയും ഓഡിറ്റ് ഒബ്ജക്ഷൻ വന്ന സ്ഥിതിക്കും, പരിശീലനം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിലും ടി പരിശീലന ഫീസായി നൽകിയ 1,00,000/- (ഒരു ലക്ഷം രൂപ) 03.03.2014 തീയതിയിലെ 674111 ഡിഡി ആയി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് പേരിൽ തിരികെ നൽകുന്നു. ആയത് എത്രയും വേഗം കൈപ്പറ്റി, കൈപ്പറ്റു രസീതും, ഇതുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളും തീർത്തതായിട്ടുള്ള കത്തും നൽകണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതാപൂർവ്വം

ഡയറക്ടർ



37/2022

केनरा बैंक Canara Bank

सस्थामंगलम, त्रिवेंद्रम
SASTHAMANGALAM, TRIVANDRUM - 695 010 (0821)

Page 1 of 1

यह लिखत जारी करने की तारीख से तीन महीने तक वैध है।
Valid for three months only from the date of instrument

| D | D | M | M | Y | Y | Y | Y |
|---|---|---|---|---|---|---|---|
| 0 | 3 | 0 | 3 | 2 | 0 | 1 | 4 |

माँगने पर On Demand Pay V E O KALLUVATHUKAL

082113009853 674111
को या उनके आदेश पर Or Order प्राप्त मूल्य के लिए

रूपये Rupees ONE LAKH ONLY

अदा करें For Value Received

₹ **********100000.00

NOT OVER Rs 100000

केनरा बैंक Canara Bank

कृते केनरा बैंक For Canara Bank

SP 42948 / है अ 42948

Manager / प्रबंधक

GIRIJA S

| प्राधिकृत हस्ताक्षर कर्ता AUTH. SIGNATORY | नाम NAME | पदनाम DESIGNATION | ह.अ.सं. S.P. No. | प्राधिकृत हस्ताक्षर कर्ता AUTH. SIGNATORY | नाम NAME | पदनाम DESIGNATION | ह.अ.सं. S.P. No. |
|---|---|---|---|---|---|---|---|

KOLLAM MAIN BRANCH (814)
DRAWEE BRANCH, D.P. CODE CTDMA

₹ एक लाख और उससे अधिक मूल्य के ड्राफ्ट के लिए दो प्राधिकृत हस्ताक्षरकर्ताओं की हस्ताक्षर चाहिए।
Demand Drafts of ₹ 1 Lakh and above require signature of two authorised signatories.
Please sign above

9 8 7 6 5 4 3 2 1

⑈674111⑈ 000015000⑆ 420821⑈ 16

GOVERNMENT OF KERALA
CHALAN
FORM T. R. 12
ORIGINAL
[See Rules 102 (c) and 124 of Kerala Treasury Code]
Chalan for Payment of Money into the
District Treasury/Sub Treasury/
State Bank of India/State Bank of Travancore

At. Chathannoor

Computer Seq. No. | Date 2/5/2014

Head of Account 3604/00/511/99
Maj Smj Mn

*DDO Code : (Dept.) 2566 | DDO

*SDO Code

| By whom paid and name and address of the person on whose behalf money is paid | Purpose of remittance and authority, if any | Amount Rs | Order to the bank |
|---|---|---|---|
| [illegible handwriting] | [illegible handwriting] | 1,00,000/- | Correct<br>Receive and grant receipt<br>Treasury Officer |
| Signature and Designation of the Departmental Officer countersigning the remittance | | Total | |

(Special Grade)
alluvathukkal Grama Panchayat
Phone No. of Remitter
Mob. No. 9496...
Received ₹ ............ (₹ ...................................... Only)
Date........./........../..........
Signature of Treasurer / Cashier Treasury Officer/Bank Manager

STATE BANK OF INDIA
CHATHANNOOR
(Seal)

*Note*:- 1. The Seal/stamp of the Treasury/Bank of collection shall be affixed
2. If remittance is in official capacity by DDO/SDO, write corresponding code in the column provided.
3. If loan repayment of SDO, write instalment number in purpose column.
(P.T.O.

25/3/2013/ 1 Lakh GP, KLM. ©.Govt. of Kerala.

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010–11) യുടെ റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ തെന്മല ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടി വിശദീകരണ പത്രിക (Action Taken Report)

| ക്രമ നം | ഗ്രാമപഞ്ചായ -ത്തിന്റെ പേര് | റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ. | സമിതിയുടെ നിഗമനങ്ങൾ / ശുപാർശകൾ | നിഗമനങ്ങൾ / ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1. | തെന്മല | 5.2.6 (1) | **<u>മുൻകൂർ നൽകിയിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല.</u>**<br>2003–04 വർഷത്തെ എസ്. ജി. ആർ. വൈ പദ്ധതിയിൽ ഉൾപ്പെടുത്തിയ സംയോജിത പ്രോജക്ടായ ഈ പ്രവർത്തിക്ക് 7,00,000/– രൂപയുടെ അടങ്കലിന് സാങ്കേതികാനുമതി ലഭിച്ചിരുന്നു. ഗുണഭോക്തൃസമിതി കൺവീനറായി തെരഞ്ഞുടക്ക- പ്പെട്ട ശ്രീ. വർഗ്ഗീസ് തോമസ് 29.03.2007 –ൽ 30/03–04 നമ്പരായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. 01.07.2005 –ലെ 459241 –ാം നമ്പർ ചെക്ക് പ്രകാരം മുൻകൂറായി 50,000/– രൂപയും 24.11.2005 –ൽ ഭക്ഷ്യ ധാന്യ വിഹിതമായി 40 ടൺ അരിയും കൺവീനർ കൈപ്പറ്റിയിട്ടുണ്ട്. പ്രവത്തി നിർവ്വഹിക്കാത്തതിനാൽ 06.05.2006 –ൽ കൺവീനർക്ക് നോട്ടീസ് നൽകി. കൺവീനർക്കെതിരെ ഗുണഭോക്തൃ സമിതി ചെയർമാനും മറ്റ് അംഗങ്ങളും സമർപ്പിച്ച പരാതിയിന്മേൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ചതനുസരിച്ച് 27.10.2006 –ൽ സെക്രട്ടറി നൽകിയ മറുപടിയിലെ വിവരങ്ങൾ താഴെ കൊടുക്കുന്നു.<br>കൺവീനർക്ക് നിരവധി തവണ അറിയിപ്പു നൽകുകയും 40 ടൺ അരിയുടെ വിലയായ 2,48,000/– രൂപയും ഉൾപ്പടെ 2,98,000/– രൂപ 18% പിഴപ്പലിശ സഹിതം ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. | റിപ്പോർട്ടിലെ പരാമർശത്തെത്തുടർന്ന് നൽകിയ നോട്ടീസിന്റെയും റവന്യൂ റക്കവറി നോട്ടീസിന്റെയും അടിസ്ഥാനത്തിൽ ടിയാൻ പ്രവൃത്തി പൂർത്തീകരിച്ചിരുന്നുവെന്നും എന്നാൽ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും മെഷർമെന്റ് ബുക്കും മറ്റ് രേഖകളും ലഭിക്കാൻ വൈകിയതിനാലാണ് രേഖകൾ ഹാജരാക്കാൻ വൈകിയതെന്ന് അറിയിക്കുകയും പ്രവർത്തി സംബന്ധിച്ച് രേഖകൾ ഓഫീസിൽ ഹാജരാക്കുകയും ചെയ്തു. ആയത് എൽ. എസ്. ജി. ഡി. എഞ്ചിനീയർ പരിശോധിക്കുകയും ടി വിവരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കുകയും തുടർന്ന് ലോക്കൽ ഫണ്ട് ഓഫീസ് പ്രവർത്തി സംബന്ധിച്ച രേഖകൾ പരിശോധി ക്കുകയും ടിയാൻ കൈപ്പറ്റിയ തുകകളുടെ മൂല്യത്തിന് സമാനമായ പ്രവർത്തി നടത്തിയിട്ടു ള്ളതായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. തുടർന്ന് ടി പ്രവർത്തികളെ സംബന്ധിച്ച രേഖകൾ പരിശോധിച്ച് ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ ഒഴിവാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് കൊല്ലം ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറോട് 18.07.2013 –ലെ കകക (1)–ാം |

| | | | | |
|---|---|---|---|---|
| | | | എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ ഫയലിൽ 06.05.2006 –ൽ നൽകിയ നോട്ടീസ് ഒഴികെ മറ്റുവിവരങ്ങൾ ഒന്നും കണ്ടെത്താൻ കഴിയാത്തതിനാൽ 20.05.2009 ൽ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് മറുപടി ലഭ്യമാക്കിയില്ല. ഇതിൽ നിന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ വിശദീകരണം വാസ്തവവിരുദ്ധമാണെന്ന് വ്യക്തമാകുന്നു. ജില്ലാ കളക്ടർക്കു നൽകിയ പരാതിയാണ് ഡി.ഡി.പി. വഴി തുടർ നടപടികൾക്കായി കൈമാറിയിരുന്നത്. ജില്ലാ കളക്ടറുടെയും ഡി.ഡി.പി –യുടേയും ശ്രദ്ധയിൽപ്പെട്ട ഒരു പരാതിയിന്മേലുള്ള തുടർ നടപടികളുടെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല എന്നത് ഗുരുതരമായ വീഴ്ചയാണ്.<br>40,000/– കിലോഗ്രാം അരി കൈപ്പറ്റിയ കൺവീനറിൽ നിന്നും അതിന്റെ സബ്സിഡി നിരക്കിലുള്ള വില കണക്കാക്കിയാണ് ഈടാക്കാൻ നടപടി തുടങ്ങിയതായി സെക്രട്ടറി ഡി.ഡി.പി. –യെ അറിയിച്ചിരുന്നത്. 27.10.2006 വരെയും പ്രവൃത്തി ആരംഭിക്കാത്തതിനാലാണ് റവന്യൂ റിക്കവറി നടപടികൾ തുടങ്ങിയതായി പറയപ്പെടുന്നത്. ആരംഭിക്കാത്ത ഒരു പ്രവൃത്തിയുടെ പേരിൽ നൽകിയ ഭക്ഷ്യ ധാന്യ വിഹിതത്തിന്റെ മാർക്കറ്റ് നിരക്കിലമു വിലയും പിഴപ്പലിശയുമാണ് ഈടാക്കേണ്ടത്. ഇത്തരത്തിൽ ഈടാക്കേണ്ട തുക താഴെപറയും പ്രകാരം കണക്കാക്കുന്നു.<br>40 ടൺ അരിയുടെ വില @ 13.60/ കിലോഗ്രാം – 544000/–<br>**മുൻകൂർ നൽകിയ തുക – 50000/–**<br>**ആകെ രൂപ – 594000/–**<br>5,94,000/– രൂപയാണ് നിയമാനുസൃതമായ പിഴപ്പലിശ സഹിതം ഈടാക്കേണ്ടത്. ഇത്രയും വലിയ തുക കേന്ദ്ര സർക്കാരിന് നഷ്ടം | നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി ആവശ്യപ്പെട്ടു.<br>തുടർന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് സ്പോട്ട് വെരിഫിക്കേഷൻ നടത്തുകയും 02.09.2013 –ലെ എൽ.എഫ്.ക്യൂ. പി7/1116/13 –ാം നമ്പർ കത്ത് പ്രകാരം സീനിയർ ഡെപ്യൂട്ടി ഡയറക്ടർ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. (ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 02.09.2013 –ലെ എൽ.എഫ്.ക്യൂ. പി7/1116/13 –ാം നമ്പർ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |

| | | | | |
|---|---|---|---|---|
| | | | വരുത്തിയ നടപടി ഗുരുതരമായ വിഷയമായതിനാൽ തുടരന്വേഷണത്തിനായി ബഹുമാനപ്പെട്ട കൊല്ലം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു ശുപാർശ ചെയ്തുകൊണ്ട് ഈ ഓഫീസിൽ നിന്നും പ്രത്യേക കത്ത് പുറപ്പെടുവിച്ചിട്ടുണ്ട്.<br>**<u>ഉത്തരവാദിയായ ഉദ്യോഗസ്ഥർ.</u>**<br>1. ശ്രീ. കെ. വൈ. ജയിംസ് (സെക്രട്ടറി, എഴുകോൺ ഗ്രാമ പഞ്ചായത്ത്) തോട്ടത്തിൽ വീട്, തൃക്കണ്ണമംഗൽ, കൊട്ടാരക്കര പി. ഒ.<br>2. ശ്രീ. കെ. നടരാജൻ (സെക്രട്ടറി, തെന്മല ഗ്രാമ പഞ്ചായത്ത്) ദേവൂസ്, തെന്മല പി.ഒ., തെന്മല, പുനലൂർ, കൊല്ലം ജില്ല. | |
| 2. | തെന്മല | 5.2.6 (2) | **<u>ഹരിയാലി പദ്ധതിയിൽ ക്രമക്കേട് – ബാങ്ക് പലിശ കൃഷി ഓഫീസർ പിൻവലിച്ചു.</u>**<br>ഒരേ സമയം രണ്ട് അക്കൗണ്ടുകൾ വഴി പണമിടപാട്.<br>ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് വന്ന പലിശ കൃഷി ഓഫീസർ പിൻവലിച്ചു.<br>ജലസ്രോതസ്സുകളുടെ സംരക്ഷണം, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, നൂതന കാർഷിക രീതികളുടെ പ്രചരണം, പച്ചക്കറി കൃഷി, തോട്ടവിള കൃഷി എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാണ് "ഹരിയാലി" പദ്ധതിയിൽ ഊന്നൽ നൽകേണ്ടതെന്ന് ഗ്രാമവികസന കമ്മീഷണറുടെ 04.03.2006 –ലെ 18791/ആർ & ക5/05 ഡി. ആർ. ഡി. നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിരുന്നു. വ്യക്തികളുടെ ഭൂമിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് അടങ്കൽ തുകകളുടെ 10% തുക ഗുണഭോക്താക്കൾ വാട്ടർഷെഡ് ഡെവലപ്പ്മെന്റ് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും വ്യവസ്ഥ | പരാമർശ ഖണ്ഡിക പ്രകാരം അന്നത്തെ കൃഷി ഓഫീസറായിരുന്ന ശ്രീ. ഡാനിയൽ മാത്യു 12,475/- രൂപ അപഹരണം നടത്തിയതായി പരാമർശിച്ചിരുന്നു. റിപ്പോർട്ട് കൃഷി ഓഫീസറിനെ അറിയിച്ചിരുന്നതിനെ തുടർന്ന് ടിയാൻ 12,415/- രൂപ 10.05.2012 –ലെ 36104/83 രസീത് പ്രകാരം തെന്മല ഗ്രാമ പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതും ടിയാനെതിരെ വകുപ്പ് തല അന്വേഷണത്തിന്റെ ഫലമായി കൈവശം വച്ചിരുന്ന 12,415/- രൂപയുടെ പലിശയായ 6517/- രൂപ ഒടുക്കു വരുത്താൻ നിർദ്ദേശിക്കുകയും ആയത് 04.02.14 –ലെ 11303101765 രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുള്ളതുമാണ്. ടിയാന്റെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യമില്ലാതെ രണ്ട് വർഷത്തേക്ക് തടഞ്ഞിട്ടുള്ളതുമാണ്.<br>ഹരിയാലി പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 5,00,000/- രൂപയാണ് |

ചെയ്തിട്ടുള്ളതാണ്.

2007-08, 2008-09 വർഷത്തിൽ യഥാക്രമം 1,87,500/- രൂപയും, 4,24,089/- രൂപയും ഹരിയാലി പദ്ധതി നിർവഹണത്തിനായി ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടേയും അക്കൗണ്ടിൽ തുക നിക്ഷേപിച്ചിരുന്നു. ഇതിൽ നിന്നും 5,00,000/- രൂപ 13.08.2008-ൽ നിർവഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർക്ക് അനുവദിക്കുകയുണ്ടായി. ഇടമൺ വാട്ടർഷെഡ്, ആണ്ടൂർ പച്ച വാട്ടർഷെഡ് എന്നീ പേരുകളിൽ രണ്ട് നീർത്തട പദ്ധതികൾ നടപ്പാക്കുവാനാണ് തുക അനുവദിച്ചത്. കൃഷി ഓഫീസറുടെ ക്യാഷ് ബുക്ക് പ്രകാരം 1,89,413/- രൂപ ടി പദ്ധതി നിർവ്വഹണത്തിനായി ചെലവഴിച്ചതായി കാണുന്നു.

| ഇനം. | |
|---|---|
| കയ്യാല നിർമ്മാണം (ബണ്ട് ഫോർമേഷൻ) | 90,323.00 |
| ആട് വളർത്തൽ പദ്ധതി | 67,500.00 |
| കോഴി വളർത്തൽ പദ്ധതി | 15,000.00 |
| തടമെടുപ്പ് | 16,590.00 |
| ആകെ | 1,89,413.00 |

കൃഷി ഓഫീസർക്ക് പദ്ധതി നിർവ്വഹണത്തിനായി ലഭിച്ച 5,00,000/- രൂപ ഇടമൺ സർവ്വീസ് സഹകരണ ബാങ്കിലുള്ള അക്കൗണ്ട് നമ്പർ 6391- ൽ നിക്ഷേപിച്ചിരുന്നു. ഇതിൽ നിന്ന് 1,00,000/- രൂപ 22.04.2009 -ൽ പിൻവലിച്ച് ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിൽ ക്രെഡിറ്റ് ചെയ്താതായി ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ബാങ്കിന്റെ പാസ്സ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സെൽഫ് ഹെൽപ്പിംഗ് ഗ്രൂപ്പ്കൾക്ക് മുട്ടക്കോഴി വളർത്തൽ, ആട് വളർത്തൽ എന്നിവയ്ക്ക് ബാങ്ക് വായ്പയ്ക്ക് അനുസരിച്ചുള്ള ഹരിയാലി പദ്ധതിയിൽ നിന്നുള്ള വിഹിതമായിട്ടാണ് തുക

അന്നത്തെ കൃഷി ഓഫീസറായ ശ്രീ. ഡാനിയൽ മാത്യുവിന് നൽകിയിട്ടുള്ളത്. പലിശയിനത്തിൽ 34976/- രൂപ ഉൾപ്പെടെ ടി തുക 534976/- രൂപയായി വർദ്ധിച്ചു. ടി തുകയിൽ 103163/- രൂപ ടി പദ്ധതിക്കായി ചിലവഴിച്ചു. ബാക്കി 431813/- രൂപയിൽ 3,90,563/- ഗ്രാമ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. ബാക്കിയുള്ള 41,250/- രൂപ ഒടുക്ക് വരുത്തുന്നതിന് നിലവിലെ കൃഷി ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളതും ആയത് ഉന്നത ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുള്ളതുമാണ്.

അന്നത്തെ കൃഷി ഓഫീസറായ ശ്രീ. ഡാനിയൽ മാത്യുവിനെതിരായ വകുപ്പുതല അന്വേഷണത്തിൻമേൽ പരാമർശിത വിഷയം ഉൾപ്പെട്ടിട്ടുള്ളതും ആയതിന്റെ കൂടി അടിസ്ഥാനത്തിലാണ് ടിയാനെതിരായ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളത്.

| | | | | |
|---|---|---|---|---|
| | | | ബാങ്കിൽ ക്രഡിറ്റ് ചെയ്തത്. എന്നാൽ ബാങ്ക് വായ്പ അനുവദിച്ചതുമായി ബന്ധപ്പെട്ട ഒരു രേഖയും ബാങ്ക് അധികൃതരിൽ നിന്ന് ലഭിച്ചിരുന്നില്ല. എസ്. എച്ച്. ഗ്രൂപ്പുകൾക്ക് മുട്ടക്കോഴി / ആട് വളർത്തൽ പദ്ധതികളിലേക്ക് ബാങ്ക് വായ്പയായി 42,500/- രൂപ അനുവദിച്ചിട്ടുണ്ടെന്നും, ടി തുക നൽകിയിരിക്കുന്നത് കൃഷി ഓഫീസർ ബാങ്കിന്നനൽകിയ 1,00,000/- രൂപയുടെ ഈടിന്റെ അടിസ്ഥാനത്തിലുമാണെന്ന് 30.10.2009-ലെ ടി ബാങ്കിന്റെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 1,00,000/- രൂപ തിരികെ ആവശ്യപ്പെട്ടപ്പോൾ, ഈ തുക തിരികെ നൽകണമെങ്കിൽ വായ്പ ഇനത്തിൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള 28,642/- രൂപയും, പലിശയായി 7,321/- രൂപയും അടച്ചു തീർക്കേണ്ടതാണ് എന്ന് ബാങ്ക് അധികൃതർ രേഖാമൂലം അറിയിച്ചിരുന്നു. ഫലത്തിൽ 1,00,000/- രൂപ ഹരിയാലി പദ്ധതി തുകയിൽ നിന്ന് നഷ്ടപ്പെട്ട അവസ്ഥയാണ്. ഹരിയാലി പദ്ധതിയിലേയ്ക്കുള്ള വിഹിതം പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഇല്ലാതെ തന്നെ ഒരു ബാങ്കിൽ നിന്ന് പിൻവലിച്ച് മറ്റൊരു ബാങ്കിൽ അക്കൗണ്ടിൽ വരുത്താതെ നിലനിർത്തിയിരിക്കുന്നത് ക്രമവിരുദ്ധമായ നടപടിയാണ്.<br>ഇടമൺ സർവ്വീസ്. സഹകരണ ബാങ്കിലുള്ള അക്കൗണ്ടിൽ 24.03.2009 -ൽ 12,415/- രൂപ പലിശ ഇനത്തിൽ ക്രെഡിറ്റ് ചെയ്തിരുന്നു.<br>ടി തുക 16.06.2009 -ൽ കൃഷി ഓഫീസർ പിൻ വലിക്കുകയുണ്ടായി. നാളിതുവരെ തുക ടിയാൻ തിരിച്ച് അടച്ചിട്ടില്ല.<br>ടി തുക 18% പലിശ സഹിതം ടിയാനിൽനിന്ന് | |

ഈടാക്കേണ്ടതും, അനധികൃതമായി സർക്കാർ പണം പിൻവലിച്ച് സ്വകാര്യ ആവശ്യത്തിന് വിനിയോഗിച്ചതിന് വകുപ്പ്തല നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പണ ദുർവിനിയോഗം ശ്രദ്ധയിൽപ്പെട്ടപ്പോൾ തുക തിരിച്ചടയ്ക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഇടമൺ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 23.11.2010 -ൽ 2,78,148/- രൂപ പിൻവലിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെയും, പ്രസിഡന്റിന്റെയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ തിരിച്ചു നൽകിയിരിക്കുന്നു.

ഹരിയാലി പദ്ധതി നടത്തിപ്പിനായി കൃഷി ഓഫീസർക്ക് നൽകിയിരുന്ന തുകയുടെ വിനിയോഗം താഴെ പറയുന്നു.

| | |
|---|---|
| ഹരിയാലി പദ്ധതി പ്രകാരമുള്ള വരവ് | 5,00,000.00 (ഉറുകുന്ന് സഹകരണ ബാങ്കിൽ ക്രെഡിറ്റ് ചെയ്തത്) |
| പലിശ ക്രെഡിറ്റ് ചെയ്തത് | |
| 1. 24.03.09 12,415.00 | |
| 2. 08.10.09 9,151.00 | |
| 3. 31.03.10 6,626.00 | |
| 4. 01.10.10 6,784.00 | 34,976.00 |
| ആകെ വരവ് | 5,34,976.00 |
| ആകെ ചെലവ് | 1,89,413.00 (ഉറുകുന്ന് സഹകരണ ബാങ്കിൽ നിന്നും ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക ഉൾപ്പെടെ) |
| നീക്കി ബാക്കി | 3,45,563.00 |

| | |
|---|---|
| പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ച തുക | 2,78,148.00 |
| വ്യത്യാസം | 67,415.00 |

ഈ തുകയിൽ ഉറുകുന്ന് ബാങ്കിൽ നിന്ന് ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക 42,500/- രൂപ ആണെന്ന് കണക്കാക്കിയാൽ 1,00,000/- രൂപയിൽ ബാക്കിയുള്ള തുക 57,500/- ആണെന്ന് കാണുന്നു. 9,915/- രൂപയുടെ വ്യത്യാസം വ്യക്തമല്ല.

ഈ പദ്ധതിയുടെ ക്യാഷ് ബുക്ക് ശരിയായ വിധത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ, പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. കൃഷി ഓഫീസർ വഴി നടപ്പിലാക്കിയ പദ്ധതിയിലെ പ്രധാന ക്രമക്കേടുകൾ താഴെ പറയുന്നു.

1. ഒരേ സമയം രണ്ട് അക്കൗണ്ടുകൾ വഴി പണമിടപാട് നടത്തി. ഇടമൺ കോ-ഓപ്പറേറ്റീവ് ബാങ്കിൽ ക്രെഡിറ്റ് വന്ന പലിശ ഇനത്തിലുള്ള 12,415/- രൂപ കൃഷിഓഫീസർ പിൻ വലിച്ച് പണാപഹരണം നടത്തി.
2. ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ച 1,00,000/- രൂപയിൽ 57,500/- രൂപ തിരികെ ലഭിച്ചിട്ടില്ല. തുക ഏത് അക്കൗണ്ടിൽ ആണ് ക്രെഡിറ്റ് ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഒന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
3. 04.03.2006 -ലെ ഗ്രാമവികസന കമ്മീഷണറുടെ ഉത്തരവിൽ മണ്ണ് സംരക്ഷണം, നൂതന കാർഷിക വിളകളുടെ പ്രചരണം എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഹരിയാലി പദ്ധതിവഴി

| | | | | |
|---|---|---|---|---|
| | | | നടപ്പാക്കുവാൻ ആണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ ആട് വളർത്തൽ, മുട്ടക്കോഴി വളർത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി പണം ദുർവിനിയോഗം നടത്തിയിരിക്കുന്നു. വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ട് ഉപയോഗിച്ച് ടി പദ്ധതികൾ ടി കാലയളവിൽ നടപ്പിലാക്കിയിട്ടുള്ളതിനാൽ , കൃഷി ഓഫീസർ വഴി ഹരിയാലിയ്ക്ക് അനുവദിച്ച തുക പാഴാക്കിയതിന് വിശദീകരണം ആവശ്യമാണ്.<br>ദീർഘവീക്ഷണമില്ലാതെ ഹരിയാലി പദ്ധതിയ്ക്ക് അനുവദിച്ച തുക ചെലവഴിക്കുകയും, പണാപഹരണം നടത്തുകയും ചെയ്ത കൃഷി ഓഫീസർക്ക് എതിരെ അന്വേഷണം നടത്തുന്നതിനും, നഷ്ടം വന്ന തുക ഈടാക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര നടപടികൾ ആവശ്യമാണ്. ഉറുകുന്ന് സഹകരണ ബാങ്കിൽ നിന്ന് 57,000/- രൂപ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം, തുക നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.<br>**<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ.</u>**<br>ശ്രീ. ഡാനിയൽ മാത്യൂ, (കൃഷി ഓഫീസർ, കൃഷി ഭവൻ, കട്ടപ്പന, ഇടുക്കി ജില്ല), . എബൻ -ഏസർ, നെല്ലിപ്പള്ളി പി.ഒ., പുനലൂർ). | |

"ഭരണഭാഷ മാതൃഭാഷ"

നം. എൽഎഫ്ക്യു. പി 7/1116/13.

ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ
ഡെപ്യൂട്ടി ഡയറക്ടറുടെ ജില്ലാ കാര്യാലയം, കൊല്ലം.
Ph. No. 0474 2740141
email : dydrhglfq@gmail.com
തീയതി : 02.09.2013.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ലോക്കൽ ഫണ്ട് ഓഡിറ്റ്, ജില്ലാ ഓഫീസ്, കൊല്ലം.

ഡയറക്ടർ,
ലോക്കൽ ഫണ്ട് ഓഡിറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം

സർ,

വിഷയം :- തെന്മല ഗ്രാമപഞ്ചായത്ത് 2003-04, 2005-06 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - - പ്രാദേശിക പരിശോധന റിപ്പോർട്ട് സംബന്ധിച്ച്:-

സൂചന :
1. ഈ ഓഫീസിലെ എൽ.എഫ്.ക്യൂ.പി.4/1204/08 തീയതി 12.05.09-ാം ഓഡിറ്റ് റിപ്പോർട്ട്.
2. ഈ ഓഫീസിലെ എൽ.എഫ്.ക്യൂ.പി.4/1106/09 തീയതി 31.05.2010-ാം നം. ഓഡിറ്റ് റിപ്പോർട്ട്.
3. തെന്മല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.07.2013-ലെ റ്റി./5651/2010-ാം നം. കത്ത്.

സൂചന 3 പ്രകാരം സെക്രട്ടറി നൽകിയ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2003-04, 05-06 വർഷങ്ങളിലെ യഥാക്രമം 3:7 (ബി), 3:13 എന്നീ ഖണ്ഡികകളിലെ പരാമർശങ്ങൾക്കുള്ള മറുപടി പ്രാദേശിക പരിശോധനയ്ക്ക് വിധേയമാക്കി, താഴെപ്പറയും വിധം റിപ്പോർട്ടു ചെയ്തുകൊള്ളുന്നു.

| ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള പരാമർശം | പ്രാദേശിക പരിശോധന റിപ്പോർട്ട് |
|---|---|
| 1. **<u>ആഡിറ്റ് റിപ്പോർട്ട് 2003-04, ഖ:3:7 (ബി) കുരിശുമല-അടിവാരം റോഡ് പുനരുദ്ധാരണം.</u>** എസ്.ജി.ആർ.വൈ.-സ്പെഷ്യൽ കംപോണന്റ് പ്രോഗ്രാം വഴി | ടി പ്രവൃത്തിക്ക് 448450/-രൂപയുടെ മൂല്യനിർണ്ണയം നടത്തിയിട്ടുള്ളതായി അളവു പുസ്തകം (നം.IV/2002), ബന്ധപ്പെട്ട രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. |

| | |
|---|---|
| നടപ്പിലാക്കാനുദ്ദേശിച്ച ടി പ്രവൃത്തിക്ക് 66000 കി.ഗ്രാം അരി വിഹിതം കൺവീനർക്ക് മുൻകൂറായി അനുവദിച്ചിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ 66000 കി.ഗ്രാം അരിയുടെ മാർക്കറ്റ് വിലയായ 897600/-രൂപ (66,000 x 13.60), കൺവീനറിൽ നിന്ന് റവന്യൂ റിക്കവറി വഴി ഈടാക്കണം. | 14.09.2009-ൽ പ്രവൃത്തിയുടെ അളവെടുത്തത് അളവു പുസ്തകത്തിൽ രേഖപ്പെടുത്തി കാണുന്നു. അസി. എഞ്ചിനീയർ, സി.ആർ.ഡി.എ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ഒപ്പുവെച്ചിട്ടുണ്ട്. നിർദ്ദിഷ്ട റോഡ്, എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയറുടെ സാങ്കേതിക സഹായത്തോടെ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ടി പ്രവൃത്തിയുടെ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന റോഡ് കോൺക്രീറ്റ്, ഓട നിർമ്മാണം, സൈഡ് കെട്ട് എന്നിവ സൈറ്റ് പരിശോധന റിപ്പോർട്ടു പ്രകാരമുള്ള അളവുമായി നേരിയ തോതിലുള്ള വ്യതിയാനം മാത്രമെയുള്ളു. കൺവീനർ വഴി നടപ്പാക്കിയ പ്രവൃത്തിയുടെ അളവു പുസ്തകവും, ബന്ധപ്പെട്ട രേഖകളും ഓഡിറ്റിന് ഹാജരാക്കാൻ അധികൃതർക്ക് കഴിയാത്തതിനാലാണ് പരാമർശം ഉൾക്കൊള്ളിക്കേണ്ടിവന്നിട്ടുള്ളതെന്ന് കാണുന്നു. കുരിശുമല അടിവാരം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 544585/-രൂപ ചെലവഴിച്ചതിന്റെ ബിൽ/വൗച്ചർ, പ്രാദേശിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൺവീനർക്ക് അനുവദിച്ച 66000 കി.ഗ്രാം അരിയുടെ വില 6.20/-രൂപ നിരക്കിൽ 409200/-രൂപയാണ്. |
| 2. **<u>ആഡിറ്റ് റിപ്പോർട്ട് 2005-06, ഖ.3-13 ഗാന്ധി ജംഗ്ഷൻ-ഏലാ റോഡ് പുനരുദ്ധാരണം.</u>** 2003-04 വർഷത്തെ എസ്.ജി.ആർ. വൈ. പദ്ധതിയിലുൾപ്പെടുത്തിയ ടി | ഗാന്ധി ജംഗ്ഷൻ -ഏലാറോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ 2005-06 വർഷത്തെ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നില്ല. അളവു പുസ്തകം, ചെലവു സംബന്ധിച്ച വൗച്ചറുകൾ, മസ്റ്റർ റോൾ തുടങ്ങിയ രേഖകൾ പ്രാദേശിക പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു. ടി |

<table>
<tr>
<td>പ്രവൃത്തിക്ക് 7 ലക്ഷം രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിരുന്നു. ഗുണഭോക്തൃ കമ്മിറ്റി കൺവീനറായ ശ്രീ. വർഗ്ഗീസ് തോമസിന് 50,000/-രൂപയും, 40 ടൺ അരിയും അനുവദിച്ചുവെങ്കിലും പ്രവൃത്തി പൂർത്തിയാക്കിയില്ല. ആയതിനാൽ 40,000 കി.ഗ്രാം അരിയുടെ മാർക്കറ്റ് വിലയായ 544000/-രൂപയും, മുൻകൂറായി അനുവദിച്ച<br>50,000/-രൂപയുമുൾപ്പടെ, ആകെ 594000/-രൂപ പിഴപ്പലിശ സഹിതം ഈടാക്കണം.</td>
<td>പ്രവൃത്തിക്ക് 513216/-രൂപയുടെ മൂല്യ നിർണ്ണയം നടത്തി, അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്, (അളവു പുസ്തകം, IV/2002)648220/-രൂപയുടെ. വൗച്ചറുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. 29.06.09-ൽ പ്രവൃത്തിയുടെ മെഷർമെന്റ് നടത്തിയിട്ടുള്ളതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്, അസി. എഞ്ചിനീയർ, അഞ്ചൽ ബ്ലോക്ക് മെഷർമെന്റ് നടത്തിയതായും, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തതായും കാണുന്നു. ടി പ്രവൃത്തിയുടെ കൺവീനർക്ക് അനുവദിച്ച 40000 കി.ഗ്രാം. അരിയുടെ വിലയായ 248000/-രൂപയും (40,000 x 6.20), മുൻകൂർ തുക 50,000/-രൂപയും ഉൾപ്പടെ ആകെ 298000/-രൂപ മാത്രമെ എസ്.ജി.ആർ.വൈ. ഫണ്ടിൽ ചെലവ് വന്നിട്ടുള്ളൂ എന്ന് വ്യക്തമാകുന്നു. എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയറുടെ സഹായത്തോടെ ടി പ്രവൃത്തി സ്പോട്ട് വെരിഫിക്കേഷൻ നടത്തിയപ്പോൾ, അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വിവിധ ഇനങ്ങളുടെ അളവുകളും, യഥാർത്ഥ അളവുകളും താഴെപ്പറയും വിധത്തിലാണെന്ന് കാണുന്നു.
<table>
<tr><th></th><th>അളവ് പുസ്തക പ്രകാരം</th><th>സ്പോട്ട് പരിശോധന പ്രകാരം</th></tr>
<tr><td>1.റോഡ് കോൺക്രീറ്റ്</td><td>204.20 മീ.</td><td>212.20 മീ.</td></tr>
<tr><td>2.ഡി.ആർ.മേസണറി</td><td>129.10മീ.</td><td>122.60 മീ.</td></tr>
<tr><td>3.റാമ്പ്</td><td>9.40മീ.</td><td>9.30മീ.</td></tr>
</table>
</td>
</tr>
</table>

| | |
|---|---|
| | പ്രാദേശിക പരിശോധനയുടെ ഭാഗമായി നടത്ത് സ്പോട്ട് പരിശോധനയിൽ പ്രവൃത്ത് നടപ്പാക്കിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.<br><br>ടി ഖണ്ഡിക പ്രകാരമുള്ള പരാമർശം സമാഹൃത റിപ്പോർട്ട് 2010-11 ഖ.5-2-6(1) നമ്പരായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന വിവരം കൂടി അറിയിക്കുന്നു. |

ടി പ്രവൃത്തികളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. ഗുണഭോക്തൃ സമിതി കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിച്ചതായി രേഖകളില്ല.

2. ഗുണഭോക്തൃ സമിതി, പ്രവൃത്തിയുടെ പുരോഗതി ഓരോ ഘട്ടത്തിലും, വിലയിരുത്തി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

3. 2003-04, 05-06 വർഷങ്ങളിൽ ആരംഭിച്ച പ്രവൃത്തികൾ 2009 വരെ നീണ്ടു പോയതായി, അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകളിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ സമയബന്ധിതമായി തയ്യാറാക്കി, ബന്ധപ്പെട്ട ഫയലുകൾക്കൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കാൻ അധികൃതർ ശ്രദ്ധിച്ചിട്ടില്ല. ആയതിനാൽ 03-04, 05-06 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ തുക തിരികെ ഈടാക്കാൻ നിർദ്ദേശിക്കുകയുണ്ടായി.

2003-04 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖ-3-7 (ബി) യായി ഉൾപ്പെടുത്തിയിരുന്ന ഖണ്ഡികയിലെ നഷ്ടം ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി ആരംഭിച്ചിരുന്നുവെങ്കിലും ടിയാന്റെ പേരിൽ ഇടമൺ വില്ലേജിൽ സ്ഥാവര ജംഗമ സ്വത്തുക്കളില്ല എന്നും നിലവിലെ മേൽവിലാസം അറിയാൻ കഴിയാത്തതുമാണെന്ന റിപ്പോർട്ടോടുകൂടി പത്തനാപുരം തഹസിൽദാർ 13.09.2012-ലെ സി3-5999/12/സി3 8000/12

കത്ത് പ്രകാരം ജില്ലാ കളക്ടറെ അറിയിച്ചതായി രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രാദേശിക പരിശോധനയിൽ ഖണ്ഡികയിലെ പരാമർശപ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.

2005-06 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖ3-13 പ്രകാരമുള്ള ഗാന്ധി ജംഗ്ഷൻ-ഏലാറോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയും പൂർത്തീകരിച്ചതായി സ്പോട്ട് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ ഖണ്ഡിക 2010-11 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഖ-5-2-6(1) ആയി ഉൾപ്പെടുത്തിയിരുന്നതും ആയത് നിയമസഭാസമിതിയുടെ പരിഗണനയിലുമാണ്.

മേൽ പറഞ്ഞ രണ്ട് പ്രവൃത്തികളും പൂർത്തീകരിച്ചതായി സ്പോട്ട് പരിശോധനയിൽ ബോധ്യപ്പെട്ടു. വിവരം മേൽ നടപടികൾക്കായി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ലോക്കൽ ഫണ്ട് ഓഡിറ്റ്, ജില്ലാ ഓഫീസ്, കൊല്ലം.

പകർപ്പ്

1. സെക്രട്ടറി, തെന്മല ഗ്രാമ പഞ്ചായത്ത്.
2. ഓഫീസ് കോപ്പി.

ആർ.എൽ.എസ്. 2.9.13

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടി വിശദീകരണ പത്രിക (Action Taken Report)

| ക്രമ നം | ഗ്രാമപഞ്ചായത്തിന്റെ പേര് | റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ. | സമിതിയുടെ നിഗമനങ്ങൾ / ശുപാർശകൾ | നിഗമനങ്ങൾ / ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1. | കടയ്ക്കൽ | 5.2.7 (1) | <u>ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ വാങ്ങി 89,727/- രൂപ പാഴ്ചെലവ്.</u><br>പരിശീലകൻ ഇല്ലാത്തതിനാൽ ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ നശിക്കുന്നു.<br>മുൻകൂർ നൽകിയ 1,25,000/- രൂപ ക്രമീകരിച്ചില്ല.<br>2007-08 -ലെ ജനകീയാസൂത്രണ പദ്ധതിയിൽ പെടുത്തി 'വനിതകൾക്ക് ബാന്റ് ഗ്രൂപ്പ് പരിശീലനവും സാധനം വാങ്ങലും' എന്ന പദ്ധതിയ്ക്കായി 89727/- രൂപ ചെലവഴിച്ച് വാങ്ങിയ ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ നാളിതുവരെ ഉപയോഗപ്പെടുത്തി-യതായി കാണുന്നില്ല.<br>പഞ്ചായത്തിലെ 35 വയസ്സിനു താഴെ പ്രായമുള്ള 30 വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 1,50,000/- രൂപ അടങ്കൽ തുകയുള്ള എസ്.ഒ. 14/08 എന്ന പദ്ധതിയ്ക്കായി 27.03.08 -ൽ എറണാകുളത്തെ മാനുവൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും 89727/- രൂപയുടെ ബാന്റ്ഗ്രൂപ്പ് സാധനങ്ങൾ വാങ്ങിയിട്ടുണ്ട് (ചെക്ക് നമ്പർ 189283 തീയതി 31.03.2008).<br>ബാന്റ് ഗ്രൂപ്പ് സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചിരുന്നുവെങ്കിലും എറണാകുളത്തെ മാനുവൽ ഇൻഡസ്ട്രീസ് മാത്രമാണ് ക്വട്ടേഷൻ | 2007-08 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്ക് ബാന്റ് ഗ്രൂപ്പ് പരിശീലനവും സാധനം വാങ്ങലും" എന്ന പദ്ധതിയ്ക്കായി വകയിരുത്തിയ 1,25,000/- രൂപായിൽ നിന്നും 89727/- രൂപ ചിലവഴിച്ച് ബാന്റ് സെറ്റ് ഉപകരണങ്ങൾ 2008 മാർച്ച് മാസം 31-ാം തീയതി വാങ്ങി പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുകയുണ്ടായി. എന്നാൽ ടി ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നില്ല. 11.03.08-ലെ VI-ാം നമ്പർ തീരുമാനപ്രകാരം വനിതകൾക്ക് ബാന്റ് ഗ്രൂപ്പ് പരിശീലനവും സാധനം വാങ്ങലും എന്ന പ്രോജക്ടിന് മതിയായ ക്വട്ടേഷൻ ലഭിക്കാത്ത സാഹചര്യത്തിൽ പുനഃ ക്വട്ടേഷൻ ക്ഷണിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.<br>25.03.2008 -ലെ XXV-ാം നമ്പർ തീരുമാന പ്രകാരം എറണാകുളം ബാനർജി റോഡിൽ മാന്വൽ ഇൻഡസ്ട്രീസിന്റെ ക്വട്ടേഷൻ അംഗീകരിച്ച് സാധനങ്ങൾ വാങ്ങുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരമാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.<br>എന്നാൽ 2013-14 വർഷത്തെപ്രോജക്ട് നമ്പർ 91 പ്രകാരം കുടുംബശ്രീ അംഗങ്ങൾക്ക് ബാന്റ് |

| | | | | |
|---|---|---|---|---|
| | | | നൽകിയിട്ടുള്ളതായി കാണുന്നത്. സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾ പാലിക്കാതെ മാനുവൽ ഇൻഡസ്ട്രീസിൽ നിന്നും സാധനങ്ങൾ വാങ്ങിയത് ഗൗരവമായി ഓഡിറ്റ് കാണുന്നു.<br>പദ്ധതിയിൽ വിഭാവന ചെയ്തിരുന്നതുപോലെ ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് പരിശീലനം നൽകുന്നതിന് പരിശീലകനെ കണ്ടെത്തുന്നതിനോ ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നതിനോ നാളിതുവരെ യാതൊരു നടപടിയും കൈക്കൊണ്ടിട്ടുള്ളതായി കാണുന്നില്ല.<br>പരിശീലനം നൽകുന്നതിനായി വാങ്ങിയ ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ വേണ്ട രീതിയിൽ പരിപാലിക്കാത്തതിനാൽ ഉപകരണങ്ങളിൽ പലതും ഉപയോഗ ശൂന്യമായ നിലയിലാണെന്ന് 21.12.2010 -ൽ നടത്തിയ ഓഡിറ്റ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.<br>പദ്ധതിയ്ക്കായി 31.03.2008 -ൽ പ്ലാൻ ഫണ്ടിൽ നിന്നും ബിൽ നമ്പർ 40/2007 -08 പ്രകാരം പിൻവലിച്ച 1,25,000/- രൂപയിൽ 89,727/- രൂപ വിനിയോഗിച്ചിട്ടുണ്ടെങ്കിലും അവശേഷിക്കുന്ന 35,273/- രൂപ നാളിതുവരെ ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ ഒടുക്കു വരുത്തിയിട്ടില്ല. ഈ തുക നാളിതുവരെയുള്ള പിഴപലിശ സഹിതം അടിയന്തിരമായി ഒടുക്കു വരുത്തി രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.<br>പരിശീലകനെ കണ്ടെത്താനായില്ല എന്ന കാരണം പറഞ്ഞ് 2008-09 വർഷത്തിൽ സ്പിൽ ഓവർ ആയി ഈ പദ്ധതി (3/2008-09) ഉൾപ്പെടുത്തിയതായും 25000/- രൂപ തനതുഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുള്ളതായും കാണുന്നു. ശരിയായ ആസൂത്രണമില്ലാതെ പദ്ധതി ആവിഷ്കരിച്ചതിനാലും സ്റ്റോർ പർച്ചേസ് മാനുവൽ പാലിക്കാതെ ബാന്റ് ഗ്രൂപ്പ് | പരിശീലനം നൽകുക വഴി തൊഴിലും വരുമാന വർദ്ധനവും ലക്ഷ്യമിട്ടുകൊണ്ട് 'വനിത ബാന്റ് ട്രൂപ്പ്' എന്ന പദ്ധതി അംഗീകരിച്ചിട്ടുണ്ട്. 2007-08 വർഷത്തിൽ വാങ്ങിയ ടി ഉപകരണങ്ങളാണ് തൻവർഷ പ്രോജക്ടിൽ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. |

| | | | | |
|---|---|---|---|---|
| | | | ഉപകരണങ്ങൾ വാങ്ങിയതിനാലും വാങ്ങിയ സാധനങ്ങൾ ശ്രദ്ധയില്ലാതെ സൂക്ഷിച്ചിരിക്കുന്നതിനാലും ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 89,727/- രൂപ പാഴ്ചെലവായികണ്ട് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.<br>**<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ.</u>**<br>ശ്രീ. എസ്. ലെനീന്ദ്രൻ (സെക്രട്ടറി, പീരുമേട് ഗ്രാമ പഞ്ചായത്ത്, ഇടുക്കി ജില്ല),<br>അഭയം ആൽത്തറ മൂട്, കടയ്ക്കൽ). | |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010–11) യുടെ റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടി വിശദീകരണ പത്രിക (Action Taken Report)

| ക്രമ നം | ഗ്രാമപഞ്ചായത്തിന്റെ പേര് | റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ. | സമിതിയുടെ നിഗമനങ്ങൾ / ശുപാർശകൾ | നിഗമനങ്ങൾ / ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1. | വെട്ടിക്കവല | 5.4.2 (1) | **<u>ഗവണ്മെന്റ് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി '9' എസ്. ജി. ആർ. വൈ പ്രവൃത്തികൾക്ക് 31.03.2008 –ൽ അഡ്വാൻസ് നൽകി.</u>**<br>ഗ്രാമ വികസന കമ്മീഷണറുടെ 12.12.2007–ലെ 25442/ജെ. ആർ.വൈ. 3/07 ഉത്തരവ് പ്രകാരം എസ്. ജി. ആർ. വൈ പദ്ധതിയിൽ ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്ന എല്ലാ പ്രവൃത്തികളും 2008 മാർച്ച് 31 –നകം നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. സ്പിൽ ഓവർ പ്രവൃത്തികളുടെ ഉത്തരവാദിത്തം സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനമോ ഏറ്റെടുക്കുന്നതല്ല. ഈ വസ്തുത ബന്ധപ്പെട്ട ഗുണഭോക്തൃ സമിതി കൺവീനർമാരെ രേഖാമൂലം അറിയിക്കേണ്ടതാണ്. 2008 ഏപ്രിൽ 1–ാം തീയതി മുതൽ ദേശീയ തൊഴിലുറപ്പ് പദ്ധതി നിലവിൽ വരുന്ന സാഹചര്യത്തിൽ ഈ നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണെന്നും ഉത്തരവിൽ വ്യക്തമാക്കി യിരിക്കുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെ 31.03.2008 –ൽ താഴെകൊടുത്തിരിക്കുന്ന എസ്. ജി. ആർ. വൈ. പ്രവൃത്തികൾക്ക് മുൻകൂർ നൽകിയിരിക്കുന്നു. | 31.03.2008 നകം പദ്ധതികൾ പൂർത്തിയാക്കണം എന്ന നിർദ്ദേശം സഹിതം ഡി.ആർ.ഡി.എ പ്രോജക്ട് ആഫീസർ 17.03.2008 ലെ എ1-933/08 നമ്പർ കത്ത് പ്രകാരം സാങ്കേതിക അനുമതി രേഖകൾ പഞ്ചായത്തിന് നൽകി. തുടർന്ന് ഗുണഭോക്തൃ സമിതികളുമായി കരാർ വച്ചു.<br>തുടർന്ന് 26.03.2008 ലെ കൊല്ലം പി.എ.യു പ്രോജക്ട് ഡയറക്ടറുടെ ഉത്തരവ് പ്രകാരം (ഉത്തരവ് നം.എ1/1760/2007(1)) മേൽ പ്രവർത്തികൾക്കായി 270 ക്വിന്റൽ അരിയും 130 ക്വിന്റൽ ഗോതമ്പും അനുവദിച്ചു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.03.2008 ലെ എ2–53/01 നമ്പർ ഉത്തരവ് പ്രകാരം 31/03/2008 ലെ എഫ്.സി.ഐ യിൽ നിന്നും ധാന്യം കൈപറ്റി ഗുണഭേക്തൃസമിതി കൺവീനർമാർക്ക് നൽകി.<br>31.03.2008 ന് ധനവിഹിതത്തിൽ നിന്നായി 9 പ്രവർത്തികൾക്കും ആഡിറ്റ് പരാമർശത്തിൽ പ്രതിപാദിച്ചിട്ടുള്ള അഡ്വാൻസ് തുകകളും നൽകി<br>5/2008 ൽ 7 പ്രവർത്തികളും 3/2009 ൽ 2 പ്രവർത്തികളും പൂർത്തികരിച്ച് ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുള്ളതാണ്. ഇവയിൽ 7 എണ്ണം പി.എ.യു ജില്ലാ പഞ്ചായത്ത് പ്രോജക്ട് ഡയറക്ടർ അംഗീകരിച്ച് നൽകിയവയാണ്.<br>ഗ്രാമ വികസന കമ്മീഷണറുടെ 12/12/2007 ലെ 25442/ജെ.ആർ.വൈ/3/01 നമ്പർ ഉത്തരവ് പ്രകാരം എസ്.ജി.ആർ വൈ പദ്ധതി പ്രകാരം ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്ന എല്ലാ പ്രവർത്തികളും 2008 |

| ക്രമ നം | പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | മുൻകൂർ നൽകിയ തുക(രു) | ചെക്ക് നം / തീയതി |
|---|---|---|---|---|
| 1. | കുഴിവേലി - കിളിത്തല ഏലാ | ശ്രീ. ശിവരാജൻ | 7500 | 159177/ 31.03.08 |

204

| | | | | |
|---|---|---|---|---|
| | റോഡ് | | | |
| 2. | മടത്തിയറ - വേങ്ങാട്ടുകുളം റോഡ് | ശ്രീ. ഫൽഗുനൻ | 21000 | 159178/ 31.03.08 |
| 3. | കോട്ടവട്ടം - വാതിൽത്തറ റോഡ് | ശ്രീ. ദേവരാജൻ | 13000 | 159179/ 31.03.08 |
| 4. | പള്ളിമുക്ക് - കായ്ക്കാനഴികം റോഡ് | ശ്രീ. ഷിഹാബ് | 20000 | 159180/ 31.03.08 |
| 5. | തെങ്ങിൻകോട് ഏലാ റോഡ് | ശ്രീ. അബ്ദുൾ റഹീം. | 17500 | 684061 / 31.03.08 |
| 6. | വെട്ടിക്കവല - പുളിമൂട്ടിൽ റോഡ് | ശ്രീ. വിക്രമൻ | 24000 | 68406/ 31.03.08 |
| 7. | കോട്ടൂർ - ഏലാ റോഡ് | ശ്രീ. രാജു | 20000 | 684063/ 31.03.08 |
| 8. | പാലമുക്ക് - കോളനി റോഡ് | ശ്രീ. ആർ മോഹനൻ | 20000 | 684064/ 31.03.08 |
| 9. | ഇരന്നൂർ ഏലാ റോഡ് | ശ്രീ. രാജശേഖരൻ നായർ | 15500 | 684065/ 31.03.08 |

ഗവൺമെന്റ് നിർദ്ദേശം ലംഘിച്ച് സാമ്പത്തിക വർഷത്തിന്റെ അവസാനം മുൻകൂർ നൽകിയത് സംബന്ധിച്ച് വകുപ്പു തല അന്വേഷണത്തിന് ആഡിറ്റ് ശുപാർശ ചെയ്യുന്നു.

**ഉത്തരവാദിയായ ഉദ്യോഗസ്ഥൻ.**

ശ്രീ. ആർ. ബാബുകുമാർ (ജൂനിയർ സൂപ്രണ്ട്, കടമ്പനാട് ഗ്രാമ പഞ്ചായത്ത്, പത്തനം തിട്ട ജില്ല.) കുന്നത്ത് വീട് (ഗൗരീശം), പടിഞ്ഞാറ്റിൻകര, കൊട്ടാരക്കര പി.ഒ).

മാർച്ച് 31 നകം നിർബന്ധമായും പൂർത്തികരിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇങ്ങനെ നിർദ്ദേശമുള്ളപ്പോഴാണ് കൊല്ലം ഡി.ആർ.ഡി.എ പ്രോജക്ട് ആഫീസർ 9 വർക്കുകൾക്ക് റ്റി. എസ് നൽകി 17/03/2008 ന് അറിയിപ്പ് നൽകിയത് 26/03/2008 ധാന്യം അനുവദിച്ച് നൽകിയതും.

ടി സാഹചര്യത്തിലാണ് അന്നത്തെ സെക്രട്ടറി ടി പ്രവർത്തികൾക്ക് അഡ്വാൻസ് നൽകിയത്. പ്രസിഡന്റിന്റെ കൂടെ പേരിലുള്ള അക്കൗണ്ടിൽ നിന്നാണ് അഡ്വാൻസ് തുക നൽകിയിട്ടുള്ളത്. 2007 -08 സാമ്പത്തിക വർഷം അവസാനിക്കാൻ ഏതാനും ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ ഡി.ആർ.ഡി.എ നൽകിയ ഉത്തരവുകളുടെ / അനുമതികളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സമിതിയുടെ അറിവോടെയും നിർദ്ദേശാനുസരണവുമാണ് ധനവിഹിതവും ധാന്യവിഹിതവും 31.03.2008 ന് ഗുണഭോക്തൃസമിതികൾക്ക് നൽകിയിട്ടുള്ളത്.

ഇപ്രകാരം മുൻകൂർ നൽകിയ 9 പ്രവർത്തികളും പൂർത്തീകരിച്ച് 7 ബില്ലുകൾ ജില്ലാ പഞ്ചായത്ത് പോവർട്ടി അലിവിയേഷൻ യൂണിറ്റ് പ്രോജക്ട് ഡയറ്ടറുടെയും 2 ബില്ലുകൾ ഡി.പി.സി യുടെയും അംഗീകാരത്തോടെ തുക നൽകിയിട്ടുള്ളതാണ്.

ടി വിഷയം 22.04.2014 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും ആഡിറ്റിൽ പരാമർശിക്കപ്പെട്ട 9 പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്ന വിവരം കമ്മിറ്റിയ്ക്ക് ബോധ്യപ്പെട്ടിട്ടുള്ളതാകുന്നു. മുൻക്കൂർ നൽകിയതുമൂലം ഗ്രാമപഞ്ചായത്തിനോ സർക്കാരിനോ സാമ്പത്തിക നഷ്ടം ഒന്നും തന്നെ ഉണ്ടായിട്ടുള്ളതല്ലെന്നും കാരണത്താൽ ടി പരാമർശം ഒഴിവാക്കിതരണണെന്ന് 22/04/2014 ലെ കകക (2)-ാം നമ്പർ തീരുമാനപ്രകാരം അഭ്യർത്ഥിച്ചു തീരുമാനിച്ചു.

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടി വിശദീകരണ പത്രിക (Action Taken Report)**

| ക്രമ നം | ഗ്രാമപഞ്ചായത്തിന്റെ പേര് | റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ. | സമിതിയുടെ നിഗമനങ്ങൾ / ശുപാർശകൾ | നിഗമനങ്ങൾ / ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1. | എഴുകോൺ | 5.4.3 (1) | <u>ലക്ഷം വീട് ഒറ്റ വീടാക്കൽ പദ്ധതി സബ്സിഡി മാർഗ്ഗരേഖകൾ ലംഘിച്ച് ചെലവ്.</u><br><br>• രണ്ട് ഭവനനിർമ്മാണ പദ്ധതികൾക്ക് ഒരേ ഗുണഭോക്താക്കൾ.<br>• സബ്സിഡി മാനദണ്ഡങ്ങൾ മറികടന്ന് തുക അനുവദിച്ചു.<br>2007 -08 സാമ്പത്തിക വർഷം ലക്ഷം വീട് ഒറ്റ വീടാക്കൽ (പട്ടിക ജാതി വിഭാഗം) പദ്ധതി നടപ്പാക്കുന്നതിന് എസ്. ഒ. 72/08 എസ്. 109/07/08 എന്നീ പദ്ധതികൾക്ക് യഥാക്രമം 5,00,000/-, രൂപയും 4,95,000/- രൂപയും അടങ്കൽ തുക വകയിരുത്തി 29.02.08 -ലെ 483/07. ഡി.പി.സി /ഡി.പി.ഓ, ഉത്തരവ് പ്രകാരം, അംഗീകരിച്ചിരുന്നു. എസ്.ഒ. 72/08 എന്ന പദ്ധതിയിൽ 10 ഗുണഭോക്താക്കൾക്ക് 50,000/- രൂപ വീതം 5,00,000/- രൂപയും എസ്.ഒ. 9/07-08 പദ്ധതിയ്ക്കായി 9 ഗുണഭോക്താക്കൾക്ക് 55,000/- രൂപ വീതം 4,95,000/- രൂപയും അടങ്കൽ വകയിരുത്തി പ്രോജക്ട് അംഗീകരിച്ചു നൽകിയിട്ടുണ്ട്. എസ്. ഒ, 72/08 പ്രോജക്ടിന്റെ ധനകാര്യവിശകലനം പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ വികസന ഫണ്ട് വിഹിതം 184500 (18750 X 10) രൂപയും ബ്ലോക്ക് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും യഥാക്രമം 31,250/- രൂപ | എഴുകോൺ ഗ്രാമ പഞ്ചായത്തിലെ 2007-08 -ലെ ജനകീയാസൂത്രണം പദ്ധതിയിൽ ലക്ഷം വീട് ഒറ്റവീടാക്കൽ (പട്ടികജാതി വിഭാഗം) പദ്ധതി നടപ്പിലാക്കുന്നതിന് എസ്.ഒ.72/2008, എസ് 109/07-08 എന്നീ രണ്ട് പദ്ധതികൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിരുന്നു. പ്രോജക്ട് നമ്പർ എസ്.ഒ72/08 പ്രകാരം 9 ഗുണഭോക്താക്കൾക്കായി 15,000/- രൂപ വീതവും എസ് 109/2007-08 -ൽ നിന്നും 21,875/- രൂപ വീതവും ഉൾപ്പടെ ഓരോരുത്തർക്കായി 36,875/- രൂപ നൽകിയിരുന്നു. എന്നാൽ സബ്സിഡി മാനദണ്ഡ പ്രകാരം 26.11.2004 -ലെ സ.ഉ.(എം.എസ്)57/2004 ഉത്തരവ് പ്രകാരം 20,000/- രൂപയാണ് ഒരാൾക്ക് സബ്സിഡി തുകയായി നൽകാവുന്നത് എന്നാൽ ഒരു ഗുണഭോക്താവിന് 16,875/- രൂപ നിരക്കിൽ 9 ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ 1,51,875/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. -ൽ നിന്നും ഈടാക്കുന്നതിനായി 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം നിർദ്ദേശിച്ചിരുന്നു. പട്ടിക ജാതി വിഭാക്കാരായ 9 ഗുണഭോക്താക്കളും എഗ്രിമെന്റ് വെച്ച് വീട് പൊളിച്ച് പുതിയ വീടിന്റെ പണി ആരംഭിച്ച ഘട്ടത്തിൽ ടി സബ്സിഡി തുക കൊണ്ട് |

206

വീതം ആകെ 62,500/- രൂപയും ഭവനനിർമ്മാണ ബോർഡിന്റെ സബ്സിഡി 2,50,000/-, (25000 X 10) രൂപയും ചേർന്നാണ് ആകെ 5,00,000/-രൂപ വകയിരുത്തിയിരുന്നത്. എസ്. 109/07-08 പ്രോജക്ടിന്റെ ധനകാര്യ വിശകലന പ്രകാരം 9 ഗുണഭോക്താക്കൾക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി 21,875/- രൂപ നിരക്കിൽ 1,96,875/- രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 10,000/- രൂപ നിരക്കിൽ90,000/- രൂപയും ഹൗസിംഗ് ബോർഡ് വിഹിതമായി 20,000/- രൂപ നിരക്കിൽ 1,80,000/- രൂപയുമുൾപ്പെടെ 4,95,000/- രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ഈ രണ്ട് പദ്ധതികളുടെയും 9 ഗുണഭോക്താക്കളും ഒരേ വ്യക്തികളാണെന്ന് വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | ബിൽ നം. 9/07-08/ 10.03.08 പ്രോ.നം എസ്. 6. 72/08 ഡിഡി നം / തുക | ബിൽ നം 9/07-08/ 10.03.08 പ്രോ.നം എസ്. 6. 109/08 ഡിഡി നം / തുക | ജില്ലാ / ബ്ലോക്ക് വിഹിതം | ഹൗസിംഗ് ബോർഡ് വിഹിതം |
|---|---|---|---|---|---|
| 1. | നളിനി. ലക്ഷം വീട്, എഴുകോൺ | 397717/ 12.03.08 15000/- | 397761/ 26.3.08 21875/- | 397991/ 22.8.08 13125/- | 55801/ 17.3.09 20000/- |
| 2. | സുശീല. ആർ. ലക്ഷം വീട്, പോച്ചം കോണം | 397716/ 12.03.08 15000/- | 397760/ 26.3.08 21875/- | 397880/ 09.5.08 13125/- | 7393931/ 14.7.08 20000/- |
| 3. | കാർത്യായനി. ലക്ഷം വീട്. | 397715/ 12.03.08 15000/- | 397762/ 26.3.08 21875/- | 397896/ 18.6.08 13125/- | 441588/ 14.11.08 20000/- |
| 4. | പ്രസന്നകുമാരി | 397713/ | 397764/ | 397919/ | 055803/ |

കെട്ടിട പണി പൂർത്തിയാക്കാൻ കഴിയില്ലെന്ന് ഗുണഭോക്താക്കൾ അറിയിക്കുകയും വീട് പണി മുന്നോട്ട് കൊണ്ട് പോകാൻ കഴിയാതെ വരികയും ജനകീയ പ്രക്ഷോഭം ജനകീയ പ്രക്ഷോപം ഉണ്ടാകുമെന്ന സാഹചര്യത്തിലാണ് സബ്സിഡി തുക വർദ്ധിപ്പിക്കുന്നതിനായി എസ്109/07-08 എന്ന പ്രോജക്ടിൽ അധിക തുക ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുള്ളത്. സർക്കാർ പിന്നീട് 18.08.2008 -ലെ സ.ഉ.(എം.എസ്)/226/2008 -ാം നമ്പർ ഉത്തരവു-നുസരിച്ച് സബ്സിഡി തുക ഉയർത്തുകയുണ്ടായി മേൽ സാഹചര്യത്തിൽ സബ്സിഡി തുക അധികമായി നൽകിയതിനുള്ള ആഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് കാണിച്ച് 08.10.2013 -ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 11 -ാം നമ്പർ തീരുമാന പ്രകാരം സർക്കാർ തലത്തിൽ സാധൂകരണം ലഭിക്കുന്നതിനായി 15.10.2013 -ൽ ബഹു സർക്കാരിലേക്ക് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതാണ്. ആയതിലേക്ക് പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പും ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശയും ബഹു. സർക്കാരിന്റെ 18.3.2014 -ലെ 16269/എബി1/14/തസ്വഭവ നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിശദമായ റിപ്പോർട്ട് തയ്യാറാക്കി ജില്ലാ ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശയ്ക്കായി 30.04.2014 -ന് കത്ത് നൽകിയിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

| | | | | | |
|---|---|---|---|---|---|
| | ലക്ഷം വീട് | 12.03.08<br>15000/- | 26.3.08<br>21875/- | 14.7.08<br>13125/- | 17.03.09<br>20000/- |
| 5. | അർജ്ജുനൻ<br>ലക്ഷം വീട് | 397710/<br>12.03.08<br>15000/- | 397768/<br>26.3.08<br>21875/- | 397918/<br>14.7.08<br>13125/- | 055802/<br>17.3.09<br>20000/- |
| 6. | തങ്കമ്മ<br>ലക്ഷം വീട് | 397711/<br>12.03.08<br>15000/- | 397767/<br>26.3.08<br>21875/- | 398044/<br>25.11.08<br>13125/- | 051255/<br>19.1.09<br>20000/- |
| 7. | ചക്കീര<br>ലക്ഷം വീട് | 397771/<br>26.03.08<br>15000/- | 397766/<br>26.3.08<br>21875/- | 397888/<br>30.05.08<br>13125/- | 739390/<br>14.7.08<br>20000/- |
| 8. | രവി<br>ലക്ഷം വീട് | 397712/<br>12.03.08<br>15000/- | 397765/<br>26.3.08<br>21875/- | 397895/<br>18.6.08<br>13125/- | 739389/<br>14.7.08<br>20000/- |
| 9. | കല്യാണി,<br>ലക്ഷം വീട് | 397714/<br>12.03.08<br>15000/- | 397763/<br>26.3.08<br>21875/- | 397881/<br>9.5.08<br>13125/- | 739391/<br>14.7.08<br>20000/- |
| | ആകെ | 135000 | 196875 | 118125 | 180000 |

ആകെ ഗ്രാമ പഞ്ചായത്ത് വിഹിതം : 331875/- (36875 X 9)

ജില്ലാ / ബ്ലോക്ക് വിഹിതം : 118125/- (13125 X 9)

ഹൗസിംഗ് ബോർഡ് വിഹിതം : 180000/- (20000 X 9)

ആകെ ചെലവ് : 630000/-

ഇതിൽ നിന്ന് ഒരേ വ്യക്തികൾക്ക് തന്നെ വ്യത്യസ്ത പ്രോജക്ടുകളിലൂടെ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകിയതായി വ്യക്തമാകുന്നു.

സർക്കാർ ഉത്തരവ് (എം.എസ്) നം.3/2008/ഭവനം/27.3.08 പ്രകാരം ലക്ഷം വീട് നവീകരണ പദ്ധതിയ്ക്കായി ചെലവഴിക്കാവുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ (ത്രിതല പഞ്ചായത്തുകളുടെ) വിഹിതം പൊതു വിഭാഗത്തിന് 12,500/- രൂപയുമായി നിശ്ചയിച്ചിട്ടുണ്ട്. ഈ വിവരങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3 -നുള്ള മറുപടിയിൽ സൂചന ഉത്തരവ് നിലവിൽ വരുന്നതിന് മുമ്പാണ് ബില്ല് മാറി തുക ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിച്ചിരുന്നു. പ്രസ്തുത ഉത്തരവിന് മുമ്പാണ് ബില്ല് മാറി തുക ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിച്ചിരുന്നു. പ്രസ്തുത ഉത്തരവിന് മുമ്പ് പ്രാബല്യത്തിലുള്ള 26.11.04 -ലെ സ.ഉ. (എം.

| | | | | |
|---|---|---|---|---|
| | | | എസ്.) നം. 57/2004 പ്രകാരം പരമാവധി നൽകാവുന്ന ഗ്രാമ പഞ്ചായത്ത് വിഹിതം ജനറൽ, പട്ടികവിഭാഗ വ്യത്യാസമില്ലാതെ ഗ്രാമ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്ന് മാത്രം ഒരേ വ്യക്തിയ്ക്ക് 36,875/- രൂപ (15000 + 21875) വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം വികസനഫണ്ടിൽ നിന്ന് മാനദണ്ഡങ്ങൾ പാലിക്കാതെ ചെലവഴിച്ച 1,51,875/- രൂപ ആഡിറ്റിൽ നിരാകരിക്കുന്നു. 24.7.07 -ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ. (എം. എസ്) 182/07ത. സ്വ.ഭ.വ. ഖണ്ഡിക 2.2 -ൽ സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതൊരു ഇനത്തിനും സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേക സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുമെന്നും അധികം നൽകിയ സബ്സിഡി ഉത്തരവാദികളിൽ നിന്നും നിയമവ്യവസ്ഥയ്ക്ക് വിധേയമായി ഈടാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച് ചെലവഴിച്ച 1,51,875/- രൂപ് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.<br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ.<br>ശ്രീ. എം. ജോർജ്ജ് പണിക്കർ (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ)<br>വെട്ടിക്കവല ബ്ലോക്ക്,<br>അമ്പനാട്ട് ഹൗസ്, കാരുവേലിൽ പി.ഒ. എഴുകോൺ, കൊല്ലം. | |

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ ഏരൂർ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടി വിശദീകരണ പത്രിക (Action Taken Report)

| ക്രമ നം | ഗ്രാമപഞ്ചായത്തിന്റെ പേര് | റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ. | സമിതിയുടെ നിഗമനങ്ങൾ / ശുപാർശകൾ | നിഗമനങ്ങൾ / ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1. | ഏരൂർ | 5.5.1 (1) | <u>വരവിനങ്ങളിൽ നിന്ന് 1.18 ലക്ഷത്തിന്റെ പണാപഹരണം; പെൻഷൻ വിതരണത്തിലും ക്രമക്കേട്.</u><br><u>(സ്പെഷ്യൽ റിപ്പോർട്ട് 2008-09)</u><br>• ക്യാൻസൽ ചെയ്ത രസീതുകളുടെ പകർപ്പുകൾ ക്രമക്കേടിനുപയോഗിച്ചു.<br>• കാർബൺ വെയ്ക്കാതെ എഴുതിയ ചെറിയ തുകയ്ക്കുള്ള രസീതുകളുടെ പകർപ്പുകൾ ഉപയോഗിച്ചും പണാപഹരണം.<br>• ക്രമക്കേട് നടത്താൻ രസീതുകളുടെ നമ്പരും തിരുത്തി.<br>ഏരൂർ ഗ്രാമ പഞ്ചായത്തിലെ 2008-09 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് 12.08.11 വരെയുള്ള രസീതുകളും 2008-09 മുതലുള്ള ഡി.സി.ബി. ഇനങ്ങളുടെ ഒടുക്ക് സംബന്ധിച്ച രസീതുകളും പരിശോധിക്കുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ വ്യാപകമായ ക്രമക്കേടുകളും പണാപഹരണവും കണ്ടെത്തി.<br>കെട്ടിട നികുതി ഒടുക്കിയ കുറഞ്ഞ തുകയ്ക്കുള്ള രസീതുകളുടെ കാർബൺ ഉപയോഗിക്കാതെയുള്ള പകർപ്പുകൾ ഉപയോഗിച്ച് കൂട്ടിയ തുകയ്ക്കുള്ള തൊഴിൽ നികുതി കൃത്രിമമായി കാർബൺ ഉപയോഗിച്ച് എഴുതി സ്ഥാപനങ്ങൾക്ക് നൽകുക, ക്യാൻസൽ ചെയ്ത വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്ത രസീതുകളിൽ | ഏരൂർ ഗ്രാമ പഞ്ചായത്തിലെ 2008-09 വർഷത്തിലെ ഓഡിറ്റിനോടനുബന്ധിച്ച് നടന്ന പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ 19.11.2013-ൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഗ്രാമ പഞ്ചായത്തിൽ നടത്തിയ അന്വേഷണത്തിൽ ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 17.02.2009 മുതൽ എൽ.ഡി. ക്ലാർക്കായി ജോലി നോക്കി വന്ന ശ്രീമതി. ബി. വിജയമ്മയെ 30.04.11 മുതൽ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് ഉത്തരവായിട്ടുള്ളതാണ്. ടിയാൾക്കെതിരെ ഏരൂർ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയതിന്റെ അടിസ്ഥത്തിൽ ക്രൈം നമ്പർ 321/11 ആയി കേസ്സ് രജിസ്റ്റർ ചെയ്യുകയും ടി കേസ്സ് 21.12.2012 -ൽ ബഹുമാനപ്പെട്ട പുനലൂർ JFMC –I കോടതി മുമ്പാകെ ചാർജ്ജ് ഷീറ്റ് നൽകുകയും ആയത് CC –95/13 ആയി വിചാരണ നടന്നു വരികയുമാണ്. ശ്രീമതി വിജയമ്മ 31.03.12 -ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ്.<br>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ I(1), മുതൽ I(6), II, III, IV, VII, IX, X തുടങ്ങിയ ഖണ്ഡികകളിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും നഷ്ടമുണ്ടായിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ 1,25,487/- രൂപ 05.02.13 -ൽ 23/23958 നമ്പർ രസീത് പ്രകാരം |

രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള നികുതികൾ മേൽപ്പറഞ്ഞ പകർപ്പുകൾ നൽകി തുക ഈടാക്കിയിട്ട് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാതിരിക്കുക, തുകയിൽ തിരുത്തൽ വരുത്തുക, തീയതിയിൽ മാത്രം വ്യത്യാസം വരുത്തുക, ഒരാളിൽ നിന്നു തന്നെ രണ്ട് തവണ കെട്ടിട നികുതി ഈടാക്കുകയും ഈടാക്കിയ തുക മുഴുവൻ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്ക് വരുത്താതിരിക്കുകയും ചെയ്യുക, ഒരേ രസീതിൽ കാർബൺ വച്ചും വയ്ക്കാതെയും രേഖപ്പെടുത്തലുകൾ വരുത്തുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയാണ് പണാപഹരണം നടത്തിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ വിതരണം ചെയ്ത പരമാവധി രസീതുകളുടെ പകർപ്പുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും പരമാവധി സ്ഥാപനങ്ങളിൽ നേരിട്ട് പരിശോധന നടത്തി തെളിവുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

രസീതുകൾ ഡൗബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച് എഴുതുന്നതിൽ അതിവിദഗ്ദ്ധമായി ക്രമക്കേടുകൾ നടത്തിയിരുന്നതായും, രസീതിന്റെ അസ്സലിൽ ചെറിയ തുക എഴുതി ഒടുക്ക് വരുത്തിയ ശേഷം ആയതിന്റെ പകർപ്പ് ഉപയോഗിച്ച് വലിയ തുകകൾ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്താതെ അപഹരണം നടത്തിയിരുന്നതായും കണ്ടെത്തി. അങ്ങനെ പഞ്ചായത്തിന് വരുമാന നഷ്ടം വരുത്തിയ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | രസീത് നമ്പർ | രസീതിന്റെ അസ്സൽ | | | രസീതിന്റെ പകർപ്പ് | | |
|---|---|---|---|---|---|---|---|
| | | നൽകിയത് | ഇനം | തുക (രൂപ) | നൽകിയത് | ഇനം | തുക (രൂപ) |
| 1 | KA/ 35875 | അലി, തെക്കുംകര | കെട്ടിട നികുതി | 18 | യു. പി. എസ് അയിലറ | 2010-11 2-ാം അർദ്ധ | 14850 |

ശ്രീമതി. വിജയമ്മയിൽ നിന്നും പഞ്ചായത്ത് ഈടാക്കിയിട്ടുണ്ട്.

പഞ്ചായത്ത് സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ 02.11.12 -ലെ എൽ.എഫ്./9945/പി.റ്റി. 1/12 നമ്പർ കത്ത് പ്രകാരം 2334/- രൂപയുടെ നിരാകരണം ഒഴിവാക്കിയിട്ടുണ്ട്. 19.07.06 -ലെ IV (C) നമ്പർ തീരുമാന പ്രകാരം 101 ഗുണഭോക്താക്കളുടെയും 27/12/2007 -ലെ II -ാം നമ്പർ തീരുമാന പ്രകാരം 405 ഗുണഭോക്താക്കളുടേയും 14/01/2008 -ലെ VI -ാം നമ്പർ തീരുമാന പ്രകാരം വിധവ പെൻഷനുള്ള 173 ഗുണഭോക്താക്കളുടെയും ലിസ്റ്റ് (ആകെ 679) അംഗീകരിച്ചിട്ടുള്ളതായി കാണുന്നു.

വിധവ പെൻഷനുള്ള ഒന്നാം ഗഡു വിതരണത്തിന് കുടിശ്ശിക ഇനത്തിൽ 648 പേർക്ക് അധികമായി നൽകിയ 6480/- രൂപ 317/02.02.12 ചെല്ലാൻ പ്രകാരം അഞ്ചൽ സബ് ട്രഷറിയിൽ ഒടുക്കിയിട്ടുള്ളതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്./9945/പി. റ്റി. 1/12 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുള്ളതാണ്.

വിധവ പെൻഷന്റെ രണ്ടാം ഗഡു വിതരണവുമായി ബന്ധപ്പെട്ടുള്ള പരാമർശത്തിന് ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ 02.11.12 -ലെ എൽ.എഫ്./9945/പി.റ്റി1/13 നമ്പർ കത്ത് പ്രകാരം 5292/- രൂപയുടെ നിരാകരണം ഒഴിവാക്കിയിട്ടുണ്ട്.

07.08.08-ലെ III (a) നമ്പർ തീരുമാനപ്രകാരം 259 ഗുണഭോക്താക്കൾക്ക് വിധവ പെൻഷൻ അനുവദിക്കു- ന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും ടിയാളുകളുടെ ലിസ്റ്റ് ജനറൽ കമ്മിറ്റി മിനിറ്റ്സിലോ

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | പുത്തൻ വീട് | | | | വർഷ തൊഴിൽ നികുതി | |
| 2. | 59/ 35875 | പ്രസന്ന കുമാരി, പ്രസന്ന വിലാസം | കെട്ടിട നികുതി | 36 | വി. എച്ച്. എസ് എസ് വിളക്കുപാറ | 2010-11 2-ാം അർദ്ധ വർഷ തൊഴിൽ നികുതി | 166600 |
| 3 | 79/ 35875 | (ക്യാൻസൽ ചെയ്തിരിക്കുന്നു) | 2-ാം അർദ്ധ വർഷ തൊഴിൽ നികുതി | 9550 | ഗവ. എൽ.പി. എസ്. ഏരൂർ | 2010-11 2-ാം അർദ്ധ വർഷ തൊഴിൽ നികുതി | 9550 |
| 4 | 59/ 35884 | ശ്രീ. ഡാനിയേൽ, നിഷാ ഭവനം | കെട്ടിട നികുതി | 11 | ഗവ. എച്ച്. എസ് ഏരൂർ | 2010-11 2-ാം അർദ്ധ വർഷ നികുതി | 26200 |
| 5 | 87/ 35842 | ശ്രീ. ജോയി, പട്ടത്താനത്ത് | കെട്ടിട നികുതി | 160 | മാതാ എച്ച്. എസ്. വിളക്കുപാറ | 2010-11 1-ാം അർദ്ധ വർഷ തൊഴിൽ നികുതി | 25200 |
| 6 | 88 / 35843 | ശ്രീമതി. രാധാമണി, പരമ വിലാസം. ഏരൂർ | എ.എ. വൈ. പെർമിറ്റ് ഫീ | 31 | പി. എച്ച്. സി. ഏരൂർ | 2010-11 1-ാം അർദ്ധ വർഷ തൊഴിൽ നികുതി | 14550 |

ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സിലോ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ടി 259 പേർക്ക് കുടിശ്ശിഖ ഇനത്തിൽ അധികമായി നൽകിയ തുകയായ 62160/- രൂപ ഓഡിറ്റിൽ നിരാകരിച്ചിരുന്നു. ആയതിൽ മരണപ്പെട്ടു പോയിട്ടുള്ള 20 ഗുണ ഭോക്താക്കളുടെ കുടിശ്ശിക തുകയായ 4800/- രൂപ നമ്പർ 317/02.02.12 ചെല്ലാൻ പ്രകാരം അഞ്ചൽ സബ് ട്രഷറിയിൽ തിരികെ ഒടുക്കിയിട്ടുള്ളതിനാൽ 02.11.12 -ലെ എൽ.എഫ്./9945/പി.റ്റി1/13 നമ്പർ കത്ത് പ്രകാരം 4800/- രൂപയുടെ നിരാകരണം ഒഴിവാക്കിയിട്ടുള്ളതാണ്. ബാക്കി തുകയായ 57360/- രൂപ 239 ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കുന്നതിന് 21.01.2012 -ലെ III (3) നമ്പർ തീരുമാനപ്രകാരം തീരുമാനിച്ചിരുന്നെങ്കിലും ടി തുക നാളിതുവരെയും ഈടാക്കിയതായി കാണുന്നില്ല.

വിധവ പെൻഷന്റെ മൂന്നാം ഖണ്ഡു വിതരണവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച മറുപടിയുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ 02.11.12 -ലെ എൽ. എഫ്/9945/പി.റ്റി1/12 നമ്പർ കത്ത് പ്രകാരം 5040/- രൂപയുടെ നിരാകരണം ഒഴിവാക്കിയിട്ടുണ്ട്.

<u>വാർദ്ധക്യകാല പെൻഷൻ</u>

വാർദ്ധക്യകാല പെൻഷനുമായി ബന്ധപ്പെട്ട ഗുണഭോക്തൃ രജിസ്റ്റർ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്ത് ലോക്കൽ ഫണ്ട് ഓഡിറ്റിന് സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ 02.11.12 -ലെ എൽ. എഫ്/9945/പി.റ്റി1/12 നമ്പർ കത്ത്

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | 14/ 35858 | ശ്രീമതി. വിജയമ്മ, പന്തടിവുകൾ | 2010-10 കെട്ടിട നികുതി | 21 | ശ്രീ. രവീന്ദ്രൻ പിള്ള, പച്ചയിൽ വീട്, അയിലറ | 2010-11 കെട്ടിട നികുതി | 8166 | |
| 8 | 53/ 35849 | ശ്രീമതി. ഓമനയമ്മ ശ്രീകൃഷ്ണവിലാസം (ക്യാൻസൽ ചെയ്തിരിക്കുന്നു) | റെഗുലറൈസേഷൻ ഫീ | 605 | ശ്രീമതി. ഓമനയമ്മ ശ്രീകൃഷ്ണവിലാസം | റെഗുലറൈസേഷൻ ഫീ | 605 | |
| പഞ്ചായത്തിന് ആകെ നഷ്ടം | | | | | | 117721 | | |

രസീതിൽ തുക വെട്ടി എഴുതി പണാപഹരണം നടത്തിയ സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

| രസീത് നം | വിവരണം | തുക (രൂപ) |
|---|---|---|
| 92/35820 | പച്ചയിൽ ഓഡിറ്റോറിയത്തിന്റെ 2009-10 -ലെ വസ്തു നികുതി | 8165 |

ഈ രസീത് തിരുത്തി തുക 1,021/- രൂപ എന്ന് ആക്കുകയും ആ തുക മാത്രം അടവ് വരുത്തുകയും ചെയ്തിട്ടുണ്ട്.

ഒരേ വ്യക്തിയിൽ നിന്നും 2 രസീത് പ്രകാരം കെട്ടിട നികുതി ഈടാക്കുകയും അതിൽ ഒരു രസീത് പ്രകാരമുള്ളത് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി രണ്ടാമത്തെ രസീതിന്റെ പകർപ്പ് അനധികൃതമായി പിരിവിനായി ഉപയോഗിച്ചിരിക്കാൻ സാധ്യതയുണ്ട്. **അതുപോലെ 20.9.2010 -ലെ 40/35845 -ാം രസീതിന്റെ**

പ്രകാരം 1,59,612/- രൂപയുടെ ആഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്. പെൻഷൻ വിതരണത്തിനായി പോസ്റ്റ് ഓഫീസിൽ തുക ഒടുക്കു വരുത്തിയതിന്റെ രസീത്, ഗുണഭോക്താക്കളുടെ പട്ടിക എന്നിവ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

**<u>കർഷക തൊഴിലാളി പെൻഷൻ</u>**

പെൻഷൻ വിതരണം ചെയ്യുന്നതിനായി പോസ്റ്റ് ഓഫീസിൽ നൽകിയതിന്റെ പകർപ്പായി സൂക്ഷിച്ചിരിക്കുന്ന ഗുണഭോക്തൃ പട്ടിക, രസീത് എന്നിവ പരിശോധനയ്ക്ക് ലഭ്യമായിരുന്നുവെങ്കിലും പുതുതായി പെൻഷൻ അനുവദിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ചു കൊണ്ടുള്ള ജനറൽ കമ്മിറ്റി / ക്ഷേമകാര്യ കമ്മിറ്റി തീരുമാനം, അപേക്ഷകൾ, അനുബന്ധരേഖകൾ, ഗുണഭോക്തൃ രജിസ്റ്റർ എന്നിവ പഞ്ചായത്ത് ഓഫീസിൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ആഡിറ്റ് പരാമർശത്തിൽ ഉള്ള തുക ഒഴിവാക്കിയിട്ടില്ല.

<u>വികലാംഗ പെൻഷൻ</u>

വികലാംഗ പെൻഷനുമായി ബന്ധപ്പെട്ട് 07.08.08-ലെ III (h) നമ്പർ തീരുമാനപ്രകാരം പുതിയതായി തെരഞ്ഞെടുക്കപ്പെട്ട 69 പേരുടെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്കായി ചെലവഴിച്ച തുകയിൽ കുടിശ്ശിക ഇനത്തിൽ നൽകിയതു മൂലം നിരാകരിച്ചിരുന്ന 8280/- രൂപയുടെ തടസ്സം 7.11.12 -ലെ എൽ. എഫ്/9945/പി.റ്റി1/12 നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുള്ളതാണ്.

വികലാംഗ പെൻഷനുമായി ബന്ധപ്പെട്ട് മൂന്നാം

| | | | | |
|---|---|---|---|---|
| | | | അസ്സൽ പ്രകാരം ശ്രീ. ഉദയൻ, വിളയിൽ വീട് എന്ന വ്യക്തിക്ക് 2007-08, 2008-09, 2009-10, 2010-11 എന്നീ വർഷങ്ങളിലെ കെട്ടിട നികുതി ഇനത്തിൽ 916/- രൂപ ഈടാക്കിയതാണ്. എന്നാൽ ശ്രീ. ഉദയന് 2006-07 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലെ കെട്ടിട നികുതിയായ 1,121/- രൂപ ഈടാക്കിയതിനാണ് പ്രസ്തുത രസീതിന്റെ പകർപ്പ് നൽകിയിട്ടുള്ളത്. Double sided carbon ഉപയോഗിച്ച് എഴുതിയ രസീതിന്റെ അസ്സലിൽ അക്കത്തിലും അക്ഷരത്തിലും തുകയിൽ തിരുത്തൽ വരുത്തിയിട്ടുമുണ്ട്. ഇവിടെ പഞ്ചായത്ത് ഫണ്ടിന് 205/- രൂപയുടെ നഷ്ടം ഉണ്ടായിരിക്കുന്നു.<br>രസീതുകളിലെ ബുക്ക് നമ്പരും ലീഫ് നമ്പരും തിരുത്തിയും തീയതിയിൽ കൃത്രിമം കാണിച്ചും പണാപഹരണം നടത്തിയിട്ടുണ്ട്. ചെറിയ തുകയ്ക്കുള്ള രസീതുകൾ സ്വയം എഴുതി ആയതിന്റെ പകർപ്പുകൾ കൂടുതൽ തുക പിരിച്ചെടുക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ട്.<br>ഒരാളിൽ നിന്നുതന്നെ രണ്ട് തവണ കെട്ടിട നികുതി ഈടാക്കുകയും ഈടാക്കിയ തുക മുഴുവൻ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്ക് വരുത്താതിരിക്കുകയും ചെയ്തതുവഴി പഞ്ചായത്തിന് മാത്രമല്ല നികുതിദായകർക്കും നഷ്ടമുണ്ടാക്കി. ഉദാ; 24.01.2011 -ലെ 81/35862-ാം നമ്പർ രസീതിന്റെ പകർപ്പ് പ്രകാരം ശ്രീ. റഹീം, മുംതാസ് മഹൽ എന്ന വ്യക്തിയിൽ നിന്ന് 2008-09, 2009-10, 2010-11 എന്നീ വർഷങ്ങളിലെ കെട്ടിട നികുതി പിഴൽ ഇന്ററസ്റ്റ്. ഉൾപ്പെടെ 463/- രൂപ ഈടാക്കിയിരിക്കുന്നു. അതേ സമയം ടി രസീതിന്റെ അസ്സൽ പരിശോധിച്ചതിൽ തന്നാണ്ടിലെ കെട്ടിട നികുതി 137/- രൂപ വെട്ടി, ആകെ തുക 326/- എന്ന് ആക്കുകയും അത്രയും മാത്രം തനതു ഫണ്ടിലടയ്ക്കുകയുമാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് ഫണ്ടിന് 137/- രൂപ നഷ്ടം | ഗഡു വിതരണത്തിൽ അനധികൃതമായി ചെലവ് വന്ന 840/- രൂപ 01.02.12 -ലെ 11/7778 രസീത് പ്രകാരം തിരികെ ഒടുക്കിയിട്ടുള്ളതാണ്.<br>**തൊഴിൽ രഹിത വേതനം**<br>തൊഴിൽ രഹിത വേതനത്തിൽ നീക്കിയിരുപ്പ് തുക തിരികെ ഒടുക്ക് വരുത്തിയതിൽ കുറവ് വന്ന തുകയായ 26960/- രൂപ 01.12.12 -ലെ 12/7778 രസീത് പ്രകാരം തിരികെ ഒടുക്കിയിട്ടുള്ളതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2.11.12 -ലെ എൽ. എഫ്/9945/പി.റ്റി1/12 നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുള്ളതാണ്.<br>പ്രായ പരിധി കഴിഞ്ഞവർക്ക് തൊഴിൽ രഹിത വേതനം നൽകിയ ഇനത്തിലുള്ള 480/- രൂപ 01.02.12 -ലെ 13/7778 നമ്പർ രസീത് പ്രകാരം തിരികെ ഒടുക്കിയിട്ടുള്ളതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ ഡയറക്ടറുടെ 2.11.12 -ലെ എൽ. എഫ്/9945/പി.റ്റി1/12 നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുള്ളതാണ്. |

| | | | | |
|---|---|---|---|---|
| | | | സംഭവിച്ചു.<br>ഇതു കൂടാതെ രസീത് വഴി പിരച്ചെടുത്ത തുക മൊത്തമായി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാതിരുന്നതു മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. രസീത് പ്രകാരം പിരിച്ച 1457/- രൂപയിൽ 1177/- രൂപ മാത്രം ഒടുക്കി 280/- രൂപ നഷ്ടമുണ്ടാക്കിയിട്ടുണ്ട്.<br>അസ്സലിൽ മാത്രം ക്യാൻസൽ ചെയ്തു എന്നു രേഖപ്പെടുത്തിയ 14.02.2011-ലെ 19/35873-ാം നമ്പർ രസീതിന്റെ പകർപ്പ് ഓയിൽ പാം ഇന്ത്യയിലെ ജീവനക്കാരുടെ 2010-11 വർഷത്തെ തൊഴിൽ നികുതിയും ഇൻസ്റ്റിറ്റ്യൂഷൻ ചാർജ്ജും ആയ 80,200/- രൂപ ഈടാക്കിയ വകയിൽ നൽകിയതായി കാണുകയുണ്ടായി. എന്നാൽ ടി രസീത് പ്രകാരമുള്ള തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തിയിട്ടുള്ളതായി കാണുന്നില്ല. അതേ സമയം തന്നെ 14.02.2011-ലെ 21/35873-ാം നമ്പർ രസീതിന്റെ അസ്സൽ പരിശോധിച്ചതിൽ ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിന്റെ 2010-11 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധ വർഷ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നതായി കാണുകയുണ്ടായി. ഈ ചെക്ക് ക്യാഷ് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല.<br>എത്ര രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി എന്ന് നിജപ്പെടുത്തുക അപ്രായോഗികമായിരുന്നു. സമഗ്രമായ അന്വേഷണത്തിലൂടെ മാത്രമെ കൃത്യമായ നഷ്ടം കണ്ടെത്താനാകുകയുള്ളു. ഏരൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും പ്രസ്തുത കാലയളവിൽ വിതരണം ചെയ്തിട്ടുള്ള രസീതുകളുടെ പകർപ്പുകൾ മുഴുവനും ലഭിച്ചാൽ മാത്രമെ ടി രസീതുകൾ വഴി നടത്തിയ ക്രമക്കേടുകളുടെ വ്യാപ്തി തിട്ടപ്പെടുത്താനാകുകയുള്ളു.<br>രസീതുകളിൽ, വ്യാപകമായ തിരുത്തലുകൾ വരുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള 35858,35866, | |

| | | | | |
|---|---|---|---|---|
| | | | 35869, 35884 എന്നീ രസീത് ബുക്കുകൾ ശ്രീമതി. വിജയമ്മ, എൽ. ഡി. സി. യ്ക്ക് ഒട്ട് ഡോർ കളക്ഷനുവേണ്ടി നൽകിയിരുന്നതാണ്. ശ്രീമതി വിജയമ്മയ്ക്ക് നൽകിയ രസീത് ബുക്കുകൾക്ക് സമാന്തരമായി അവർ മറ്റൊരു രസീത് ബുക്ക് ഉപയോഗിച്ചിരുന്നുവോ എന്ന് സംശയിക്കേണ്ടി യിരിക്കുന്നു.<br>ശ്രീമതി. വിജയമ്മയുടെ സേവന പുസ്തക പ്രകാരം അവർ മനഃപൂർവ്വം നികുതി പിരിവിൽ തിരിമറി നടത്തി 14860/- രൂപ അപകരിച്ചതായി ബോധ്യപ്പെട്ട് രണ്ട് വാർഷിക ശമ്പള. വർദ്ധന സഞ്ചിത ഫലത്തോടെ തടഞ്ഞിട്ടുള്ളതാണ്. ഇത്തരത്തിലൊരാൾക്ക് രസീത് ബുക്കുകൾ പിരിവിനായി നൽകിയപ്പോൾ മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഈ രസീത് ബുക്കുകൾ, വരവിന്റെ കൃത്യത എന്നിവ സൂക്ഷ്മമായി പരിശോധിക്കേണ്ടതായിരുന്നു.<br>12.06.2003-ലെ ജി.ഒ. (പി) 319/ഫിൻ/2003-ാം നമ്പർ ഉത്തരവു പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരണമായി ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും പഞ്ചായത്തിന്റെ ഏതൊരു വരവും ചെലവും അവ നടക്കുമ്പോൾ തന്നെ ഒറ്റ ക്യാഷ് ബുക്കിൽ എഴുതേണ്ടതും ആയത് ഓരോ മാസാന്ത്യത്തിലും ബാങ്ക് റിക്കൺസിലിയേഷൻ നടത്തേണ്ടതും 01.08.2009-ലെ ജി.ഒ.(എം.എസ്) 150/09/എൽ. എസ്. ജി. ഡി. ഉത്തരവ് പ്രകാരം അക്കൗണ്ടന്റിന്റെ ഉത്തരവാദിത്തമാണ്. ഒരു ഗ്രാമ പഞ്ചായത്തിന്റെ കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടോ ധനദുർവിനിയോഗം, ക്രമരാഹിത്യം എന്നിവ ഒഴിവാക്കാനായി ഇടയ്ക്കിടെ അക്കൗണ്ടുകൾ പരിശോധിക്കുക, ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ സൂക്ഷ്മ പരിശോധന പീരിയോഡിക്കലായി നടത്തുക തുടങ്ങി അക്കൗണ്ടന്റിന്റെ | |

ചുമതലകൾ കൃത്യമായി നിർവ്വഹിച്ചിരുന്നുവെങ്കിൽ ക്രമക്കേടുകളും പണാപഹരണവും ഒഴിവാക്കാമായിരുന്നു. മേൽ നോട്ടത്തിൽ സെക്രട്ടറിയും കുറ്റകരമായ അനാസ്ഥ കാണിച്ചു.

വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രം 1,18,373/- രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ടെങ്കിലും ആയത് കേവലം സൂചന മാത്രമാണ്. പ്രസ്തുത കാലയളവിൽ പഞ്ചായത്തിനുണ്ടായ മുഴുവൻ നഷ്ടവും കണക്കാക്കുന്നതിനും ഇതു സംബന്ധിച്ച് കൂടുതൽ അന്വേഷിക്കുന്നതിനും സമഗ്രമായ ഒരു വിജിലൻസ് അന്വേഷണം ശുപാർശ ചെയ്യുന്നു.

ക്ഷേമ പെൻഷൻ- വേതന വിതരണം എന്നിവയിൽ നടന്ന ക്രമക്കേടുകൾ.

ഏരൂർ ഗ്രാമ പഞ്ചായത്ത് 2008-09 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ടു നടത്തിയ പരിശോധനയിൽ ക്ഷേമ പെൻഷനുകൾ, തൊഴിൽ രഹിത വേതനം എന്നിവയുടെ വിതരണത്തിലും, ആയതിന്റെ അടിസ്ഥാന രേഖകൾ പരിപാലി ക്കുന്നതിലും ഗുരുതരമായ ക്രമക്കേടുകളാണ് കണ്ടെത്തിയത്. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പോ, രേഖകളോ ഇല്ലാതെ അനർഹരായ ഒട്ടേറെപ്പേർക്ക് ക്ഷേമ പെൻഷനുകൾ നൽകിയിട്ടുണ്ട്.

വിധവാ പെൻഷൻ.

ഗുണഭോക്തൃ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള തിലും കൂടുതൽ ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുക, പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സിലോ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സിലോ രേഖപ്പെടുത്തിയിട്ടില്ലാത്ത അംഗീകരിക്കപ്പെട്ടവരെന്ന് കാണിച്ച് അനവധി പേരെ രജിസ്റ്ററിൽ എഴുതി ചേർത്ത് പെൻഷൻ നൽകുക തുടങ്ങി നിരവധി ക്രമക്കേടുകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഉദാ:

| ക്രമ നം | പെൻഷൻ | | വിവരണം | രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ കൊടുത്തവരുടെ എണ്ണം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| | ഗ്രേഡ് | തുക (രൂപ) | | | | |
| 1 | I | 389 | പെൻഷൻ | 303 | 309 | 389x 6 = 2334 |
| 2 | I | 10 | 4/06 –ലെ കുടിശ്ശിക | 648 | 648 | 648x 10 = 6480 |
| 3 | II | 882 | പെൻഷൻ | 303 | 309 | 882x 6 = 5292 |
| 4 | II | 240 | അധികമായി അനുവദിച്ച 4/07/-6/07-ലെ കുടിശ്ശിക | 259 | 259 | 259x 240 = 62160 |
| 5 | III | 840 | പെൻഷൻ | 303 | 309 | 840x 6 = 5040 |
| | | | ആകെ | | | 81306 |

വാർദ്ധക്യ കാല പെൻഷൻ.

ഗുണഭോക്തൃ രജിസ്റ്ററിൽ യാതൊരു ക്രമവുമില്ലാതെ ഗുണഭോക്താക്കളെ ചേർത്ത് കാണുകയും 'മരണപ്പെട്ടു' എന്ന റിപ്പോർട്ടോടുകൂടി പെൻഷൻ തുക മടങ്ങിവന്ന ഗുണഭോക്താക്കളുടെ പെൻഷൻ നമ്പരിൽ പുതുതായി ആളുകളെ തിരുകിക്കയറ്റി പെൻഷൻ നൽകി വരുന്നതായും കാണുന്നു. ഗുണഭോക്തൃരജിസ്റ്ററിൽ പേരില്ലാത്ത ഗുണഭോക്താക്കൾക്ക് രജിസ്റ്ററിൽ ഇല്ലാത്ത പെൻഷൻ നമ്പരിൽ പെൻഷൻ അയച്ചിട്ടുള്ളതായും കാണുന്നു

മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ നമ്പരിൽ

പകരക്കാരെ തിരുകി കയറ്റിയതിന്റെ ചില ഉദാഹരണങ്ങൾ;

| ക്രമ നം. | ആദ്യമുണ്ടായിരുന്ന ഗുണഭോക്താവ് | പെൻഷൻ നം. | മരണപ്പെട്ടതിന്റെ / പെൻഷൻ മടങ്ങിവന്നതിന്റെ വിവരം | തുടർന്ന് ഇതേ നമ്പരിൽ 8/09 -ൽ രണ്ട് / മൂന്ന് ഗഡുക്കൾ നൽകിയിരിക്കുന്നത് |
|---|---|---|---|---|
| 1 | ശ്രീ. എം. മുഹമ്മദ് കണ്ണ്, മരുതിവിളവീട്, പത്തടി | 34/97 | 7/07 - 11/07 കാലയളവിലെ പെൻഷൻ മടങ്ങി വന്നു. | മറിയാമ്മ കുര്യൻ, കൊച്ചു പ്ലാമ്പറമ്പിൽ, പുഞ്ചിരിമുക്ക്, ഏരൂർ. |
| 2 | ശ്രീമതി. മറിയം ബീവി, കാഞ്ഞിരം മൂട്ടിൽ വീട്, കരിമ്പിൻകോണം, ഏരൂർ | 18/92 | 8/06 - 10/06 കാലയളവിലെ പെൻഷൻ മടങ്ങി വന്നു. | ശ്രീ. വാസുദേവൻ, ശ്രീരാമചന്ദ്ര വിലാസം, നെട്ടയം, ആർച്ചൽ. |
| 3 | ശ്രീമതി. ലക്ഷ്മി, വേങ്ങവിള വീട്, ആർച്ചൽ, വെടിയറ | 175/97 | 10/06 - 01/07 കാലയളവിലെ പെൻഷൻ മടങ്ങി വന്നു. | ശ്രീമതി. ഹസ്സൻ ബീവി, ചരുവിള വീട്, ഏരൂർ പി.ഒ. |

## കർഷക തൊഴിലാളി പെൻഷൻ.

ഗുണഭോക്തൃ രജിസ്റ്ററിലുള്ളതിലും കൂടുതൽ (20) പേർക്ക് പെൻഷൻ അയയ്ക്കുക, അനധികൃതമായി ആൾക്കാരെ (17) ഗുണഭോക്തൃ രജിസ്റ്ററിൽ ഉൾപ്പെടുത്തി പെൻഷൻ നൽകുക തുടങ്ങിയ അപാകതകൾ കാരണം 46620/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിച്ചിട്ടുണ്ട്.

| പെൻഷൻ | | വിവരണം | രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ കൊടുത്തവരുടെ എണ്ണം | അധികം നൽകിയ തുക |
|---|---|---|---|---|---|
| ഗഡു | തുക (രൂപ) | | | | |
| I | 1260 | പെൻഷൻ | 241 | 278 | 37x 1260 = 46620 |
| II | 1260 | പെൻഷൻ | 499 | 543 | 44x 1260 = 55440 |

കൂടാതെ കർഷകത്തൊഴിലാളി പെൻഷനിലും മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ നമ്പരിൽ പുതുതായി ആളുകളെ തിരുകി കയറ്റി പെൻഷൻ നൽകി വരുന്നതായി കണ്ടു. ചില ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്തൃ രജിസ്റ്ററിൽ ഉണ്ടായിരുന്ന യഥാർത്ഥ പെൻഷനർ | പെൻഷൻ നം. | മരണപ്പെട്ടതിനാൽ തിരികെ വന്ന പെൻഷൻ (കാലയളവ്) | 8/09 -ൽ ടി ആളിന്റെ സ്ഥാനത്ത് തിരുകികയറ്റിയത്. |
| --- | --- | --- | --- | --- |
| 1 | ശ്രീമതി. ഭവാനി, രവി വിലാസം, പാണയം | 5/98 | 2/08 - 3/08 | ശ്രീ. അബ്ദുൾ ഖാദർ, പുളിമൂട്ടിൽ വീട്, ഏരൂർ പി.ഒ. |
| 2. | ശ്രീ. ശ്രീധരൻ, ലേഖാ വിലാസം. ആലഞ്ചേരി, ഏരൂർ | 16/98 | 9/07 - 11/07 | ശ്രീ. എസ്. ഗോപാലകൃഷ്ണ പിള്ള, ജി. എസ്. വില്ല, നടുക്കുന്നിൻ പുറം, ഏരൂർ. |
| 3 | ശ്രീ. ഡാനിയേൽ, വേങ്ങവിളവീട്, കിണറ്റുമുക്ക്, മണലിൽ | 39/98 | 8/07 - 11/07 | ശ്രീമതി. സരസ്വതി, സാഹിതീസദനം, മണലിൽ പി.ഒ., |
| 4 | ശ്രീ. കുട്ടൻ, ചെച്ചുവിള വീട്, ഏരൂർ | 43/98 | 12/07 | ശ്രീ. രാജൻ, പുത്തൻപുരയിടത്തിൽ മേലതിൽ, മണലിൽ പി.ഒ. |
| 5 | ശ്രീമതി. കുറുമ്പ, ഷീജാവിലാസം, മണലിപ്പച്ച, മണലിൽ | 77/98 | 9/05 - 11/05 | ശ്രീ. യശപാൽ പിള്ള, കുഴിവേലിൽ പുത്തൻ വീട്, മണലിൽ പി.ഒ |

## വികലാംഗ പെൻഷൻ

അംഗീകരിക്കപ്പെടാത്ത ആളുകളെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തി പെൻഷൻ വിതരണം ചെയ്യുക, പുതുതായി ചേർക്കപ്പെട്ടവർക്ക് മുൻ മാസങ്ങളിലെ കുടിശ്ശിക നൽകുക എന്നീ അപാകതകൾ കണ്ടെത്തി.

| പെൻഷൻ | | വിവരണം | [illegible] | പെൻഷൻ കൊടുത്തവരുടെ എണ്ണം | അധികം നൽകിയ തുക |
|---|---|---|---|---|---|
| ഗഡു | തുക (രൂപ) | | | | |
| I | 120 | 4,08 - 06,[illegible] കുടിശ്ശിക (പുതുതായി ചേർത്തവർക്ക്) | 295 | 364 | 69x 120 8280 |
| II | 840 | പെൻഷൻ | 364 | 365 | 1x 840 = 840 |

<u>തൊഴിൽരഹിതവേതനം.</u>

2008-09 വർഷത്തിൽ 4 തവണകളായി വേതന വിതരണത്തിനായി (2,65,680+3,02,040+4,02,720) 12,72,480/- രൂപയാണ് പിൻവലിച്ചത് വിതരണം നടത്തിയതായി ഓഡിറ്റിൽ കണ്ടെത്തിയത് 9,82,200/- രൂപ (2,28,600 +2,27,640 +2,26,920+2,99,040) മാത്രമാണ്. അവശേഷിച്ച തുകയിൽ 26,960/- രൂപ തിരിച്ചടവിൽ കുറവുവന്നിട്ടുണ്ട്. ടി തുക ഉത്തരവാദികളായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

പ്രായപരിധി കഴിഞ്ഞവർക്ക് തൊഴിൽരഹിത വേതനം നൽകുക, പേരിൽകൂടുതൽ തവണ ഒരേ കാലയളവിലെ വേതനം നൽകുക തുടങ്ങിയ അപാകതകളിലൂടെ 480/-രൂപ അധികം നൽകിയതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ആകെ 2,19,926/-രൂപ 2008-09 വർഷത്തിൽ മാത്രം ഓഡിറ്റിൽ നിരാകരിച്ചിട്ടുണ്ട്. 1998-ലെ തൊഴിൽ രഹിതവേതന ചട്ടങ്ങളിലെ (ജി.ഒ.(പി)23/98 തീയതി 28.05.98)നിബന്ധന 12 പ്രകാരം നിഷ്കർഷിക്കുന്ന വേതനം ലഭിച്ച/ അനുവദിച്ച / നിരസിച്ച അപേക്ഷകരുടെ

വിവരം കാണിക്കുന്ന രജിസ്റ്റർ ഏരൂർ പഞ്ചായത്തിൽ **സൂക്ഷിക്കുന്നില്ല. വേതനം അനുവദിക്കപ്പെട്ടവരുടെ മാത്രം** വിവരങ്ങൾ ഉൾകൊള്ളിച്ച "അക്വിറ്റൻസ് രജിസ്റ്റർ" മാത്രമാണ് ആകെയുള്ള ആധികാരിക രേഖ. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാത്തതു കാരണം 'വേതന വിതരണവുമായി ബന്ധപ്പെട്ട വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിയാതെ വരുന്നു. (കൂടുതൽ വിശദവിവരങ്ങൾക്ക് കൊല്ലം ജില്ലയിലെ ഏരൂർ ഗ്രാമപഞ്ചായത്തിന്റെ സ്പെഷ്യൽ റിപ്പോർട്ട് കാണുക).

ഉത്തരവാദിയായ ഉദ്യോഗസ്ഥർ.

| രസീതുകളിലെ ക്രമക്കേടുകൾക്ക് | പെൻഷൻ വിതരണത്തിലെ ക്രമക്കേടുകൾക്ക് |
|---|---|
| 1. ശ്രീമതി. ബി. വിജയമ്മ (എൽ ഡി.സി), ഒറ്റപ്ലാവിള, കിഴക്കതിൽ വീട്, ആനയടി, പി. ഒ, ശൂരനാട് നോർത്ത്, കൊല്ലം<br>2. രാജേന്ദ്രൻ പിള്ള (സെക്രട്ടറി), കൊച്ചു കൊപ്പാറയിൽ വീട്, മുഖത്തല പി.ഒ., കൊല്ലം - 691577. | 1. ശ്രീ. സുശീലൻ. ഗി (അക്കൗണ്ടന്റ്, ഏരൂർ പഞ്ചായത്ത്), [illegible], [illegible], പി.ഒ, കൊല്ലം<br>2. ബി. എസ്. ഗീത (സെക്രട്ടറി, ഇളമാട് പഞ്ചായത്ത് ഓഫീസ്, ശ്രീനഗർ ... തിരുമുല്ലവാരം പി.ഒ, കൊല്ലം. |

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ തൃക്കടവൂർ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടി വിശദീകരണ പത്രിക (Action Taken Report)**

<table>
<tr><th>ക്രമ നം</th><th>ഗ്രാമപഞ്ചായത്തിന്റെ പേര്</th><th>റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ</th><th>സമിതിയുടെ നിഗമനങ്ങൾ / ശുപാർശകൾ</th><th>നിഗമനങ്ങൾ / ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ</th></tr>
<tr><td>1.</td><td>തൃക്കടവൂർ</td><td>5.6.1</td><td><u>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടും പണി ചെയ്തിട്ടില്ല.</u><br>താഴെപറയുന്ന പ്രവൃത്തികൾക്ക് അതിന് നേരെ കാണുന്ന തുകകൾ കൺവീനർമാർക്ക് അഡ്വാൻസായി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പണിചെയ്തതായി കാണുന്നില്ല. ആയതിനാൽ അഡ്വാൻസ് നൽകിയ തുക നാളിതുവരെയുള്ള പലിശസഹിതം ഈടാക്കേണ്ടതാണ്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.
<table>
<tr><th>പ്രവൃത്തിയുടെ പേര്</th><th>എഗ്രിമെന്റ്</th><th>നൽകിയ തുക/ചെക്ക് നമ്പർ</th><th>കൺവീനർ</th></tr>
<tr><td>കാവിന്റെ തെക്കതിൽ ഓട കവറിംഗ് സ്ളാബ് നിർമ്മാണം</td><td>നം.18/06-07 തീയതി. 09.03.07</td><td>24000/- 0849469 തീയതി. 15.03.07</td><td>വിജയ പ്രസാദ്</td></tr>
<tr><td>മഞ്ഞിനാട് കായൽവാരം ഓട നിർമ്മാണം കവറിംഗ് സ്ളാബ്</td><td>നം.25/06-07 തീയതി 09.03.07</td><td>25000/- 0849471 തീയതി. 15.03.07</td><td>സി.കെ ചന്ദ്രപ്രസാദ്</td></tr>
<tr><td>ആകെ</td><td></td><td>49000/-</td><td></td></tr>
</table>
<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u><br>ശ്രീ.റ്റി.ജയപ്രകാശ്(സെക്രട്ടറി)<br>തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്.<br>ആര്യഭവൻ, കിളികൊല്ലൂർ.പി.ഒ.കൊല്ലം</td><td>എസ്. ജി. ആർ. വൈ. പദ്ധതിയിൽ 2006-07 വർഷത്തിൽ അഡ്വാൻസ് നൽകിയ കുപ്പണ കാവിന്റെ തെക്കതിൽ ഓട കവറിംഗ് സ്ലാബിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. പണിക്ക് വേണ്ടി അഡ്വാൻസായി 15.03.2007 -ലെ 0849469 -ാം നമ്പർ ചെക്ക് പ്രകാരം 24,000/- രൂപ മൊബിലൈസേഷൻ അഡ്വാൻസായും 16.07.2007 -ൽ 453228-ാം നമ്പർ ചെക്ക് പ്രകാരം 63382/- രൂപയായും, 01/02/2008 -ൽ 453230-ാം നമ്പർ ചെക്ക് പ്രകാരം 9877/- രൂപയായും നൽകിയിട്ടുള്ളതും പണി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ നേരിട്ട് നടത്തിയ പരിശോധനയിൽ ഓടയുടെ കുറേ ഭാഗം കവറിംഗ് സ്ലാബ് നിർമ്മിക്കുവാനുണ്ട്. എന്നാൽ അത് എസ്റ്റിമേറ്റിൽ ഇല്ലാതിരുന്നതിനാലാണ് ചെയ്യാതിരുന്നത് എന്ന് കൺവീനർ അറിയ്ക്കുകയും ചെയ്തു. അതിനാലാണ് പണി പൂർത്തീകരിച്ചില്ലായെന്ന് റിപ്പോർട്ട് ചെയ്യുവാൻ കാരണമായത്.<br>മഞ്ഞിനാട് കായൽവാരം ഓട നിർമ്മാണം കവറിംഗ് സ്ളാബ് നിർമ്മിക്കുന്നതിന് അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്തൃ കമ്മിറ്റി ചെയർമാൻ ശ്രീ. തോമസ് സേവ്യറും കൺവീനറായ ശ്രീ. പി. കെ. ചന്ദ്രപ്രകാശും 22.10.2013 -ന് അഡ്വാൻസായി കൈപ്പറ്റിയ 25,000/- രൂപയും അതിന്റെ പലിശയും ഉൾപ്പടെ 44825/- രൂപ 1130102889 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്.</td></tr>
</table>

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടി വിശദീകരണ പത്രിക (Action Taken Report)

<table>
<tr><th>ക്രമ നം</th><th>ഗ്രാമപഞ്ചായ-ത്തിന്റെ പേര്</th><th>റിപ്പോർട്ടി ലെ ഖണ്ഡിക നമ്പർ.</th><th>സമിതിയുടെ നിഗമനങ്ങൾ / ശുപാർശകൾ</th><th>നിഗമനങ്ങൾ / ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ</th></tr>
<tr><td>1.</td><td>ചടയമംഗലം</td><td>5.6.2(1)</td><td><u>മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങിയിട്ട് പണി നടത്തിയിട്ടില്ല</u><br>രണ്ട് പ്രവൃത്തികളുടെ മുൻകൂർ ഒരാൾക്ക് സാങ്കേതികാനുമതി ലഭിക്കാതേയും കരാർ വയ്ക്കാതേയും മുൻകൂർ നൽകി.<br>മുൻകൂർ തിരികെ ഈടാക്കാൻ നടപടിയില്ല.<br>2007-08 വർഷം വികസനഫണ്ടിൽ ഉൾപ്പെടുത്തിയ താഴെപറയുന്ന മരാമത്ത് പണികൾക്ക് കൺവീനർ, പ്ലാവിളവീട്ടിൽ കെ. സത്യന് മൊബിലൈസേഷൻ അഡ്വാൻസായി 1,25,750/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി:എഞ്ചിനീയർ നൽകിയിരുന്നു.<br>
<table>
<tr><th>ക്രമ നം</th><th>പ്രവൃത്തിയു ടെ പേര്/ എസ്റ്റിമേറ്റ് തുക</th><th>തുക</th><th>ട്രഷറിബിൽ നമ്പർ/ തീയതി</th></tr>
<tr><td>1</td><td>ചടയമംഗലം വലിയ ഏലാതോട് സംരക്ഷണം. 2,50,800/-രൂപ</td><td>57000/-</td><td>34/07-08/ 31.03.2008</td></tr>
<tr><td>2</td><td>മണ്ണാം പറമ്പിൽ പേരാപ്പിൽ വെള്ളം കൊള്ളി ഏലാതോട്</td><td>68750/-</td><td>35/07-08/ 31-03-08</td></tr>
</table>
</td><td>കൺവീനറായ ശ്രീ. കെ. സത്യൻ, പ്ലാവിള വീട്, ചടയമംഗലം എന്നയാളുടെ പേരിൽ റവന്യൂ റിക്കവറി വഴി ഈടാക്കേണ്ട തുകയായ 125750/- രൂപയും മറ്റ് ചാർജ്ജുകളും ഈടാക്കുന്നതിന് റവന്യൂ റിക്കവറി നിയമം 7, 34 വകുപ്പ് നോട്ടീസുകൾ കൊട്ടാരക്കര താലൂക്ക് ഓഫീസ് വഴി ചടയമംഗലം വില്ലേജ് ഓഫീലേക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്ന് 29.04.2014 -ലെ ഡി7-7268/12 നമ്പർ കത്ത് പ്രകാരം കൊട്ടാരക്കര തഹസീൽദാർ ഗ്രാമ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| | സംരക്ഷണം 30,25,000/-രൂപ | | |
| | ആകെ | 1,25,750/- | |

ചടയമംഗലം വലിയ ഏലാതോട് സംരക്ഷണപണിക്ക് എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിലും, മണ്ണാം പറമ്പിൽ പേരാപ്പിൽ വെള്ളം കൊള്ളി ഏലാ തോട് സംരക്ഷണ പണിയുടെ ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ഒപ്പിടുന്ന കരാർ ഉടമ്പടി പൂരിപ്പിച്ച് ഒപ്പ് വെച്ചിട്ടില്ല. അതുപോലെതന്നെ ഗുണഭോക്തൃ കമ്മിറ്റി അംഗങ്ങൾ എഴുതി ഒപ്പിടുന്ന കരാർ ഉടമ്പടിയിലും ഒപ്പ് വച്ചിട്ടില്ല. ഈ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതിയും ലഭിച്ചിരുന്നില്ല. സാങ്കേതികാനുമതി ലഭിക്കാത്ത പ്രവൃത്തിക്ക് മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഈ വർക്ക് ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിരുന്നുവോ എന്ന് വ്യക്തമാക്കിയിരുന്നില്ല. ഒരു കൺവീനർക്ക് തന്നെ രണ്ട് പ്രവൃത്തികൾ കൊടുത്തതിന്റെ ഉദ്ദേശവും വ്യക്തമല്ല. വികസന ഫണ്ടിൽനിന്നും 1,25,750/-രൂപ കൊടുത്തിട്ട് പ്രവൃത്തി നടത്താതിരുന്നതിന് എഞ്ചിനീയറുടെ ഭാഗത്തുനിന്നോ, പഞ്ചായത്ത് കമ്മിറ്റിയുടെ ഭാഗത്ത് നിന്നോ യാതൊരു തുടർ നടപടിയും സ്വീകരിച്ചു കാണുന്നില്ല. ആയതിനാൽ ഈ വർക്കുകൾക്ക് വേണ്ടി കൊടുത്ത 1,25,750/- രൂപ 12% പലിശസഹിതം ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം റവന്യു റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>**ഉത്തരവാദിയായ ഉദ്യോഗസ്ഥൻ**</u>

ശ്രീ.അജയകുമാർ(അസി:എക്സിക്യൂട്ടീവ് എഞ്ചിനീയർ) ചടയമംഗലം ബ്ളോക്കാഫീസ് പുത്തൻവിളവീട്, ആലൻചേരി, ഏരൂർ.പി.ഒ. കൊല്ലം-691312.

ഭരണഭാഷ-മാതൃഭാഷ

നം.ഡി7-7862/12

താലൂക്കാഫീസ്, കൊട്ടാരക്കര
തീയതി :29.04.2014

ജില്ല : കൊല്ലം
Ph.No.0474-2454623
Fax: 0474-2454623, Pin. 691506
E mail : tahsildaktr@gmail.com

തഹസിൽദാർ
കൊട്ടാരക്കര

സെക്രട്ടറി
ചടയമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- റവന്യൂ റിക്കവറി - പഞ്ചായത്ത് കുടിശ്ശിക - സത്യൻ, പ്ലാവിളവീട്, ചടയമംഗലം - നിലവിലെ സ്ഥിതി - സംബന്ധിച്ച്.

സൂചന :- 21.04.14ൽ ആ കാര്യാലയത്തിൽ നിന്നുള്ള ബി1-1712/12 നമ്പർ കത്ത്.

********

പഞ്ചായത്ത് കുടിശ്ശികയിനത്തിൽ ചടയമംഗലം വില്ലേജിൽ പ്ലാവിള വീട്ടിൽ ശ്രീ.സത്യൻ എന്നയാളിൽ നിന്നും 1,25,750/- രൂപയും മറ്റു ചാർജ്ജുകളും ഈടാക്കുന്നതിലേക്ക് റവന്യൂ റിക്കവറി നിയമം 7, 34 വകുപ്പ് നോട്ടീസുകൾ ചടയമംഗലം വില്ലേജിലേക്ക് അയച്ചുകൊടുത്തിട്ടുള്ളതും നടപടികൾ നടന്നുവരുന്നതുമാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ
(ഒപ്പ്)
തഹസിൽദാർ

പി.29.04.14

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ റിപ്പോർട്ടിൽ കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത്**

**സ്വീകരിച്ച നടപടി വിശദീകരണ പത്രിക (Action Taken Report)**

| ക്രമ നം | ഗ്രാമപഞ്ചായ -ത്തിന്റെ പേര് | റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ. | സമിതിയുടെ നിഗമനങ്ങൾ / ശുപാർശകൾ | നിഗമനങ്ങൾ / ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1. | ചാത്തന്നൂർ | 5.6.3(1) | <u>പുളിയ്ക്കൽ കുളം മുതൽ കുറ്റങ്ങേൽ അംഗൻ വാടിവരെയുള്ള തോടിന്റെ സംരക്ഷണ ജോലികൾ കൺവീനർ നടത്താതിരുന്നത് മൊബലൈസേഷൻ അഡ്വാൻസ് 20,000/- രൂപയും പലിശയും തിരികെ ഈടാക്കിയിട്ടില്ല.</u><br>എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം 2007-08 വർഷം പുളിയ്ക്കൽ കുളം മുതൽ കുറുങ്ങേൽ അംഗൻവാടി വരേയുള്ള തോടിന്റെ സംരക്ഷണ പണികൾ നടരാജൻ, ദ്വാരക, മാമ്പള്ളിക്കുന്നം, ചാത്തന്നൂർ എന്ന കൺവീനർക്ക് 17.03.08-ലെ 4/07-08-ാം നമ്പർ എഗ്രിമെന്റ് പ്രകാരം നൽകിയിരുന്നു. ഈ വർക്കിനു വേണ്ടി മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 20,000/-രൂപ 28.03.2008-ലെ ചെക്ക് നമ്പർ 466780 പ്രകാരം നൽകിയിരുന്നു. എന്നാൽ നാളിതുവരെ യായിട്ടും കൺവീനർ പണി തുടങ്ങിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും 23.06.08-ലെ പി.ഡബ്ളിയു.എസ്.070/08-ലെ കത്ത് പ്രകാരം കൺവീനറോട് 20,000/- രൂപ പലിശസഹിതം ഒടുക്കു വരുത്തുവാനും, അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടി പ്രകാരം തുക ഈടാക്കുന്നതാണെന്നും അറിയിച്ചിരുന്നു. എന്നാൽ കൺവീനർ 20,000/-രൂപ പലിശസഹിതം ഒടുക്കുവരുത്തിയിട്ടില്ല. പഞ്ചായത്തിൽ നിന്നും പിന്നീട് യാതൊരു തുടർനടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ | ടി പ്രവൃത്തിയുടെ കൺവീനറായ ശ്രീ. നടരാജനിൽ നിന്നും മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ കൈപ്പറ്റിയിരുന്ന 20,000/- രൂപ 01/07/2013 -ലെ 11303102218 -ാം നമ്പർ രസീത് പ്രകാരം ഈടാക്കിയിട്ടുണ്ട്. പിഴ പലിശ ഒടുക്ക് വരുത്തുന്നതിനായി ടിയാന് നോട്ടീസും നൽകിയിട്ടുണ്ട്. തുടർന്ന് ടിയാൻ സമർപ്പിച്ച മറുപടിയിൽ ടിയാന്റെ ഭാര്യ ക്യാൻസർ രോഗം മൂലം ചികിത്സയിലാണെന്നും<br>ടിയാന്റെ മൂത്ത മകൻ രണ്ട് വൃക്കകളും തകരാറിലായി ചികിത്സയിലായതിനാലും സ്വന്തമായി ഉണ്ടായിരുന്ന കിടപ്പാടം വിറ്റിട്ടുള്ളതിനാൽ പിഴ പലിശ അടക്കാൻ നിർവാഹമില്ലായെന്നും അറിയിച്ചു. ആയത് പഞ്ചായത്ത് കമ്മിറ്റിക്ക് നേരിട്ട് ബോധ്യപ്പെട്ടിരിക്കുന്നതിനാൽ ടിയാനിൽ നിന്നും പിഴ പലിശ ഈടാക്കുവാൻ യാതൊരു നിർവാഹവും ഇല്ലാത്തതിനാൽ ടി പരാമർശം ഒഴിവാക്കണമെന്ന് ഗ്രാമ പഞ്ചായത്തിന്റെ 31.01.2014 -ലെ I (1) -ാം നമ്പർ തീരുമാനപ്രകാരം അഭ്യർത്ഥിച്ച് തീരുമാനിച്ചു. |

| | | | | |
|---|---|---|---|---|
| | | | കൺവീനറിൽ നിന്നും 20,000/-രൂപ 18% പലിശ സഹിതം ഈടാക്കി ഒടുക്ക് വരുത്തിയിട്ടില്ല. എങ്കിൽ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തുന്നതിന് സർചാർജ്ജ് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചുകൊള്ളുന്നു.<br><u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u><br>ശ്രീ.സി.ആർ.സുരേഷ്കുമാർ(സെക്രട്ടറി)ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്,<br>ഹരിപത്മം, മാമ്പള്ളികുന്നം, ചാത്തന്നൂർ.പി.ഒ, കൊല്ലം. | |

C. VALSALA
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2011-12 സമാഹൃത റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക **(Action Taken Report)**

| ക്രമ നം | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ. | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2011-12 | 2.4 | **<u>ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം</u>**<br><br>1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 3 എ(9) പ്രകാരം പഞ്ചായത്ത് സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമസഭകൾക്കും, നഗരസഭകളിൽ 1994-ലെ കേരള മുനിസിപ്പാലിറ്റ് ആക്ട് 45(സി) പ്രകാരം വാർഡ്സഭ/വാർഡ് കമ്മിറ്റികൾക്കും ആയിരിക്കും. വിവേചനപരമായ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് ഭരണഘടനയുടെ 14-ാം ആർട്ടിക്കിളിന്റെ കൂടി ലംഘനമാണ്.<br><br>ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ 02.101997-ലെ ജി.ഒ(പി) 220/97/തസ്വഭവ, 02.09.1998-ലെ ജി.ഒ(പി) 181/98/എൽ.എ.ഡി എന്നിവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>**<u>ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ</u>**<br><br>അർഹത, മുൻഗണനാ മാനദണ്ഡങ്ങൾ എന്നിവ നിശ്ചയിച്ച് വ്യാപകമായി പ്രചാരണം നടത്തണം. ലളിതമായ ഭാഷയിൽ തയ്യാറാക്കുന്ന അപേക്ഷാ ഫോറത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളെ കുറിച്ച് ആവശ്യ വിവരങ്ങൾ രേഖപ്പെടുത്തണം. ലഭിച്ച അപേക്ഷകൾ പരിശോധന നടത്തി ഗ്രാമസഭ/വാർഡ് കമ്മിറ്റിയിൽ വെച്ച് യോഗ്യതാ മാനദണ്ഡങ്ങൾക്കും മുൻഗണനാ മാനദണ്ഡങ്ങൾക്കും വിധേയമായി മുൻഗണനാ ലിസ്റ്റ് | **<u>തഴവ ഗ്രാമപഞ്ചായത്ത്</u>**<br><br>പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ സെക്രട്ടറിയ്ക്ക് രേഖാമൂലം കത്ത് നൽകിയിരുന്നതാണ്. ടിയാന്റെ മറുപടി ലഭിക്കാതിരുന്നതിനാൽ 27000/- രൂപയ്ക്ക് സർചാർജ് നോട്ടീസ് ആയിട്ടുള്ളതാണ്. എന്നാൽ നിലവിൽ ടിയാൻ മരണപ്പെട്ടു പോയിട്ടുള്ളതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ലാത്തതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.<br><br>**<u>കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്</u>**<br><br>ടി പരാമർശത്തിന്മേൽ നടപടിക്ക് ശുപാർശ ചെയ്തിട്ടുള്ളതും ബഹു. കൊല്ലം ജില്ലാ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.ക്യൂ.പി 1/1022/14 നമ്പർ കത്ത് പ്രകാരം ടി ഖണ്ഡികയിലെ നഷ്ടം 379/- രൂപ ഭരണതല നടപടിയിലൂടെ ഈടാക്കി ആഡിറ്റിനെ അറിയിക്കാൻ നിർദ്ദേശിച്ചിരുന്നതുമാണ്. ടി തുക 30.11.2018-ലെ 118040106177 രസീത് പ്രകാരം ഈ ആഫീസിൽ ഒടുക്ക് വരുത്തി ആഡിറ്റിനെ അറിയിച്ചിട്ടുള്ളതാണ്. |

തയ്യാറാക്കണം. ഓരോ വാർഡിലെയും മുൻഗണനാ ലിസ്റ്റിനെ അടിസ്ഥാനമാക്കി തദ്ദേശ സ്ഥാപനതലത്തിൽ ഒരു ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കണം. ഇപ്രകാരം ലഭിക്കുന്ന കരട് ലിസ്റ്റിൽ ആക്ഷേപം/പരാതി ലഭിക്കുകയാണെങ്കിൽ അന്വേഷണം നടത്തണം. അന്തിമലിസ്റ്റിന് ഗ്രാമസഭ/വാർഡ് കമ്മിറ്റിയുടെ അംഗീകാരം ഉണ്ടായിരിക്കണം. ഈ അന്തിമ ലിസ്റ്റിൽ മാറ്റം വരുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അധികാരമില്ല. നടപടിക്രമങ്ങൾ പാലിക്കാതെയുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്, ഉത്തരവാദിയായവർക്കെതിരെ നടപടി എടുക്കേണ്ടതുമാണ്.

**അപാകങ്ങൾ**

എന്നാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും ആനുകൂല്യം നൽകുന്നതിലും പലപ്പോഴും സർക്കാർ നിയമങ്ങളും ഉത്തരവുകളും പാലിക്കപ്പെടുന്നില്ല. ഗ്രാമസഭ/വാർഡ് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിൽ ഭേദഗതി വരുത്തുവാനോ ലിസ്റ്റിൽ പേരില്ലാത്തവർക്ക് ആനുകൂല്യം നൽകുവാനോ പാടില്ല എന്നിരിക്കെ ഗുണഭോക്തൃ ലിസ്റ്റിൽ പോലും പേരില്ലാത്തവർക്ക് ആനുകൂല്യം നൽകുന്നതായി ആഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| സ്ഥാപനം | ആഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | തുക | അപാകം/അഭിപ്രായം |
|---|---|---|---|---|
| തഴവ ഗ്രാമപഞ്ചായത്ത് | 2009-10 | 3(5) | 27,000/- | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി |
| തെന്മല ഗ്രാമപഞ്ചായത്ത് | 2008-09 | 3(5) | 5,000/- | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി |

**ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്**

ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ 22.12.2008-ലെ 1-ാം നമ്പർ തീരുമാന പ്രകാരം 2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച കുടുംബശ്രീ മിനി ഡയറി യൂണിറ്റ് എന്ന പ്രോജക്ടിന്റെ ഗുണഭോക്താക്കളായി ഗ്രാമസഭ വഴി തെരഞ്ഞെടുത്ത മുൻഗണനാ ക്രമത്തിൽ ഉൾപ്പെട്ട പല കുടുംബശ്രീകളും ഗുണഭോക്തൃ വിഹിതം യഥാസമയം ഒടുക്ക് വരുത്താത്തതിനെ തുടർന്ന് 26.02.2009-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(3)-ാം നമ്പർ തീരുമാനം വഴി ഗുണഭോക്തൃ വിഹിതം യഥാസമയം ഒടുക്കു വരുത്തുന്ന ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകുവാൻ വെറ്റിനറി സർജനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്.

**നെടുവത്തൂർ ഗ്രാമപഞ്ചായത്ത്**

2008-09 സാമ്പത്തിക വർഷത്തെ നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ 26.03.2011-ലെ ലോക്കൽ ഫണ്ട് ആഡിറ്റ് എൽ.എഫ്.ക്യു.പി3/1864/2010 നമ്പർ റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം വി.ഇ.ഒ നിർവ്വഹണാധികാരിയായ വീട് പുനരുദ്ധാരണം പദ്ധതിയിൽ ഇല്ലാത്ത ഗുണഭോക്താവിന്റെ പേരിലാണ് പണം പിൻവലിച്ചിരിക്കുന്നതെന്ന് ആഡിറ്റ് പരാമർശിച്ചിരിക്കുന്നു. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ ജോലിഭാരത്തിനിടയിൽ പിശക് പറ്റിയതാണെന്നും ആനുകൂല്യം യഥാർത്ഥ ഗുണഭോക്താവായ ശ്രീമതി. ആശാമോൾ, ആശാഭവനം, വെൺമണ്ണൂർ എന്നയാൾക്ക് തുക ഡി ഡി ആയി നൽകിയിട്ടുണ്ടെന്നുള്ള വസ്തുതയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ജോയിന്റ് ഡയറക്ടറുടെ 07.05.2014-ലെ എൽ.എഫ്. 678/സ്.പെ.സെൽ/സി.എസ്.സി/ബി2/2012 നമ്പർ

| | | | | | | | |
|---|---|---|---|---|---|---|---|
| | | | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | 2008-09 | 3(3) | 3,887/- | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി |
| | | | നെടുവത്തൂർ ഗ്രാമപഞ്ചായത്ത് | 2008-09 | 3(2) | 5,000 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി |
| | | | ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് | 2008-09 | 3(12) | 3,66,996/- | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി |
| | | | ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് | 2008-09 | 3-6 | 1,35,000/- | മാനദണ്ഡങ്ങൾ പാലിക്കാതെ അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി |

ഉത്തരവ് പ്രകാരം പരാമർശം ഒഴിവാക്കി നൽകിയിട്ടുണ്ടെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

**ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്**

ഭൂരഹിത ഭവനരഹിത പദ്ധതിയിൽ അർഹതയില്ലാത്ത 3 പേർക്ക് ആനുകൂല്യം നൽകിയതുമായി ബന്ധപ്പെട്ട ചെലവ്, ആഡിറ്റിൽ നിരാകരിച്ചിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് ടി കാലയളവിലെ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന സെക്രട്ടറി പി.ഇ. ജോസഫ് (Rtd) നിന്നും വിശദീകരണം തേടിയിരുന്നു.

ടി വിശദീകരണത്തിൽ 3 ഗുണഭോക്താക്കളും വിവാഹിതരും സ്വന്തമായി ഭൂമിയോ ഭവനമോ ഇല്ലാത്തവരും വാടകയ്ക്ക് താമസിച്ച് വരുന്നവരും ആയിരുന്നുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇവരുടെ മാതാപിതാക്കളുടെ കൈവശമുണ്ടായിരുന്ന ഭൂമി അനന്തരവാകാശികൾ എന്ന നിലയിൽ എല്ലാ കുടുംബാംഗങ്ങൾക്കും വീതിച്ച് നൽകാൻ ആവശ്യമുള്ള സ്ഥലം ഉണ്ടായിരുന്നില്ല. ടി മാതാപിതാക്കൾ, ശ്രീമതി. രാധ, ശ്രീ. ബിനു എന്നീ ഗുണഭോക്താക്കളുടെ വിവാഹത്തിന് വേണ്ടിയും ശ്രീമതി. സിന്ധു എന്ന ഗുണഭോക്താവിന്റെ പിതാവിന്റെ ചികിത്സാവശ്യത്തിനുമായി കൈവശം ഉണ്ടായിരുന്ന ഭൂമിയിൽ കുറച്ച് ഭാഗം വിൽക്കുവാൻ തീരുമാനിച്ചിരുന്ന അവസരത്തിലും ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 45000/- രൂപയ്ക്ക് 3 സെന്റ് ഭൂമി ലഭിക്കാത്ത സാഹചര്യത്തിലും ആണ് ടി ഗുണഭോക്താക്കൾ രക്ഷാകർത്താക്കളിൽ നിന്നുതന്നെ ഭൂമി വാങ്ങിയെന്നും ഈ ഗുണഭോക്താക്കൾ നിർദ്ധരരായ എസ് സി ഗുണഭോക്താക്കൾ ആണെന്നും ഭവനരഹിതരായ പാവപ്പെട്ട 3 ഗുണഭോക്താക്കളെ സഹായിക്കുക എന്ന സദുദ്ദേശത്തോടെയും ഉത്തമ ബോധ്യത്തോടെയും ചെയ്ത പ്രവർത്തിയാണെന്നും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകിയിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| | | | | **<u>തെന്മല ഗ്രാമപഞ്ചായത്ത്</u>**<br><br>**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 2011-12 വർഷത്തെ സമാഹൃത ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.4-ൽ പരാമർശിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് 5000/- രൂപ ആനുകൂല്യം നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ആഫീസിൽ റിട്ട. ശ്രീ. ഡാനിയേൽ മാത്യു ടി തുക 02.04.2013-ലെ 11303100009-ാം നമ്പർ രസീത് പ്രകാരം ഈ ആഫീസിൽ ഒടുക്ക് വരുത്തിയിട്ടുള്ളതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.** |

| | | |
|---|---|---|
| | | പണമിടപാട് സ്ഥാപനങ്ങൾ , സ്വകാര്യ ആശുപത്രികൾ തുടങ്ങിയ തൊഴിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ട്.<br>കെട്ടിട നികുതി 2018–19 സാമ്പത്തിക വർഷം 100 ശതമാനം പിരിവ് കൈവരിച്ചിട്ടുണ്ട്. കുടിശ്ശികയില്ല. 2018-19 സാമ്പത്തിക വർഷം 100 ശതമാനം നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഇനത്തിലും സ്ഥാപന തൊഴിൽ നികുതി ഇനത്തിലും നിലവിൽ കുടിശ്ശികയൊന്നുമില്ല |

| | | |
|---|---|---|
| | **<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണാനുമതി</u>** | **<u>അഞ്ചൽ ഗ്രാമപഞ്ചായത്ത്</u>** |
| 3.1 | **<u>തെറ്റായ വിവരങ്ങൾ നൽകി സർക്കാരിൽ നിന്ന് 'താൽപ്പര്യ കത്ത്' സമ്പാദിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചു.</u>**<br><br><u>അഞ്ചൽ ഗ്രാമപഞ്ചായത്ത്</u><br><br>2011–ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചും, 2013–14 വർഷത്തിൽ ആകെ നിർമ്മിത വിസ്തീർണ്ണത്തിന്റെ 30% മാത്രം പണി പൂർത്തീകരിച്ചതുമായ അനധികൃത നിർമ്മാണത്തിന്, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന തീയതിയായ 06.06.2007–ന് മുമ്പു തന്നെ 90% നിർമ്മാണവും പൂർത്തീകരിച്ചതാണെന്നും, ആയതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കേണ്ടതില്ലെന്നുമുള്ള വസ്തുതാ വിരുദ്ധമായ റിപ്പോർട്ട് സർക്കാരിലേയ്ക്ക് നൽകി, സർക്കാരിൽ നിന്ന് ക്രമവൽക്കരണത്തിന് താൽപ്പര്യം അറിയിച്ചു കൊണ്ടുള്ള ഒരു കത്ത് നേടിയെടുത്ത്, കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചു.<br><br>2011–ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ഒരു കെട്ടിടത്തിന് അനുവദനീയമായ വ്യാപ്തിയുടെ പരിധി, കെട്ടിടത്തിന് ചുറ്റും ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം, അംഗപരിമിതർക്കുള്ള വിശേഷാൽ സൗകര്യങ്ങൾ, | 23.07.2013–ൽ എസ്.ആർ.ഒ അഞ്ചലിന്റെ ഡോക്യുമെന്റ് നമ്പർ 1834/13 പ്രകാരം ശ്രീ. ജേക്കബ് ഉമ്മച്ചൻ എന്നയാളിൽ നിന്നാണ് ശ്രീ. ഇബ്രാഹിംകുട്ടി 3000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ആഡിറ്റോറിയം കെട്ടിടം വിലയ്ക്ക് വാങ്ങിയിട്ടുള്ളത്. ഫാറം 1 ബി പ്രകാരം ടി കെട്ടിടം നിർമ്മിച്ച വർഷം 2004 എന്ന് കാണിച്ചിട്ടുമുണ്ട്. എന്നാൽ നിർമ്മിച്ച വർഷം സംബന്ധിച്ച് ഫാറം 1 ബിയിലെ പരാമർശം ആഡിറ്റ് റിപ്പോർട്ടിൽ പരിഗണിച്ചതായി കാണുന്നില്ല. ശ്രീ. ജേക്കബ് ഉമ്മച്ചൻ 16.07.2012–ൽ ഡോക്യുമെന്റ് നമ്പർ 2142/2012 പ്രകാരം ശ്രീ. ഗോപാലകൃഷ്ണൻ എന്നയാളിൽ നിന്നുമാണ് ടി വസ്തു വാങ്ങിയിട്ടുള്ളത്. ഈ മുൻ പ്രമാണത്തിലും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നുള്ള രേഖപ്പെടുത്തൽ ആഡിറ്റിൽ പരിഗണിച്ചതായി കാണുന്നില്ല. 01.01.2007–ൽ ഡോക്യുമെന്റ് നമ്പർ 165/2007 പ്രകാരം ശ്രീ. മുഹമ്മദ് ബഷീറിൽ നിന്നുമാണ് ശ്രീ. ഗോപാലകൃഷ്ണൻ ടി സ്ഥലം വാങ്ങിയത്. ടി |

| | | | | |
|---|---|---|---|---|
| | | | • കെട്ടിടത്തിന്റെ നിർമ്മാണം 2007-ന് മുമ്പ് 90% പൂർത്തിയായതായി സ്ഥലപരിശോധനയിലും, പ്രാദേശിക പരിശോധനയിലും ബോധ്യ പ്പെട്ടുവെന്നാണ് ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടത്തിയിട്ടുള്ള കത്തിടപാടുകളിലെല്ലാം പരാമർശിച്ചിരിക്കുന്നത്. എന്നാൽ സ്ഥല പരിശോധനയും, പ്രാദേശിക പരിശോധനയും നടത്തിയത് ആരാണെന്നോ എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടത്തിന്റെ നിർമ്മാണം 2007-നു മുമ്പ് 90% പൂർത്തിയായതായി ബോധ്യപ്പെട്ടതെന്നോ മനസിലാ ക്കുന്നതിനുള്ള റിപ്പോർട്ടുകളോ രേഖകളോ ബന്ധപ്പെട്ട ഫയലിൽ ഉണ്ടായിരുന്നില്ല. ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി ചട്ടപ്രകാരം സർക്കാരിനെ സമീപിക്കേണ്ട മാർഗ്ഗത്തിലൂടെയല്ലാതെയും തെറ്റായ വിവരങ്ങൾ നൽകിയും നേടിയെടുത്ത ക്രമവൽക്കരണത്തിന് താൽപ്പര്യം അറിയിച്ചു കൊണ്ടുള്ള സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ കെട്ടിടത്തിന്റെ ക്രമവൽക്കരണം മേൽസൂചിപ്പിച്ച കാരണങ്ങളാൽ നിലനിൽക്കുന്നതല്ല. | |
| 2 | 2016-17 | 3.2 | <u>സർക്കാർ നിർദ്ദേശം മറികടന്ന് ക്രമവൽക്കരണത്തിന് ശിപാർശ ചെയ്തു.</u><br><br><u>ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്</u><br><br>കേരള നദീതീര തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ശാസ്താംകോട്ട കായലിനരികെ സ്ഥാപിച്ചിട്ടുള്ള ജലവിതാന കല്ലിൽ നിന്നും മതിയായ അകലം പാലിച്ചിട്ടില്ലായെന്ന കാരണത്താൽ, അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തിയ കെട്ടിടങ്ങളുടെ കാര്യത്തിൽ പരിസ്ഥിതി വകുപ്പ് നിയമിക്കുന്ന വിദഗ്ദ്ധ സമിതിയെക്കൊണ്ട് ശാസ്ത്രീയമായി അതിർത്തി നിർണ്ണയിച്ചതിനു ശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാവൂ എന്ന സർക്കാർ നിർദ്ദേശം ലംഘിച്ചു കൊണ്ട് ക്രമവൽക്കരണത്തിനായി ശിപാർശ ചെയ്തു. | <u>ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്</u><br><br>കേരള നദീ തീര തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ശാസ്താംകോട്ട കായലിനരികെ സ്ഥാപിച്ചിട്ടുള്ള ജലവിതാന കല്ലിൽ നിന്നും മതിയായ അകലം പാലിച്ചിട്ടില്ല എന്ന കാരണത്താൽ നമ്പർ അനുവദിക്കാതിരുന്ന മൂന്ന് അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കുന്നതിനായി 21/08/2014 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം അപേക്ഷ ക്ഷണിച്ച സമയത്ത് ടി കെട്ടിടങ്ങളുടെ ഉടമസ്ഥരും അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത നിർമ്മാണങ്ങൾ തൽക്കാലം ക്രമവത്കരിക്കാൻ |

| | | | | |
|---|---|---|---|---|
| | | | കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 (എ,ബി) അനുസരിച്ച് പഞ്ചായത്ത് തലത്തിൽ ക്രമവൽക്കരിക്കാൻ സാധിക്കാത്ത കെട്ടിടങ്ങളോ ഭൂവികസനമോ, സർക്കാരിന് നിർണ്ണയിക്കപ്പെട്ട പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കി കൊണ്ട് ക്രമവൽക്കരിക്കാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ Kerala Panchayath Building (Regularisation of Unauthorized Constructions) Rules 2014 പ്രകാരം അനധികൃത നിർമ്മാണങ്ങൾ സർക്കാർ തലത്തിൽ ക്രമവൽക്കരിക്കേണ്ടതിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ച് പഞ്ചായത്തിന്റെ ശിപാർശയോടു കൂടി സർക്കാരിന് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 5-ൽ കേരള നദീതീര തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള നിർമ്മാണങ്ങൾക്ക് പഞ്ചായത്തിൽ നിന്നും ശിപാർശ ചെയ്യാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br><br>കേരള നദീതീര തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെട്ട പ്രസ്തുത കെട്ടിടങ്ങൾ, ശാസ്താംകോട്ട കായലിനരികെ സ്ഥാപിച്ചിട്ടുള്ള ജലവിതാന കല്ലിൽ നിന്നും മതിയായ അകലം പാലിച്ചിട്ടില്ലായെന്ന കാരണത്താലാണ് അവയെ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തിയത്. തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറി 21.03.14-ൽ അയച്ച കത്ത് പ്രകാരം കഴിഞ്ഞ 10 വർഷത്തെ mean high flood level-ന്റെ അടിസ്ഥാനത്തിലാണ് ശാസ്താംകോട്ട തടാകത്തിന്റെ അതിർത്തി നിർണ്ണയിക്കേണ്ടതെന്നും, ഇക്കാര്യത്തിൽ ശാസ്ത്രീയമായ നിർണ്ണയം ഉണ്ടാവാത്തതിനാൽ ഒരു വിദഗ്ദ്ധ സമിതിയെ ശാസ്ത്രീയമായി അതിർത്തി നിർണ്ണയിക്കുന്നതിന് ചുമതലപ്പെടുത്തുന്നതിനുള്ള നടപടി പരിസ്ഥിതി വകുപ്പ് സ്വീകരിച്ചു വരുന്നതായും, ആയതിനാൽ ശാസ്ത്രീയമായ അതിർത്തി നിർണ്ണയം നടത്തിയതിനു ശേഷം മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളു എന്നും അറിയിച്ചിട്ടുണ്ട്. ടി കത്തിലെ വിവരങ്ങൾ ചൂണ്ടിക്കാട്ടി | സാധിക്കുകയില്ല എന്നും അനുമതിയ്ക്കായി ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസർക്ക് ശുപാർശ ചെയ്യേണ്ടതില്ലെന്നും സ്ഥല പരിശോധന നടത്തിയ ഓവർസിയറും ജൂനിയർ സൂപ്രണ്ടും റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ അതിർത്തി നിർണ്ണയം ശാസ്ത്രീയമായി നടന്നിട്ടില്ലാത്തതിനാലും നിലവിലുള്ള കല്ലുകൾ അശാസ്ത്രീയമാണെന്ന് ഗവൺമെന്റ് ചൂണ്ടിക്കാട്ടിയ സാഹചര്യത്തിലും ടി കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിന് പരിഗണിക്കാമെന്ന് റിപ്പോർട്ട് എഴുതി സെക്രട്ടറി ക്രമവത്ക്കരണത്തിന് ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസർക്ക് ശുപാർശ ചെയ്ത് അയച്ചിരുന്നു. എന്നാൽ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ് അപേക്ഷകൾ പൂരിപ്പിച്ചത് അപൂർണ്ണമാണെന്നും നികുതി നിർണ്ണയിച്ചത് തെറ്റാണെന്നും ചൂണ്ടിക്കാട്ടി അപേക്ഷകൾ തിരികെ നൽകിയിരുന്നു. എന്നാൽ സി.ആർ.ഇസഡ് പാലിക്കാത്ത അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കാൻ സാധ്യമല്ലെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അപേക്ഷകൾ വീണ്ടും ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിലേക്ക് സമർപ്പിച്ചിട്ടില്ലാത്തതുമാണ്. പ്രസ്തുത കെട്ടിടങ്ങൾ നാളിതുവരെയും ക്രമവത്കരിച്ച് നൽകിയിട്ടുമില്ല. ക്രമവത്ക്കരണത്തിന് ശുപാർശ ചെയ്ത സെക്രട്ടറി ശ്രീ. കെ.പി. ശ്രീനിവാസൻ 2015 മെയ് 31 ന് റിട്ടയർ ചെയ്തിട്ടുള്ളതുമാണ്. ശുപാർശ ചെയ്തു എന്നല്ലാതെ |

| | | | | |
|---|---|---|---|---|
| | | | പ്രസ്തുത നിർമ്മാണങ്ങൾ തൽക്കാലം ക്രമവൽക്കരിക്കാൻ സാധിക്കുകയില്ലെന്നും, ആയതിനാൽ അനുമതിയ്ക്കായി ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിലേയ്ക്ക് ശിപാർശ ചെയ്യാതെയാണ് സ്ഥലപരിശോധന നടത്തിയ ഓവർസീയറും, ജൂനിയർ സൂപ്രണ്ടും റിപ്പോർട്ടു ചെയ്തിരിക്കുന്നത്. എന്നാൽ മേൽപ്പറഞ്ഞ കത്തിലെ ഒരു ഭാഗം മാത്രം ചൂണ്ടിക്കാട്ടി സെക്രട്ടറി " അതിർത്തി നിർണ്ണയം ശാസ്ത്രീയമായി നടന്നിട്ടില്ലാത്തതിനാലും, നിലവിലുള്ള കല്ലുകൾ അശാസ്ത്രീയമാണെന്ന് ഗവൺമെന്റ് ചൂണ്ടിക്കാട്ടിയ സാഹചര്യത്തിലും ഈ കെട്ടിടങ്ങൾ ക്രമവൽക്കരണത്തിനായി പരിഗണിക്കാ"മെന്ന് റിപ്പോർട്ട് എഴുതി ക്രമവൽക്കരണത്തിനു ശിപാർശ ചെയ്തിരിക്കുന്നു. | ക്രമവത്ക്കരണം നടത്താത്ത സാഹചര്യത്തിൽ ടി പരാമർശം ഒഴിവാക്കി നൽകണമെന്നപേക്ഷിക്കുന്നു. |
| 3 | 2016–17 | 3.3 | <u>**ചട്ടങ്ങൾ ലംഘിച്ച് ക്രമവൽക്കരിച്ചു**</u><br><br><u>**ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്**</u><br><br>2014–15 വർഷത്തിൽ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തുകയും, പൊളിച്ചു നീക്കാൻ ഉത്തരവിടുകയും ചെയ്യപ്പെട്ട കെട്ടിടത്തിന്, 2015–16–ൽ ക്രമവൽക്കരിച്ച്, കെട്ടിട നമ്പർ അനുവദിച്ചു.<br><br>1994–ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 220(ബി), 2014–ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ (KPBR) ചട്ടം 27(3), 27(5), 58(2) എന്നിവ ലംഘിച്ചിട്ടുള്ളതും, പുറമ്പോക്കു കൈയ്യേറി നിർമ്മിച്ചതിനാൽ റവന്യൂ അധികാരികളെക്കൊണ്ട് അതിർത്തി നിർണ്ണയിച്ച് കല്ലിടണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ടു നൽകുകയും ആയതിനെത്തുടർന്ന് ക്രമവൽക്കരണം നിരസിക്കപ്പെടുകയും, പൊളിച്ചു മാറ്റാൻ ഉത്തരവിടുകയും ചെയ്യപ്പെട്ടതുമായ കെട്ടിടത്തിന് 2001–ലെ കേരള പഞ്ചായത്തു | <u>**ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്**</u><br><br>2014–15 വർഷത്തിൽ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തുകയും പൊളിച്ചുനീക്കാൻ ഉത്തരവിടുകയും ചെയ്യപ്പെട്ട കെട്ടിടത്തിന് 2015–16 ൽ ക്രമവത്ക്കരിച്ച് കെട്ടിട നമ്പർ നൽകിയത് കെ.പി.ബി.ആർ ഭേദഗതി ചട്ടം 97(എ) പ്രകാരമാണ്.<br><br>മുതുപിലാക്കാട് നെടുവേലിൽ വീട്ടിൽ ശിവൻപിള്ള/വസന്തകുമാരി എന്നവരുടെ നിലവിലുള്ള കെട്ടിടങ്ങൾക്ക് മേലുള്ള കൂട്ടിച്ചേർക്കൽ തുടങ്ങിയവയ്ക്ക് വേണ്ടിയുള്ള പ്രത്യേക വ്യവസ്ഥകൾ 1, 3, 5, 7, 9, 10 ഉപചട്ടങ്ങൾ പാലിച്ചിട്ടുള്ളതിനാലാണ് ടി കെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകിയിട്ടുള്ളത്. 2014 ലെ K.P.B.R ഭേദഗതി |

| | | | | | |
|---|---|---|---|---|---|
| | | | | കെട്ടിട നിർമ്മാണ ഭേദഗതി ചട്ടങ്ങളിലെ (KPBR) ചട്ടം 97 (എ)-യുടെ ആനുകൂല്യങ്ങൾ മറയാക്കി അനധികൃതമായി ക്രമവൽക്കരിച്ച് കെട്ടിട നമ്പർ നൽകിയതിൽക്കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ലഭിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ, വില്ലേജ് ഓഫീസിലെ ലൊക്കേഷൻ സ്കെച്ചും' സൈറ്റ് പ്ലാനിലെ അളവുകളും തമ്മിൽ പൊരുത്തക്കേടുകൾ കാണുന്നു.<br>• 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം; വകുപ്പ് 220 (ബി), 2011-ലെ (KPBR) ചട്ടം 27(3), 27(5), 58(2) എന്നിവ പ്രകാരം കെട്ടിടത്തിന്റെ വശങ്ങളിൽ മതിയായ സ്ഥലം വിട്ടിട്ടില്ല.<br>• KPBR 2011 ചട്ടം 38, 39, 44, ചട്ടം 47 എന്നിവ പ്രകാരം കോണിപ്പടികൾ മതിയായ കാർ പാർക്കിംഗ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടില്ല.<br>• അപേക്ഷയോടൊപ്പം ഹാജരാക്കിയ പ്ലാൻ, സെക്ഷൻ, സൈറ്റ് പ്ലാൻ എന്നിവ അപൂർണ്ണവും, കൃത്യമായ അളവുകൾ രേഖപ്പെടുത്താത്തതുമാണ്.<br>• തദ്ദേശ സ്വയഭരണ വകുപ്പ് എഞ്ചിനീയർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 01.08.2014-ന് സെക്രട്ടറി പ്രസ്തുത കെട്ടിടം ക്രമവൽക്കരിക്കാൻ സാധ്യമല്ലെന്നും, അനധികൃതമായി നിർമ്മിച്ച കെട്ടിട ഭാഗങ്ങൾ 15 ദിവസത്തിനകം പൊളിച്ചു മാറ്റണമെന്നും ഉത്തരവിട്ടു കൊണ്ട് കെട്ടിട ഉടമയ്ക്ക് കത്ത് നൽകിയെങ്കിലും തുടർനടപടികൾ ഉണ്ടായില്ല. എന്നാൽ ഇതേ കെട്ടിടം ക്രമവൽക്കരിച്ച്, നമ്പർ ലഭിക്കുന്നതിനായി 29.05.2015-ൽ സെക്രട്ടറിയ്ക്ക് മുമ്പാകെ കെട്ടിട ഉടമ വീണ്ടും അപേക്ഷ നൽകി. ഈ അപേക്ഷ പരിഗണിച്ച സെക്രട്ടറി നിലവിലുണ്ടായിരുന്ന താഴത്തെ നിലയിലെ 7 കടമുറികളും 1993-ൽ അസസ്സ് ചെയ്തവയാണെന്നും, 1993-ലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ നമ്പർ II/8 മുതൽ II/14 വരെയാണെന്നും, പുതിയ അസസ്സ്മെന്റ് | ചട്ടം 97(എ) നിലവിൽ വരുന്നതിന് മുമ്പാണ് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾക്ക് മുകളിൽ 2 നിലകൾ പണിഞ്ഞതു ക്രമവത്ക്കരിക്കുന്നതിനായി അപേക്ഷ നൽകിയത്. L.S.G.D അസി.എഞ്ചിനിയർ 220(ബി) ലംഘനമുണ്ടെന്നും റവന്യൂ അധികാരികളെകൊണ്ട് വസ്തുവിന്റെ അതിർത്തി നിർണ്ണയിക്കണമെന്ന് ആവശ്യപ്പെടുകയും ക്രമവത്കരണം നിരസിക്കുകയും ചെയ്തിരുന്നു. 93-94 വർഷത്തെ അസസ്മെന്റ് രജിസ്റ്ററുകൾ 2000 ലെ വാർഡ് വിഭജനത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കി എഴുതിയപ്പോഴും പ്രസ്തുത അസസ്മെന്റിൽ കെട്ടിടത്തിന്റെ ഒന്നാം നിലയിലെ (II /8 .മുതൽ II /14 വരെ ) കെട്ടിടങ്ങൾ ഉൾപ്പെട്ടിരിന്നു. ആയവയുടെ ബേസ് ഡേറ്റ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 2012-2013 ലെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണം നടത്തി അസസ്മെന്റ് തയ്യാറാക്കിയപ്പോൾ പ്രസ്തുത കെട്ടിടങ്ങൾ റീ കൺസ്ട്രക്ട് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ കാരണം മുമ്പുണ്ടായിരുന്ന മുറികളുടെ ഇടഭിത്തികൾ ഒഴിവാക്കി ഒറ്റ ഹാളാക്കി മാറ്റിയതു കൊണ്ടാണ്. കെട്ടിടങ്ങളുടെ ബേസ് ഡേറ്റയിൽ സാരമായ വ്യതിയാനം വന്നതുകൊണ്ട്,അതായത് 7 കെട്ടിടങ്ങളുടെ സ്ഥാനത്ത് ഒരു കെട്ടിടമാക്കിയതിനാൽ ബേസ് ഡേറ്റയിൽ സമാനമായ പുതിയ നമ്പർ ഇല്ലാത്തതിനാൽ ബേസ് ഡേറ്റയിലെ |

| | | | | |
|---|---|---|---|---|
| | | | പ്രകാരം അവയ്ക്ക് III/145 മുതൽ III/151 വരെ നമ്പർ നൽകിയിട്ടുണ്ടെന്നും ഇത്തരം കെട്ടിടങ്ങൾക്ക് മുകളിൽ നടത്തുന്ന പുതിയ നിർമ്മാണങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 220(ബി) പ്രകാരം റോഡിൽ നിന്നും 3 മീറ്റർ അകലം പാലിക്കണമെന്ന വ്യവസ്ഥ ബാധകമല്ലെന്ന 2014-ലെ KPBR ഭേദഗതി ചട്ടം 97(എ) പ്രകാരം ക്രമവൽക്കരിച്ച് നമ്പർ അനുവദിക്കാമെന്നും കാണിച്ച് സ്വന്തമായി റിപ്പോർട്ട് എഴുതുകയും മേൽപ്പറഞ്ഞ ഒന്നും രണ്ടും നിലകൾക്ക് നമ്പർ നൽകുകയും ചെയ്തു.<br>• കേവലം 220(ബി)-യുടെ ലംഘനത്തെക്കുറിച്ച് മാത്രമല്ല 31.07.2014-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. റവന്യൂ അധികാരികളെക്കൊണ്ട് വസ്തുവിന്റെ അതിർത്തി നിർണ്ണയിച്ച് അതിരു കല്ലുകൾ സ്ഥാപിച്ച് പുറമ്പോക്ക് കൈയ്യേറിയിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണെന്നതായിരുന്നു റിപ്പോർട്ടിലെ പ്രധാനമായ പരാമർശം. ആയതിന്മേൽ തുടർനടപടി സ്വീകരിക്കാതെ സെക്രട്ടറി കെട്ടിടം ക്രമവൽക്കരിച്ചു നൽകി.<br>• തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.03.2012-ലെ 6961/ആർ എ 1/11/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 300 ച.മീറ്റർ വരെ പ്ലിന്ത് ഏരിയ വരുന്ന കെട്ടിടങ്ങൾക്കു മാത്രമെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തന്നെ പെർമിറ്റ് നൽകാൻ പാടുള്ളൂ. അതിനു മുകളിൽ വിസ്തൃതി വരുന്ന കെട്ടിടങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടു കൂടാതെ സെക്രട്ടറി പെർമിറ്റ് നൽകാൻ പാടുള്ളതല്ല. KPBR 2011 ചട്ടം 135(3) പ്രകാരം ക്രമവൽക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്ന പോലെ ആയിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.ആയതിനാൽ പുതിയതായി നിർമ്മിച്ച രണ്ട് നിലകളുടെ 440 $m^2$ ഉൾപ്പെടെ ആകെ 661 $m^2$ വിസ്തൃതിയുള്ള കെട്ടിടത്തിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടില്ലാതെ സെക്രട്ടറി | നമ്പരുകൾ ഡിലീറ്റ് ചെയ്തിരുന്നു. ഈ ചട്ടത്തിലെ 2 മുതൽ 10 വരെ ഉപചട്ടങ്ങൾക്ക് വിധേയമായി നിയമം നിലവിൽ വരുന്നതിനുമുമ്പ് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾക്ക് അതിന്റെ ഒന്നാം നിലയ്ക്ക് അല്ലെങ്കിൽ 2-ാം നിലയ്ക്ക് അല്ലെങ്കിൽ രണ്ടിനുമുള്ള മാറ്റം വരുത്തലോ കൂട്ടിച്ചേർക്കലോ വിപുലീകരണമോ അല്ലങ്കിൽ മേൽക്കൂരയുടെ പരിവർത്തനമോ അല്ലങ്കിൽ നിർമ്മാണമോ ഷട്ടർ അല്ലങ്കിൽ കതക് അനുവദിക്കാവുന്നതാണ്, റീകൺസ്ട്രക്ഷൻ എന്ന് രേഖപ്പെടുത്തിയതുകൊണ്ടാണ് സഞ്ചയയിൽ പുതിയ ഡേറ്റാ രേഖപ്പെടുത്താതിരുന്നത്. എന്നാൽ പഴയ കെട്ടിടങ്ങളുടെ വിവരങ്ങൾ പാസ്റ്റ് ഡേറ്റയിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ആയത് പരിശോധിക്കാവുന്നതുമാണ്. 93-94 ന് മുമ്പുള്ള കെട്ടിടം ഒറ്റഹാൾ ആക്കിയതിനാലാണ് സഞ്ചയയിൽ ഡിമാന്റ് ചെയ്യാതിരുന്നത്. കേരള സ്റ്റേറ്റ് ഓഡിറ്റ് കാര്യാലയത്തിലെ 31.03.2016 ലെ K.L.S.A-KM-P2-479/2016 നമ്പർ ഓഡിറ്റ് റിപ്പോർട്ടിന്റെയും 03.01.2017 ലെ സി1-24702/16 നമ്പർ കത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടം അനധികൃതമാണെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന്റെ നമ്പരുകൾ റദ്ദ് ചെയ്യുന്നതിന് 28/01/2017 ൽ സി2-558/17 നമ്പർ താല്ക്കാലിക ഉത്തരവ് നൽകുകയും 02/08/2017 ൽ ഈ ഉത്തരവ് സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് |

| | | | | | |
|---|---|---|---|---|---|
| | | | | നൽകിയ ക്രമവൽക്കരണം ചട്ടവിരുദ്ധമാണ്.<br>• 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ മുകളിൽ ഒന്നോ രണ്ടോ നിലകൾ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്യുന്നതിന് സെക്ഷൻ 220(ബി) പ്രകാരം റോഡിൽ നിന്ന് 3 മീറ്റർ അകലം പാലിക്കണമെന്ന നിബന്ധന ബാധകമല്ലെന്ന് നിയമത്തിൽത്തന്നെ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് പ്രകാരം 2014-ലെ KPBR ഭേദഗതി ചട്ടം97(എ) പ്രകാരം ഇത്തരം കെട്ടിടങ്ങൾക്ക് മുകളിലെ നിർമ്മാണങ്ങൾക്ക് പെർമിറ്റ് നൽകുകയോ ക്രമവൽക്കരണം നടത്തുകയോ ചെയ്യാവുന്നതാണ്. എന്നാൽ ഇവിടെ സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം നിലവിലുണ്ടായിരുന്ന കടമുറികളുടെ പുതിയ അസസ്സ്മെന്റ് നമ്പറുകൾ രേഖപ്പെടുത്തിയിരിക്കുന്ന 2012-13-ലെ അസസ്സ്മെന്റ് രജിസ്റ്ററിൽ അവയുടെ വിസ്തീർണ്ണത്തിന്റെയും നികുതിയുടെയും ഭാഗത്ത് 'Reconstruction' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത കടമുറികൾക്ക് 2012-13 മുതൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ ഈ കടമുറികളുടെ അടിസ്ഥാന വിവരങ്ങളൊന്നും തന്നെ 'സഞ്ചയ' സോഫ്റ്റ് വെയറിലോ ബന്ധപ്പെട്ട രേഖകളിലോ ഇല്ല. കെട്ടിട ഉടമയ്ക്ക് നിലവിൽ ഡിമാന്റ് ചെയ്യുന്ന നികുതി പോലും പുതുതായി നിർമ്മിക്കപ്പെട്ട നിലകളുടേതു മാത്രമാണ്. ആയതിനാൽ നിലവിലുള്ള കടമുറികളുടെ മുകളിലാണ് രണ്ട് നിലകൾ പുതുതായി നിർമ്മിച്ചതെന്ന സെക്രട്ടറിയുടെ റിപ്പോർട്ടിലെ വാദത്തിന് രേഖകളുടെ പിൻബലമില്ല. ആയതിനാൽ മേൽപ്പറഞ്ഞ ചട്ടം 97(എ) പ്രകാരമുള്ള ഇളവ് നിലനിൽക്കുന്നതല്ല. | ടി കെട്ടിടത്തിന് നൽകിയിരുന്ന നമ്പരുകൾ റദ്ദ് ചെയ്ത് 02/08/2017 ൽ ഈ ഓഫീസിൽ നിന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.എന്നാൽ ടി ഉത്തരവിനെതിരെ ടിയാൻ ബഹു.ഹൈക്കോടതിയിൽ WP(C) .No.36424/2014-C നമ്പരായി കേസ് ഫയൽ ചെയ്യുകയും 01/02/2018ൽ I.A No.848/2018 in WP (C).No.36424/2017 (C) ഉത്തരവ് പ്രകാരം SP-III/145-151,SP-III/937,938 എന്നീ കെട്ടിടങ്ങളുടെ നികുതി താല്ക്കാലികമായി സ്വീകരിക്കുവാനും ലൈസൻസ് നൽകുവാനും ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.ബഹു.കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി താല്ക്കാലികമായി സ്വീകരിക്കുകയും ലൈസൻസ് നൽകുകയും ചെയ്തിരുന്നു.ബഹു.ഹൈക്കോടതിയുടെ താല്ക്കാലിക ഉത്തരവ് റദ്ദ് ചെയ്യുന്നതിന് 09/02/2018 ൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്.ബഹു.ഹൈക്കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.പ്രസ്തുത III/145, III/937, III/938 എന്നീ കെട്ടിടങ്ങൾക്ക് പഞ്ചായത്ത് നിലവിൽ ലൈബ്രറി സെസ്സ് ഉൾപ്പെടെ യഥാക്രമം 17868 രൂപ, 23701 രൂപ, 22454 രൂപ ഈടാക്കി വരുന്നുണ്ട്.പ്രസ്തുത വിവരങ്ങൾ അനന്തര നടപടികൾക്കായി സമർപ്പിക്കുന്നു.<br><br>ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ |

| | | | | |
|---|---|---|---|---|
| | | | | 2013-14, 2014-15 ആഡിറ്റ് വകുപ്പിന്റെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2(1) -ൽ പരാമർശിച്ചിട്ടുള്ളതും സമാഹൃത ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(3) ആയി ഉൾപ്പെടുത്തിയതുമായ 2014-15 വർഷത്തെ അനധികൃത നിർമ്മാണത്തിലുൾപ്പെടുത്തുകയും പൊളിച്ചുനീക്കാൻ ഉത്തരവിടുകയും ചെയ്യപ്പെട്ട കെട്ടിടത്തിന് 2015-16-ൽ ക്രമവൽക്കരിച്ച് കെട്ടിടനമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 220(ബി), 2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ (കെപിബിആർ ചട്ടം 27(3), 27(5), 58(2)) എന്നിവ ലംഘിച്ചിട്ടുള്ളതാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ക്രമവൽക്കരണം നിരസിക്കപ്പെടുകയും പൊളിച്ചുമാറ്റാൻ ഉത്തരവാകുകയും ചെയ്ത കെട്ടിടത്തിന് 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 97(എ)യുടെ ആനുകൂല്യങ്ങൾ മറയാക്കി അനധികൃതമായി ക്രമവൽക്കരിച്ച് കെട്ടിടനമ്പർ നൽകിയതിൽ കണ്ട അപാകതകൾ മുൻനിർത്തി ഉത്തരവാദിയായ ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.കെ.വി.ശ്രീനിവാസൻ സർവ്വീസിൽ നിന്ന് വിരമിച്ച സാഹചര്യത്തിൽ ടിയാനെതിരെ ബഹു: സർക്കാരിന്റെ 18.04.2017-ലെ തസ്വഭവ ഇപിബി2/166/2016 നമ്പർ കാരണം കാണിക്കൽ നോട്ടീസ് പ്രകാരം ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം ആജീവനാന്തം കുറവു വരുത്തുവാൻ കെഎസ്ആർ ഭാഗം III ചട്ടം 3(ബി) പ്രകാരം താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് ടിയാൾക്ക് കാരണം കാണിക്കൽ നോട്ടീസ് |

37/2022

| | | | | |
|---|---|---|---|---|
| | | | | നൽകുകയും ആയതിനെ തുടർന്ന് ടിയാളുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തുന്നതിന് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയതിൻപ്രകാരം അന്വേഷണം നടത്തി ഔപചാരിക അന്വേഷണ റിപ്പോർട്ട് ബഹു: സർക്കാരിന് ഈ ആഫിസിലെ 05.03.2019-ലെ ഡി1-4214/17 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുള്ളതാണ്. ശ്രീ. കെ.വി ശ്രീനിവാസൻ 31.05.2018-ൽ സെക്രട്ടറി തസ്തികയിൽ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. ടിയാന് എല്ലാവിധ പെൻഷൻ ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുള്ളതാണ്. ടി വിഷയത്തിൽ ബഹു: സർക്കാർ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതാണ്. മേൽ വിവരങ്ങൾ അനന്തരനടപടികൾക്കായി അറിയിക്കുന്നു. |
| 4 | 2016-17 | 3.4 | **<u>അനുവദനീയമായ വ്യാപ്തി അധികരിച്ച് നിർമ്മിക്കപ്പെട്ടിട്ടുള്ള വാണിജ്യകെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകി</u>**<br><br>**<u>കുമ്മിൾ ഗ്രാമപഞ്ചായത്ത്</u>**<br><br>അനുവദനീയമായ കവറേജ് (വ്യാപ്തി) കടന്ന് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ രണ്ടാം വാർഡിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള വാണിജ്യക്കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിച്ചു നൽകി. കെട്ടിട ഉടമ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള റിവൈസ്ഡ് പ്ലാൻ പ്രകാരം മേൽ കെട്ടിടത്തിന്റെ കവറേജ് 60% എന്ന് കാണിച്ചിട്ടുണ്ട്. 2011-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കുമ്മിൾ പഞ്ചായത്ത് ഉൾപ്പെടുന്ന കാറ്റഗറി-II പഞ്ചായത്തുകളിൽ വാണിജ്യാവശ്യത്തിനായി നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങളുടെ കവറേജ് (വ്യാപ്തി) - 55%-ൽ | **<u>കുമ്മിൾ ഗ്രാമപഞ്ചായത്ത്</u>**<br><br>16.06.2017-ന് ലോക്കൽ ഫണ്ട് ഓഡിറ്റിന് പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള മറുപടിയിൽ പരാമർശത്തിൽ പറയുന്ന കുമ്മിൾ ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിൽ ഷഫർ മൻസിലിൽ, ശ്രീമതി. സുൽഫത്ത് ബീവി എന്നയാളുടെ പേരിൽ നിർമ്മിക്കപ്പെട്ടിക്കുള്ള കെട്ടിടം അനുവദനീയമായ കവറേജിനുള്ളിൽ തന്നെയാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്ന്, ടി കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന് വേണ്ടി ഈ ആഫീസിൽ നൽകിയിരുന്ന രേഖകളുടെ പകർപ്പ് സഹിതം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ കൊല്ലം ഓഫീസിൽ മറുപടി |

| | | | | |
|---|---|---|---|---|
| | | | പരിമിതപ്പെടുത്തേണ്ടതും അതിൽ കൂടുതൽ കവറേജ് (വ്യാപ്തി) വരുന്ന കെട്ടിട നിർമ്മാണം അനുവദിക്കാൻ പാടില്ലെന്നുമിരിക്കെ പ്രസ്തുത കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ച് നൽകി.<br><br>കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പ്രകാരം 368 $m^2$ പ്ലോട്ടു വിസ്തീർണ്ണത്തിൽ പണിതിട്ടുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയ്ക്ക് 102 $m^2$ തറ വിസ്തീർണ്ണവും ഒന്നാമത്തെ നിലയ്ക്ക് 176.5 $m^2$ തറ വിസ്തീർണ്ണവും ഉള്ളതായി കാണിച്ചിരുന്നു. എന്നാൽ സമർപ്പിച്ചിട്ടുള്ള കംപ്ലീറ്റഡ് പ്ലാനിൽ നിന്നും വ്യതിചലിച്ചിട്ടാണ് കെട്ടിട നിർമ്മാണം നടത്തിയതെന്നും, താഴത്തെ നിലയുടെയും ഒന്നാമത്തെ നിലയുടെയും തറവിസ്തീർണ്ണത്തിൽ വ്യത്യാസമുള്ളതായും "പരിശോധിച്ചിരുന്ന ഉദ്യോഗസ്ഥൻ" റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ പ്ലാൻ മാറ്റി സമർപ്പിക്കുവാൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. തുടർന്ന് പുതുക്കിയ പ്ലാൻ പഞ്ചായത്തിൽ സമർപ്പിക്കുകയും ആയത് സെക്രട്ടറി പരിശോധനയ്ക്കായി എൽ.എസ്.ജി.ഡി സെക്ഷന് കൈമാറുകയും ചെയ്തു.<br><br>പുതുക്കി സമർപ്പിച്ചിട്ടുള്ള പ്ലാൻ അനുസരിച്ച് മേൽ കെട്ടിടത്തിന്റെ താഴത്തെ നിലയ്ക്കും ഒന്നാം നിലയ്ക്കും 218 $m^2$ വീതം തറവിസ്തീർണ്ണം ഉണ്ട്. കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിന്റെ വിസ്തീർണ്ണം 368 $m^2$ ആണെന്നുള്ള രേഖകളും സമർപ്പിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം കെട്ടിടത്തിന്റെ കവറേജ് (വ്യാപ്തി) 59.23% ആണ്. പ്ലാൻ പരിശോധിച്ചിട്ടുള്ള എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ മേൽ കെട്ടിടം 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമാണ് നിർമ്മിച്ചിട്ടുള്ളതെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി നമ്പർ അനുവദിച്ചു നൽകി. | സമർപ്പിക്കുകയും ടി മറുപടി പരിഗണിച്ച് ടി കാര്യാലയത്തിൽ നിന്നും 01.01.2018-ൽ പുറപ്പെടുവിച്ച കെ.എസ്-കെ എൽഎംപി3/1247/17 നമ്പർ ഫർദർ റിമാർക്സിൽ കെട്ടിടം പ്രാദേശിക പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുള്ളതുമാണ്. |

| | | | | |
|---|---|---|---|---|
| | 2016-17 | 3.5 | <u>**കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന് സെക്രട്ടറി നമ്പർ അനുവദിച്ചു നൽകി**</u><br><br><u>**അലയമൺ ഗ്രാമപഞ്ചായത്ത്**</u><br><br>കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒന്നാം വാർഡിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള വാണിജ്യക്കെട്ടിടത്തിന് നമ്പർ അനുവദിച്ചു നൽകി. 1.25 ആർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 165.9 $m^2$ തറ വിസ്തീർണ്ണത്തിൽ നിർമ്മിച്ചിട്ടുള്ള മേൽ കെട്ടിടം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 64 പ്രകാരമുള്ള ചെറു പ്ലോട്ടുകളിലെ നിർമ്മാണങ്ങൾക്ക് വേണ്ടിയുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• പൂർത്തീകരിക്കപ്പെട്ടിട്ടുള്ള പ്ലാൻ പ്രകാരം കെട്ടിടത്തോടു ചേർന്നുള്ള വിശ്വഭാരതി റോഡിൽ നിന്നും 2 m തുറസ്സായ സ്ഥലം കാണിച്ചിട്ടുണ്ട്. എന്നാൽ 31.08 $m^2$ വിസ്തീർണ്ണത്തിൽ ഈ സ്ഥലം കെട്ടിയടച്ചിട്ടുള്ളതായും നിലവിൽ തുറസ്സായ സ്ഥലം ഉൾപ്പെടുത്താതെ റോഡിനോടു ചേർന്ന് നിർമ്മാണം നടത്തിയിട്ടുണ്ട്.<br>• മറുഭാഗത്ത് മറ്റൊരു വ്യക്തിയുടെ പ്ലോട്ടുമായി അതിർത്തി പങ്കിടുന്ന ഭാഗത്ത് ആവശ്യമായ തുറസ്സായ സ്ഥലം ഉൾപ്പെടുത്തിയിട്ടില്ല. ചട്ടം 64(3) പ്രകാരം ഏതെങ്കിലും ഒരു വശത്തിന് ചുരുങ്ങിയത് 0.90 മീറ്ററും മറുവശത്തിന് 0.60 മീറ്ററും തുറസ്സായ സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഈ ചട്ടം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.<br>• ചെറു പ്ലോട്ടുകളിലെ നിർമ്മാണങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 64(4) പ്രകാരം പിന്നാമ്പുറത്തിന് ചുരുങ്ങിയത് 0.50 മീറ്ററോടു കൂടി ശരാശരി 1 മീറ്റർ വ്യാപ്തി ഉണ്ടാകേണ്ടതാണ്. എന്നാൽ 0.70 മീറ്റർ വ്യാപ്തി മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളൂ.<br>• പൂർത്തീകരിക്കപ്പെട്ട പ്ലാൻ പ്രകാരം സെല്ലാർ നില പാർക്കിംഗിനായി നീക്കി വച്ചിട്ടുള്ളതായി കാണിച്ചിട്ടുണ്ട്. | <u>**അലയമൺ ഗ്രാമപഞ്ചായത്ത്**</u><br><br>ബഹു: കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് കൊല്ലം -ന്റെ 2015-16 വർഷത്തെ ആഡിറ്റിന് ശേഷം ലഭിച്ച റിപ്പോർട്ടിൽ ഭാഗം 2-ൽ ഖണ്ഡിക 2-1 പരാമർശിച്ചിട്ടുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന് സെക്രട്ടറി നമ്പരിട്ട് നൽകി എന്ന പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട ഉടമ ശ്രീ.ജിജു.കെ.സാം, പ്ലാവിളയിൽ വീട്, അലയമൺ എന്ന വ്യക്തിക്ക് 05.06.2017-ൽ സി2-5625/17 നമ്പർ പ്രകാരം വിശദീകരണം ആവശ്യപ്പെട്ട് നോട്ടീസ് നടത്തിയിരുന്നു. ആയതിന് ടിയാൻ 11.04.2018-ൽ രേഖാമൂലം വിശദീകരണം സമർപ്പിച്ചിരുന്നു. കൂടാതെ ടി പരാമർശം പരിഗണിച്ച് ടിയാൻ നിർമ്മിച്ച കെട്ടിടം പരിശോധിച്ചു. ആയതിൽ ടി സ്ഥലത്ത് ടി കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ് ഏകദേശം 40 വർഷത്തിലേറെ പഴക്കമുള്ള ഒരു കെട്ടിടം ഉണ്ടായിരുന്നു. ടി കെട്ടിടം പൊളിച്ചുമാറ്റിയാണ് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. പഴയ കെട്ടിടം പൊളിച്ചുമാറ്റിയപ്പോൾ ആ കെട്ടിടത്തിന്റെ റോഡ് സൈഡിലുള്ള ഭിത്തിയും അതിൽ സ്ഥാപിച്ചിരുന്ന ഷട്ടറും നിലനിർത്തി റോഡിന് അഭിമുഖമായി മതിലായി നിലനിർത്തി അതിൽ നിന്നും നിയമാനുസൃത അകലം പാലിച്ചാണ് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ടി പുതിയ കെട്ടിടവും പഴയ കെട്ടിടത്തിന്റെ ടി മതിലായി നിലനിർത്തിയ ഭാഗവും തമ്മിൽ |

| | | | | |
|---|---|---|---|---|
| ) | | | എന്നാൽ ഈ നില നാലുവശവും കെട്ടിയടച്ച് ഷട്ടറുകളോടു കൂടി ഗോഡൗണായി ഉപയോഗിച്ചു വരുന്നു. | യാതൊരുവിധത്തിലും ബന്ധിപ്പിച്ചിട്ടില്ല. ആകയാൽ ആഡിറ്റ് പരാമർശം ഖണ്ഡിക 2-1(1) പ്രകാരം സൂചിപ്പിച്ചിട്ടുളള നിർമ്മാണം 40വർഷം മുമ്പുളള കെട്ടിടത്തിന്റെ നിലനിർത്തിയ ഭാഗമാണ്.<br><br>ഖണ്ഡിക 2-1(2) പ്രകാരം ടി പുതിയ കെട്ടിടത്തിന്റെ പ്ലോട്ടിനോട് അതിർത്തി പങ്കിടുന്ന ഭാഗത്ത് ആവശ്യമായ തുറസ്സായ സ്ഥലം ഇല്ലാത്തതിനാൽ ടി ഭാഗത്തുളള വസ്തു ഉടമയായ ശ്രീ.സാംകുട്ടിയുടെ സമ്മതപത്രം ഹാജരാക്കിയിരുന്നു.<br><br>ഖണ്ഡിക 2-1(3,4) പ്രകാരം പരാമർശിച്ചിട്ടുളള ടി കെട്ടിടത്തിന്റെ 4 വശങ്ങളും കെട്ടിയടച്ച് ഗോഡൗൺ ആയി ഉപയോഗിക്കുന്നു. എന്ന കാര്യം പുനപരിശോധിച്ചതിൽ നിലവിൽ മേൽ പ്രകാരം കെട്ടിടം അടച്ച് ഗോഡൗണായി മാറ്റി ഉപയോഗിക്കുന്നില്ല എന്നും ടി കെട്ടിടത്തിന്റെ താഴത്തെ നില പാർക്കിംഗ് സൗകര്യത്തിനുള്ളതാണെന്നും ബോധ്യപ്പെട്ടിട്ടുളളതാണ്. |
| 6 | 2016-17 | 3.6 | **രണ്ടുനില കെട്ടിടം പണിയുന്നതിനായി അനുമതി നേടിയ ശേഷം മൂന്നുനില കെട്ടിടം പണിതു. യാതൊരു ക്രമവൽക്കരണ നടപടികളും സ്വീകരിക്കാതെ കെട്ടിട നമ്പർ അനുവദിച്ചു നൽകി.**<br><br>**കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്**<br><br>രണ്ടു നിലകളുള്ള ഓഡിറ്റോറിയം പണിയുന്നതിനായി പഞ്ചായത്തിൽ നിന്നും അനുമതി നേടി ശേഷം കെട്ടിട ഉടമ മൂന്ന് | **കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്**<br><br>ശ്രീമതി ഷേർളി ബീഗം,നെബിൻ വില്ല,16 ഏക്കർ,കുളത്തൂപ്പുഴ പി.ഒ എന്നവർ 797.15ച.മീ തറ വിസ്തീർണ്ണമുള്ള രണ്ട്നില ഓഡിറ്റോറിയ കെട്ടിടം പണിയുന്നതിന് അനുമതിക്ക് വേണ്ടി 15.12.2009 ൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു.നിർമ്മിതി വിസ്തീർണ്ണം 500 |

| | | | | |
|---|---|---|---|---|
| | | | നിലകളുള്ള ഓഡിറ്റോറിയം പണിതു. കൃത്യമായ പരിശോധന നടത്തി ക്രമവൽക്കരണ നടപടികൾ സ്വീകരിക്കാതെ ഓഡിറ്റോറിയത്തിന് കെട്ടിട നമ്പർ അനുവദിച്ചു നൽകി.<br><br>കെട്ടിട നിർമ്മാണ പെർമിറ്റിനായി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ പ്രകാരം ഓഡിറ്റോറിയത്തിന് രണ്ടു നിലകളും താഴത്തെ നിലയ്ക്ക് 340.33 $m^2$ വിസ്തീർണ്ണവും ഒന്നാമത്തെ നിലയ്ക്ക് 456.82 $m^2$ വിസ്തീർണ്ണവും ഉൾപ്പെടെ 797.15 $m^2$ വിസ്തീർണ്ണം കാണിച്ചിരുന്നു. അപേക്ഷ പരിശോധിച്ച ജില്ലാ ഠൗൺ പ്ലാനർ 26.08.2010-ൽ സി-68/2010/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം കെട്ടിടത്തിന്റെ ലേ ഔട്ട് പ്ലാൻ അംഗീകരിച്ച് 136/2010 നമ്പർ അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 31.01.2011-ൽ എ3-7401/10 നമ്പറായി 797.15 $m^2$ വിസ്തീർണ്ണത്തിൽ ഓഡിറ്റോറിയം പണിയുന്നതിനായി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു നൽകി.<br><br>15.10.14-ൽ ഓഡിറ്റോറിയത്തിന്റെ പണി പൂർത്തിയായതായി കാണിച്ച് ഉടമ കംപ്ലീഷൻ പ്ലാൻ ഉൾപ്പെടെ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്ലാൻ പരിശോധിച്ച എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയർ സെക്രട്ടറിയ്ക്ക് നൽകിയ റിപ്പോർട്ടിൽ പ്ലാൻ പ്രകാരമുള്ള അളവിൽ നിർമ്മാണം പൂർത്തീകരിച്ചതായും ആകെ നിർമിതി വിസ്തീർണ്ണം 797.15 $m^2$ ആണെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി 03.03.15-ൽ കെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകി. എന്നാൽ കെട്ടിട നമ്പറിനായി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള അഗ്നിശമന സുരക്ഷാ വിഭാഗത്തിൽ നിന്നുള്ള ബി-5494/2014/ തീയതി. 30.10.14 നമ്പർ ഫൈനൽ എൻ.ഒ.സിയിൽ ഡിവിഷണൽ ഓഫീസർ, ഫയർ & റസ്ക്യൂവിന്റെ പരിശോധനയിൽ മേൽ ഓഡിറ്റോറിയം മൂന്നു നില കെട്ടിടമാണെന്നും ആകെ നിർമ്മിതി വിസ്തീർണ്ണം 992.17 $m^2$ | ച.മീറ്ററിൽ അധികരിച്ചിട്ടുള്ളതിനാൽ കൊല്ലം ജില്ലാ ഠൗൺപ്ലാനറിൽ നിന്നുള്ള 26.08.2010 ലെ സി-68/2010/കെ.ഡിസ് നം ഉത്തരവ് പ്രകാരം ലേ ഔട്ട് അംഗീകാരം ലഭ്യമാക്കിയാണ് നിർമ്മാണ അനുമതി നൽകിയത്. ജില്ലാ ഠൗൺ പ്ലാനർ അംഗീകരിച്ച് നൽകിയ ലേ ഔട്ടിൽ ഗ്രൗണ്ട് ഫ്ളോർ 340.33 ച.മീറ്റർ തറവിസ്തീർണ്ണവും ഫസ്റ്റ് ഫ്ളോർ 456.82 ച.മീറ്റർ തറവിസ്തീർണ്ണവും ഉൾപെടെ ആകെ 797.15 ച.മീറ്റർ നിർമ്മിതി വിസ്തീർണ്ണമാണ് പ്രൊപ്പോസ്ഡ് പ്ലാനിൽ ഉണ്ടായിരുന്നതും ആയതിനാണ് അംഗീകാരം ലഭിച്ചതും. ടി ലേ ഔട്ട് പ്രകാരമാണ് നിർമ്മാണ അനുമതി നൽകിയത്. 03.03.2015 ൽ പണി പൂർത്തീകരിച്ച് അപേക്ഷയും പൂർത്തീകരണ പ്ലാനും സർട്ടിഫിക്കറ്റും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി. അസി.എഞ്ചിനിയർ മുഖാന്തിരം സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ഹാജരാക്കിയ പ്രകാരം 797.15 ച.മീറ്റർ തറ വിസ്തീർണ്ണത്തിന് ഒക്യുപെൻസിയും കെട്ടിടനമ്പറും അനുവദിച്ച് നൽകി. എന്നാൽ കെട്ടിട നമ്പർ ലഭിക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള അഗ്നി സുരക്ഷ വിഭാഗത്തിൽ നിന്നുള്ള ബി-5494/2014/30.10.2014 നമ്പർ ഫൈനൽ എൻ.ഒ.സിയിൽ ബഹു.ഫയർ& റസ്ക്യൂ,ഡിവിഷണൽ ഓഫീസർ ടി ഓഡിറ്റോറിയ കെട്ടിടം മൂന്ന് നില കെട്ടിടമാണെന്നും ആകെ നിർമ്മിതി |

| | | | | |
|---|---|---|---|---|
| ( | | | ആണെന്നും. സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് സെക്രട്ടറിയ്ക്ക് അയച്ചു കൊടുത്തിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെട്ടിടം പരിശോധിച്ച എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയറുടെ റിപ്പോർട്ടിലോ അപേക്ഷ പരിശോധിച്ച സെക്രട്ടറിയുടെ റിപ്പോർട്ടിലോ മേൽ വസ്തുത പരിശോധിച്ചിട്ടില്ല.<br><br>1999-ലെ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസിലെ ചട്ടം 26 എ പ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ചട്ടം 55(2) പ്രകാരമുള്ള സെറ്റ് ബാക്കുകൾ, ചട്ടം 55(12), 54(6) പട്ടിക 9 എന്നിവ പ്രകാരമുള്ള വാട്ടർ ക്ലോസറ്റുകൾ ചട്ടം 34 പ്രകാരമുള്ള കാർ പാർക്കിംഗ് ഏരിയ, ചട്ടം 101(എ) പ്രകാരമുള്ള മഴവെള്ള സംഭരണി എന്നിവയും ഉൾപ്പെടുത്തിയിട്ടില്ല. | വിസ്തീർണ്ണം 992.17 ച.മീറ്റർ ആണെന്നും സാക്ഷ്യപെടുത്തിയിരുന്നു.ജില്ലാ ടൗൺ പ്ലാനർ അംഗീകാരം നൽകിയ ഗ്രൗണ്ട് ഫ്ളോർ,ഫസ്റ്റ് ഫ്ളോർ, എന്നിങ്ങനെയാണ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതായി കാണുന്നത്(ടി കെട്ടിടത്തിന്റെ ഫോട്ടോഗ്രാഫ് പരിശോധനയ്ക്ക് ലഭ്യമാണ്.) സ്ഥല പരിശോധന നടത്തിയതിൽ ഓഡിറ്റോറിയ കെട്ടിടത്തിന്റെ വശങ്ങളിലുള്ള തുറസ്സായ സ്ഥലങ്ങളിൽ ഓഡിറ്റോറിയത്തിൽ എത്തുന്നവർക്ക് മഴയും വെയിലും ഏൽക്കാതെ നിൽക്കുന്നതിന് വേണ്ടി ഭാരം കുറഞ്ഞ ഷീറ്റ് ഉപയോഗിച്ച് താത്കാലിക ഷെയ്ഡ് നിർമ്മിച്ചിട്ടുള്ളതായി കാണുന്നു.ടി.താത്കാലിക ഷെയ്ഡിന്റെ പ്ലിന്ത് ഏര്യകൂട് ഉൾപ്പെടുത്തി ഫയർ&റസ്ക്യൂ സർവ്വീസ് വകുപ്പ് പ്ലിന്ത് ഏരിയ കണക്കാക്കിയതിനാലാണ് 797.15 ച.മീറ്ററിൽ നിന്നും 992.17 ച.മീറ്റർ ആയി പ്ലിന്ത് ഏരിയ വർദ്ധിക്കാൻ ഇടയായത് എന്ന് മനസ്സിലാക്കുന്നു.കൂടാതെ പിൻ ഭാഗത്തായി 152.52 ച.മീറ്ററിൽ അനധികൃത നിർമ്മാണവും നടത്തി അടുക്കളായി ഉപയോഗിച്ച് വരുന്നു.2017 ൽ ഓഡിറ്റ് പരാമർശം ഉണ്ടായ ഉടൻതന്നെ ഓഡിറ്റിലെ നിർദ്ദേശം അനുസരിച്ച് ടി അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശം നൽകുകയും അനധികൃതമായി നിർമ്മിച്ച കെട്ടിടഭാഗത്തിന് 235 എഎ വകുപ്പിലെ വ്യവസ്ഥപ്രകാരം നികുതി ഈടാക്കുന്നതിനും ഡിമാന്റ് |

| | | | | |
|---|---|---|---|---|
| | | | | നോട്ടീസും നൽകിയിരുന്നു.എന്നാൽ ടി നിർദ്ദേശം കെട്ടിടഉടമ പാലിച്ചിട്ടില്ല.20.02.2019 ലെ സ.ഉ(പി)നം 12/2018/തസ്വഭവ ഉത്തരവ് പ്രകാരം അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി 30.09.2019 വരെ നിലവിൽ ഉണ്ട്.ടി സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അനധികൃതനിർമ്മാണം ക്രമവത്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിച്ചതനുസരിച്ച് ടിയാൾ **18.09.2019 ൽ 11910102365** നം രസീത് പ്രകാരം അപേക്ഷഫീസ് അടച്ച് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മാത്രമല്ല അനധികൃത നിർമ്മാണം നടത്തിയ തീയതി മുതൽ നാളിത് വരെയുള്ള നികുതിതുക (235 എഎ വകുപ്പ് പ്രകാരം)ടിയാൾ 30.09.2019 ന് മുൻപ് തന്നെ ഒടുക്ക് വരുത്താമെന്ന് അറിയിച്ചിട്ടുണ്ട്.ടി അപേക്ഷയിന്മേൽ എത്രയും വേഗം തുടർനടപടി സ്വീകരിക്കുന്നതും അനധികൃതനിർമ്മാണം ക്രമവത്കരിക്കുന്നത് വരെ/പൊളിച്ച് നീക്കുന്നത് വരെ നികുതി പൂർണ്ണമായും സമയബന്ധിതമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണ്. ആവശ്യമായ പാർക്കിംഗ് ഏരിയ, മാലിന്യ സംസ്കരണ സംവിധാനം,സെപ്റ്റിക്ടാങ്ക് മുതലായ എല്ലാ സംവിധാനങ്ങളും ഓഡിറ്റോറിയത്തിന്റെ കോമ്പൗണ്ടിനുള്ളിൽ ഒരുക്കിയിട്ടുണ്ട്.<br><br>ടി ഖണ്ഡിക ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിൽ നിയമാനുസൃത തുടർ |

| | | | | |
|---|---|---|---|---|
| | | | | നടപടികൾക്ക് ശുപാർശ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടുടെ ഓഫീസിൽ നിന്നും അന്വേഷണം നടത്തി താഴെ പറയുന്ന വിവരങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br><br>ഓഡിറ്റോറിയം നിർമ്മാണത്തിനായി 797.15 സ്ക്വയർ മീറ്റർ വിസ്തീർണ്ണത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു നൽകിയിട്ടുള്ളതും, കംപ്ലീഷൻ പ്ലാൻ പ്രകാരം XIV/630 എന്ന കെട്ടിട നമ്പർ അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. 797.15 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് നമ്പർ നൽകുന്നതിനായി റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചിട്ടില്ലായെന്നു കാണുന്നു. ആകെ നിലകളുടെ മൊത്തം വിസ്തീർണ്ണം കെട്ടിടങ്ങളുടെ മാത്രം അളവെടുക്കുമ്പോൾ 797.15 സ്ക്വയർ മീറ്റർ ആണെന്നു കാണുന്നു. പ്രസ്തുത കെട്ടിടത്തിന്റെ ഇരു വശങ്ങളിലും വെതർ പ്രൂഫ് സജ്ജമാക്കിയിട്ടുള്ളതിനാൽ, ആയതു കൂടി മൊത്തം വിസ്തീർണ്ണത്തിൽ ഫയർ & റസ്ക്യൂ ഡിവിഷണൽ ഓഫീസർ ഉൾപ്പെടുത്തിയതിനാലാണ് 992.17 സ്ക്വയർ മീറ്റർ എന്ന് കണക്കാക്കിയിട്ടുള്ളത്. കെട്ടിടത്തിന്റെ യൂസേജ് ഏരിയ 797.15 സ്ക്വയർ മീറ്റർ ആണെന്ന് ഉറപ്പാക്കിയിട്ടുണ്ട്.<br><br>എന്നാൽ കെട്ടിട നമ്പർ കരസ്ഥമാക്കിയതിനു ശേഷം, കെട്ടിട ഉടമ |

| | | | | |
|---|---|---|---|---|
| | | | | റിപ്പോർട്ടിൽ പരാമർശിക്കും വിധം, താഴത്തെ നിലയ്ക്കു പിന്നിലായി 152.52 സ്ക്വയർ മീറ്റർ വിസ്തീർണ്ണത്തിൽ കൂട്ടിച്ചേർക്കലുകൾ നടത്തിയതായി ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ക്രമവത്കരിക്കപ്പെടുന്നതു വരെ കേരളാ പഞ്ചായത്ത് രാജ്ആക്റ്റ്, സെക്ഷൻ 235 എഎ പ്രകാരം ഈടാക്കേണ്ടതായ നികുതി ചുമത്തുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് 01.02.2018 ലെ പിഎ5-639/2017 നമ്പർ കത്ത് പ്രകാരം കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |
| 7 | 2016-17 | 3.7 | **<u>അഗ്നി സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച എൽ.പി.ജി ഗോഡൗണിന് കെട്ടിട നമ്പർ അനുവദിച്ചു.</u>**<br><br>**<u>അഞ്ചൽ ഗ്രാമപഞ്ചായത്ത്</u>**<br><br>അഗ്നി സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച എൽ.പി.ജി ചട്ട പ്രകാരം ലഭ്യമാകേണ്ട ഫയർ നിരാക്ഷേപ സാക്ഷ്യപത്രം, ജില്ലാ കളക്ടറുടെ നിരാക്ഷേപ സാക്ഷ്യപത്രം എന്നിവ വാങ്ങാതെയും, സ്ഥലവാസികളുടെ പരാതികൾ അവഗണിച്ചും കെട്ടിട നമ്പർ അനുവദിച്ചു.<br><br>കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34/3(ഐ) പ്രകാരം എൽ.പി.ജി ഗോഡൗണുകളെ പെട്ടെന്ന് തീ പിടിക്കുന്നതോ അല്ലെങ്കിൽ പൊട്ടിത്തെറിക്കുന്നതോ ആയ വസ്തുക്കൾ അല്ലെങ്കിൽ ഉൽപ്പന്നങ്ങളുടെ സംഭരണം, കൈകാര്യം ചെയ്യൽ, നിർമ്മാണം, സംസ്കരണം എന്നിവയ്ക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ ഉൾപ്പെടുന്ന ഗണം ഐ(2)- അപായ സാദ്ധ്യതയുള്ള വിനിയോഗങ്ങൾ എന്ന വിഭാഗത്തിലാണ് | **<u>അഞ്ചൽ ഗ്രാമപഞ്ചായത്ത്</u>**<br><br>ടി ഖണ്ഡിക ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിൽ നിയമാനുസൃത തുടർ നടപടികൾക്ക് ശുപാർശ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ നിന്നും അന്വേഷണം നടത്തിയിരുന്നു. ടി അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ഗ്യാസ് ഗോഡൗണിന് എൻ.ഒ.സി അനുവദിക്കുന്നത് സംബന്ധിച്ച ഉചിതമായ തീരുമാനം എടുക്കുന്നതിന് വേണ്ടി 29.06.2015, തിങ്കളാഴ്ച പകൽ 11 മണിയ്ക്ക് കൊല്ലം ജില്ലാ കളക്ട്രേറ്റ് കോൺഫറൻസ് |

| | | | | |
|---|---|---|---|---|
| | | | ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 61(6) പ്രകാരം ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ അഗ്നിശമനസേനാ ഡയറക്ടറിൽ നിന്നോ ഇതിനായി അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാര സാക്ഷ്യപത്രം നേടി കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിനു മുമ്പായി ഹാജരാക്കേണ്ടതാണ്. കൂടാതെ ചട്ടം 61(9) പ്രകാരം ജില്ലാ കളക്ടറുടെ അനുമതിയും വാങ്ങിയിരിക്കണം. 992.17 $m^2$ -ൽ 8000 kg സംഭരണ ശേഷിയുള്ള എൽ.പി.ജി ഗോഡൗൺ നിർമ്മിക്കുന്നതിന് 25.07.2013-ൽ ഉടമ പഞ്ചായത്തിൽ അപേക്ഷ നൽകി. പ്രസ്തുത അപേക്ഷ സ്വീകരിച്ച സെക്രട്ടറി കെട്ടിടത്തിന് നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനായി ഫയർ & റസ്ക്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരത്തിന് കത്തയച്ചു. ആയതു പ്രകാരം ഫയർ & റസ്ക്യൂ ഡിവിഷണൽ ഓഫീസർ താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കണമെന്നും നിർമ്മാണ ശേഷം ഈ വകുപ്പിൽ നിന്ന് അന്തിമ നിരാക്ഷേപ സാക്ഷ്യപത്രം (final N.O.C) വാങ്ങണമെന്നും അറിയിച്ചു കൊണ്ട് മറുപടി നൽകി. കത്തിലെ നിബന്ധനകൾ ചുവടെ ചേർക്കുന്നു.<br>• എൽ.പി.ജി ഗോഡൗണിന്റെ Gas Cylinder Rule-ന് നിർമ്മാണം അനുസൃതമായിരിക്കണം.<br>• ഗോഡൗണിൽ നിന്നും കോമ്പൗണ്ട് വാളിലേയ്ക്കും, കോമ്പൗണ്ട് വാളിൽ നിന്ന് അൺലോഡിംഗ് ഏരിയയിലേയ്ക്കും ചട്ടപ്രകാരമുള്ള സുരക്ഷിത സ്ഥലം ലഭ്യമാക്കണം. നിലവിൽ ലോഡിംഗിനും അൺലോഡിംഗിനും ഉള്ള സ്ഥലം അപര്യാപ്തമാണ്. ആയത് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പരിഹരിക്കണം.<br>• ചട്ടപ്രകാരമുള്ള Fire Extinguishers കെട്ടിടത്തിൽ സ്ഥാപിക്കണം<br>• 'പുകവലി പാടില്ല' എന്ന ബോർഡ് ഇംഗ്ലീഷിലും മലയാളത്തിലും, ഹിന്ദിയിലും പ്രദർശിപ്പിക്കണം. | ഹാളിൽ വച്ചു നടന്ന ഹിയറിംഗിൽ അഞ്ചൽ പഞ്ചായത്തിൽ നിന്നും ശ്രീ.നാസറുദ്ദീൻ, ക്ലാർക്ക് പങ്കെടുക്കുകയും എ.ഡി.എം. ന്റെ അദ്ധ്യക്ഷതയിൽ നടന്ന പ്രസ്തുത ഹിയറിംഗിൽ ഗ്യാസ് ഗോഡൗണിന് ജില്ലാ കളക്ടറുടെ അനുമതി ആവശ്യമില്ലെന്നും പെട്രോൾ പമ്പിനാണെങ്കിൽ കളക്ടറുടെ അനുമതി ആവശ്യമാണെന്നും ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് നൽകിയിട്ടുളതുമായി കാണുന്നു.<br><br>ശ്രീമതി.നസീമാ ബീവി, റെക്സാന മൻസിൽ, കോട്ടുക്കൽ.പി.ഒ എന്നയാൾ എൽ.പി.ജി ഗോഡൗൺ നിർമ്മാണത്തിനെതിരെ 30.07.2014, 16.09.2014 തീയതികളിൽ ജില്ലാ ടൗൺ പ്ലാനർക്ക് സമർപ്പിച്ച പരാതി അന്വേഷിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് 20.09.2014 ൽ കൊല്ലം ജില്ലാ ടൗൺ പ്ലാനർ, അഞ്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നു. (കത്ത് നമ്പർ -സി-926/2014)<br><br>ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന ശ്രീമതി.നസീമാ ബീവി, റുക്സാന മൻസിൽ, കോട്ടുക്കൽ, അഞ്ചൽ എന്നയാൾ എൽ.പി.ജി.ഗോഡൗൺ നിർമ്മാണത്തിനെതിരെ 30.07.2014, 16.09.2014 തീയതികളിൽ ജില്ലാ ടൗൺ |

| | | | | |
|---|---|---|---|---|
| | | | • കെട്ടിടത്തിന്റെ 12 മീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ പൂർണ്ണമായും പൊളിച്ചു നീക്കണം.<br>ഫയർ & റസ്ക്യൂ വകുപ്പിന്റെ മേൽസൂചിത നിർദ്ദേശങ്ങൾ പാലിച്ച് അന്തിമ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കാമെന്ന് ബഹു. ജില്ലാ കളക്ടർ 18.12.2014-ൽ സെക്രട്ടറിയെ അറിയിച്ചു. (കത്ത് നം. എം7-31002/14). ആയതിന്റെ അടിസ്ഥാനത്തിൽ, നിർദ്ദിഷ്ട പ്ലോട്ടിനോട് ചേർന്ന് കിടക്കുന്ന പ്ലോട്ടുകളിൽ നിലവിൽ വീടുകളുണ്ടെങ്കിൽ അവയുടെ ഉടമസ്ഥരിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങണമെന്ന നിബന്ധനകൾ അടക്കം ചീഫ് ടൗൺ പ്ലാനർ കെട്ടിടത്തിന്റെ ലേ-ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി കൊണ്ട് സെക്രട്ടറിയ്ക്ക് കത്ത് നൽകി (കത്ത് നം. സി3-8433/2014/ഡി.ഡി.എസ്. തീയതി. 17.10.2014, സൈറ്റ് പ്ലാൻ അംഗീകാര നമ്പർ 337/2014). പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു (നം. എ3-8998/2014 തീ. 12.01.2015). ഇതിനിടയിൽ നിർദ്ദിഷ്ട ഗ്യാസ് ഗോഡൗണിന്റെ നിർമ്മാണത്തിനെതിരെ സമീപവാസി ജില്ലാ ടൗൺ പ്ലാനർക്ക് പരാതി നൽകിയതിനാൽ, സെക്രട്ടറിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടു കൊണ്ട് ജില്ലാ ടൗൺ പ്ലാനർ 20.09.2014-ൽ കത്ത് നൽകിയെങ്കിലും (നം.സി/936/2014) സെക്രട്ടറി മറുപടി നൽകുകയുണ്ടായില്ല.<br>ഫയർ & റസ്ക്യൂ വകുപ്പ്, ടൗൺ പ്ലാനിംഗ് വകുപ്പ്, ജില്ലാ കളക്ടറുടെ ഓഫീസ് എന്നിവിടങ്ങളിൽ നിന്നും അറിയിച്ച മേൽ സൂചിപ്പിച്ച തരത്തിലുള്ള നിർദ്ദേശങ്ങൾ നിലനിൽക്കെ ആയവ പാലിച്ചു എന്ന് ഉറപ്പുവരുത്താതെയും ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഇല്ലാതെയും 31.03.2015-ൽ കെട്ടിടം അസസ്സ് ചെയ്ത് നമ്പർ അനുവദിച്ചു.<br>വിവിധ വകുപ്പുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ അവഗണിച്ചും, ചട്ടപ്രകാരം ആവശ്യമായ രേഖകൾ ഇല്ലാതെയും പ്രദേശവാസികളുടെ പരാതികൾക്ക് തീർപ്പു കൽപ്പിക്കാതെയും | പ്ലാനർക്കു നൽകിയ പരാതി അന്വേഷിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് അഞ്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്ത് ഇട്ടിവ പഞ്ചായത്തിൽ ആനപ്പുഴയ്ക്കൽ, പള്ളിമുക്കിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിരുന്ന ഗ്യാസ് ഗോഡൗണിനെതിരെയുള്ള പരാതിയായിരുന്നു എന്നാണറിയാൻ കഴിഞ്ഞത്. ഇത് ആഡിറ്റ് റിപ്പോർട്ടിൽ തെറ്റായി കടന്നു കൂടിയതാണെന്ന് അനുമാനിക്കാവുന്നതാണ്.<br>ശ്രീ.ജ്യോതികുമാറിന്റെ ഗ്യാസ് ഗോഡൗണിന്റെ പരിസരത്തെങ്ങും തന്നെ ഈ പേരിലും വിലാസത്തിലുമുള്ള ആരും തന്നെ താമസമില്ലാത്തതാണെന്ന് നേരിട്ടുള്ള അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്.<br>ആഡിറ്റ് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന എൽ.പി.ജി ഗോഡൗണിന്റെ 12 മിറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന ശ്രീ.ജ്യോതികുമാറിന്റെ ഉടമസ്ഥതയിലും<br>ജീർണ്ണാവസ്ഥയിലുമായിരുന്ന XVI/416 -ാം നമ്പർ കെട്ടിടം ഇടിച്ചു നിരത്തിയിട്ടുള്ളതും, കെട്ടിടത്തിലെ ഇലക്ട്രിക് മീറ്റർ സ്ഥാപിച്ചിട്ടുള്ള ഭാഗത്തെ ഭിത്തി നിലനിർത്തിയിട്ടുള്ളതായും കാണുന്നു. |

| | | | | |
|---|---|---|---|---|
| | | | നടപടിക്രമങ്ങൾ ലംഘിച്ചു കൊണ്ടും കെട്ടിടത്തിന് നമ്പർ അനുവദിച്ചു നൽകി. | കൂടാതെ എൽ.പി.ജി ഗോഡൗണിന് സമീപത്ത് താമസിച്ചു വരുന്ന ശ്രീ.സാജു.കെ.സി, ചാമക്കാല വീട്, പനയഞ്ചേരി അഞ്ചൽ എന്നയാൾ തന്റെ വീടിന്റെ 190 മീറ്റർ മാറി ജ്യോതികുമാറിന്റെ എൽ.പി.ജി ഗോഡൗൺ പ്രവർത്തിക്കുന്നതിന് പരാതിയോ, തടസ്സമോ ഇല്ലെന്ന് സത്യവാങ് മൂലം എഴുതി കൊടുത്തിട്ടുള്ളതുമാണ്. നിശ്ചയിക്കപ്പെട്ടിട്ടുള്ള ദൂര പരിധിക്കുള്ളിൽ മറ്റ് വീടുകൾ ഒന്നും തന്നെയില്ലാത്തതും, ഗ്യാസ് ഗോഡൗണുമായി ബന്ധപ്പെട്ട് പരിസരവാസികൾക്കൊന്നും തന്നെ പരാതിയില്ലാത്തതുമാണ്.<br><br>ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ വിവിധ വകുപ്പുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ അവഗണിച്ചും, ചട്ടപ്രകാരം ആവശ്യമായ രേഖകൾ ഇല്ലാതെയും, പ്രദേശവാസികളുടെ പരാതികൾക്ക് തീർപ്പു കൽപ്പിക്കാതെയും നമ്പർ നൽകിയെന്നാണ് പരാമർശിക്കുന്നത്.<br><br>അന്വേഷണത്തിലും, ഫയൽ പരിശോധിച്ചതിലും 28.05.2014 ഫയർ & റസ്ക്യൂ ഡിവിഷണൽ ഓഫീസറുടെ പ്രാഥമിക നിരാക്ഷേപ പത്രത്തിന്റേയും |

| | | | | |
|---|---|---|---|---|
| | | | | 17.10.2014 ലെ മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം. ന്റെ ഡി3-8433/2014/ഡി.ഡിസ് ഉത്തരവിന്റെയും 30.12.2014 ലെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുടേയും {Consent to establish (PCB/KO/KE/276/2014)} അടിസ്ഥാനത്തിലുമാണ് 12.01.2015 ൽ പെർമിറ്റ് നൽകിയിട്ടുള്ളതും, തുടർന്ന് കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതും എന്ന് കാണുന്നു. ടി.എൽ.പി.ജി ഗോഡൗണിന് 08.12.2016 ൽ ഡിവിഷണൽ ഓഫീസർ, ഫയർ & റെസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം. ന്റെ അന്തിമ നിരാക്ഷേപ പത്രം ലഭിച്ചിട്ടുള്ളതുമാണ്.<br><br>ഈ സാക്ഷ്യപത്രത്തിന് രണ്ട് വർഷക്കാലയളവിലേക്ക് സാധുതയുള്ളതുമാണ്. പെട്രോളിയം ആന്റ് എക്സ്പ്ലോസ്സീവ്സ് സേഫ്റ്റി ഓർഗനൈസേഷൻ, ഡെപ്യൂട്ടി ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസ്സീവ്സിന്റെ എക്സ്പ്ലോസ്സീവ് ലൈസൻസ് (G/SE/KL/06/44(G40924) Dated:09.06.2015) ലഭിച്ചിട്ടുള്ളതിനാലും മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം നിലവിലുള്ളതിനാലും പഞ്ചായത്ത് ലൈസൻസ് 2017-18 വർഷത്തെക്ക് പുതുക്കി കെട്ടിട |

| | | | | |
|---|---|---|---|---|
| | | | | നികുതിയും ഫീസുകളും ഒടുക്കിയിട്ടുള്ളതും, ഈ ഗോഡൗൺ സംബന്ധിച്ച് നിലവിൽ പരാതികൾ ഒന്നും ഇല്ലാത്തതുമാണ്.<br><br>കെട്ടിടത്തിന് നമ്പർ {(XVI/694)V/1302പഴയത് } നൽകുന്ന വേളയിൽ ഫയർ ആന്റ് സേഫ്റ്റിയുടെ അന്തിമ നിരാക്ഷേപപത്രം ലഭ്യമല്ലായിരുന്നു. നമ്പർ നൽകിയത് 31.03.2015 ൽ ആണ്. ഫയർ ആന്റ്സേഫ്റ്റിയുടെ അന്തിമ നിരാക്ഷേപപത്രം ലഭിച്ചത് 08.12.2016 ലാണ്. നമ്പർ നൽകുന്ന വേളയിൽ സേവനമനുഷ്ഠിച്ചിരുന്ന സെക്രട്ടറി ശ്രീ.എസ്.ലെനീന്ദ്രൻ 30.04.2015 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ടിലുണ്ട്.<br><br>സെക്രട്ടറി സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ഈ വിഷയം വിശദമായി പരിശോധിച്ച ശേഷം അനധികൃതമായി ലൈസൻസ് നൽകിയതുകൊണ്ട് സർക്കാരിന് നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ നഷ്ടം ഈടാക്കുന്നതിനായി സിവിൽ സ്യൂട്ട് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | 2016-17 | 3.8 | **ഒരു നില പണിയുന്നതിനായി പഞ്ചായത്തിൽ നിന്നും പെർമിറ്റ് നേടിയ ശേഷം മൂന്നുനില കെട്ടിടം പണിതുയർത്തി**<br><br>**കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്**<br><br>പാരിപ്പള്ളി ടൗണിൽ വാണിജ്യാവശ്യത്തിനുള്ള ഒരു നില കെട്ടിടം പണിയുന്നതിനായി പഞ്ചായത്തിൽ നിന്നും പെർമിറ്റ് നേടിയ ശേഷം തൽസ്ഥാനത്ത് മൂന്ന് നില കെട്ടിടം പണിതു. പഞ്ചായത്തിലെ രേഖകളിൽ കേവലം 98 $m^2$ മാത്രം തറവിസ്തീർണ്ണമുള്ള ഈ കെട്ടിടം സ്ഥല പരിശോധനയോടനുബന്ധിച്ച് ഓഡിറ്റ് വിഭാഗത്തിന്റെ നിർദ്ദേശത്തെ തുടർന്ന് എൽ.എസ്.ജി.ഡി ഓവർസിയർ അളന്ന് പരിശോധിക്കുകയും ഈ കെട്ടിടത്തിന്റെ മൂന്ന് നിലകൾക്കും 507.53 $m^2$ വീതം തറവിസ്തീർണ്ണം ഉൾപ്പെടെ ആകെ 1522.59 $m^2$ തറവിസ്തീർണ്ണം ഉണ്ടെന്ന് റിപ്പോർട്ട്. നൽകുകയും ചെയ്തിട്ടുണ്ട്. ആയത് അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. 1522.59 $m^2$ തറവിസ്തീർണ്ണത്തിനുള്ള കെട്ടിട നികുതി ഒടുക്കേണ്ട സ്ഥാനത്ത് 98 $m^2$ ന് ആനുപാതികമായ നികുതി മാത്രമാണ് അടവാക്കി വരുന്നത്.<br><br>മേൽ കെട്ടിട നിർമ്മാണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 38 പ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കിയിട്ടില്ല.<br>• ചട്ടം 44 പ്രകാരമുള്ള കോണിപ്പടികൾ സ്ഥാപിച്ചിട്ടില്ല.<br>• ചട്ടം 47 പ്രകാരമുള്ള അഗ്നിരക്ഷാ കോണിപ്പടികൾ സ്ഥാപിച്ചിട്ടില്ല.<br>• ചട്ടം 58 പ്രകാരമുള്ള സെറ്റ് ബാക്കുകൾ നൽകിയിട്ടില്ല.<br>• ചട്ടം 58(12) പ്രകാരം അഗ്നിശമന വിഭാഗത്തിൽ നിന്നും | **കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്**<br><br>കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഉണ്ടായിരുന്ന 13/635 (13/322 A old) (98 m2 ) നമ്പർ കെട്ടിടത്തിന് മുകളിലായി നിർമ്മിച്ച രണ്ട് നില കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി 23/08/2013 തീയതിയിലെ ബി/6300/13 നമ്പറായി അപേക്ഷ നൽകിയതിൻ പ്രകാരം കെട്ടിടം ക്രമവൽക്കരിച്ചു നൽകിയിട്ടുണ്ട്. രണ്ടാം നിലയ്ക്ക് 13/922 നമ്പർ നൽകി 327 m2 വിസ്തീർണ്ണത്തിന് 19676 രൂപ വസ്തു നികുതി ചുമത്തി 2013/2014 വർഷം മുതൽ ഈടാക്കി വരുന്നു .മൂന്നാം നിലയ്ക്ക് 13/923 നമ്പർ നൽകി 167 m2 വിസ്തീർണ്ണത്തിന് 10079 രൂപ വസ്തു നികുതി ചുമത്തി 2013/2014 വർഷം മുതൽ ഈടാക്കി വരുന്നു നിലവിൽ കെ പി ബി ആർ പ്രകാരമുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ എൽ എസ് ജി ഡി കല്ലുവാതുക്കൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | സർട്ടിഫിക്കറ്റ് നേടിയിട്ടില്ല.<br>• ചട്ടം 102 പ്രകാരമുള്ള മഴവെള്ള സംഭരണി ഒരുക്കിയിട്ടില്ല.<br>• ചട്ടം 104 പ്രകാരം വൈകല്യമുള്ള വ്യക്തികൾക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. | |
| 9 | 2016–17 | 3.9 | **പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃതമായി കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുള്ള തീയേറ്ററിന് ലൈസൻസ് പുതുക്കി നൽകി.**<br><br>**അലയമൺ ഗ്രാമപഞ്ചായത്ത്**<br><br>ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന തീയേറ്ററിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃതമായി നിർമ്മാണങ്ങൾ നടത്തി. ആയതിനെതിരെ യാതൊരു നടപടികളും സ്വീകരിക്കാതെ ഈ തീയേറ്ററിന്റെ ലൈസൻസ് പുതുക്കി നൽകി.<br><br>പഞ്ചായത്തിലെ രേഖകൾ പ്രകാരം പ്രസ്തുത തീയേറ്ററിന് 2 നിലകളും താഴത്തെ നിലയ്ക്ക് 697 $m^2$ ഉം ഒന്നാം നിലയ്ക്ക് 500 $m^2$ ഉം ഉൾപ്പെടെ ആകെ 1197 $m^2$ തറവിസ്തീർണ്ണവും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിന് 3 നിലകളും താഴത്തെ നിലയ്ക്ക് 856 $m^2$ തറവിസ്തീർണ്ണവും ഉള്ളതായി ഓഡിറ്റ് ടീമിന്റെ പ്രാദേശിക പരിശോധനയിൽ വ്യക്തമായി.<br><br>1998–ലെ കേരള സിനിമ റഗുലേഷൻ ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസിംഗ് അതോറിറ്റിയുടെ അനുമതിയില്ലാതെ യാതൊരുവിധ പുനർ നിർമ്മാണ പ്രവർത്തനങ്ങളോ കൂട്ടിച്ചേർക്കലുകളോ നടത്തുവാൻ പാടുള്ളതല്ല. എന്നാൽ ഈ ചട്ടം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. ചട്ടം 11 പ്രകാരം തീയേറ്റർ ഉടമ നിലവിൽ ലൈസൻസ് നേടി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഒരു തീയേറ്ററിൽ വരുത്തുവാനുദ്ദേശിക്കുന്ന പുനർ നിർമ്മാണ പ്രവർത്തനങ്ങളോ കൂട്ടിച്ചേർക്കലുകളോ ചട്ടം 4 പ്രകാരമുള്ള നടപടിക്രമങ്ങളിലൂടെ സെക്രട്ടറിയെ അറിയിക്കേണ്ടതും സെക്രട്ടറി | **അലയമൺ ഗ്രാമപഞ്ചായത്ത്**<br><br>പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃതമായി കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുള്ള തിയറ്ററിന് സെക്രട്ടറി ലൈസൻസ് പുതുക്കി നൽകിയിരിക്കുന്നു എന്ന പരാമർശത്തിന്റെ അടിസ്ഥാനത്തിൽ തിയറ്റർ ഉടമ ശ്രീ.വിജയകുമാർ, വിന്ധ്യാഗിരി, അലയമൺ പി.ഒ,അഞ്ചൽ എന്ന വ്യക്തിക്ക് 05.06.2017–ൽ സി2–5625/17 പ്രകാരം നോട്ടീസ് നടത്തിയിരുന്നു. ആയതിന് 13.06.2017–ൽ ടിയാൻ രേഖാമൂലം മറുപടി സമർപ്പിച്ചിരുന്നു. ആയതിൽ നിലവിലുണ്ടായിരുന്ന തിയറ്ററിന്റെ ബാൽക്കണി ഭാഗം മിനി തിയറ്ററാക്കിയതാണെന്നും മിനി തിയറ്ററിനായി പ്രോജക്ഷൻ റൂം മാത്രമാണ് മൂന്നാമത്തെ നിലയിൽ സ്ഥാപിച്ചതെന്നും ബോധിപ്പിച്ചു.<br><br>ടി പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 05.06.2018–ൽ എ1–1801/17 പ്രകാരം ടി തിയറ്ററിന്റെ നിലവിലെ ഘടനയും വിസ്തീർണ്ണവും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് വേണ്ടി എൽഎസ്ജിഡി അലയമൺ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകി. ടി അസിസ്റ്റന്റ് എഞ്ചിനീയർ ടി തീയറ്റർ പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ ഗ്രൗണ്ട് ഫ്ളോറിന് 844.83 ച:മീ. വിസ്തീർണ്ണവും ഒന്നാം നിലയ്ക്ക് 508.20 |

| | | | | |
|---|---|---|---|---|
| | | | ആയത് പരിശോധനയ്ക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ടൗൺ പ്ലാനർ, ഹെൽത്ത് ഓഫീസർ, ഫയർഫോഴ്സ് ഡിവിഷണൽ ഓഫീസർ എന്നിവരുടെ പരിശോധനയ്ക്കായി അയച്ചു നൽകേണ്ടതുമാണ്. മേൽ വിഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന അനുമതിപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർന്ന് ലൈസൻസ് പുതുക്കി നൽകുവാൻ പാടുള്ളൂ. എന്നാൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുള്ള പ്രസ്തുത തീയേറ്ററിന് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ലൈസൻസ് പുതുക്കി നൽകി. | ച:മീ. വിസ്തീർണ്ണവും ക്യാബിൻ റൂമിന് 21.12 ച:മീ. വിസ്തീർണ്ണവും ഉൾപ്പെടെ ആകെ 1374.15 ച:മീ. വിസ്തീർണ്ണം ഉള്ളതായും 177.15 ച.മീ അധിക നിർമ്മാണം നടത്തിയിട്ടുള്ളതായും റിപ്പോർട്ട് തന്നിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്ന 2013 വർഷം മുതൽ 2017 ഒന്നാം അർദ്ധവർഷം വരെ 1197 ച.മീ വിസ്തീർണ്ണത്തിന് നിർണ്ണയിച്ചിരുന്ന വാർഷിക നികുതിയായ 45247 രൂപ വീതം ഈടാക്കിയിട്ടുള്ളതാണ്. 2017 രണ്ടാം അർദ്ധ വർഷം മുതൽ 177.15 ച.മീ കൂടി ചേർത്ത് 1374.15 ച.മീ വിസ്തീർണ്ണത്തിന് വാർഷിക വസ്തുനികുതിയായി നിർണ്ണയിച്ചിട്ടുള്ള 49470 രൂപ ഈടാക്കി വരുന്നു. അവസാനമായി 2018-19 വർഷത്തെ നികുതി 22/03/2019 ൽ 118030500032 -ാം നമ്പരായി ഒടുക്ക് വരുത്തിയിട്ടുണ്ട്. ടി തിയറ്ററിന്റെ നിലവിലെ ഘടനയിൽ നിയമലംഘനമുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.<br><br>അസി: എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി തീയറ്ററിന്റെ നിലവിലെ ഘടനയും വിസ്തീർണ്ണവും അനുസരിച്ച് പഞ്ചായത്ത് അസ്സസ്മെന്റ് രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ് വെയറിലും ടി റിപ്പോർട്ട് പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തി വസ്തു നികുതി പുനഃക്രമീകരിച്ചിട്ടുണ്ട്.<br><br>ആഡിറ്റ് പരാമർശത്തിൻമേൽ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നടത്തിയ പരിശോധന റിപ്പോർട്ട് അനുസരിച്ച് പരാമർശ വിഷയം |

| | | | | |
|---|---|---|---|---|
| | | | | നിലവിൽ പരിഹരിച്ചിട്ടുണ്ട്. |
| 10 | 2016–17 | 3.10 | **<u>കെട്ടിട നിർമ്മാണ ചട്ടങ്ങളും ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവും പൂർണ്ണമായി ലംഘിച്ച് പണിത ഓഡിറ്റോറിയത്തിന് കെട്ടിട നമ്പർ അനുവദിച്ചു നൽകി.</u>**<br><br><u>കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത്</u><br><br>കെട്ടിട നിർമ്മാണ ചട്ടങ്ങളും ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവും പൂർണ്ണമായി ലംഘിച്ച് ഗ്രാമപഞ്ചായത്തിൽ പണിതിട്ടുള്ള ഓഡിറ്റോറിയത്തിന് ക്രമവിരുദ്ധമായി നമ്പർ അനുവദിച്ചു നൽകി. മൂന്ന് നിലകളിലായി പ്രവർത്തിക്കുന്ന ഈ കെട്ടിടത്തിന്റെ താഴത്തെ നില സമ്മേളന ഹാൾ എന്നും ഒന്നാമത്തെയും രണ്ടാമത്തെയും നിലകൾ വാണിജ്യാവശ്യത്തിനുള്ളവയെന്നും രേഖപ്പെടുത്തിയാണ് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ നേടിയിട്ടുള്ളത്. എന്നാൽ ടി കെട്ടിടം കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനത്തോടെ പ്രവർത്തിക്കുന്ന ഒരു ഓഡിറ്ററോറിയമാണ്.<br><br>2011–ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 57 പ്രകാരം സമ്മേളന വിഭാഗത്തിൽ ഉൾപ്പെടുന്ന ആകെ നിർമ്മിതി വിസ്തീർണ്ണം 500 $m^2$ വരെയുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും 500 $m^2$ ന് മുകളിലും 1000 $m^2$ വരെയുള്ളവയ്ക്ക് ജില്ലാ ടൗൺ പ്ലാനറിൽ നിന്നും 1000 $m^2$ മുകളിലുള്ളവയ്ക്ക് ചീഫ് ടൗൺ പ്ലാനറിൽ നിന്നും നിർമ്മാണാനുമതി നേടേണ്ടതാണ്. മൂന്ന് നിലകളിലായി 1236 $m^2$ വിസ്തീർണ്ണത്തിൽ ഓഡിറ്റോറിയം പണിയുന്നതിനുള്ള അപേക്ഷ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നതിനാൽ 2013–ൽ ചീഫ് ടൗൺ പ്ലാനർ നിരസിച്ചിട്ടുള്ളതാണ്. തുടർന്ന് കെട്ടിടയുടമ 498 $m^2$ തറവിസ്തീർണ്ണത്തിൽ താഴത്തെ നില മാത്രം | <u>കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത്</u><br><br>ശ്രീ.അൻസർ ജെ,അൻവർ മൻസിൽ, [illegible] വാ.6,എന്നവര 14.08.2014 ൽ 498 ച.മീറ്റർ തറവിസ്തീർണ്ണത്തിലുള്ള ഓഡിറ്റോറിയ കെട്ടിടം പണിയുന്നതിന് അനുമതി നേടുകയും 06.03.2015 ൽ പണി പൂർത്തീകരിച്ച് അപേക്ഷയും പൂർത്തീകരണ സാക്ഷ്യപത്രവും പ്ലാനും ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി അസി.എഞ്ചിനിയറുടെ സ്ഥലപരിശോധന റിപ്പോർട്ട് പ്രകാരം ഒക്യുപെൻസിയും, കെട്ടിടനമ്പറും അനുവദിച്ച് നൽകുകയും ചെയ്തിരുന്നു.തുടർന്ന് 26.03.2015 ൽ നിലവിലുള്ള ഓഡിറ്റോറിയം കെട്ടിടത്തിന്റെ മുകളിലായി 103. ച മീറ്റർ വീതം വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഒന്നും,രണ്ടും നിലകൾ കൂടി പണിയുന്നതിന് അപേക്ഷ സമർപ്പിച്ചു.നിർമ്മിതി വിസ്തീർണ്ണം 500 ച.മീ കവിയുമെന്നതിനാലും ടൗൺ പ്ലാനറുടെ ലേഔട്ട് അംഗീകാരം വേണമെന്നുള്ളതിനാലും നിർമ്മാണാനുമതി നൽകുന്നതിന് മുൻപ് ജില്ലാ ടൗൺ പ്ലനറിൽ നിന്നും 08.06.2015 ലെ സി/702/15/കെഡിസ് നമ്പർ ഉത്തരവ് പ്രകാരം ലേ ഔട്ട് അംഗീകാരം ലഭ്യമാക്കിയാണ് നിർമ്മാണ അനുമതി നൽകിയിരുന്നത്.13.08.2015 ൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് പൂർത്തീകരണ പ്ലാനും സർട്ടിഫിക്കറ്റും |

| | | | | |
|---|---|---|---|---|
| | | | പണിയുന്നതായി കാണിച്ച് 14.08.2014-ൽ പഞ്ചായത്തിൽ നിന്നും പെർമിറ്റ് നേടുകയും 06.03.15-ൽ പണി പൂർത്തീകരിച്ച് കംപ്ലീറ്റഡ് പ്ലാൻ പഞ്ചായത്തിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടം പരിശോധിച്ച എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ കെട്ടിട നിർമ്മാണം പ്ലാൻ പ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തുകയും കെട്ടിടത്തിന് നമ്പർ അനുവദിച്ചു നൽകിയിട്ടുള്ളതുമാണ്.<br><br>തുടർന്ന് 26.03.2015-ൽ നിലവിലുള്ള കെട്ടിടത്തിന് മുകളിലായി വാണിജ്യാവശ്യത്തിനായി 103 $m^2$ വീതമുള്ള 2 നിലകൾ കൂടി പണിയുന്നതിനായി പഞ്ചായത്തിൽ പെർമിറ്റിന് അപേക്ഷ സമർപ്പിക്കുകയും സെക്രട്ടറി മേൽ അപേക്ഷ 23.04.15-ൽ ജില്ലാ ടൗൺ പ്ലാനർക്ക് അയച്ചു നൽകുകയും ചെയ്തു. ജില്ലാ ടൗൺ പ്ലാനറുടെ 06.06.15-ലെ സി-702/2015/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചു കൊണ്ടായിരിക്കണമെന്ന നിർദ്ദേശത്തോടും നിർമ്മിക്കാനുദ്ദേശിക്കുന്ന വാണിജ്യക്കെട്ടിടം ഒരു കാരണവശാലും ഓഡിറ്റോറിയത്തിന്റെ 'എക്സ്റ്റൻഷൻ' എന്ന രീതിയിൽ ഉപയോഗിക്കാൻ പാടില്ലെന്ന നിബന്ധനയോടും കൂടി പ്ലാൻ അംഗീകരിച്ച് സെക്രട്ടറിയ്ക്ക് അയച്ചു നൽകിയിരുന്നു. അതിൻപ്രകാരം സെക്രട്ടറി 06/15-ൽ നിർമ്മാണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 11.08.15-ൽ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുള്ളതായി കാണിച്ച് ഉടമ പഞ്ചായത്തിൽ അപേക്ഷ നൽകുകയും അപേക്ഷ പരിശോധനയ്ക്കായി സെക്രട്ടറി എൽ.എസ്.ജി.ഡി സെക്ഷന് കൈമാറുകയും ചെയ്തു. തുടർന്നുള്ള പരിശോധനയിൽ നിർമ്മാണ ചട്ടങ്ങൾ പ്രകാരമാണെന്ന് 12.08.15-ൽ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 13.08.15-ൽ സെക്രട്ടറി കെട്ടിടങ്ങൾക്ക് നമ്പറുകൾ അനുവദിച്ചു നൽകി.<br><br>പ്രസ്തുത കെട്ടിടത്തിന് 2011-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 57 പ്രകാരം സമ്മേളന വിനിയോഗ ഗണത്തിൽ ഉൾപ്പെടുന്ന | അപേക്ഷയും സമർപ്പിച്ചതിനാൽ എൽ.എസ്.ജി.ഡി.അസി.എഞ്ചിനിയറുടെ റിപ്പോർട്ട് പ്രകാരം ഒന്നാം നിലയ്ക്ക്103 ച.മീറ്ററും രണ്ടാം നിലയ്ക്ക് 103 ച.മീറ്റർ ഒക്യുപെൻസിയും കെട്ടിട നമ്പർ അനുവദിച്ചും നൽകി. മേൽപ്പറഞ്ഞ കെട്ടിടങ്ങൾക്ക് നമ്പർ ലഭിച്ചതിന് ശേഷം ഒന്നാംനിലയിലെയും രണ്ടാംനിലയിലെയും വാണിജ്യ ഗണത്തിൽ ഉൾപെടുന്ന കെട്ടിടങ്ങൾ അനധികൃതമായി വിപുലീകരിച്ച് ഉപയോഗിച്ചു വന്നിരുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 15.05.2017 ലെ 4458/17-ാം നമ്പർ ഉത്തരവ് പ്രകാരം വാണിജ്യ ഗണത്തിൽ ഉൾപ്പെടുത്തി ക്രമവത്കരിച്ചു നൽകി നികുതി ഈടാക്കിവരുന്നു. ഓഡിറ്റ് പരാമർശം ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് വാണിജ്യകെട്ടിടങ്ങളുടെ ഉപയോഗക്രമം, അനധികൃതമായി വിനിയോഗ ഗണത്തിൽ മാറ്റം വരുത്തി ഉപയോഗിക്കരുത് എന്ന് കെട്ടിട ഉടമയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.അപ്രകാരം കൈവശഗണം മാറ്റേണ്ടതുണ്ടെങ്കിൽ ആയതിന് ചട്ടപ്രകാരം അപേക്ഷയും പ്ലാനുകളും അനുബന്ധരേഖകളും ഹാജരാക്കുവാനും ടിയാൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തറനിരപ്പിൽ നിർമ്മിച്ചിട്ടുള്ള 498 ച.മീറ്റർ വിസ്തീർണ്ണത്തിലുള്ള ഓഡിറ്റോറിയ കെട്ടിടത്തിനും ആയതിന് മുകളിൽ നിർമ്മിച്ചിട്ടുള്ള വാണിജ്യഗണത്തിൽപെടുന്ന കെട്ടിടത്തിനും ആവശ്യമായ പാർക്കിംഗ് സൗകര്യം, മാലിന്യസംസ്കരണ സംവിധാനം |

| | | | | |
|---|---|---|---|---|
| | | | 800 $m^2$ ന് മുകളിലുള്ളവയ്ക്ക് ആവശ്യമായ സെറ്റ് ബാക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല. ചട്ടം 30 പ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങളോ ചട്ടം 47 പ്രകാരമുള്ള അഗ്നി സുരക്ഷാ സംവിധാനങ്ങളോ ചട്ടം 38 പ്രകാരമുള്ള പാർക്കിംഗ് സൗകര്യങ്ങളോ, ചട്ടം 56 പട്ടിക 6 പ്രകാരമുള്ള ശുചീകരണ സംവിധാനങ്ങളോ ഒരുക്കിയിട്ടില്ല. | മുതലായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട് എന്നുള്ള വിവരം ബോധിപ്പിച്ച് കൊള്ളുന്നു.<br><br>എന്നാൽ ഈ പരാമർശത്തിൽ വകുപ്പുതല നടപടിക്ക് ശുപാർശ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ നിന്നും അന്വേഷണം നടത്തിയതിൽ നിയമാനുസൃതം നമ്പർ നേടിയ ശേഷം 523 സ്ക്വയർ മീറ്റർ വിസ്തീർണ്ണത്തിൽ കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുള്ളതായും ഓഫീസ് രേഖകൾ പരിശോധിച്ചതിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള അളവിൻ പ്രകാരം കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.05.2017 ലെ 4458/2017 നമ്പർ ഉത്തരവ് പ്രകാരം ടി നിർമ്മാണം (ഷീറ്റു കൊണ്ടുള്ള നിർമ്മാണം) താൽക്കാലിക നിർമ്മാണമാണെന്നും, ഇപ്രകാരം അധികരിച്ചു നിരമ്മിച്ചിരിക്കുന്ന 523 സ്ക്വയർ മീറ്റർ സ്ഥലത്ത് കല്യാണ ആവശ്യത്തിനുള്ള സാധന സാമഗ്രികൾ സൂക്ഷിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |
| 11 | 2016–17 | 3.12 | **തറവിസ്തീർണ്ണത്തിന് ആനുപാതികമായി അധിക പെർമിറ്റ് ഫീസ് ഈടാക്കാത്തതിനാൽ 1,37,400/- രൂപ നഷ്ടം**<br><br>**നെടുമ്പന ഗ്രാമപഞ്ചായത്ത്**<br><br>കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന തറവിസ്തീർണ്ണത്തിന്റെ | **നെടുമ്പന ഗ്രാമപഞ്ചായത്ത്**<br><br>06.03.2017–ലെ 11601105335 നമ്പർ രസീത് പ്രകാരം 1,37400/- രൂപ ആഫീസിൽ അടവാക്കിയിട്ടുണ്ട്. പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | അനുപാതമൂല്യം അനുവദനീയമായ പരിധിയിൽ കവിയുന്ന പക്ഷം, അത്തരത്തിൽ മൂല്യം അധികരിക്കുന്നതിന് ബാധകമാകുന്ന തറവിസ്തീർണ്ണത്തിന്റെ ഓരോ ചതുരശ്ര മീറ്ററിനും 500/- രൂപ നിരക്കിൽ (നിശ്ചിത പരിധി വരെ) അധിക ഫീസീടാക്കണമെന്ന നിബന്ധന പാലിക്കാത്തതു മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിന് 1,37,400/- രൂപയുടെ നഷ്ടം സംഭവിച്ചു.<br><br>കെട്ടിടയുടമ കൺവെൻഷൻ സെന്ററിന് നമ്പറിംഗിനായി സമർപ്പിച്ച അപേക്ഷയിൽ ഉൾപ്പെടുത്തിയിരുന്ന കംപ്ലീഷൻ പ്ലാനിലെ വിവരങ്ങൾ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണാനുപാത മൂല്യം 1282.40 ച.മീ ആണ്. തറവിസ്തീർണ്ണാനുപാതികമായി അധിക ഫീസ് 1,37,400/- രൂപ (274.80 X 500) ടിയാനിൽ നിന്നും ഈടാക്കിയിട്ടില്ല. | ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| 12 | 2016-17 | 3.13 | **അധിക പെർമിറ്റ് ഫീസ് ഈടാക്കാതെ ഓഡിറ്റോറിയത്തിന് നമ്പർ അനുവദിച്ചു നൽകി 3,34,500/- രൂപ നഷ്ടം**<br><br>**കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്**<br><br>2015-16 വർഷം ഗ്രാമപഞ്ചായത്തിൽ നിന്ന് കെട്ടിട നമ്പർ അനുവദിക്കപ്പെട്ട ഓഡിറ്റോറിയത്തിന് തറ വിസ്തീർണ്ണത്തിന് ആനുപാതികമായി അധിക ഫീസ് നിശ്ചയിക്കാത്തതിനാൽ 3,34,500/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി.<br><br>കെട്ടിടയുടമ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള കംപ്ലീഷൻ പ്ലാൻ അനുസരിച്ച് ഓഡിറ്റോറിയത്തിന്റെ നിർമ്മിതി വിസ്തീർണ്ണം 3847 ച.മീ. ആണ്. അതിൽ 990 ച.മീ. വിസ്തീർണ്ണമുള്ള ഭാഗം ബേസ്മെന്റ് ഏരിയ I-ൽ പാർക്കിംഗ് ഏരിയ എന്നു കാണിച്ച് തറവിസ്തീർണ്ണാനുപാതം കണക്കാക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇതിൽ മുകളിലത്തെ നിലകളിൽ നിന്നും | **കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്**<br><br>334500 രൂപ ഒടുക്കു വരുത്തുന്നതിന് കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകിയിരുന്നു ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ സമർപ്പിച്ച മറുപടിയിൽ ടിയാൻ തൊട്ടടുത്ത 1193 ച. മി വസ്തുകൂടി വാങ്ങിയിട്ടുണ്ടായിരുന്നു എന്നും അപ്പോൾ ആകെ തറവിസ്തീർണ്ണം 4871 ആകുമെന്നും അതനുസരിച്ച് .70 തറവിസ്തീർണ്ണാനുപാതത്തിൽ അനുവദിക്കാവുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം 3409 ആണെന്നും സൂചിപ്പിച്ചിട്ടുണ്ട് നിലവിൽ ടി കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 3244 ച മി മാത്രമാണെന്നും ആയതിനാൽ പരാമർശം ഒഴിവാക്കണമെന്നും |

| | | | | |
|---|---|---|---|---|
| | | | ബേസ്മെന്റ് ഏരിയ I-ലേയ്ക്ക് വരുന്നതിനുള്ള റാമ്പ് ഉൾപ്പെടെയുള്ള ഭാഗവും ചേർത്തിട്ടുണ്ട്. എന്നാൽ ഇത് അനുവദനീയമല്ല. ആയതിന്റെ വിസ്തീർണ്ണം 112 ച.മീ. ഒഴികെയുള്ള 878 ച.മീ മാത്രമേ പാർക്കിംഗ് ഏരിയയായി കാണേണ്ടതുള്ളൂ.<br><br>2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35 പട്ടിക 2 പ്രകാരം കാറ്റഗറി II ഗ്രാമപഞ്ചായത്തുകളിലെ സമ്മേളന വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണാനുപാതികമായി അധിക ഫീസില്ലാതെ 0.70 വരെ അനുവദിക്കാവുന്നതാണ്. അധികമുള്ള ഓരോ ച.മീറ്ററിനും 500/- രൂപ നിരക്കിൽ അധിക ഫീസോടുകൂടെ 1.25 വരെ അനുവദിക്കാവുന്നതുമാണ്. ഈ ചട്ടമനുസരിച്ച് കെട്ടിടയുടമയിൽ നിന്ന് 669 ച.മീ. അധിക തറ വിസ്തീർണ്ണത്തിന് 500/- രൂപ നിരക്കിൽ 3,34,500/- രൂപ അധിക ഫീസ് ഈടാക്കേണ്ടിയിരുന്നു. | അഭ്യർത്ഥിച്ചിട്ടുണ്ട്. അതൊടൊപ്പം ടിയാൻ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും കെട്ടിട നമ്പർ നൽകിയ ശേഷമാണ് ടിയാൻ അധിക ഭൂമി ആർജിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട് ടി സാഹചര്യത്തിൽ ടി തുക ഒടുക്കുവരുത്തുന്നതിന് കെട്ടിട ഉടമയ്ക്ക് 16.09.2019-ൽ ആർ ആർ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 13 | 2016-17 | 4.1.1 | **<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആസ്തി ആർജ്ജിക്കലും കൈയൊഴിയലും</u>**<br><br>**<u>മാർക്കറ്റ് നവീകരണം- പുനരധിവാസ നടപടികൾ ആവശ്യമാണ്</u>**<br><br>**<u>കുണ്ടറ ഗ്രാമപഞ്ചായത്ത്</u>**<br><br>കുണ്ടറ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുക്കട മാർക്കറ്റ് കെട്ടിടം എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് കെട്ടിട നിർമ്മാണ വിഭാഗം നവീകരണ പ്രവൃത്തികൾ ചെയ്ത ശേഷം പഞ്ചായത്തിന് കൈമാറിയപ്പോൾ അഴുക്ക് ചാൽ, കുടിവെള്ളം, ബയോഗ്യാസ് പ്ലാന്റ് തുടങ്ങി പഞ്ചായത്ത് ക്രമീകരിക്കേണ്ട അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്താൻ തീരുമാനിച്ചെങ്കിലും, ഒരു വിഭാഗം മത്സ്യവ്യാപാരികളുടെ മാർക്കറ്റ് കൈയ്യേറ്റം പ്രവൃത്തി നിർവ്വഹണം | **<u>കുണ്ടറ ഗ്രാമപഞ്ചായത്ത്</u>**<br><br>കുണ്ടറ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുക്കട മാർക്കറ്റ് കെട്ടിടം ബഹു: എം.എ.ബേബി എം.എൽ.എ.യുടെ ആസ്തി വികസനഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗം നിർമ്മിച്ച് 2015-ൽ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. കൈമാറ്റം നടക്കുമ്പോൾ മാലിന്യ സംസ്കരണ പ്ലാന്റ്, അഴുക്ക് ചാൽ പദ്ധതി, കുടിവെള്ള സംവിധാനം എന്നിവയുടെ നിർമ്മാണം പൂർത്തിയായിരുന്നില്ല. എന്നാൽ ടി നിർമ്മാണം പൂർത്തിയാക്കുന്നത് വരെ |

| | | | | |
|---|---|---|---|---|
| | | | അസാദ്ധ്യമാക്കി. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് വിഘാതം സൃഷ്ടിച്ച് അനധികൃത വ്യാപാരം നിലനിൽക്കുന്ന സാഹചര്യത്തിൽ മാർക്കറ്റ് കെട്ടിടത്തിലെ ഗേറ്റ് ഫീസ്, പിരിവ്, വാടക തുടങ്ങിയ ഇനങ്ങൾ ലേലം ചെയ്തു നൽകാൻ പഞ്ചായത്തുകൾക്ക് കഴിയാതെ വരുന്ന അവസ്ഥ നിലനിൽക്കുന്നു എന്നതാണ് വസ്തുത. | സിറാമിക്സ് ഗ്രൗണ്ടിൽ കച്ചവടം നടത്തണമെന്ന് അറിയിക്കുകയും 2016-17 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 150000/- രൂപ വകയിരുത്തി മാർക്കറ്റ് നവീകരണം എന്ന പദ്ധതി പ്രകാരം അഴുക്ക്ചാൽ പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.<br><br>കൂടാതെ 2016-17-ൽ തന്നെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി കുഴൽ കിണർ നിർമ്മിച്ച് കുടിവെള്ള സംവിധാനം ഒരുക്കിയിട്ടുള്ളതുമാണ്. മാലിന്യ സംസ്കരണത്തിനായി സ്റ്റീൽടെക് എന്ന ഏജൻസി മുഖേന ഒരു ബയോ ഇൻസിനറേറ്റർ മാർക്കറ്റിനുള്ളിൽ സ്ഥാപിച്ചിട്ടുള്ളതും ആയത് പ്രവർത്തന സജ്ജമാക്കിയിട്ടുള്ളതും ഖര മാലിന്യപ്ലാന്റ് ഓപ്പറേറ്ററെ നിയമിച്ചിട്ടുള്ളതും പ്ലാന്റ് നിലവിൽ കാര്യക്ഷമമായി പ്രവൃത്തിച്ചുവരുന്നു. 01.06.2017-ന് ലേലം നടത്തി മത്സ്യ വ്യാപാരികൾക്കായി തുറന്ന് നൽകിയിട്ടുള്ളതും തുടർന്നുള്ള വർഷങ്ങളിലും നടത്തിയിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു. |
| 14 | 2016-17 | 4.1.3 | **മാർക്കറ്റ് അടിസ്ഥാന സൗകര്യ വികസനം - വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പദ്ധതി - ചുറ്റുമതിൽ നിർമ്മാണത്തിന് പുനരംഗീകാരം നൽകി - അതിർത്തി നിർണ്ണയം നടത്താത്തതിനാൽ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.**<br><br>**നെടുമ്പന ഗ്രാമപഞ്ചായത്ത്** | **നെടുമ്പന ഗ്രാമപഞ്ചായത്ത്**<br><br>നല്ലില മാർക്കറ്റ് നവീകരണം എന്ന പദ്ധതി പ്രകാരം മാർക്കറ്റിന്റെ അതിര് നിർണ്ണയിച്ച് മുന്ന് വശവും മതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | നെടുമ്പന ഗ്രാമപഞ്ചായത്തിൽ 2013-14 വർഷം അംഗീകരിച്ച "അടിസ്ഥാന സൗകര്യ വികസനം" എന്ന പ്രോജക്ടിൽ നല്ലില മാർക്കറ്റിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് തറ കോൺക്രീറ്റ് ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടത്. പ്രോജക്ട് നിർവ്വഹിക്കുന്നതിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരനുമായി എഗ്രിമെന്റ് വെച്ചതിന് ശേഷം മാർക്കറ്റ് സ്ഥലത്ത് കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ചുറ്റുമതിൽ കെട്ടുന്നതാണ് അത്യാവശ്യമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. പഞ്ചായത്ത് തീരുമാന പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി ലഭ്യമാക്കി. മതിൽ നിർമ്മാണം നടത്തുന്ന സ്ഥലത്തിന്റെ അതിർത്തികൾ റവന്യൂ അധികാരികളെ കൊണ്ട് നിർണ്ണയിച്ചതിന് ശേഷം മാത്രം മതിൽ നിർമ്മാണം നടത്താവുന്നതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ് സാങ്കേതികാനുമതി നൽകിയത്. പ്രവൃത്തി റീടെണ്ടർ ചെയ്തപ്പോൾ ആദ്യ കരാറുകാരന്റെ പേരിൽ തന്നെ ടെണ്ടർ ഉറപ്പിക്കുകയും 2,01,705/- രൂപയുടെ പാർട്ട് ബിൽ തുക കരാറുകാരന് നൽകുകയും ചെയ്തു. അതിന് ശേഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ നോട്ടീസ് നൽകിയെങ്കിലും പ്രവൃത്തി പിന്നീട് ചെയ്തില്ല.<br><br>കരാറുകാരന്റെ കുറ്റം കൊണ്ടല്ല പ്രവൃത്തി ഉപേക്ഷിച്ചതെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതിനെ തുടർന്ന് ചെയ്ത പ്രവൃത്തി അളന്ന് കരാറുകാരന് തുക നൽകി. പഞ്ചായത്ത് തീരുമാനത്തിന് അടിസ്ഥാനമാക്കിയ രേഖകളൊന്നും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. 5,00,000/- രൂപ തനത് ഫണ്ട് വകയിരുത്തിയ പദ്ധതിയിൽ 2,27,354/- രൂപ ചെലവ് ചെയ്തെങ്കിലും പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | ഒരു വശത്തെ മതിൽ കെട്ടുന്നതുമായി ബന്ധപ്പെട്ട് കൊല്ലം മുൻസിഫ് കോടതി 2-ൽ OS288/18 നമ്പർ കേസ് വിധിയാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| 15 | 2016-17 | 4.2.1 | <u>**പുറമ്പോക്കുകൾ - സംരക്ഷണവുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്ത അപാകങ്ങളുടെ സംക്ഷിപ്ത വിവരം**</u> | <u>**മൈലം ഗ്രാമപഞ്ചായത്ത്**</u><br><br>തോടും തോടിന്റെ വശങ്ങളിലുമുള്ള ഭൂമിയും അളന്ന് തിട്ടപ്പെടുത്തി അനധികൃത |

| സ്ഥാപനം/ ജില്ല | ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക | റിപ്പോർട്ട് ചെയ്ത അപാകം |
|---|---|---|
| മൈലം ഗ്രാമപഞ്ചായത്ത്, കൊല്ലം | 2014–15 ഖണ്ഡിക 3–20 | പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് വസ്തുക്കളുടെ വിവരം ലഭ്യമല്ല. കലയപുരം വില്ലേജിൽ ബ്ലോക്ക് 12–ൽ സർവ്വെ 17/16–ൽ ഉൾപ്പെട്ട തോട് പുറമ്പോക്ക് സ്ഥലത്തുള്ള സ്വകാര്യവ്യക്തിയുടെ അനധികൃത കയ്യേറ്റം ഒഴിപ്പിച്ചിട്ടില്ല. |

പുറമ്പോക്കുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള പരിമിതികൾക്കും നിയന്ത്രണ ങ്ങൾക്കും വിധേയമായി സർക്കാരിന്റെ അധീനതയിലുള്ള മറ്റേതെങ്കിലും പുറമ്പോക്കുകളുടെ ഉപയോഗം, അതിലേയ്ക്ക് സർക്കാർ ഉത്തരവ് മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ള പക്ഷം നിയന്ത്രിക്കുന്നതിനു കൂടി അധികാരമുണ്ട്. അനധികൃതമായി കയ്യേറ്റം നിരോധിക്കലും, അവ

കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത് സംബന്ധിച്ച് ബഹു.കൊല്ലം ജില്ലാ കളക്ടറുടെ 19.05.2018 ലെ നിർദ്ദേശാനുസരണം അതിർത്തി നിർണ്ണയം നടത്തുന്നതിനായുള്ള സർവ്വേ നടപടികൾ ആരംഭിച്ചിങ്കിലും 2018 ലെ പ്രളയം മൂലം സർവ്വേ തുടരാൻ കഴിയാത്ത സാഹചര്യത്തിൽ സർവ്വേ നടപടികൾ നിർത്തി വച്ചിരിക്കുകയാണ്.തോട്ടിൽ വെള്ളം വറ്റി വരുന്ന സാഹചര്യത്തിൽ മാത്രമേ അതിർത്തി നിർണ്ണയം സാധ്യമാകുകയുള്ളൂ. പുലമൺതോട്സർവ്വേപ്രവർത്തനങ്ങൾക്കായി മൈലം ഗ്രാമ പഞ്ചായത്തിൽ 2019/20 വാർഷിക പദ്ധതിയിൽ തുക വകയിരുത്തി പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നുണ്ട്. നിർത്തിവച്ചിരിക്കുന്ന അതിർത്തി നിർണ്ണയ സർവ്വേനടപടികൾ മഴക്കാലം കഴിഞ്ഞാലുടൻ തന്നെ പുനരാരംഭിക്കുന്നതിനായി 06/09/2019 ലെ എ4–4731/18 നമ്പരായി ബഹു. തഹസീൽദാർ (എൽ.ആർ) താലൂക്ക് ആഫീസ് കൊട്ടാരക്കരയ്ക്കും , താലൂക്ക് സർവ്വേയർ കൊട്ടാരക്കരയ്ക്കും കത്ത് നൽകിയിട്ടുണ്ട്.

ഒഴിപ്പിക്കലും അത്തരം കയ്യേറ്റങ്ങൾക്ക് പിഴചുമത്തലും സംബന്ധിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴചുമത്തലും ഈടാക്കലും) ചട്ടങ്ങൾ, 1998-ലെ കേരള മുനിസിപ്പാലിറ്റി (പുറമ്പോക്ക് കയ്യേറ്റത്തിന് പിഴ ചുമത്തൽ) ചട്ടങ്ങൾ എന്നിവയിൽ വ്യക്തമായ വ്യവസ്ഥകളുമുണ്ട്. പ്രസ്തുത വ്യവസ്ഥകളുടെ പിൻബലത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പുവരുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിൽ വരുന്ന പുറമ്പോക്ക് ഭൂമി എത്രയെന്ന് അളന്ന് തിട്ടപ്പെടുത്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ പുറമ്പോക്ക് വസ്തുക്കളിന്മേലുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് വസ്തുക്കൾ തിരിച്ചു പിടിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കാൻ സർക്കാർ നിർദ്ദേശം ഉണ്ടാകേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്ര ണത്തിലുള്ള പുറമ്പോക്കുകൾ പൊതു ശല്യമാകാതെ സംരക്ഷിക്കേണ്ടതും, കാടുപിടിച്ച്, വൃത്തിഹീനമായി നിലനിൽക്കുന്നവ ഉപയോഗ പ്രദമാക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളിൽപ്പെടുന്ന (കേരള പഞ്ചായത്ത് രാജ് ആക്ട് മൂന്നാം പട്ടിക-സി, കേരള മുനിസിപ്പൽ ആക്ട് ഒന്നാം പട്ടിക-സി) തരിശുഭൂമിയിലും പ്രാന്തപ്രദേശങ്ങളിലും കൃഷി ചെയ്യിക്കുക, സഹകരണ കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക, പാഴ്ഭൂമി വനവൽക്കരിക്കുക തുടങ്ങിയവയിലൂടെ പുറമ്പോക്ക് ഭൂമി സംരക്ഷണം ഉറപ്പാക്കാവുന്നതാണ്. ആയതിലേയ്ക്ക് കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവ ജനകീയ പിന്തുണാ സംവിധാ നങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.